ജനകീയാസൂത്രണ പദ്ധതി

വളവന്നൂർ ഗ്രാമ പഞ്ചായത്ത്

വികസനരേഖ


കേരളം
വള്ളുവനാടു്

ഇനകീയാസൂത്രണം

വളവന്നൂർ ഗ്രാമപഞ്ചായത്ത്

വികസന സെമിനാർ

02-12-96 തിങ്കൾ

വളവന്നൂർ

ബാഫഖി യതീംഖാന ഹൈസ്കൂൾ



മലപ്പുറം ജില്ല



"എന്റെ ജീവിതമാണ് എന്റെ സന്ദേശം" — ഗാന്ധിജി

പത്രാധിപർ

പി.എം. ഹുസൈൻ ജിഹ്രി

പത്രാധിപസമിതി അംഗങ്ങൾ

പി.സി. കബീർ ബാബു, പി. അഹമ്മദ്കുട്ടിമാസ്റ്റർ, ക്ലാരി മഹമൂദ്
എ. അബ്ദുറഹിമാൻ മാസ്റ്റർ, എൻ.വി. യൂസഫ് സഖർ,
പി.ടി. മുഹമ്മത്കുട്ടി മാസ്റ്റർ, മോയോട്ടിൽ മുനീർ,
കെ.എസ്. രാധാകൃഷ്ണൻ, എം. അബ്ദുസലീം

വിദഗ്ദോപദേശം

സൽമാ അഷാഫ്, സലാം കാരാട്ട്, ടി.കെ. മൊയ്തീൻ ഹാജി.
മയ്യേരി ഇബ്രാഹിം ഹാജി, പി.സി. അബ്ദുറഹിമാൻ, വി. പ്രേംകുമാർ,
കെ.പി. പോക്കു, മയ്യേരി ഹുസൈൻ, പി. അലി, അഷറഫ് പാറയിൽ,
സുന്ദർശനഭായി ടീച്ചർ, കെ. ഹൈദ്രോസ്കുട്ടി.

നാട്ടറിവ്

പി.പി. അബുമൊല്ല, പടിയത്ത് മുഹമ്മദ്ഹാജി, എ.സി. ഭാസ്ക്കര പണിക്കർ
പാറയിൽ അലവികുട്ടി മാസ്റ്റർ, കെ. മമ്മുകുട്ടി മാസ്റ്റർ, കുറുക്കോളി മൊയ്തീൻ

മുഖചിത്രം, ലേ–ഔട്ട്
അൻവർ ഫാലേരി
ഡി.ടി.പി. ടൈപ്സെറ്റിങ്
ഇൻഫോനെറ്റ് ഡി.ടി.പി., കോഴിക്കോട്.
ഫോൺ : 723170
നിർമിതി
ഇൻഫോനെറ്റ് ക്രിയേഷൻസ്, കോഴിക്കോട് – 4

വളവന്നൂർ ഗ്രാമപഞ്ചായത്ത്
ഭരണസമിതി

സൽമാ അഷ്റഫ്
പ്രസിഡന്റ്

പി.സി. കബീർ ബാബു
വൈസ് പ്രസിഡന്റ്



സലാം കാരാട്ട്
സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ

മെമ്പർമാർ

പി.സി. ഇസ്ഹാഖ്
വി.കെ. ഖദീജ
പി.അലി.
വി.പി. റാബിയ
സി.വി. മുഹമ്മദ്.
സി.പി. സുബ്രഹ്മണ്യൻ
സി.ലൈല
ടി.പി. അബ്ദുസ്സമദ്

ഉള്ളടക്കം

- വിനയപൂർവ്വം 9
- സാമൂഹ്യ സാംസ്കാരിക ചരിത്ര പശ്ചാത്തലം 11
- ഭൂപ്രകൃതി, ജനപ്രകൃതി, ജലപ്രകൃതി 15
- സാമ്പത്തിക മേഖലകൾ 17
- കൃഷിയും ജലസേചനവും..... 18
- മൃഗസംരക്ഷണം, മത്സ്യബന്ധനം 33
- വ്യവസായം..... 37
- വിദ്യാഭ്യാസം 41
- കുടിവെള്ളം, പൊതുജനാരോഗ്യം 51
- ഗതാഗതം, ഊർജ്ജം, മാർക്കറ്റ് 59
- പാർപ്പിടം, സാമൂഹ്യ ക്ഷേമം..... 89
- സംസ്ക്കാരം 101
- വനിത..... 107
- സഹകരണം 111
- പട്ടിക ജാതി, പട്ടിക വർഗ്ഗ ക്ഷേമം 119
- വിഭവസമാഹരണം 127
- ഉപസംഹാരം 130

വളവന്നൂർ ഗ്രാമപഞ്ചായത്ത് ഒറ്റനോട്ടത്തിൽ



വളവന്നൂർ ഗ്രാമപഞ്ചായത്ത് ആപ്പീസ് കെട്ടിടം

പഞ്ചായത്തിന്റെ പേര്		വളവന്നൂർഗ്രാമ പഞ്ചായത്ത്
റവന്യൂ വില്ലേജ്		വളവന്നൂർ
ബ്ലോക്ക് പഞ്ചായത്ത്		താനൂർ
ബ്ലോക്ക് പഞ്ചായത്ത് ഡിവിഷൻ		വളവന്നൂർ, പാറക്കല്ല്
ജില്ലാ പഞ്ചായത്ത് ഡിവിഷൻ		വളവന്നൂർ
താലൂക്ക്		തിരൂർ
ജില്ല		മലപ്പുറം
അസംബ്ളി മണ്ഡലം		കുറ്റിപ്പുറം
പാർലിമെന്റ് മണ്ഡലം		പൊന്നാനി
വിസ്തീർണ്ണം		15.28 ച.കി.മി
അതിരുകൾ		വടക്ക്-പൊന്മുണ്ടം പഞ്ചായത്ത് തെക്ക്-തിരുനാവായ, തലക്കാട്പഞ്ചായത്ത് കിഴക്ക്-കല്പകഞ്ചേരി പഞ്ചായത്ത് പടിഞ്ഞാറ്-ചെറിയമുണ്ടം പഞ്ചായത്ത്
അംശങ്ങൾ		വളവന്നൂർ, കന്മനം
ജനസംഖ്യ		27,295
പുരുഷന്മാർ		13,032
സ്ത്രീകൾ		14,263
വാർഡുകളുടെ എണ്ണം		11
പ്രസിഡന്റ്		എം.സൽമാ അഷ്റഫ്
വൈസ് പ്രസിഡന്റ്		പി.സി.കബീർബാബു
സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ	:	സലാം കാരാട്ട്

വിനയപൂർവ്വം....

അർദ്ധശതകം പിന്നിടുന്ന സ്വതന്ത്രഭാരതം എട്ടു പഞ്ചവത്സരപദ്ധതികൾക്ക് സാക്ഷ്യം വഹിച്ചെങ്കിലും ഇതിന്റെ ഗുണ ഫലങ്ങൾ ഇന്ത്യയിലെ സാധാരണ വിഭാഗങ്ങൾക്ക് അനുഭവഭേദ്യമാക്കുന്നതിന് കേന്ദ്രീകൃത ആസൂത്രണ രീതിയും ഉദ്യോഗസ്ഥ മേധാവിത്വവും ഡിപ്പാർട്ട്മെന്റൽ കംപാർട്ട്മെന്റലിസവും വളരെയധികം വിഘാതങ്ങൾ സൃഷ്ടിച്ചു.

കാർഷിക മേഖലയിലെ ഉല്പാദനക്ഷമതയില്ലായ്മ, വൻകിട–ചെറുകിട വ്യവസായ മേഖലയിലെ തകർച്ച, ജലവൈദ്യുത രംഗത്തുള്ള ശോചനീയാവസ്ഥ, പിന്നോക്കാവസ്ഥയിലുള്ള സാമ്പത്തിക വളർച്ച, അശാസ്ത്രീയമായ വിദ്യാഭ്യാസ മേഖല, സേവനമേഖലയിലുള്ള നിസ്സംഗഭാവം, മൂല്യച്യുതി നേരിടുന്ന സാംസ്കാരിക രംഗം, ഭ്രാന്തമായ ഉപഭോഗ സംസ്ക്കാരം, പ്രകൃതിസമ്പത്തിന്റെ അശാസ്ത്രീയമായ ചൂഷണം തുടങ്ങി നിരവധി പ്രതിസന്ധികൾ നമ്മുടെ രാജ്യം അഭിമുഖീകരിക്കുകയാണ്. സാമൂഹ്യ–രാഷ്ട്രീയ–ക്ഷേമരംഗങ്ങളിൽ കൈവരിച്ച നേട്ടങ്ങൾ നിലനിർത്തിക്കൊണ്ടും അവയുടെ ഗുണനിലവാരം മെച്ചപ്പെടുത്തിക്കൊണ്ടും വേഗതകൂട്ടാനുള്ള ബോധപൂർവ്വമായ പ്രവർത്തനവും ശക്തമായ ജനകീയ ഇടപെടലുകളുമാണ് ഇന്ന് അത്യാവശ്യം. പദ്ധതി ആവിഷ്കരണരംഗത്തും അധികാര രംഗത്തും ശൈലിമാറ്റം അനിവാര്യമായ ഒരു ഘട്ടത്തിലാണ് ആസൂത്രണം അടിത്തട്ടിൽനിന്നും എന്ന സന്ദേശവുമായി തെരഞ്ഞെടുത്ത സമിതികളുടെ നേതൃത്വത്തിൽ [illegible] ഉദ്യോഗസ്ഥരെയും വിദഗ്ദരെയും പ്രാദേശിക തലത്തിൽ കോർത്തിണക്കി കൊണ്ടുള്ള പ്രവർത്തനശൈലിയിലൂടെ ഒരു പുത്തൻ വികസന സംസ്ക്കാരത്തിന് നാം തുടക്കം കുറിക്കുന്നത്.

മഹാത്മാഗാന്ധി വിഭാവനം ചെയ്ത ഗ്രാമസ്വരാജ്, ജനകീയാസൂത്രണപ്രസ്ഥാനത്തിലൂടെ ലക്ഷ്യസാക്ഷാത്ക്കാരത്തിനുള്ള ശ്രമത്തിലാണ് നാമിന്ന്. അതുകൊണ്ട്തന്നെ ഈ ഇന്ത്യാ ചരിത്രത്തിലെ സുപ്രധാന നാഴികക്കല്ലാണ്.

ഒമ്പതാം പദ്ധതി ജനകീയ പദ്ധതിയായി സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച ഈ ധന്യമുഹൂർത്തത്തിൽ പ്രസ്തുത പദ്ധതിയുടെ അടങ്കൽ തുകയുടെ 40%വും അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി പഞ്ചായത്തുകൾക്ക് കൈമാറുമെന്ന് നമുക്ക് പ്രത്യാശിക്കാം.

ഗ്രാമസഭകളിൽനിന്നും ഉയർന്നുവന്ന നിർദ്ദേശങ്ങൾ ജനകീയചർച്ചകളിലൂടെ മുൻഗണന നിശ്ചയിച്ച് ജനപങ്കാളിത്തത്തോടെ നടപ്പിലാക്കാനാണ് ജനകീയാസൂത്രണം വഴി ലക്ഷ്യമിട്ടിരിക്കുന്നത്

നമ്മുടെ പഞ്ചായത്തിൽ ജനകീയാസൂത്രണ പദ്ധതി വൻവിജയമാക്കുന്നതിന് വിവിധ തുറകളിൽ പ്രവർത്തിക്കുന്ന പ്രാപ്തരായ ഒരു പറ്റം സന്നദ്ധ പ്രവർത്തകർ ഉണ്ടെന്നുള്ളത് ശുഭോദർക്കമാണ്.

സാക്ഷരതാ പ്രവർത്തന വേളയിൽ കൂട്ടായ്മയിലൂടെ നാം നേടിയെടുത്ത വിജയം ഈ സംരംഭത്തിന് നമുക്ക് കൂടുതൽ പ്രചോദനം നൽകുന്നു. വികേന്ദ്രീകൃത ആസൂത്രണത്തിന്റെ വിജയം ജനശക്തിയിലധിഷ്ഠിതമാണ്. ഈ ജനശക്തിയെ ചൈതന്യവത്താക്കുകയാണ് നമ്മുടെ കർമ്മം. ചരിത്രത്തിന്റെ താളുകളിൽ കർമ്മശേഷിയുടെ കൂട്ടായ്മ തങ്കലിപികളിൽ എഴുതിച്ചേർക്കാൻ നമുക്ക് കഴിയണം.

കക്ഷിരാഷ്ട്രീയത്തനതീതമായി ബഹുജന പങ്കാളിത്തത്തോടെ ഗ്രാമസിരകൾ വികസനത്തിന്റെ ഉൾത്തുടിപ്പുകൾ ഏറ്റു വാങ്ങട്ടെ.

ഈ മഹത്തായ യജ്ഞത്തെ ഒരു ചരിത്രയാഥാർത്ഥ്യമാക്കുവാൻ വളവന്നൂർ ഗ്രാമപഞ്ചായത്തിന്റെ വികസനരേഖ വികസനസെമിനാറിനു മുമ്പാകെ വിനയപൂർവ്വം സമർപ്പിക്കുന്നു.

ജനകീയാസൂത്രണ സമിതി
വളവന്നൂർ ഗ്രാമപഞ്ചായത്ത്



വിനയം കൈമുതലാക്കി
വളവന്നൂർ പഞ്ചായത്തിന്റെ സമഗ്രവികസനത്തിന്ന് വേണ്ടി
അന്ത്യംവരെ യത്നിച്ച
പരേതനായ മുൻ പഞ്ചായത്ത് പ്രസിഡന്റ്
മയ്യേരി അബ്ദുൽഖാദർ ഹാജി

സാമൂഹിക-സാംസ്കാരിക ചരിത്ര പശ്ചാത്തലം

ചരിത്രം സാക്ഷി: വളവന്നൂർ പഞ്ചായത്തിലെ കൽപകഞ്ചേരി സബ് രജിസ്ട്രാർ ആപ്പീസ്

ഇന്ന് ഗ്രാമത്തിലെ വളഞ്ഞു തിരിഞ്ഞ ഊടുവഴികളിലൂടെയായിരുന്നു ഒരു കാലത്ത് മലബാറിലെ പ്രധാന വാണിജ്യ കേന്ദ്രങ്ങളിലൊന്നായ തലക്കടത്തൂരിലേക്ക് കച്ചവട സംഘങ്ങൾ യാത്ര ചെയ്തിരുന്നത്. പ്രസ്തുത സംഘങ്ങൾ അന്ന് ഉപയോഗിച്ച "വളഞ്ഞ ഊര്" എന്ന പ്രയോഗമാണ് പിൽക്കാലത്ത് വളവന്നൂരായി പരിണമിച്ചതെന്നാണ് ഐതിഹ്യം.

വെട്ടത്തു രാജാവിന്റെ അധീശത്വത്തിലായിരുന്ന കന്മനം പ്രദേശവും ടിപ്പുസുൽത്താന്റെയും സാമൂതിരിയുടെയും അധീനതയിലായിരുന്ന വളവന്നൂർ പ്രദേശവും ഒരുമിച്ചു ചേർന്നാണ് വളവന്നൂർ പഞ്ചായത്തിന്റെ തുടക്കം. പിൽക്കാലത്ത് രാജകീയ വാഴ്ചയുടെയും വൈദേശികാധിപത്യത്തിന്റെയും കീഴിൽ കാർഷിക വൃത്തിയിലേർപ്പെട്ടിരുന്ന, പൊതുവെ സമാധാനപ്രിയരായ ഒരു ജനവിഭാഗം അധിവസിച്ചിരുന്ന മണ്ണ്.

ബ്രിട്ടീഷ് സാമ്രാജ്യത്വ വാഴ്ചക്കെതിരെ രാജ്യവ്യാപകമായി പ്രതിഷേധത്തിന്റെ അലയടികൾ ഉയർന്നുപൊങ്ങിയപ്പോൾ മാതൃരാജ്യത്തിന്റെ വിമോചനത്തിനായി ജീവൻ ത്യജിച്ച ഒട്ടേറെ ദേശസ്നേഹികളുടെ പട്ടികയിൽ വളവന്നൂർ നിവാസികളും ഉൾപെടുന്നു. പുത്തൂർ പള്ളി പട്ടാളം ആക്രമിച്ചപ്പോൾ ആയുധധാരികളായ ബ്രിട്ടീഷ് പട്ടാളത്തിന്റെ മുമ്പിൽ വിരിമാറുകാണിച്ച് വെടിയുണ്ടകളേറ്റ് വീരമൃത്യു വരിച്ച മയ്യേരി അഹമ്മദ് സാഹിബ്, ഓട്ടുകരപ്പുറത്ത് താവളമടിച്ച വെള്ള പട്ടാളം വീടുകളിൽ കയറി ആക്രമണം അഴിച്ചുവിട്ടപ്പോൾ കോട്ടക്കുന്നിലുള്ള നരിമട കേന്ദ്രീകരിച്ച് ഒളിപ്പോരാട്ടം നടത്തുന്നതിനു നേതൃത്വം നൽകിയ പുതുക്കുടി സൈതാലിക്കുട്ടി, വീട്ടിൽ കയറിയ പട്ടാളത്തെ സധൈര്യം നേരിട്ട കമ്മത്ത് ചിത്തമ്മ, കലാപകാലത്ത് പോലീസ് പീഠനം സഹിക്കവയ്യാതെ മക്കത്തേക്ക് പാലായനം ചെയ്ത ചക്കുംങ്ങതൊടി മായിൻ ഹാജി, ആലുക്കൽ എന്തീൻകുട്ടി ഹാജി തുടങ്ങിയ, അംഗീകാ

എന്തീൻകുട്ടി ഹാജി തുടങ്ങിയ, അംഗീകാരമൊ താമ്രപത്രമൊ ലഭിക്കാതെ കാലയവനികക്കുള്ളിൽ മറഞ്ഞ ഒട്ടേറെ പേർ വളവന്നൂരിന്റെ സ്മൃതിപഥത്തിൽ ഇന്നും നിറഞ്ഞു നിൽക്കുന്നു.

സ്വാതന്ത്ര സമരാരവങ്ങൾക്കു മുമ്പു തന്നെ ബ്രിട്ടീഷ് തേർവാഴ്ചക്കെതിരെ കന്മനം പ്രദേശത്ത് കൊടിഞ്ഞി തങ്ങളുടെ ആഹ്വാനമനുസരിച്ച് ഏതാനും യുവാക്കൾ സമരമുഖത്തേക്കിറങ്ങിത്തിരിച്ചത് പൂർവ്വികരുടെ ദേശസ്നേഹത്തിന്റെ ഉദാത്തമായ നിദർശനമാണ്. ചരിത്ര പുസ്തകങ്ങളിൽ ഇടം കിട്ടാതെ പോയ 1921ലെ കൽപക ഞ്ചേരി റജിസ്ട്രാർ ഓഫീസ് ആക്രമണത്തിന് നേതൃത്വം നൽകിയത് നമ്മുടെ പൂർവ്വികരായിരുന്നു. ബ്രിട്ടീഷ് ഭരണകൂടത്തെ കൂടുതൽ പ്രകോപിതരാക്കിയ ഈ സംഭവത്തെ തുടർന്നാ ണ് ഓട്ടുകരപുറത്ത് പട്ടാളം ക്യാമ്പ് ചെയ്യാനും അക്രമണം അഴിച്ചുവിടാനും കാരണമായതെന്ന് പറയപ്പെടുന്നു.

പതിറ്റാണ്ടു പിന്നിട്ടപ്പോൾ വൈദേശി കന്റെ നുകം ഇന്ത്യക്കാരന്റെ കഴുത്തിൽ ഞെരിഞ്ഞമർന്നപ്പോൾ പുതിയ ദേശാഭിമാനികൾക്ക് നമ്മുടെ കൊച്ചു ഗ്രാമം ജന്മം നൽകുകയുണ്ടായി.

ബല്ലാരി ജയിലിൽ മുഹമ്മദ് അബ്ദുറഹിമാൻ സാഹിബിനോടൊത്ത് കഴിച്ചുകൂട്ടിയ തയ്യിൽ കുഞ്ഞിമൊയ്തീൻഹാജി, സ്വാതന്ത്ര സമര പാതയിൽ കാരാഗൃഹവാസം അനുഷ്ടിച്ച താണിക്ക പറമ്പിൽ കറപ്പു എന്നിവരെ ഈ ഗ്രാമം ആദരപൂർവ്വം സ്മരിക്കുന്നു.

സ്വാതന്ത്ര ലബ്ധിക്കു മുമ്പു തന്നെ വളവന്നൂരിൽ പ്രധാന രാഷ്ട്രീയ പാർട്ടികളായ ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെയും കമ്മ്യൂണിസ്റ്റ് പാർട്ടിയുടെയും മുസ്ലിം ലീഗിന്റെയും പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചിരുന്നു. ഈ പ്രസ്ഥാനങ്ങളൊക്കെ തന്നെ വളവന്നൂരിന്റെ സാമൂഹ്യ സാംസ്കാരിക പുരോഗതിക്ക് ആക്കം കൂട്ടിയിട്ടുണ്ട്. പൊട്ടച്ചോല അത്തു സാഹിബ്, മൂട്ട പറമ്പൻ അഹമ്മദ് കുട്ടി സാഹിബ്, തയ്യിൽ കുഞ്ഞിമൊയ്തീൻ ഹാജി, താണിക്ക പറമ്പിൽ കറപ്പു, പൊട്ടച്ചോല കുഞ്ഞഹമദ്കുട്ടി ഹാജി, കാട്ടേങ്ങൽ രാമൻ നായർ, എ.കെ. മുഹമ്മദ് മാസ്റ്റർ, ഞാറക്കാട്ട് കുഞ്ഞിചേക്കു മാസ്റ്റർ, എ. സി. ഭാസ്കരപണിക്കർ തുടങ്ങിയവർ കോൺ ഗ്രസ് പ്രസ്ഥാനത്തിന്റെയും സി.പി. കുഞ്ഞി പോക്കർ ഗുരിക്കൾ, പൊട്ടച്ചോല ഏനിക്കുട്ടി എന്ന ബാപ്പുട്ടി, നെല്ലാഞ്ചേരി ഖാദർ, കോയി പറമ്പൻ പോക്കു, തേക്കും കുണ്ടിൽ കുഞ്ഞിമൊയ്തീൻ കുട്ടി, തിരുനെല്ലി സൈതു, കടലായി വീരാൻകുട്ടി, ചിറക്കൽ മൊയ്തീൻകുട്ടി, പി.സി. അഹമ്മദ് കുട്ടി തുടങ്ങിയവർ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെയും മയ്യേരി കുഞ്ഞഹമ്മദ്കുട്ടി ഹാജി, മയ്യേരി അബ്ദുൽ ഖാദർ ഹാജി, പൊട്ടച്ചോല സൈതാലികുട്ടി സാഹിബ്, മയ്യേരി സൈതാലിക്കുട്ടി ഹാജി, പി.സി. അബ്ദുറഹിമാൻ, എം.എൻ. ഹസ്സൻ കുട്ടി ഹാജി, കടലായി ഹസ്സൻകുട്ടി, മയ്യേരി കുഞ്ഞിമൊയ്തീൻ, തുടങ്ങിയവർ മുസ്ലിം ലീഗ് പ്രസ്ഥാനത്തിന്റെയും മുന്നണി പോരാളികളായി പ്രവർത്തിച്ചവരാണ്.

1962-ൽ പി.ശ്രീധരൻ നായർ സ്പെഷൽ ഓഫീസറായി വളവന്നൂർ പഞ്ചായത്തിന് ഔപചാരികമായി തുടക്കം കുറിച്ചു. 1963 ഡിസംബർ 26 നാണ് പഞ്ചായത്ത് ഭരണ സമിതിയിലേക്ക് നടന്ന ആദ്യത്തെ തെരഞ്ഞെടുപ്പിലൂടെ എൻ. കുഞ്ഞിചേക്കു ഹാജി പ്രസിഡണ്ടും എം. അബ്ദുൽ ഖാദർ ഹാജി വൈസ്പ്രസിഡണ്ടുമായ പ്രഥമ ഭരണ സമിതി അധികാരമേറ്റത്.

1967-ൽ അവിഭക്ത കോഴിക്കോട് ജില്ലയിലെ 'മികച്ച ഗ്രാമ'മായി വളവന്നൂർ പഞ്ചായത്ത് തെരഞ്ഞെടുക്കപ്പെട്ടു. അന്നത്തെ ജില്ലാകലക്ടർ യു. മഹാബലറാവുവാണ് പഞ്ചായത്ത് ഓഫീസ് പരിസരത്ത് വെച്ച് നടന്ന ചടങ്ങിൽ പ്രസ്തുത പ്രഖ്യാപനം നടത്തിയത്. പഞ്ചായത്തിനെ ഈ ബഹുമതിക്ക് അർഹമാക്കിയ മുൻ പഞ്ചായത്ത് പ്രസിഡണ്ട് പരേതനായ മയ്യേരി അബ്ദുൽ ഖാദർ ഹാജിയുടെ സേവനങ്ങൾ ഇത്തരുണത്തിൽ പ്രത്യേകം സ്മരണീയമാണ്. പ്രസ്തുത ഭരണ സമിതിയിൽ എ.കെ. മുഹമ്മദ് മാസ്റ്റർ,എം. കോയ, പാറയിൽ മുഹമ്മദ്, പൊട്ടച്ചോല മുഹമ്മദ് എന്ന ബാപ്പു, എ.കെ. കുഞ്ഞുട്ടി മാസ്റ്റർ, പി.സി. അബ്ദുറഹിമാൻ എന്നിവരും സർക്കാർ നോമിനിയായി പി. നാരായണികുട്ടി നേത്യാരമ്മയും അംഗങ്ങളായിരുന്നു.

1979-ൽ നടന്ന പഞ്ചായത്തു തെരഞ്ഞെടുപ്പിനെ തുടർന്ന് എ. ഇബ്രാഹീം മാസ്റ്റർ പ്രസിഡണ്ടും എം. കോയ വൈസ്പ്രസിഡണ്ടുമായി തെരഞ്ഞെടുക്കപ്പെട്ടു. വി.കെ. കദീജ, എ.കെ. മൊയ്തീൻ, എം. അബൂബക്കർ ഹാജി, പി.സി. അബ്ദുറഹിമാൻ,

പി.വി. കുട്ടൻ, വി.പി: പോക്കർ, പി.സി. ഏനിക്കുട്ടി എന്ന ബാപ്പുട്ടി എന്നിവരായിരുന്നു മറ്റു ഭരണസമിതി അംഗങ്ങൾ.

1988-ൽ നിലവിൽ വന്ന മൂന്നാം പഞ്ചായത്ത് ഭരണ സമിതിയിൽ എം. അബ്ദുൽ ഖാദർ ഹാജി പ്രസിഡണ്ടും എം. കോയ വൈസ്പ്രസിഡണ്ടും ടി.കെ. മൊയ്തീൻ ഹാജി, പി.സി. അബ്ദു റസാഖ് എന്ന കുഞ്ഞിപ്പ, സി.വി. മുഹമ്മദ്, എ. കുഞ്ഞിമുഹമ്മദ് ഹാജി, പി.പി. താമി, കെ.പി. അബ്ദുറഹിമാൻ, പി.പി. ഫാത്തിമ, എൻ. കദീജ എന്നിവർ മെമ്പർമാരായിരുന്നു. എന്നാൽ പ്രസിഡണ്ട് അബ്ദുൽ ഖാദർ ഹാജിയുടെ വിയോഗത്തെ തുടർന്നു പുതിയ പ്രസിഡണ്ടായി പി.സി. അബ്ദുറസാഖ് ചുമതലയേറ്റു. വ്യക്തിപരമായ കാരണങ്ങളാൽ അദ്ദേഹത്തിന്റെ രാജിയെ തുടർന്നു വൈസ്പ്രസിഡണ്ട് എം. കോയ പ്രസിഡണ്ടായി തെരഞ്ഞെടുക്കപ്പെട്ടു.

പുതിയ ത്രിതല സംവിധാനത്തിൽ തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതി 1995 ഒക്ടോബർ 2ന് പഞ്ചായത്ത് ഓഫീസ് പരിസരത്ത് നടന്ന വർണശബളമായ ചടങ്ങിൽ 'അധികാരം ജനങ്ങളിലേക്ക്' എന്ന സന്ദേശത്തോടെ സത്യപ്രതിജ്ഞ ചെയ്തു അധികാരമേറ്റു. നിലവിലുള്ള ഭരണ സമിതിയിൽ എം. സൽമാ അഷ്റഫ് പ്രസിഡണ്ടും പി.സി. കബീർ ബാബു വൈസ് പ്രസിഡണ്ടും സലാം കാരാട്ട് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാനുമാണ്. പി.സി. ഇസ്ഹാഖ്, വി.കെ. ഖദീജ, പി. അലി, വി.പി. റാബിയ, സി.വി. മുഹമ്മദ്, സി.പി. സുബ്രമണ്യൻ, സി. ലൈല, ടി.പി. അബ്ദു സമദ് എന്നിവരാണ് മറ്റ്അംഗങ്ങൾ. സൽമാ അഷ്റഫ് വളവന്നൂർ ഗ്രാമ പഞ്ചായത്തിന്റെ പ്രഥമ വനിതാ പ്രസിഡണ്ടാണ്.

പഞ്ചായത്തിന്റെ ആരംഭത്തിൽ വരമ്പനാല അങ്ങാടിയിലുള്ള വാടക കെട്ടിടത്തിലായിരുന്നു ഓഫീസ് പ്രവർത്തിച്ചിരുന്നത്. തുടർന്ന് പഞ്ചായത്തിലെ പ്രധാന കേന്ദ്രമായ കടുങ്ങാത്തുകുണ്ടിൽ സ്വന്തമായി കെട്ടിടം നിർമ്മിക്കുകയും 1974 നവംബർ 18ന് മുൻ കേരളാ നിയമസഭാ സ്പീക്കർ ചാക്കേരി അഹമദ് കുട്ടി സാഹിബ് ഉൽഘാടനം ചെയ്തതോടെ പ്രവർത്തനമാരംഭിക്കുകയും ചെയ്തു.

പഞ്ചായത്തിലെ സാമൂഹിക വിദ്യാഭ്യാസ ആതുര ശുശ്രൂഷാ രംഗത്ത് പ്രശംസനീയമായ സേവനങ്ങളാണ് പരേതരായ കടായിക്കൽ സൈതാലിഹാജി, പാറയിൽ മുഹമ്മദ് സാഹിബ് തുടങ്ങിയവർ നൽകിയിട്ടുള്ളത്. വളവന്നൂർ പഞ്ചായത്തിനോട് അടുത്തു കിടക്കുന്ന കൽപകഞ്ചേരി ഗവൺമെന്റ് ഹൈസ്ക്കൂൾ ആരംഭിക്കുന്നതിനും, പത്ത് ഏക്രയോളം ഭൂമി സൗജന്യമായി നൽകുക വഴി വളവന്നൂർ പ്രാഥമിക ആരോഗ്യ കേന്ദ്രം സ്ഥാപിക്കുന്നതിന് അവസരമൊരുക്കിയുമാണ് ഇവർ പ്രസ്തുത മേഖലകളിൽ വ്യക്തിമുദ്ര പതിപ്പിച്ചത്.

വൈജ്ഞാനിക രംഗത്ത് ഏറെ സേവനങ്ങൾ നടത്തിയ തിരൂർ അൻസാറുള്ള സംഘത്തിന്റെയും തിരൂർ താലൂക്ക് സുന്നിയുവജന സംഘത്തിന്റെയും പ്രവർത്തന കേന്ദ്രങ്ങൾ വളവന്നൂരിലാണ്. ഈ സംഘടനകൾക്ക് കീഴിലാണ് കേരളത്തിനകത്തും പുറത്തും പ്രശസ്തമായ വളവന്നൂർ ബാഫഖി യതീംഖാനക്കും വളവന്നൂർ അൻസാർ അറബി കോളേജിന്നും തുടക്കം കുറിച്ചത്.

മൂന്ന് തലമുറക്ക് മത ഭൗതിക വിദ്യാഭ്യാസം പകർന്ന് നൽകിയ വന്ദ്യവയോധികനായ പോത്തും പെട്ടി അബു മൊല്ല, വിദ്യാലയങ്ങൾ സ്ഥാപിക്കാൻ ഏറെ പാടുപെട്ട കപ്പൂരത്ത് ഖാദർ മാസ്റ്റർ തുടങ്ങിയവർക്ക് വളവന്നൂരിന്റെ ചരിത്രത്തിൽ ശ്രദ്ധേയമായ സ്ഥാനമുണ്ട്. പോത്തനേ പുത്തൻ വീട്ടിൽ നാരായനുണ്ണി മൂപ്പിൽ നായരാണ് 1924-ൽ കന്മനം പ്രദേശത്ത് വിവിധോദ്ദേശ ഐക്യനാണയ സംഘം സ്ഥാപിച്ചുകൊണ്ട് വളവന്നൂർ പഞ്ചായത്തിൽ സഹകരണ പ്രസ്ഥാനത്തിന് സമാരംഭം കുറിച്ചത്.

മങ്ങാത്ത ഓർമ്മകൾ: 1921-ൽ ബ്രിട്ടീഷ് പട്ടാളത്തിനെതിരെയുള്ള
ഒളിപ്പോരാട്ടത്തിന് സാക്ഷിയായ കോട്ടക്കുന്നിലെ നരിമട

വളവന്നൂർ പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന കൽപകഞ്ചേരി പോലീസ് സ്റ്റേഷൻ

ഭൂപ്രകൃതി
ജനപ്രകൃതി
ജലപ്രകൃതി

സമുദ്ര തീരത്ത് നിന്ന് പതിനാലു കിലോമീറ്റർ കിഴക്കോട്ട് മാറിയും നേഷണൽ ഹൈവേ ജംഗ്ഷനായ പുത്തനത്താണിയിൽ നിന്നും മൂന്ന് കിലോമീറ്റർ പടിഞ്ഞാറോട്ടു മാറിയുമാണ് വളവന്നൂർ പഞ്ചായത്ത് സ്ഥിതി ചെയ്യുന്നത്.

ഏകദേശം രണ്ടു കിലോമീറ്റർ വീതിയും പതിനൊന്ന് കിലോമീറ്റർ നീളവുമായി പൊന്മുണ്ടം, ചെറിയമുണ്ടം, തലക്കാട്, കൽപക ഞ്ചേരി, തിരുന്നാവായ എന്നീ പഞ്ചായത്തുക ളാൽ ചുറ്റപ്പെട്ട 15.28 ചതുരശ്ര കിലോമീറ്റർ വീതിയുള്ള നിമ്നോന്നത പ്രദേശമാണ് വളവ ന്നൂർ.

ഭൂപ്രകൃതി അനുസരിച്ച് വളവന്നൂർ പഞ്ചാ യത്തിനെ അഞ്ച് മേഖലകളാക്കി തരം തിരിക്കാ

1. കുന്നിൻ മണ്ട
2. കുന്നിൻ ചെരിവ്.
3. പാറ പ്രദേശം
4. സമതലം
5. വയൽ

അഞ്ചാം വാർഡിൽ സ്ഥിതി ചെയ്യുന്ന ചരിത്ര പ്രസിദ്ധമായ കോട്ടകുന്നും നാലും ഏഴും വാർഡുകളിലായി സ്ഥിതി ചെയ്യുന്ന നടയാൽ പറമ്പും മൂന്നും നാലും വാർഡുകളിലായി സ്ഥിതിചെയ്യുന്ന കടുങ്ങാത്തുകുണ്ടുമാണ് പഞ്ചാ യത്തിലെ ഉയർന്ന പ്രദേശങ്ങൾ. ഒന്ന് രണ്ട് മൂന്ന് വാർഡുകളിലായി നിലകൊള്ളുന്ന വളവന്നൂർ പാടശേഖരവും, 5,6 വാർഡുകളിലായി നിലകൊ ള്ളുന്ന ചെറവന്നൂർ പാടശേഖരവും എട്ടാം വാർഡ് മുതൽ പതിനൊന്നാം വാർഡ് വരെ വ്യാപിച്ചു കിടക്കുന്ന പോത്തന്നൂർ പാടശേഖര വുമാണ് ഈ പഞ്ചായത്തിലെ താഴ്ന്ന പ്രദേശ ങ്ങൾ.

ചെമ്മണ്ണ്, വെട്ടുകൽമണ്ണ്, ചെകിടി മണ്ണ്, മണൽ കലർന്ന പശിമരാശി മണ്ണ് എന്നിവയാണ് പഞ്ചായത്തിലെ മണ്ണിന്റെ ഘടന. ഏതാണ്ട് 70% നല്ല മണ്ണും 10% പാറക്കല്ലും 20 ശതമാനം ചെകിടി മണ്ണുമാണ് ഈ പഞ്ചായത്തിലെ മണ്ണിന്റെ വേർതിരിവ്.

ജനപ്രകൃതി

1991-ലെ സെൻസസ് പ്രകാരം 27295 ആണ് വളവന്നൂർ പഞ്ചായത്തിലെ മൊത്തം ജന സംഖ്യ. അതിൽ 13032 പുരുഷന്മാരും 14263 സ്ത്രീകളും ഉൾപെടുന്നു. പുരുഷന്മാരെ അപേ ക്ഷിച്ച് 5 ശതമാനം സ്ത്രീകളാണ് കൂടുതൽ. 1786 ആണ് ഇവിടുത്തെ ജനസാന്ദ്രത.

മലപ്പുറം ജില്ലയിലെ മൊത്തം നിലവാരെ ത്തേക്കാൾ താഴെയാണ് വളവന്നൂർ പഞ്ചായ ത്തിലെ വിദ്യാഭ്യാസ നിലവാരം. പഠന നിലവാരം മെച്ചപ്പെടുത്തിയാൽ നിലവിലുള്ള ശോച്യാവ സ്ഥയ്ക്ക് മാറ്റം വരുത്താവുന്നതാണ്. പഞ്ചായ ത്തിലെ തൊഴിലില്ലായ്മ സമീപകാലത്ത് ഗൾഫ് മേഖലകളിലുണ്ടായ പ്രതിസന്ധി കാരണം കൂടു

തൽ രൂക്ഷമായിരിക്കുകയാണ്. വാർഡു തിരിച്ച് ജനസംഖ്യാ പട്ടിക താഴെ കൊടുക്കുന്നു.

ജലപ്രകൃതി

ജലക്ഷാമം അതിരൂക്ഷമായി അനുഭവപ്പെടുന്ന പ്രദേശങ്ങളാണ് നമ്മുടെ പഞ്ചായത്തിലധികവും. മാർച്ച്, ഏപ്രിൽ, മെയ് മാസങ്ങളിലാണ് ഏറ്റവും കൂടുതൽ ജലക്ഷാമം അനുഭവപ്പെടുന്നത്.

പഞ്ചായത്തിലെ വാർഷിക വർഷപാതം ശരാശരി 2907 മി.മീറ്ററാണ്. ജൂൺ, ജൂലൈ മാസത്തിൽ പൂർണ തോതിലും ഒക്ടോബർ, നവമ്പർ മാസത്തിൽ ഭാഗികമായും മഴ ലഭിക്കാറുണ്ട്. പുഴയോ, കടലോ ഇല്ലാത്ത ഈ പഞ്ചായത്തിൽ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് വേണ്ടിയുള്ള യാതൊരു പദ്ധതിയും നിലവിലില്ല.

മുമ്പുണ്ടായിരുന്ന പല ജലസ്രോതസ്സുകളും നാമാവശേഷമായതും ജനസാന്ദ്രത വർദ്ധിച്ചതുമാണ് കുടിവെള്ള ക്ഷാമത്തിന് പ്രധാന കാരണം.

ഏതാണ്ട് പതിനഞ്ച് കിലോമീറ്റർ നീളത്തിൽ വിവിധ പ്രദേശങ്ങളിലായി തോടുകളും 15 കുളങ്ങളും 21 പൊതു തുറന്ന കിണറുകളും 20 പൊതു കുഴൽ കിണറുകളും നമ്മുടെ പഞ്ചായത്തിലുണ്ട്.

വാർഡു തല ജനസംഖ്യാവിവരണപട്ടിക

വാർഡ്	പുരുഷൻമാർ	സ്ത്രീകൾ	ആകെ
1.	1128	1258	2386
2.	1087	1402	2491
3.	1342	1233	2575
4.	1280	1401	2681
5.	1232	1249	2481
6.	807	1127	1934
7.	1309	1629	2938
8.	1241	1229	2470
9.	1139	1263	2402
10.	1247	1240	2487
11.	1218	1232	2480
ആകെ.	13032	14263	27295

സാമൂഹിക സാമ്പത്തിക മേഖലകൾ





അൻസാർ അറബി കോളേജ്

വളവന്നൂർ വില്ലേജ് ആപ്പീസ്

കൃഷിയും ജലസേചനവും

കാർഷിക ഗ്രാമമായ വളവന്നൂർ പഞ്ചായത്ത് ഉയർന്ന പ്രദേശങ്ങളും സമതലങ്ങളും ഉൾപ്പെട്ട ഒരു പ്രദേശമാണ്. നെല്ല്, തെങ്ങ്. കമുങ്ങ്, വെറ്റില എന്നിവയാണ് പ്രാധാനപ്പെട്ട കൃഷികൾ. നമ്മുടെ രാജ്യത്തെ വെറ്റില കൃഷിയുടെ ഒരു പ്രധാനഭാഗവും കൃഷിചെയ്യുന്നത് ഈ പ്രദേശത്താണ്.

സമുദ്ര നിരപ്പിൽ നിന്നും ശരാശരി 40 മീ. വരെ ഉയരത്തിൽ സ്തിഥിചെയ്യുന്നതാണ് ഈ പ്രദേശം. ഏറ്റവും ഉയരം കൂടിയ പ്രദേശങ്ങൾ പഞ്ചായത്ത് ആസ്ഥാനമായ വളവന്നൂരും, പഞ്ചായത്തിന്റെ തെക്ക് കിഴക്ക് ഭാഗത്ത് സ്ഥിതിചെയ്യുന്ന കന്മനം-തെക്കുമുറിയുമാണ്. നെൽകൃഷി നടത്തുന്ന വയലുകളാണ് താഴ്ന്ന പ്രദേശം. ബഹുഭൂരിപക്ഷം കർഷകരും ഒരു ഹെക്ടറിൽ താഴെ മാത്രം ഭൂമിയുള്ളവരാണ്. വിശദവിവരങ്ങൾ താഴെ കൊടുക്കുന്നു. (പട്ടിക-1 കാണുക. പേ:23)

മുൻകാലങ്ങളിൽ ഏറ്റവും കൂടുതൽ പ്രാമുഖ്യം നൽകിയിരുന്നത് നെൽകൃഷിക്കായിരുന്നു. മഴയെ ആശ്രയിച്ച് മാത്രമായിരുന്നു കൃഷി. കാർഷിക രംഗത്തെ പരസ്പരധാരണ വഴി കുളങ്ങൾ, ചിറകൾ, പൊതുകിണറുകൾ വളരെ മാതൃകാപരമായി സംരക്ഷിക്കപ്പെട്ടിരുന്നു. കൃഷിഭൂമിയുടെ ഉടമസ്ഥർ വൻകിട ജന്മികളായിരുന്നു.

വെള്ളാനശ്ശേരി തോവര എന്ന നീലകണ്ഠൻ മൂസ്സത്, കൊടിയേരി അയ്യായ പത്മനാഭമേനോൻ, തളിയ വെട്ടത്ത് അമ്മാളുക്കുട്ടിയമ്മ, ആയ്മവഞ്ചേരി മന, പുതുകിൽ പുതിയ മാളിയേക്കൽ അഹമ്മദ്, ഐവന്ത്ര ദേവസ്വം, ആതൃപുള്ളിച്ചോല ദേവസ്വം എന്നിവരായിരുന്നു ഈ പ്രദേശത്തെ പ്രാധാന ഭൂവുടമകൾ.

മൊത്തം ഭൂമിയുടെ ഏകദേശം പതിനൊന്ന് ശതമാനത്തിലേറെ വരുന്ന നെൽവയലുകളിൽ നാടൻ വിത്തുകളായിരുന്നു പ്രാധാനമായും കൃഷിചെയ്തു വന്നത്. ചിറ്റ്യാന, ചുവന്ന മട്ടൻ, വെളുത്ത മട്ടൻ, തെക്കൻ ചീര, ഒടിയൻ, മുണ്ടാട്ടൻ, വെള്ളിച്ചീര, ചെറുതെക്കൻ, പാലക്കാടൻ ചീര, കുറുമ എന്നിവയായിരുന്നു പ്രാധാന വിത്തിനങ്ങൾ. ഹരിതവിപ്ലവത്തിന്റെ ആരംഭകാലം മുതൽ കർഷകർ അത്യുൽപാദനവിത്തിനങ്ങൾ നാമമാത്രമായി ഉപയോഗിക്കാൻ തുടങ്ങി. രാസവള ഉപയോഗത്തിന്റെ ആരംഭവും കീടനാശിനികളുടെ വളരെ ചെറിയതോതിലുള്ള പ്രചാരവും ആരംഭിച്ചത് ഇക്കാലത്തായിരുന്നു. ജലസേചനത്തിന് പഴഞ്ചൻ രീതികളായ ഏത്തം, കാളത്തേക്ക് തുടങ്ങിയവയുടെ സ്ഥാനത്ത് പമ്പുസെറ്റുകൾ പ്രചാരത്തിൽ വന്നു.

പാടങ്ങളിൽ ഇടവിളകളായ ചാമ, രാഗി, എള്ള്, പയർ എന്നീ ധാന്യങ്ങളാണ് കൃഷി ചെയ്തിരുന്നത്. ജലസേചന സൗകര്യമുള്ള കമുങ്ങിൻ തോട്ടങ്ങളിൽ കിഴങ്ങുവർഗ്ഗങ്ങളായ ചേന, ചേമ്പ്, കാവത്ത് എന്നിവയാണ് കൃഷിചെയതിരുന്നത്. വേണ്ടത്ര ഭക്ഷണപദാർത്ഥങ്ങൾ ലഭിക്കാത്ത പഞ്ഞമാസങ്ങളിൽ കാട്ടുചേന, ചിലതരം കാട്ടുകിഴങ്ങുകൾ, ആനതുവ, നാടൻ പനയുടെ ഉൾഭാഗത്തെ ചോറ് സംസ്ക്കരിച്ചെടുത്തപൊടി എന്നിവ ആഹാരമാക്കിയിരുന്നു.

ജലസേചനത്തിന് ഉപയോഗിച്ചിരുന്ന തോടുകൾ, കുളങ്ങൾ എന്നിവ ചിറകെട്ടി അതിരുകളിൽ കൈതവെച്ചും ചിലസ്ഥലങ്ങളിൽ കല്ലുകൊണ്ട് കെട്ടിയും അക്കാലങ്ങളിൽ സംരക്ഷിക്കപ്പെട്ടു. വാഴയില, വാഴപ്പിണ്ടി, ഓല, മുളക്കൂറ്റി എന്നിവ ഉപയോഗിച്ച് താല്ക്കാലിക തലയിണകൾ "ചിറകൾ' എന്ന പേരിൽ നിർമ്മിച്ച് നെൽകൃഷിക്കും മറ്റും ഉപയോഗിച്ചു പോന്നു. എലിനശീകരണത്തിന് കെണികളും മറ്റും ഉപയോഗിച്ചിരുന്നു. കീടനിയന്ത്രണത്തിന് മുറം വീശലും, ചാഴിവലയും മറ്റുമായിരുന്നു അക്കാലത്ത് പ്രചാരത്തിൽ. വിശ്വാസങ്ങളുടെ പിൻബലത്തോടെ ചാഴി, എലി എന്നിവയുടെ "വിലക്കൽ" പോലും പ്രാചീനരീതിയിൽ ഈപ്രദേശങ്ങളിൽ നിലവിലിരുന്നുവത്രെ. തെങ്ങിൻ പറമ്പുകളിലെ ഇടവിളകൃഷി അക്കാലങ്ങളിൽ സജീവമായിരുന്നു. നെൽകൃഷിയുടെ പ്രാധാന്യം മറ്റുകൃഷികൾക്ക് ലഭിച്ചിരുന്നില്ല.

ഉൽപന്നങ്ങളുടെ വിപണി തൊട്ടടുത്ത പട്ടണമായ തിരൂരായിരുന്നു. അക്കാലങ്ങളിൽ പരിസര പ്രദേശങ്ങളിൽ പ്രസിദ്ധമായിരുന്ന ആഴ്ചചന്തയായിരുന്നു തൂവക്കാട്, പട്ടർനടക്കാവ്, കല്പകഞ്ചേരി, കടായിക്കൽ ചന്തതുടങ്ങിയവ. തലക്കടത്തൂർ അക്കാലത്ത് അടക്ക, തേങ്ങ, കുരുമുളക്, കശുവണ്ടി എന്നിവയുടെ പേരുകേട്ട വിപണന കേന്ദ്രമായിരുന്നു. ആഴ്ചചന്തകളിലേക്കും, മറ്റു പ്രധാന കേന്ദ്രങ്ങളിലേക്കും മൈലുകളോളം ചുമന്നു നടന്നാണ് അന്നത്തെ അദ്ധ്വാനശീലരായ കർഷകർ ഉൽപന്നങ്ങൾ എത്തിച്ചിരുന്നത്. വെറ്റില നുള്ളി ക്രമമാക്കി കെട്ടുകളാക്കി വൈകുന്നേരത്തോടെ തലച്ചുമടുമായി പോയിവന്നിരുന്ന കർഷകർ അന്നത്തെ സാധാരണ കാഴ്ചയായിരുന്നു. ഇന്ന് ഉൾപ്രദേശങ്ങളിൽ നിന്നുപോലും ഉൽപന്നങ്ങൾ വിപണിയിലെത്തിക്കുവാൻ റോഡ് സൗകര്യം ലഭ്യമാണ്. അക്കാലങ്ങളിൽ കോഴിക്കോട് പട്ടണത്തിലേക്ക് തലച്ചുമടുമായി വെറ്റിലകൊണ്ടുപോയി വിറ്റുവന്ന കർഷകരിൽ ചിലരെങ്കിലും ഇന്നും ജീവിച്ചിരിക്കുന്നു. പിന്നീട് പ്രചാരത്തിൽ വന്ന കാളവണ്ടികളും ഉന്തുവണ്ടികളും കാർഷികോൽപന്നങ്ങൾ വിപണിയിലെത്തിക്കുന്നതിന് പ്രധാന പങ്കുവഹിച്ചു.

എഴുപതുകളുടെ തുടക്കത്തിൽ ഭൂപരിഷ്ക്കരണം നടപ്പിൽ വന്നതോടെ കൃഷിഭൂമിയുടെ ഉടമസ്ഥരായവർ വീടുനിർമ്മാണത്തിന്നും തെങ്ങുകൃഷിക്കും, മറ്റു നാണ്യവിളകളുടെ കൃഷിക്കും നെൽവയലുകൾ നികത്തിത്തുടങ്ങി. ഗൾഫ് പണത്തിന്റെ സ്വാധീനം മുഴുവൻ മേഖലകളുടെയും നിയന്ത്രണം ഏറ്റെടുത്തതോടെ വയലേലകളുടെ വിസ്തൃതി അനുദിനം കുറഞ്ഞു വന്നു. വ്യാപകമായ കോൺക്രീറ്റ് സംസ്ക്കാരവും അണുകുടുബങ്ങളുടെ ആവിർഭാവവും കൂട്ടുകുടുംബവ്യവസ്ഥിതിയുടെ പതനവും വയലുകളുടെ നശീകരണം എളുപ്പമാക്കി തീർത്തു.

വളരെ ശാസ്ത്രീയമായി വയലുകളിൽ നിന്ന് ജലം വാർത്തു കളഞ്ഞിരുന്ന തോടുകൾ പലരുടെയും പറമ്പുകളുടെ ഭാഗമായി ജലസേചനത്തിനുപയോഗിച്ചിരുന്ന വലിയ കുളങ്ങളും ചില തോടുകളുടെ ഭാഗങ്ങളും പുതിയ നികത്തലുകാർ തങ്ങളുടെ കൃഷിയിടങ്ങളുടെ ഭാഗമാക്കി. ആർക്കും ആരോടും പ്രത്യേക കടപ്പാടില്ലാത്ത തീർത്തും അശാസ്ത്രീയമായ ഈ വികസനരീതി നെൽകൃഷിയിടങ്ങളുടെ തകർച്ച ഏറ്റവും കൂടിയവേഗതയിലാക്കി. പാരമ്പര്യ കർഷകതൊഴിലാളികളും കർഷകരും കൂടുതൽ മാന്യതയും ഒപ്പം ലാഭവും ലഭിക്കുന്ന മറ്റുമേഖലകളുടെ പങ്കാളികളായി. കൂലിയുടെ ഭീമമായ വർദ്ധനവ് വയലുകൾ തരിശിടുന്ന അവസ്ഥ സൃഷ്ടിച്ചു. 1982 വർഷത്തിൽ 3 രൂപ ഒരു തേങ്ങക്ക് ലഭിച്ചിരുന്നപ്പോൾ 15 രൂപയായിരുന്നു തൊഴിലാളികളുടെ കൂലി. 1996-ൽ 3.50 രൂപ തേങ്ങയുടെ വിലലഭിക്കുമ്പോൾ കൂലി നൽകുന്നത് 110 രൂപയാണ്. ഇതു

പോലെ ജൈവവളങ്ങളുടെയും മറ്റും വിലയിലും ഭീമമായ വർദ്ധനവുണ്ടായി. തുടർച്ചയായ നഷ്ടവും ഒപ്പം മാന്യത ലഭിക്കാത്ത പരിതസ്ഥിതിയും പാരമ്പര്യ കർഷകകുടുംബങ്ങളെ കാർഷികമേഖലയിൽ നിന്ന് അകറ്റുന്നതിനും, സ്ഥലമുടമകളെ തരിശിടുന്നതിനും പ്രേരിപ്പിച്ചു. ഇടവിളകൃഷികളുടെ കുറവും പരിചരണം തീരെ കുറഞ്ഞതോട്ടങ്ങളും ഉദാഹരണങ്ങളാണ്. താരതമ്യേന വിദ്യഭ്യാസം കുറഞ്ഞ കർഷകകുടുംബങ്ങൾ കൂടുതൽ വിദ്യാസമ്പന്നർ ആയതോടെ സ്ഥിരവരുമാനം ലഭിക്കുന്ന ജോലികളിലേക്ക് ആകൃഷ്ടരായി.

70കൾക്ക് ശേഷം ഗൾഫ് മേഖലയിലെ അനുദിനം വർദ്ധിച്ചു വന്ന തൊഴിലവസരം വളരെ കൂടുതൽ പേരെ അങ്ങോട്ട് ആകർഷിച്ചു. അവശേഷിച്ച പലരും കൂടുതൽ വേതനവും, തൊഴിലവസരങ്ങളും, പ്രധാനം ചെയ്യുന്ന കെട്ടിടനിർമ്മാണ ജോലിയിലേക്കും മറ്റും മാറി. ഗൾഫ് പണം കൂടുതലായും ആദായകരമല്ലാത്ത ഭൂമിവാങ്ങുന്നതിനും രമ്യഹർമ്മങ്ങൾ നിർമ്മിക്കുന്നതിനും ആർഭാഡജീവിതം നയിക്കുന്നതിനുമാണ് കൂടുതലായും ഉപയോഗപ്പെടുത്തിയത്. ഉൽപാദനപരമായ മേഖലകളിൽ ഉപയോഗപ്പെടുത്തിയ സംഖ്യ തുലോം കുറവാണ്. കർഷക വിനോദങ്ങളിൽ ഏറ്റവും പ്രധാനമായിരുന്ന കാളപ്പൂട്ട് അന്നത്തെ പ്രൗഡിയോടെയല്ലെങ്കിലും പഞ്ചായത്തിൽ ചിലപ്രദേശങ്ങളിൽ ഇന്നും തുടരുന്നു. ചില കാളപ്പൂട്ട് കണ്ടങ്ങളെങ്കിലും തെങ്ങിൻ പറമ്പുകൾക്ക് വഴിമാറിക്കൊടുത്തു. പരിസ്ഥിതി പ്രാധാന്യം തീരെ കണക്കിലെടുക്കാത്ത വികസന സംസ്ക്കാരം ഭൂമിയുടെ ഉൽപാദന ക്ഷമത കുറക്കുന്നതിനും, തോടുകളുടെയും, കുളങ്ങളുടെയും, പൊതുകിണറുകളുടെയും നാശത്തിനും കാരണമായി. ഗതാഗതസൗകര്യങ്ങളുടെ ആവിർഭാവത്തോടുകൂടി വൻമരങ്ങൾ തീർത്തും നശിപ്പിച്ചതും ഉയർന്നസ്ഥലങ്ങളിലെ മണ്ണ് നെൽപാടങ്ങൾ നികത്തുന്നതിന് ഉപയോഗപ്പെടുത്തിയത് പരിസ്ഥിതിയുടെയും അതു വഴി കൃഷിയുടെ കാലാകാലങ്ങളിലായുള്ള നിലനിൽപിനേയും ബാധിച്ചു.

പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിൽ കൂടി ഒഴുകുന്ന തോടുകളിൽ ചെക്ക് ഡാം കെട്ടി പഞ്ചായത്തിലെ വടക്കൻമേഖലകളിൽ വളവന്നൂർ പ്രദേശവും കന്മനം തെക്കുമുറിയിലെ ചോലക്കൽ ചോലകളും സംരക്ഷിക്കപ്പെടേണ്ടത് അത്യന്താപേക്ഷിതമാണ്. വയലുകളിലും പറമ്പുകളിലും പച്ചക്കറികളുടെയും, മറ്റു ഇടവിളകളുടെയും, ഔഷധസസ്യങ്ങളുടെയും, വൃക്ഷങ്ങളുടെയും കൃഷിവിപുലമാക്കണം. സംസ്ഥാനസർക്കാർ പലപഞ്ചായത്തുകളിലും നടപ്പിലാക്കിയ കർഷകന് ഏറ്റവും ആശ്വാസവും ആനുകൂല്യങ്ങളും നൽകുന്ന "നീർമാറി" വികസനപദ്ധതിയുടെ പരിധിയിൽ പഞ്ചായത്തിലെ മുഴുവൻ പ്രദേശങ്ങളെയും ഉൾപ്പെടുത്തണം. കർഷകന്റെ വളരെകുറഞ്ഞ ആളോഹരി വരുമാനം ഉയർത്തുന്നതിന് ഇത് ഉപകരിക്കും. കുളങ്ങളും തോടുകളും നികത്തി കൃഷിയിടവും പരിസ്ഥിതിയും നശിപ്പിക്കുന്നവരെ കർശനമായി നേരിടണം. കമുക് കൃഷിയെ മുഴുവൻ നാശത്തിലെത്തിച്ച "മഞ്ഞളിപ്പ്" രോഗത്തിനും വെറ്റില കൃഷിയുടെ നശീകരണരോഗമായ ദ്രുതവാട്ടത്തിനും പരിഹാരം കാണണം. വെറ്റിലയും കമുകും ആധുനിക രീതിയിൽ കൃഷിചെയ്യുന്നതിന് ആനുകൂല്യങ്ങളും അറിവും പകരണം.

നമ്പർ	പ്രധാന ചോലകൾ	വാർഡ്
1.	ചോലക്കുളമ്പ് ചോല	III
2.	നെട്ടഞ്ചോല	III
3.	മണ്ണാഞ്ചോല	III
4.	ഈങ്ങേങ്ങൽ ചോല	I
5.	കാക്കുംതൊടി ചോല	II
6.	പറങ്ങോടത്ത് ചോല	III
7.	ആറ്റുപുറം ചോല	XI

ഭൂവിനിയോഗം

പഞ്ചായത്തിന്റെ ആകെ വിസ്തീർണ്ണം 15.28 Sq. കി.മി ആണ്. സമതലപ്രദേശങ്ങളും ഉയർന്നപ്രദേശങ്ങളും ഉൾപ്പെടുന്നു. വെട്ടുകൽമണ്ണ്, ചുവന്ന മണ്ണ്, മണൽകലർന്ന പശിമരാശി മണ്ണ് എന്നിങ്ങനെയായി വിഭജിക്കപ്പെടുന്നു.

പട്ടിക-3

ഭൂമി സംബന്ധിച്ച വിവരങ്ങൾ

ഇനം	വിസ്തീർണ്ണം
നിലം	270 ഹെക്ടർ
പുരയിടം	2312 ഹെക്ടർ
പുനമ്പാക്ക്	Nil
കൃഷിയോഗ്യമല്ലാത്തത്	Nil
കൃഷിയോഗ്യമല്ലാത്ത തരിശ്	6 ഹെക്ടർ
ആകെ	2588.07 ഹെക്ടർ

വർദ്ധിച്ചു വരുന്ന രാസവള ഉപഭോഗം മണ്ണിന്റെ അമ്ലഗുണം വർദ്ധിപ്പിക്കാൻ കാരണമാകുന്നു. കുമ്മായം ചേർക്കുന്നതിന് സൗജന്യ നിരക്കിൽ പദ്ധതി വേണം. ഇടവിള കൃഷി രീതിയുടെ അപര്യാപ്തതയും താൽപര്യ കുറവും പരിഹരിക്കുവാൻ പദ്ധതികൾ നടപ്പിലാക്കണം. തൊഴിലാളികളുടെ സേവനം യഥാസമയം ലഭിക്കുന്നതിന് ലേബർ ബാങ്കുകൾ ആരംഭിക്കണം. അവയുടെ ആഭിമുഖ്യത്തിൽ തൊഴിലാളികൾക്ക് പരിശീലനം നൽകണം.

പട്ടിക 5

നെൽകൃഷി വിള വിസ്തീർണം

നമ്പർ	വിള	വിസ്തീർണ്ണം (ഹെക്ടർ)
1.	നെല്ല് (ഒന്നാംവിള)	2200 Kg.
2.	നെല്ല് (രണ്ടാം വിള)	2500 kg.
3.	-	-

ഉൽപാദനക്ഷമത നെൽകൃഷിയുടെത് ഹെക്ടറിന് 2200kg, ഒന്നാം വിളക്കും 2500kg രണ്ടാം വിളക്കുമാണ്. കൃഷിയിടങ്ങളിൽ വിള പരിവർത്തന രീതി തീരെ നിലവിലില്ല. മുഖ്യ ഇടവിളകളുടെ വിസ്തീർണ്ണം താഴെ ചേർക്കുന്നു.

പട്ടിക 6

(ഇടവിളകൾ വിസ്തീർണം കൃഷിഭവൻ രേഖ)

വിള	വിസ്തീർണം	മൊത്തം ഉൽപാദനം	ഉൽപാദനക്ഷമത
പയർ	40 Hq	8400Kg	210Kg/Hq
എള്ള്	10 Hq	1500Kg	150Kg/Hq
പച്ചക്കറികൾ	12.5 Hq	31.24 TONE	2500Kg/Hq
വാഴ	40Hq	700 TONE	17500Kg
മരച്ചീനി	37Hq	351.5MT	9500Kg/Hq
കുരുമുളക്	34Hq	10.2MT	300KG/Hq
വെറ്റില	2200Hq	—	2220 Bundle/5cent
കവുങ്ങ്	700Hq	700 TONE	1TONE/Arecunet

മുഖ്യ വിളയായ തെങ്ങ് കൃഷിയുടെ ഉൽപാദന ക്ഷമത (ഹെക്ടറിന്) 7750 തേങ്ങയാണ്. ജലസേചന സൗകര്യമുള്ള പ്രദേശങ്ങളിൽ ആദായം കൂടുതലും മറ്റു സ്ഥലങ്ങളിൽ കുറവുമാണ്. ഈപ്രദേശത്തെ വെട്ടുകൽ മണ്ണ് തെങ്ങ് കൃഷിക്ക് വളരെ യോജിച്ചതായി കാണുന്നു. കൊടിയ വേനൽകാലത്തും മറ്റു സ്ഥലങ്ങളിലെ തെങ്ങിനെ അപേക്ഷിച്ച് ഉണക്കാതെ ചെറുക്കുവാനുള്ള കഴിവ് ഇവിടത്തെ വെട്ടുകൽ പ്രദേശങ്ങളിൽ വളരുന്ന തെങ്ങുകൾക്കുണ്ട്. തെങ്ങുകൾക്ക് ബാധിക്കുന്ന കുമിൾരോഗങ്ങളായ കറവാർച്ച, കൂമ്പ് ചീയൽ എന്നിവ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. നെൽകൃഷിയെക്കാൾ ഏറെ ആദായകരം എന്ന കാഴ്ചപ്പാടോടുകൂടി വയലുകൾ നികത്തികൊണ്ട് ചെയ്ത തെങ്ങ്കൃഷി രീതി അശാസ്ത്രീയമായതിനാലും തൈകൾ ഗുണം കുറഞ്ഞവ ആയതിനാലും കായ്ഫലം കുറഞ്ഞാണ് കാണപ്പെടുന്നത്.

വളം

മുൻകാലങ്ങളിൽ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ രാസവള ഡിപ്പോകൾ പ്രവർത്തിച്ചിരുന്നുവെങ്കിലും ഇപ്പോൾ വളവന്നൂർ സഹകരണ ബാങ്കിന്റെ കീഴിൽ ഒരു ഡിപ്പോ മാത്രമെ പ്രവർത്തിക്കുന്നുള്ളു. ജൈവവള ഉപയോഗം ഭാരിച്ച് ചെലവ് മൂലം കുറഞ്ഞ് വരുന്നു. വളരെ ലാഭകേരമായ "പച്ചിലവളച്ചെടി" കൃഷി വേണ്ടത്ര ശുഷ്കാന്തിയോട്കൂടി നടക്കുന്നതിന് കർഷകർ തയ്യാറായാൽ ജൈവവളപ്രശ്നം ഒരു വലിയ അളവിൽ പരിഹരിക്കാം. സൗജന്യമായ മണ്ണ് പരിശോദന നടത്തി മണ്ണിന്റെ ഘടന നിലനിർത്തുന്നതിന് അത്യന്താപേക്ഷിതമായ ജൈവവളപ്രയോഗത്തിന്റെ ആവശ്യകതയെകുറിച്ച് കർഷകരെ ബോധവൽക്കരിക്കണം. ഈ രംഗത്തുള്ള പദ്ധതികൾ വളരെ കാര്യക്ഷമമായി കർഷകർ ഉപയോഗപ്പെടുത്തേണ്ടിയിരിക്കുന്നു.

പട്ടിക 7
വളത്തിന്റെ ഉപയോഗം

No	വർഷം	അളവ്
1	1993-94	23.38Ton
2	1994-95	18 Ton
3	1995-96	16Ton

കീടനാശിനി

കീടനാശിനി പ്രധാനമായും നെൽകൃഷിക്കും ഉപയോഗപ്പെടുത്തുന്നു ചൂരുങ്ങിയ തോതിൽ പച്ചക്കറി, വാഴ എന്നിവക്കും ഉപയോഗപ്പെടുത്തുന്നു. വർദ്ധിച്ചുവരുന്ന രോഗങ്ങൾ ചെറുക്കുന്നതിന് തെങ്ങ്, കമുങ്ങ്, കുരുമുളക് എന്നവക്ക് കുമിൾനാശിനിയായ ബോർഡോമിശ്രിതം പ്രചാരത്തിലുണ്ട്.

കാർഷികോപകരണങ്ങൾ

ഒരു ട്രാക്ടർ, ഒരു ട്രില്ലർ, 26 നാടൻ കലപ്പ, 83 റോക്കർ സ്പ്രെയർ, 96 നാപ്സാക്ക് സ്പ്രെയർ, 732 പമ്പ് സെറ്റ് എന്നിവ സ്വകാര്യ മേഖലയിലുണ്ട്. (പട്ടിക-8 കാണുക)

കൂലി നിരക്ക്

മേഖലയിൽ തൊഴിലാളികളുടെ ലഭ്യത വളരെ കുറവാണ്. വിദ്യാഭ്യാസ നിലവാരത്തിലെ മാറ്റങ്ങൾ കൃഷിയോടുള്ള അനാഭിമുഖ്യം, ഗൾഫ് മേഖലയിലെ തൊഴിൽ സാധ്യത, മറ്റു രംഗങ്ങളിലെ തൊഴിൽപരമായ ആകർഷണം, എന്നിവ മേൽപറഞ്ഞ പ്രതിസന്ധി സൃഷ്ടിച്ചു. പുരുഷന്മാരുടെ കൂലി നിരക്ക് ശരാശരി 110 രൂപയും സ്ത്രീകളുടേത് 65 രൂപയുമാണ്. തെങ്ങുകയറ്റം, കമുങ്ങ് കയറ്റം തുടങ്ങിയ ചില പ്രത്യേക ജോലികൾക്ക് പുതുതായി ആരും മുന്നോട്ടു വരുന്നില്ല. മേഖലയിലെ തൊഴിലാളി രംഗത്ത് തമിഴുനാട്ടുകാരായ തൊഴിലാളികൾ കൂടുതൽ ആധിപത്യം പുലർത്തുന്നു.

കാർഷിക വായ്പ

സർവ്വീസ് സഹ: ബാങ്കുകൾ ആയകന്മനം, വളവന്നൂർ എന്നിവയാണ് പ്രദേശത്തെ പ്രധാന ധന സഹായ സ്ഥാപനങ്ങൾ കൂടാതെ കൽപകഞ്ചേരി കനറാ ബാങ്ക് കനറാബേങ്ക് കുറുകത്താണി, സൗത്ത് മലബാർ ഗ്രാമീൺ ബാങ്ക് പുത്തനത്താണി, തിരൂർ കാർഷിക വികസന ബാങ്ക്, തിരൂർ അർബൺ കോ-ഓപ്:ബാങ്ക് എന്നിവയും ഈ പ്രദേശങ്ങളിലെ കർഷകർക്ക് ആവശ്യത്തിന് വായ്പ നൽകുന്നു എന്നാൽ പരമാവധി സൗകര്യങ്ങൾ ഈ രംഗത്ത് ഉപയോഗപ്പെടുത്തുന്നില്ല. ഗൾഫ് വരുമാനത്തിന്റെ സ്വാധീനവും കൃഷി

യിലുള്ള താൽപര്യകുറവും ഇതിന് കാരണങ്ങളായി വിലയിരുത്താം. വായ്പയെടുക്കുന്ന പല കർഷകരും തന്നെ അവ യഥാർത്ഥ ഉദ്ദേശ്യത്തിന് ഉപയോഗപ്പെടുത്തുന്നില്ല. വായ്പാ വിതരണ രംഗത്തെ അശാസ്ത്രീയതയും, വായ്പകൾ ലഭിക്കുന്നതിലെ കടമ്പകളും, താല്പര്യകുറവുമാണ് ഇതിന് പ്രധാന കാരണങ്ങൾ.

പട്ടിക-1

നമ്പർ	ഭൂപരിധി	കുടുംബങ്ങളുടെ എണ്ണം
1.	(നാമമാത്ര കർഷകർ) ഒരു ഹെക്ടറിൽ താഴെ	4314
2.	1-2 ഹെക്ടർ (ചെറികിട കർഷകർ)	128
3.	2 ഹെക്ടറിന് മുകളിൽ വൻകിടകർഷകർ	81

പട്ടിക-11

തോടുകൾ സംബന്ധിച്ച വിവരങ്ങൾ

നമ്പർ	വാർഡ്	തോടുകളുടെഎണ്ണം	നീളം
1.	I	-	-
2.	II	2	2.1/2Km
3.	III	4	4Km
4.	IV	1	750m
5.	V	1	1Km
6.	VI	1	1Km
7.	VII	1	11/2Km
8.	VIII	2	1Km
9.	IX	1	500m
10.	X	2	2Km
11.	XI	1	600m

പട്ടിക-10

ബാങ്ക് വായ്പകളെ സംബന്ധിച്ച വിവരങ്ങൾ

നമ്പർ	ബാങ്ക്	1995-96
1.	വളവന്നൂർ സർവ്വീസ് സഹകരണ ബാങ്ക്	1245026
2.	കന്മനം സർവ്വീസ് സഹകരണ ബാങ്ക്	1276614

പട്ടിക-9

പാടശേഖര സമിതിയും വിള പരിക്രമവും

നമ്പർ	പാടശേഖരത്തിന്റെ പേര്	ഒന്നാം വിള	രണ്ടാം വിള	മൂന്നാം വിള
1.	പോത്തനൂർ	നെല്ല്	നെല്ല്	എള്ള് (ഭാഗികം)
2.	ചെറവന്നൂർ	നെല്ല്	നെല്ല്	എള്ള് (ഭാഗികം)

ജലസേചനം

പ്രദേശത്തെ നെൽകൃഷി തീർത്തും മഴയെ ആശ്രയിച്ചുള്ള 'ചൂതാട്ടം' തന്നെയായി ഇനിയും തുടരുന്നു. മഴയും, മഴ തീരെ ഇല്ലാത്ത അവസ്ഥയും നെൽകൃഷി തീർത്തും പരാജയപ്പെടുന്നതിന് കാരണങ്ങളാകുന്നു. കൃഷിയിടങ്ങളിൽ കൂടി ഒഴുകുന്ന വിരലിൽ എണ്ണാവുന്ന തോടുകളിൽ നാടൻ രീതിയിൽ 'ചിറ'കെട്ടി ചിലപ്പോൾ രണ്ടാം വിളയെ ഉണക്കത്തിൽ നിന്നും രക്ഷിക്കാറുണ്ട്. എന്നാൽ ഇതിന് സഹായകമാവുന്ന തരത്തലുള്ള ഭൂവിസ്തൃതി തുലോം കുറവാണ്. സ്ഥിരമായ ജലസേചന ഉപാധികൾ ഒന്നും തന്നെ ഇല്ലാത്ത പ്രദേശത്തെ കൃഷിയിൽ കർഷകന് താത്പര്യം തീരെ കുറയുന്നതിൽ അൽഭുതമില്ലല്ലോ.

തോടുകൾ

പഞ്ചായത്ത് പ്രദേശത്തെ തോടുകളുടെ നീളം സുമാർ 22 കി.മി വരും. സ്ഥിരം ഭണ്ഡുകൾ നിലവിലില്ലാത്ത ഇവയുടെ പാർശ്വ ഭിത്തികൾ കല്ലുകളൊ മറ്റൊ ഉപയോഗിച്ച് ബലപ്പെടുത്തിയിട്ടില്ല. താൽക്കാലികമായി ഇവയിൽ ചിറകൾ കെട്ടി മാത്രം ജലസേചനം നടത്തുന്നു. ഇവ വീതി, ആഴം എന്നിവ വർദ്ധിപ്പിച്ച്, അരികുകൾ ബലപ്പെടുത്തി സ്ഥിരം ചെക്ക് ഡാമുകൾ നിർമ്മിച്ചാൽ ജലസേചനത്തിന് നല്ല രീതിയിൽ ഉപയോഗപ്പെടുത്താം.

കുളങ്ങൾ

പൊതു കുളങ്ങൾ പൂർണ്ണമായും, സ്വകാര്യ കുളങ്ങളിൽ കൂടുതലും വേനൽക്കാലത്ത് വറ്റിവരളുന്നു. മുൻകാലങ്ങളിൽ കുളങ്ങളിൽ നിന്നുമുള്ള ജലസേചനം വഴി ചിലയിടങ്ങളിലെങ്കിലും പുഞ്ചകൃഷി സജീവമായി നടത്തിയിരുന്നു. സ്വകാര്യ കുളങ്ങളുടെയും പൊതു കുളങ്ങളുടെയും സംരക്ഷണത്തിന്ന് സ്ഥിരം പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കണം. പല പ്രദേശങ്ങളും ചെരിവ് ആയതിനാൽ വർഷകാലങ്ങളിൽ ലഭിക്കുന്ന മഴവെള്ളം സംഭരിച്ച് ആധുനിക രീതിയിലുള്ള സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തി കൃഷിക്ക് കൂടുതലായി ഉപയുക്തമാക്കുന്നതിന്ന് പദ്ധതികൾ വേണം.

മണ്ണ്-ജലസംരക്ഷണം

കാവുകളുടെ കൂട്ടായ നശീകരണവും വൻ മരങ്ങൾ നശിപ്പിച്ചതും മണ്ണൊലിപ്പിന്റെ തോത് വളരേ വർദ്ധിപ്പിച്ചു. സാമൂഹ്യ വനവൽക്കരണ പദ്ധതികൾ വേണ്ടത്ര ഉപയോഗപ്പെടുത്താതിരിക്കുന്നതും ഇതിന്ന് ഹേതുവായി. വിശ്വാസത്തിന്റെ പേരിൽ നിലനിന്നിരുന്ന സർപ്പക്കാവുകൾ വൃഷ്ടിപ്രദേശം നിലനിർത്തുവാനും മണ്ണൊലിപ്പ് തടയുന്നതിനും പര്യാപ്തമായവയാണെന്ന് ഇന്ന് പരിസ്ഥിതി ശാസ്ത്രം മനസ്സിലാക്കുന്നു. നിമ്നോന്നത പ്രദേശങ്ങളായ പാറക്കൂട്, മയ്യേരിച്ചിറ, കടുങ്ങാത്തുകുണ്ട്, ചെറവന്നൂർ, കന്മനം-തെക്കുമുറി എന്നീ പ്രദേശങ്ങളിൽ മണ്ണൊലിപ്പ് വളരെ കൂടുതലാണ്.

നഴ്സറികൾ

വളവന്നൂർ പഞ്ചായത്തിൽ നഴ്സറികൾ ഒന്നും തന്നെ നിലവിലില്ല. എങ്കിലും സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രവർത്തിക്കുന്ന സ്വകാര്യ നഴ്സറികളുടെ ഉൽപന്നങ്ങൾ ഉൾപ്രദേശങ്ങളിൽ പോലും ഈ പഞ്ചായത്തിൽ വിറ്റഴിക്കപ്പെടുന്നു. ഇവയുടെ വില, നിലവാരം എന്നിവ നിയന്ത്രിക്കുന്നതിന് യാതൊരു സംവിധാനവും നിലവിലില്ല. ബോധവൽക്കരണത്തിന്റെ അഭാവത്തിൽ ബഹുഭൂരിപക്ഷം കർഷകരും അമിത വില നൽകി പ്രലോഭനങ്ങളിൽ വശംവദരായി ഗുണമേന്മ തീരേയില്ലാത്ത തൈകളും, വിത്തുകളും വാങ്ങുന്നതിന്ന് നിർബ്ബന്ധിതരാകുന്നു.

കൃഷിഭവൻ

1987 സെപ്റ്റംബർ ഒന്നാം തിയ്യതിയാണ് പഞ്ചായത്ത് തലത്തിൽ കൃഷിഭവൻ നിലവിൽ വന്നത്. അതിന്നു മുമ്പ് കൽപകഞ്ചേരി കാർഷിക വികസന ആഫീസിന്റെ പരിധിയിലായിരുന്നു ഇന്ന് നിലവിലുള്ള പഞ്ചായത്ത് കൃഷിഭവൻ. പ്രസ്തുത കൃഷിഭവൻ നിലവിൽ വന്നതു മുതൽ പരിമിതമായ സൗകര്യങ്ങളും സാഹചര്യങ്ങളും കൈമുതലായി പ്രവർത്തിക്കുന്നു.

പട്ടിക–13

നടീൽ വസ്തു വിതരണം (കൃഷിഭവൻ രേഖ)

നമ്പർ	ഇനം	1993-94	1995-96	1996-97
1.	തെങ്ങ് W.C.T	300	98	500
2.	T x D	106	86	80
3.	ഒട്ടുമാവ്	98	-	88
4.	കുരുമുളക്	1000	5000	3000
5.	ജാതി	43	-	-
6.	കവുങ്ങ്	–	100	250
7.	ഒട്ടു പ്ലാവ്	25	10	-
8.	നേന്ത്രവാഴ കന്ന്	2500	-	210
9.	D x T	-	59	50
10.	കശുമാവ്	–	–	160

പട്ടിക–14

ദുരിതാശ്വാസ വിതരണം (കൃഷിഭവൻ രേഖ)

നമ്പർ	വർഷം	വെള്ളപ്പൊക്കം	വരൾച്ച	കൊടുങ്കാറ്റ് ലഭിച്ചവരുടെ എണ്ണം	ധനസഹായം	തുക
1.	1993-94	-	-	,,	6	4025
2.	1994-95	-	-	,,	42	23223
3.	1995-96	-	-	,,	4	12015

പ്രശ്നങ്ങൾ

ജലസേചന സൗകര്യങ്ങളുടെ അപര്യാപ്തത, നെൽകൃഷി ആയാസകരമാക്കുന്നതോടൊപ്പം മറ്റു വിളകളുടെ വിളവ് കുറക്കുന്നതിനും കാരണമാകുന്നു. ഉൽപാദനച്ചിലവിൽ വന്ന വർദ്ധനവ്, കർഷകത്തൊഴിലാളികളുടെ ലഭ്യത കുറവ്, ഉൽപന്നങ്ങളുടെ വിലയിടിവ്, ജലസേചന സൗകര്യങ്ങളുടെ അപര്യാപ്തത, മുഴുവൻ സമയ ജീവിതമാർഗ്ഗമല്ലാതെയുള്ള കാർഷിക രംഗത്തെ പരിണാമം, ഗൾഫ് മേഖലയിലെ തൊഴിൽ സാദ്ധ്യതയിലുണ്ടായ വർദ്ധനവ്, കർഷകന് സമൂഹത്തിൽ അംഗീകാരം ലഭിക്കായ്മ എന്നിവയൊക്കെ ഉൽപാദനവും ഉൽപാദനക്ഷമതയും കുറക്കാൻ കാരണമായി.

പ്രധാന കൃഷിയായ തെങ്ങിന്റെ അശാസ്ത്രീയമായ തൈകൾ തിരഞ്ഞെടുക്കൽ, നടീൽ, മറ്റു കൃഷി പ്രവർത്തികൾ, ഇടവിള കൃഷിയിൽ വന്ന കുറവ്, ജലസേചന സൗകര്യങ്ങളുടെ അപര്യാപ്തത എന്നിവയും പുതുതായി അനുഭവപ്പെടുന്ന കീടരോഗബാധകളുടെ അക്രമണം, അവയുടെ നിയന്ത്രണച്ചിലവ്, നാളികേരത്തിന്റെ സ്ഥിരമായ വിലയിടിവ് എന്നിവ ഉൽപാദനക്ഷമതയും അതുവഴി ഉല്പാദനവും തീരെ കുറച്ചു എന്നു പറയാം.

കവുങ്ങ് കൃഷിക്ക് സർക്കാർ ഏജൻസികളിൽ നിന്നു ലഭിക്കുന്ന ആനുകൂല്യങ്ങളുടെ കുറവ് ഒരു പ്രധാന പ്രശ്നമാണ്. പേരിന് മാത്രം മഹാളിക്ക് മരുന്ന് തളിക്കുന്ന സബ്സിഡിയാണ് ലഭിക്കുന്നത്. തോട്ടങ്ങളുടെ നടീൽ തീരെ അശാസ്ത്രീയമായതിനാൽ ഏറ്റവും കുറഞ്ഞ വിള പരിപാലനം മാത്രം ലഭിക്കുന്നു. ഇത് ഉൽപാദനക്ഷമത കുറക്കുന്നതിനു കാരണമാകുന്നു. കവുങ്ങിൻതോട്ടങ്ങളിലെ ഇടവിളകൃഷി ഇന്നും വാഴയും വെറ്റിലക്കൊടിയും മാത്രമായി അവശേഷിക്കുന്നു. പഞ്ചായത്തിന്റെ ഏകദേശം നാലു വാഡുകളിലെ കവുങ്ങു കൃഷി മഞ്ഞളിപ്പ് രോഗം ബാധിച്ചതു മൂലം ആയിരക്കണക്കിന് രൂപയുടെ പ്രതിവർഷ വരുമാനമാണ് സ്ഥിരമായി നാശത്തിന്റെ വക്കിലെത്തിനിൽക്കുന്നത്. രോഗം ബാധിച്ച കവുങ്ങുകൾ ഏകദേശം മൂന്ന് നാലു വർഷങ്ങൾക്കുള്ളിൽ പൂർണ്ണമായി നശിക്കുന്നു. യാതൊരു നിയന്ത്രണ മാർഗ്ഗവുമില്ലാത്ത വിനാശകാരിയായ രോഗം ഇന്നും തുടരുന്നു.

ഇന്ത്യയിലെ വെറ്റില ഉൽപാദനത്തിൽ പ്രധാന പങ്കുവഹിച്ച പ്രദേശമാണ് വളവന്നൂർ. വെറ്റിലകൃഷിക്ക് ശാസ്ത്രീയമായ കൃഷിരീതികൾ തീരെയില്ല എന്നുതന്നെ പറയാം. വർദ്ധിച്ച കൂലിച്ചിലവും ഉൽപന്നത്തിന്റെ വിലയിൽ വരുന്ന വ്യതിയാനവും, കൊടിക്കു ബാധിക്കുന്ന "ദ്രുതവാട്ടം" എന്ന രോഗവും വർഷങ്ങളായി വെറ്റിലകൃഷികൊണ്ട് ഉപജീവനം നടത്തിവരുന്ന കർഷകരെ ഈ രംഗത്തു നിന്നും പിന്തിരിപ്പിക്കുന്നു. ദ്രുതവാട്ടം മൂലം, വെറ്റിലകൃഷിക്ക് മുടക്കിയ ആയിരക്കണക്കിന് സംഖ്യ നഷ്ടപ്പെട്ടവർ ഈ പ്രദേശത്ത് ധാരാളമാണ്. ജലസേചനം കൂടുതൽ വേണ്ടുന്ന വിളയായതിനാൽ ജലത്തിന്റെ ദൗർലഭ്യവും കർഷകരെ ഈ രംഗത്തു നിന്നും പിന്തിരിപ്പിക്കാൻ ഇടയാക്കുന്നു.

മണ്ണൊലിപ്പ് നിവാരണ പദ്ധതികൾ ഇവിടെ തീരെയില്ല. നിമ്നോന്നത പ്രദേശങ്ങളായ ഏകദേശം നാലിലൊന്നു ഭാഗത്തെങ്കിലും കൃഷിയെ മണ്ണൊലിപ്പ് വളരെ ദോഷകരമായി ബാധിക്കുന്നു. മണ്ണ് പരിശോധനാ സമ്പ്രദായം കൂടുതൽ കാര്യക്ഷമമാക്കുകയും വളപ്രയോഗം ശാസ്ത്രീയരീതിയിൽ സന്തുലിതപ്പെടുത്തുകയും വേണം.

വേനൽക്കാല പച്ചക്കറി കൃഷിയും പറമ്പുകളിലെയും മറ്റും ഇടവിളകൃഷിയും തീരെ അവസാനിച്ച മട്ടാണ്. വ്യാപകമായ ജലസേചനത്തിന്റെ അപര്യാപ്തതയും പുതിയ കീടരോഗങ്ങളുടെ അക്രമണവും ഉൽപന്നങ്ങൾക്ക് മിതമായ വില ലഭിക്കാത്തതും കാരണങ്ങളാണ്. വയലുകളിൽ നേന്ത്രവാഴ, കപ്പ കൃഷി തുടങ്ങിയവ തീരെയില്ല. പാരമ്പര്യമായി മേൽപറഞ്ഞ കൃഷി ചെയ്തിരുന്നവരുടെ പുതിയ തലമുറ മറ്റു മേഖലകളിലേക്ക് ആകൃഷ്ടരായി.

നെൽകൃഷിക്ക് പ്രധാനമായും ബ്ലാസ്റ്റ്, പ്ലൈറ്റ് എന്നീ രോഗബാധകളും ചാഴി, ഇല ചുരുട്ടിപ്പുഴു, ഇലപ്പുഴു, തണ്ടുതുരപ്പൻ പുഴു, മുഞ്ഞ എന്നീ കീടബാധകളും കാണുന്നു. തെങ്ങുകൃഷിയാണെങ്കിൽ കൂമ്പുചീയൽ,

ചെന്തീരാലിപ്പ് എന്നീ രോഗങ്ങളും ചെഞ്ചലി, ചെള്ള് എന്നീ കീടങ്ങളുമാണ് പ്രധാനമായും ആക്രമിക്കുന്നത്. വെറ്റിലയെയും കുരുമുളകിനെയും ബാധിക്കുന്ന ദ്രുതവാട്ടം ഈ രണ്ടു കൃഷിയെയും നശിപ്പിക്കുന്നതിൽ പങ്കുവഹിക്കുന്നു.

കൃഷിവകുപ്പിൽ നിന്നും ഗുണമേന്മയുള്ള തൈകളും വിത്തുകളും സമയാസമയങ്ങളിൽ ലഭിക്കാത്തതും പ്രാദേശികാവശ്യം പരിഗണിച്ചല്ലാതെയുള്ള വിതരണവും കർഷകന് ദോഷം ചെയ്യുന്നു. മുൻകാലങ്ങളിൽ ഇല്ലാത്ത രീതിയിൽ ഈ രംഗത്ത് സ്വകാര്യ ഏജൻസികൾ വഴിയുള്ള വിതരണവും ഗുണമേന്മയെ മോശമായി ബാധിക്കുന്നു. ശുദ്ധജലാശയങ്ങളിലെ മത്സ്യസമ്പത്തിന്റെ രോഗ കാരണം കീടനാശിനികളുടെയും രാസവളങ്ങളുടെയും അമിതമായ ഉപയോഗമാണെന്നും സംശയമുണ്ട്.

നിർദ്ദേശങ്ങൾ

1. ജലസേചനം:

പ്രദേശത്തിന്റെ വിവിധ ഭാഗങ്ങളിൽ കൂടി ഒഴുകുന്ന തോടുകളുടെ ആഴം വീതി എന്നിവ വർദ്ധിപ്പിച്ച് വശങ്ങൾ കല്ലുകൊണ്ട് കെട്ടി സംരക്ഷിക്കണം. അവയിൽ ആവശ്യമുള്ള സ്ഥലങ്ങളിൽ ചെക്ക് ഡാമുകൾ നിർമ്മിച്ച് ജലസേചനസൗകര്യങ്ങൾ വർദ്ധിപ്പിക്കണം. പൊതുകുളങ്ങളുടെ ആഴവും പരപ്പും വർദ്ധിപ്പിച്ച് അവ സംരക്ഷിച്ച് കൃഷിക്ക് ഉപയുക്തമാക്കണം.സ്വകാര്യ കൃഷിയിടങ്ങളിൽ മുൻകാലങ്ങളിൽ നിലവിലുണ്ടായിരുന്ന കുളങ്ങൾ നന്നായി സംരക്ഷിക്കുന്നതിന് സാമ്പത്തിക സാങ്കേതിക സഹായം നൽകണം. ആവശ്യമുള്ള സ്ഥലങ്ങളിൽ പൊതുകിണറുകൾ കൃഷിയിടങ്ങളിൽ കുഴിക്കണം. ചെരിവുള്ള പ്രദേശങ്ങളിൽ നിന്നും വർഷകാലത്ത് ഒലിച്ചു വരുന്ന ജലം ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ച് കെട്ടി നിർത്തി കൃഷിക്കുപയുക്തമാക്കണം. പഞ്ചായത്തിന്റെ ചില ഭാഗങ്ങളിൽ ഉള്ള വിരലിലെണ്ണാവുന്ന ചോലകൾ സംരക്ഷിക്കുവാൻ നടപടി വേണം. കൃഷിയാവശ്യത്തിന് വൈദ്യുതി സൗജന്യമായി ലഭിക്കുവാൻ പദ്ധതിയുണ്ടെങ്കിലും കൂടുതൽ ഉദാരമായ സമീപനം ഇക്കാര്യത്തിൽ അധികൃതരിൽ നിന്നും ഉണ്ടാകേണ്ടിയിരിക്കുന്നു. ഡ്രിപ്പ് ജലസേചനസൗകര്യം സൗജന്യയി നടപ്പിലാക്കണം. കിണർ, പമ്പ് സെറ്റ് എന്നിവയുടെ സഹായധനം ലഭിക്കുന്നതിനുള്ള സ്ഥല പരിധി 10 സെന്റ് ആക്കണം. കാർഷികാവശ്യത്തിന് ഏക്കറിൽ 25 ലിറ്ററെങ്കിലും മണ്ണെണ്ണ സൗജന്യ നിരക്കിൽ ലഭിക്കണം.

2. ഗ്രൂപ്പ് ഫാമിംഗ്:

ഗ്രൂപ്പ് ഫാമിംങ് തെങ്ങു കൃഷിയുടെ ഗ്രൂപ്പ് മാനേജ്മെന്റ് എന്നിവ ഫലപ്രദമായി പ്രവർത്തിക്കണം. കർഷകരുടെയും ഉദ്യോഗസ്ഥരുടെയും സജീവ പങ്കാളിത്തം ഇക്കാര്യത്തിൽ വേണം. മുൻധാരണയില്ലാത്ത അക്ഷരാർത്ഥത്തിലുള്ള സഹകരണം കൊണ്ടും കക്ഷി രാഷ്ട്രീയം കടന്നു വരാത്ത വികസന പദ്ധതികൊണ്ടും മാത്രമേ ഇത് സാധ്യമാവുകയുള്ള.

3. തൊഴിലാളികളുടെ ലഭ്യത:

തൊഴിലാളികളുടെ ലഭ്യത പഞ്ചായത്തിന്റെ ഏതു പ്രദേശത്തും കാർഷിക മേഖലയിൽ ഉറപ്പു വരുത്തുവാൻ ലേബർ ബാങ്കുകൾ നടപ്പിൽ വരുത്തണം. ഈസ്ഥാപനം താലപര്യമുള്ള തൊഴിലാളികളെ രജിസ്ട്രർ ചെയ്ത് ആവശ്യത്തിനനുസരിച്ച് ആവശ്യക്കാർക്ക് നൽകുന്ന ഏജൻസികളായി പ്രവർത്തിക്കണം. ഇക്കാര്യത്തിൽ മറ്റു മേഖലകളിലെ വിദഗ്ധ് തൊഴിലാളികളെ ലഭിക്കുന്നതിനുള്ള സംരംഭങ്ങൾ മാതൃകയാക്കാവുന്നതാണ്. ഇതു മൂലം വർദ്ധിച്ച കൂലി നിലവാരം ഇല്ലാതാക്കുവാനും കൂടുതൽ കാര്യക്ഷമതയുള്ള തൊഴിലാളികളെ ലഭ്യമാക്കുന്നതിനു സാധിക്കും.

കാർഷിക മേഖല അനാകർഷകമാവുന്നത് ഒരു പരിധി വരെ അടിസ്ഥാനമില്ലാത്ത വേദന വർദ്ധനവും കാര്യക്ഷമതയില്ലാത്ത പ്രവർത്തനവുമാണ്. മറ്റെതൊരു രംഗത്തെയും പോലെ വിദഗ്ധമായ മാനേജ്മെന്റും തൊഴിലാളികളും കാർഷിക മേഖലകൾക്കും

അനിവാര്യമാണെന്ന് ഓർക്കണം. കാർഷിക മേഖലയിലെ സുരക്ഷിതത്വ കുറവും ഉൽപന്നങ്ങളുടെ വിലയിടിവും കർഷകരെ ഈ രംഗത്തു നിന്നും അകറ്റുന്നു. അജ്ഞാനത്തിന്റെ മഹാത്മ്യം മേഖലയിൽ കെടാ കഥയായി. ഏകീകരിച്ച കൂലിയും കാര്യക്ഷമത ജോലിയും ഉൽപന്നത്തിന് മതിയായ വിലയും ഉറപ്പു വരുത്തണം. ഇന്ന് വില നിയന്ത്രിക്കുന്നത് മുതൽ മുടക്ക് തീരെ കുറഞ്ഞ മധ്യവർത്തികളാണ്.

4 വിത്തുകൾ തൈകൾ:

മേൽത്തരം വിത്തുകളും തൈകളും മിതമായ നിരക്കിൽയുക്തമായ സമയത്ത് ലഭിക്കണം. ഗുണമേൻമയില്ലാത്ത വിത്തുകളുടെയും തൈകളുടെയും വിതരണം ഫലപ്രദമായി തടയണം. ബപന്ധപ്പെട്ട വകുപ്പുകൾ വഴി വിതരണം ചെയ്യുന്നവ യഥാ സമയം ലഭ്യമാക്കണം. സ്വകാര്യ ഏജൻസിയുടെ കടന്നു കയറ്റം ശക്തമായി തടയണം. ആവശ്യമായ തൈകളും വിത്തുകളും യഥേഷ്ടം കൃത്യസമയത്ത് വിതരണം ചെയ്യുന്നതിന് വകുപ്പ് സംവിധാനം കാര്യക്ഷമമാക്കണം. നിലവിലുള്ള ആവശ്യമില്ലാത്ത ഉല്പാദനോപാദികൾ ആവശ്യമില്ലാത്ത സമയത്തും സ്ഥലത്തും കർഷകനെ അടിച്ചേൽപ്പിക്കുന്ന പാഴ്വേല അവസാനിപ്പിക്കണം. അതു വഴിയുള്ള റവന്യൂ ഫണ്ട് ദുർവിനിയോഗം തീർത്തും തടയുക തന്നെ വേണം.

ഉൽപാദനവും വിതരണവും ഈ രംഗത്ത് പ്രാദേശിക ആവശ്യങ്ങൾക്ക് അനുസരിച്ച് ഗവ: ഏജൻസികൾ തന്നെ ലഭ്യമാക്കണം. ഗുണമേന്മ ഉറപ്പു വരുത്തണം.

5. പരിസ്ഥിതി:

രാസവളം ചേർക്കൽ സന്തുലിതമാക്കണം. ജൈവവളം കൂടുതൽ പ്രചാരമാക്കണം. അവയുമായി ബന്ധപ്പെട്ട പദ്ധതികൾ കൂടുതൽ കാര്യക്ഷമാക്കണം. കീടനാശിനി പ്രയോഗം അത്യാവശ്യത്തിനു മാത്രമായി പരിമിതപ്പെടുത്തണം. ജൈവകീട നിയന്ത്രണ മാർഗങ്ങളും ജൈവ കീടനാശിനികളും കൂടുതൽ പ്രചാരത്തിൽ വരണം. ആധുനിക ശാസ്ത്രം പരിസ്ഥിതി കൂടുതൽ മലിനമാക്കുന്നു. 'പ്ളാസ്റ്റിക് കൂട്' പോലുള്ള പോളിത്തീൻ വസ്തുക്കളുടെ ഉപയോഗം നിയമം മുലം നിയന്ത്രിക്കണം. പരിസ്ഥിതിയെ ഉലക്കുന്ന വസ്തുക്കൾ ഉല്പാദിപ്പിക്കുന്നതും വിപണനം നടത്തുന്നതും ഉപയോഗിക്കുന്നതും നിയമം മൂലം നിർത്തൽ ചെയ്യണം. ഇക്കാര്യത്തിൽ ബോധവൽക്കരണം ഔദ്യോഗിക സംവിധാനങ്ങൾ ഉപയോഗിച്ചും മറ്റും കൂടുതൽ കാര്യക്ഷമമാക്കണം. മണ്ണിന്റെ മരണം നാം ക്ഷണിച്ചു വരുത്തരുത്.

6. ഗവേഷണ രംഗം:

കാർഷിക ഗവേഷണരംഗം കൂടുതൽ ശക്തിയാർജ്ജിക്കണം, മുൻകാലങ്ങളിൽ കേട്ടുകേൾവി ഇല്ലാത്ത പല രോഗങ്ങളും ഇന്ന് സാർവത്രികമാണ്. അവയുടെ രോഗ ഹേതുക്കൾ കൂടുതൽ കൂടുതൽ ശക്തിയാർജ്ജിക്കുന്നു. കമുകിന്റെ മഞ്ഞളിപ്പ് തെങ്ങിന്റെ കാറ്റ്വീഴ്ച എന്നിവ ഇന്നും വലിയ ചോദ്യചിഹ്നമായി അവശേഷിക്കുന്നു. ഇത്തരം പ്രശ്നങ്ങൾ ഗവേഷണ വിഭാഗത്തിന്റെ ശ്രദ്ധയിൽ ശക്തിയായി കൊണ്ടുവരണം. ഗവഷണത്തിന്റെ വേഗത വർദ്ധിപ്പിക്കണം.

7 പച്ചക്കറി, ഇടവിള:

പറമ്പുകളിലെ ഇടവിള കൃഷിയും വയലുകളിലെ നെൽകൃഷിയും കൂടാതെയുള്ള ആവർത്തന കൃഷിയും കൂടുതൽ പോഷിപ്പിക്കണം. പച്ചക്കറി കൃഷിക്കും വിപുലമായ പദ്ധതികൾ വേണം. ഗ്രൂപ്പ് കൃഷി സമ്പ്രദായം പച്ചക്കറി കൃഷിയിലും നടപ്പിലാക്കണം. തീവ്ര യത്ന പദ്ധതിയിലൂടെ ഈ രംഗത്ത് ജലസേചന പദ്ധതികൾ നടപ്പിലാക്കണം. സ്കൂൾ വിദ്യാർത്ഥികൾക്കുള്ള പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുകയും വീട്ടുവളപ്പിലും പഞ്ചായത്തിന്റെ വിവിധ പുറമ്പോക്ക് സ്ഥലങ്ങളിലും പച്ചക്കറി കൃഷി നടത്തി പഞ്ചായത്തിന്റെ പ്രദേശത്തേക്ക് ആവശ്യമായ

പച്ചക്കറി ഇവിടെത്തന്നെ ഉൽപാദിപ്പിക്കുന്നതിന് പദ്ധതികൾ കൊണ്ടുവരണം.

8. ഔഷധ സസ്യകൃഷി:

ആരോഗ്യ രംഗത്ത് സമീപകാലത്തുണ്ടായ നേട്ടം ഔഷധ സസ്യങ്ങളുടെ കൃഷിക്ക് പ്രേരണ നൽകുന്നു. രാസസംയുക്തങ്ങളിൽനിന്നും ജൈവസംയുക്തങ്ങളായ ആര്യവൈദ്യ ചികിത്സ സമ്പ്രദായം കൂടുതൽ ആകർഷകമാകുന്നു. 'ഹെർബൽ' എന്നു ചേർത്താൽ കൂടുതൽ വിപണി പിടിച്ചു പറ്റാമെന്ന് വൻകിട മരുന്നുകമ്പനികളും സൗന്ദര്യ വർദ്ധക ഉൽപന്ന കമ്പനികളും മനസ്സിലാക്കുന്നു. ഈ അവസരം ശരിക്കും നാം ഉൾക്കൊണ്ട് വർദ്ധിച്ച് തോതിൽ ശാസ്ത്രീയമായ ഔഷധച്ചെടികളുടെ കൃഷിക്ക് പ്രാമുഖ്യം നൽകണം. ഇത് നാമമാത്രമാകരുത്. വായ്പ, സബ്സിഡി, സൗകര്യങ്ങൾ ഔഷധച്ചെടികളുടെ കൃഷിക്കും ബാധകമാക്കണം.

9.നെഴ്സറികൾ:

വളരെ കൂടുതൽ വിപണന സാദ്ധ്യതകൾ നിൽനിൽക്കുന്ന ഓർക്കിഡ് ആൻതൂറിയം, കുറ്റിമുല്ല എന്നിവയുടെ കൃഷിക്ക് പ്രോത്സാഹനം നൽകണം. ഗുണമേൻമ കണിശമായി നിലനിർത്തി അംഗീകാരമുള്ള നഴ്സറികൾ വിവിധ തൈകൾ ഉല്പാദിപ്പിക്കാൻ തുടങ്ങണം.

10. പദ്ധതികൾ:

കൃഷി വകുപ്പിലൂടെ നടപ്പിലാക്കുന്ന വിവിധ പദ്ധതികൾക്കുള്ള ചുരുങ്ങിയ ഭൂപരിധി 10 സെന്റാക്കി പരിമിതപ്പെടുത്തുണം. കൃഷിഭവനിലൂടെയും മറ്റും കാർഷികരംഗത്ത് പദ്ധതികൾ പലതുമുണ്ടെങ്കിലും അവ മുഴുവൻ ആകർഷകമാണോ എന്ന് സംശയമാണ്. അവ കൂടുതൽ ആകർഷകമാക്കി യഥാസമയം വേണ്ടുന്ന നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് യഥാർത്ഥ കർഷകരും വിദഗ്ധരും ചേർന്ന ഒരു സമിതി അത്യന്താപേക്ഷിതമാണ്. സജീവ ചർച്ചകളും നിർദ്ദേശങ്ങളും സമിതികളിലുണ്ടാവണം. സമിതി കടലാസ് സമിതി ആയാൽ പദ്ധതികളും കടലാസു പദ്ധതികളായി അവശേഷിക്കും. സമിതി പ്രശ്നങ്ങൾ പഠിക്കുന്നിനും നിർദ്ദേശങ്ങൾ നൽകുന്നതിനുമുള്ള അർത്ഥവത്തായ അർപ്പണ ബോധമുള്ള കർഷകരുടെ പഞ്ചായത്ത് തല പരിഛേദം തന്നെ ആയിരിക്കണം. പ്രാദേശിക തലത്തിൽ ഇത് കാർഷിക മേഖലയുടെ ആസൂത്രണം,നടത്തിപ്പ്, എന്നിവ പൂർണ്ണമായും ഏറ്റെടുക്കണം. പൊതു വിഭാഗീയ ചിന്തകൾക്ക് അതീതമായിരിക്കണം.

11.വിപണി:

വിപണി നിയന്ത്രിക്കുന്ന മധ്യവർത്തികളെ നിലക്ക് നിർത്തുവാനുതകുന്ന നിയമ നിർമാണം വേണ്ട തലങ്ങളിൽ പ്രാബല്യത്തിൽ വരുത്തണം. അദ്ധ്വാനിക്കുന്നവനും മുതൽ മുടക്കിയവനും മുഴുവൻ ആദായവും ലഭിക്കുന്നു എന്ന് ഉറപ്പു വരുത്തണം. പഞ്ചായത്ത് തലത്തിൽ കാർഷികോത്പന്നങ്ങൾക്ക് സ്ഥിരം മാർക്കറ്റ് സംവിധാനം വേണം. കർഷകർക്കായി സാമ്പത്തിക സഹായം മുൻകൂർ നൽകുന്നതിന് ഇത്തരത്തിലുള്ള സ്ഥാപനങ്ങൾക്ക് സാധ്യമാവണം.

12. സ്കൂളുകളിൽ പച്ചക്കറി, കുറ്റിമുല്ല കൃഷി:

എല്ലാ യു.പി.സ്കൂളുകളിലും ഹൈസ്കൂളുകളിലും ഒരു നിശ്ചിതസമയമെങ്കിലും പച്ചക്കറി കുറ്റിമുല്ല എന്നിവയുടെ കൃഷിക്ക് വേണ്ടി നീക്കി വെക്കണം. സ്കൂളുകളോടനുബന്ധിച്ചും മേൽപറഞ്ഞവയുടെ കൃഷിടയിടങ്ങൾക്ക് ധനസഹായം നൽകണം. ഇതുവഴി ബോധവൽക്കരണവും വിദ്യാർത്ഥികളിൽ അധ്വാനത്തിന്റെ മഹാത്മ്യവും വളർത്താം.

13. മാലിന്യങ്ങളുടെ സംസ്കരണം:

പഞ്ചായത്തിൻരെ വിവിധ ഭാഗങ്ങളിലുള്ള മാലിന്യ കൂമ്പാരങ്ങൽ ശാസ്ത്രീയമായി സംസ്കരിച്ച്. അതിൽ നിന്ന് സമ്പുഷ്ടമായ ജൈവവളം, ഊർജ്ജം, എന്നിവ ഉൽപാദിപ്പിക്കുന്നതിന് നടപടി സ്വീകരിക്കണം. ഇത്

പ്രാദേശിക കാർഷിക അഭിവൃദ്ധിക്ക് വഴി തെളിയിക്കും,

14. കാർഷിക യന്ത്ര വല്ക്കരണം:

കാർഷിക രംഗത്ത് കാര്യക്ഷമമായി പ്രവർത്തിപ്പിക്കുന്നതിന് ട്രാക്ടർ ട്രില്ലർ, കൊയ്ത്തു യന്ത്രം, മെതിയന്ത്രം, കൂറ്റി പമ്പ് റോക്കർ സ്പ്രെയർ എന്നിവ കുറഞ്ഞ വാടകക്ക് കൃഷിഭവനിൽ നിന്നും ലഭ്യമാക്കണം. എല്ലാ പാടശേഖരത്തിലും ട്രാക്ടർ ഇറങ്ങുന്നതിന് റോഡുകൾ നിർമ്മിക്കുകയും ഇങ്ങനെ നിർമ്മിക്കുന്ന റോഡുകൾ സംരക്ഷിക്കുകയും വേണം. മേൽ പറഞ്ഞ യന്ത്രങ്ങൾ ഗ്രൂപ്പ് ഫാമിംഗ് സമിതികൾക്ക് നൽകണം

ഈ രംഗത്തേക്ക് കർഷകന് മതിയായ സംരക്ഷണവും, മാന്യതയും, ലാഭവും, മേഖലയിൽ ജോലിസ്ഥിരതയും ഉറപ്പു വരുത്തണം. നിലവിലുള്ള കാർഷിക രംഗത്ത് എല്ലാ ഘടകങ്ങളും കർഷകനെ പിന്തിരിപ്പിക്കാൻ മാത്രം ഉതകുന്നവയാണ്. എത്രമാത്രം 'വിശുദ്ധി'യുള്ള തൊഴിൽ ആണ് എന്ന് അവർ വിശ്വസിച്ചാലും ലാഭവും ദൈനംദിന ജീവിതോപാതിയും ഉറപ്പു നൽകുന്നില്ലെങ്കിൽ കൂടുതൽ ലാഭവും സുരക്ഷിതത്വവും പ്രധാനം ചെയ്യുന്ന മറ്റു മേഖലകൾ തിരഞ്ഞെടുക്കുമെന്നത് പൊതു തത്വമായി കണ്ടു വരുന്നതാണ്. ഒമ്പതാം പദ്ധതിയുടെ രൂപ രേഖ ചർച്ച ചെയ്യുമ്പോൾ ഏറ്റവും ശ്രദ്ധേയമായ മേൽ പ്പറഞ്ഞ ഘടകങ്ങൾക്ക് ഊന്നൽ നൽകണം. ഒരു പുതി മാറ്റത്തിന്റെ സൃഷ്ടാക്കളാകുവാൻ തയാറെടുക്കുന്ന നാം വിഭാഗീയ ചിന്തകൾ കൈവെടിഞ്ഞ് അർപ്പണ ബോധത്തോടു കൂടിയ സമീപനമാണ് കൈകൊള്ളേണ്ടത്.

ജനപങ്കാളിത്തത്തിൽ നിന്നുയരുന്ന ജനശക്തി കൈമുതലായി നവഭാരതസൃഷ്ടിയുടെ പടയണിയിൽ നമുക്കും അണിചേരാം. എല്ലാ തുറകളിലും സ്വയം പര്യാപ്തമായ ഗ്രാമങ്ങളായി നമ്മുടെ പ്രദേശങ്ങളെ മാറ്റിയെടുക്കാനുള്ള അക്ഷീണ യത്നത്തിന്റെ കണ്ണികളായി നമുക്ക് സ്വയം മാറാം.

പട്ടിക -12
കുളങ്ങളെ സംബന്ധിച്ച വിവരം (ഗ്രാമസഭാ റിപ്പോർട്ട്)

നമ്പർ	പേര്	വാർഡ് നമ്പർ	വില്ലേജ്
1	നെല്ലാപ്പുറമ്പ് കുളം	7	വളവന്നൂർ
2.	പോത്തനൂർ കുളം	8	,,
3.	കച്ചേരിക്കുളം	8	,,
4.	കാലിക്കുളം	2	,,
5.	വരമ്പനിക്കുളം	5	,,
6.	അല്ലൂർ കുളം	11	,,
7.	കരിവാംകുളം	10	,,
8.	പള്ളിത്താൽകുളം	5	,,
9.	കാഞ്ഞിരംകുളം	5	,,
10.	നടുവത്ത് കുളങ്ങര കുളം	11	,,
11	പുത്തൻചിറ കുളം	9	,,
12.	കൊക്കളം കുളം	7	,,
13.	കണ്ടൻകുളം	7	,,
14.	അമ്പലക്കുളം	2	,,
15.	ചെവപ്ര കുളം	15	,,

പട്ടിക -8
കാർഷികോപകരണങ്ങൾ

വാർഡ് നമ്പർ	ഉഴവ് ഉപകരണങ്ങൾ			മരുന്ന് തളി ഉപകരണങ്ങൾ		ഷോട്ടബിൾ പമ്പ്സെറ്റുകൾ
	ട്രാക്ടർ	ട്രില്ലർ	നാടൻ കലപ്പ	റോക്ക്സ് സ്പ്രെയർ	നാപ്സാക്ക് സ്പ്രെയർ	
1	2	3	4	5	6	7
1	–	1	2	12	9	72
2	–	–	1	15	13	88
3	–	–	–	7	8	69
4	–	–	2	1	14	62
5	–	–	1	11	19	71
6	–	—	6	10	78	
7	–		1	3	9	65
8	–	–	2	2	8	82
9	–	–	2	3	2	72
10	1	–	1	3	2	66
11	–	–	1	5	4	54

മൃഗസംരക്ഷണം, മത്സ്യബന്ധനം.



കേരളത്തിലെ സമ്പദ്ഘടനയുടെ വളർച്ചയിൽ പ്രധാന പങ്ക് വഹിക്കുന്ന ഒരു മേഖലയാണ് മൃഗസംരക്ഷണ രംഗം. സംസ്ഥാനത്തെ കന്നുകാലി സമ്പത്തിന്റെ 94%വും ഗ്രാമപ്രദേശങ്ങളിലാണ്. വളവന്നൂർ പഞ്ചായത്തിലെ വളർത്തു മൃഗങ്ങളിൽ പ്രധാനമായും ആട്, പശു എന്നിവയാണ്. ഏകദേശം 50 ശതമാനം വീടുകളിൽ ഇവ വളർത്തപ്പെടുന്നുണ്ട്. ഏകദേശം 3% വീടുകളിൽ എരുമ, പോത്ത് എന്നിവയും വളർത്തപ്പെടുന്നു. 75% വീടുകളിലും കോഴികളെ വളർത്തുന്നു. വീട്ടാവശ്യങ്ങൾക്കായാണ് ഇവയെ പ്രധാനമായും വളർത്തുന്നത്. നാമമാത്രമായി താറാവുകളേയും വളർത്തുന്നുണ്ട്. അത്യുല്പാദനശേഷിയുള്ള പശുക്കൾ പഞ്ചായത്തിൽ 60% മുതൽ 65% ഓളം വരുന്നുണ്ട്. 1987ലെ സെൻസസ് പ്രകാരം പഞ്ചായത്തിൽ 1426 നാടൻപശുക്കളും, 245 സങ്കരയിനം പശുക്കളും 2553 ആടുകളും, 304 കാളകളും 338 പോത്തുകളും 347 എരുമകളുമാണ് ഉണ്ടായിരുന്നത്. എന്നാൽ ഇപ്പോൾ മൃഗാശുപത്രി മുഖേന നടത്തപ്പെടുന്ന കൃത്രിമ ബീജ സങ്കലനം മൂലം അത്യുല്പാദനശേഷിയുള്ള പശുക്കളുടെ എണ്ണം ഏകദേശം 60-65% വർദ്ധിക്കുകയുണ്ടായി.

പട്ടിക 1

വളർത്തുമൃഗങ്ങളും, പക്ഷികളും

മൃഗങ്ങളുടെ എണ്ണം	ആകെ
നാടൻപശു	1426
സങ്കരഇനം പശു	245
എരുമ	347
പോത്ത്	338
നാടൻ കാള	269
സങ്കര ഇനം കാള	35
ആട്	2583
നാടൻ കോഴി	10013
സങ്കര ഇനം കോഴി	586
താറാവ്	275
മറ്റുള്ളവ	300

കാർഷികരംഗത്ത് യന്ത്രവൽക്കരണം വന്നതോടെ ഉഴവു കാളക്കും, കാളത്തേക്കുകാർക്കും പകരമായി ട്രാക്ടറുകളുടെ രംഗപ്രവേശമായി, നെൽകൃഷിയുടെ അളവു കുറഞ്ഞത്, കീലിതീറ്റയുടെ വില വർദ്ധനവ്, വൈക്കോലിന്റേയും, പുല്ലിന്റേയും ലഭ്യത കുറവ്, കാലികളെ മേക്കുന്നതിനുള്ള സ്ഥല ദൗർലഭ്യം, കാലികൾക്കുണ്ടാകുന്ന രോഗങ്ങൾ, ക്ഷീരോല്പന്നങ്ങൾ വിറ്റഴിക്കുന്നതിലുള്ള പരിമിതികൾ

എന്നിവ വളർത്തുമൃഗങ്ങളുടെ എണ്ണം കുറയ്ക്കുന്നതിന്ന് കാരണമായി. കൂടാതെ റോഡുകളും വാഹനങ്ങളും വർദ്ധിച്ചതിനെ തുടർന്ന് വണ്ടിക്കാളകളുടെ എണ്ണത്തിലും കുറവ് അനുഭവപ്പെട്ടു.

പഞ്ചായത്തിലെ ഏക മൃഗാശുപത്രി കടുങ്ങാത്തുകുണ്ടിൽ സ്ഥിതി ചെയ്യുന്നു. ഈ ആശുപത്രി സർക്കാർ കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. പ്രസ്തുത ആശുപത്രിയിൽ വേണ്ടത്ര സൗകര്യങ്ങൾ ഇല്ല. ഇവിടെ ആധുനിക രോഗനിർണ്ണയ സംവിധാനങ്ങൾ, ചികിത്സാരീതികൾ എന്നിവ ലഭ്യമാക്കേണ്ടതാണ്. പഞ്ചായത്തിലെ വിദൂരപ്രദേശങ്ങളിലുള്ളവർക്ക് കന്നുകാലികൾക്ക് രോഗം വന്നാൽ ഏകദേശം 10 കിലോമീറ്ററുകളോളം സഞ്ചരിച്ചിട്ടുവേണം മൃഗാശുപത്രിയിൽ എത്താൻ. കിലോമീറ്ററുകൾ സഞ്ചരിച്ച് ആശുപത്രിയിൽ എത്തുമ്പോഴേയ്ക്കും സമയത്തിനു ചികിത്സ കിട്ടാതെ കന്നുകാലികൾ ചാവാൻ ഇത് കാരണമാവുന്നു. ആയതിനാൽ മൃഗാശുപത്രിയുടെ ഒരു സബ്സെന്റർ കന്മന പ്രദേശത്ത് സ്ഥാപിക്കേണ്ടത് അത്യന്താപേക്ഷിതമാണ്.

കന്നുകാലികൾക്ക് പ്രധാനമായും കണ്ടു വരുന്ന രോഗങ്ങൾ അകിടുവീക്കം, അയവിറക്കാതെ വയറുവീർക്കൽ, തൊണ്ടവീക്കം, കുളമ്പുരോഗം, വാതരോഗം, പനി എന്നിവയാണ്. തൊഴുത്തുകളുടേയും, കൂടുകളുടേയും നിർമ്മാണത്തിൽ കർഷകർക്കുള്ള പരിജ്ഞാനകുറവ്, ശുചിത്വത്തിന്റെ അഭാവം, മൃഗങ്ങളുടെ പ്രതിരോധ ശക്തികുറവ് എന്നിവ രോഗം വ്യാപിക്കുന്നതിനു കാരണമാകുന്നു. കാലികൾക്കുണ്ടാകുന്ന രോഗങ്ങളെപ്പറ്റി കർഷകർക്കുള്ള അറിവില്ലായ്മ രോഗങ്ങൾ തുടക്കത്തിൽ തന്നെ ചികിത്സിച്ചു മാറ്റുന്നതിന് തടസ്സമാകുന്നു.

പഞ്ചായത്തിൽ ഗോബർഗ്യാസ് പ്ലാന്റുകൾ ഉപയോഗിക്കുന്ന വീടുകൾ വളരെ ചുരുക്കമാണ്. ജനങ്ങൾക്ക് ഇതിനെകുറിച്ചുള്ള അജ്ഞതയാണ് പ്രധാന കാരണം. വർദ്ധിച്ചുവരുന്ന ഇന്ധനക്ഷാമം പരിഹരിക്കുന്നതിന്ന് ഗോബർ ഗ്യാസുകൾ വളരെയധികം ഉപകാരപ്രദമാണ്. ജനങ്ങൾക്ക് വേണ്ടത്ര ബോധവൽക്കരണം നടത്തിയാൽ പഞ്ചായത്തിലെ എല്ലാ വീടുകളിലും ഗോബർ ഗ്യാസ് പ്ലാന്റുകൾ സ്ഥാപിച്ച് വിറകിന്റേയും മറ്റു ക്ഷാമം പരിഹരിക്കാവുന്നതാണ്. ഇതിനു വേണ്ട സാമ്പത്തികസഹായം സബ്സിഡി നിരക്കിൽ സഹകരണസംഘങ്ങൾ മുഖേന ജനങ്ങൾക്ക് നൽകാവുന്നതാണ്.

മുട്ടയുടേയും, ഇറച്ചിയുടേയും വർദ്ധിച്ചുവരുന്ന ആവശ്യത്തിനു വേണ്ടി ഈ പ്രദേശത്തുകാർ അയൽ സംസ്ഥാനങ്ങളേയാണ് ആശ്രയിക്കുന്നത്. കോഴികൾക്കു വരുന്ന വസന്ത രോഗം കാരണം കോഴിവളർത്തലിൽ ജനങ്ങൾക്കുള്ള താല്പര്യം കുറയുന്നു. ഇറച്ചി കോഴികളെ വളർത്തുന്നതിന് താല്പര്യമുള്ളവർ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലുണ്ട്. അവർക്കു വേണ്ട സാമ്പത്തികസഹായവും, സാങ്കേതിക വിദ്യയും നല്ലയിനം കോഴികുഞ്ഞുങ്ങളും ലഭ്യമാക്കുന്ന പക്ഷം ധാരാളം പേർക്ക് ഈ രംഗത്തേക്ക് കടന്നുവരാൻ സഹായകമാകും. സൗജന്യനിരക്കിൽ മുന്തിയ ഇനം കോഴികളേയും, താറാവുകളേയും പഞ്ചായത്തിന്റെ സഹായത്തോടെ വിതരണം ചെയ്യുകയും കർഷകർക്ക് വേണ്ടത്ര പരിശീലനങ്ങളും, ക്ലാസ്സുകളും നടത്തുകയുമാണെങ്കിൽ ഈ രംഗത്ത് പഞ്ചായത്തിന് ഏറ്റവും മുൻപന്തിയിൽ എത്തുവാൻ കഴിയും.

വർദ്ധിച്ചുവരുന്ന ജൈവവളത്തിന്റെ ക്ഷാമം പരിഹരിക്കാൻ കന്നുകാലികളുടെ വർദ്ധനവും കോഴിവളർത്തൽ കേന്ദ്രങ്ങളും വളരെയധികം സഹായകമാകും. പ്രോത്സാഹനം നൽകുന്ന പക്ഷം താറാവ്, മുയൽ എന്നിവയുടേയും വളർത്തൽ അഭിവൃദ്ധിപ്പെടുത്താവുന്നതാണ്.

പ്രധാന പ്രശ്നങ്ങൾ

1). ആധുനിക മൃഗചികിത്സാ സൗകര്യങ്ങളുടെ അപര്യാപ്തത.

2). കാലിത്തീറ്റയുടെ വില വർദ്ധനവ്

3). മേച്ചിൽ സ്ഥലങ്ങളുടെ ദൗർലഭ്യം.

4). വൈക്കോൽ, പുല്ല് എന്നിവയുടെ കുറവ്

5). ക്ഷീരോല്പന്നങ്ങൾ വിൽക്കുന്ന സൊസൈറ്റികളുടെ അഭാവം.

6). അലഞ്ഞുതിരിഞ്ഞു നടക്കുന്ന കന്നുകാലികൾ

7). കോഴിവസന്തപോലുള്ള മാരകരോഗങ്ങൾ

8). കന്നുകാലികളും ഇറച്ചിക്കോഴികളും വളർത്തുന്നതിനുള്ള സാമ്പത്തിക സഹായകുറവ്.

9). അലഞ്ഞുതിരിഞ്ഞു നടക്കുന്ന പട്ടികൾ.

ഗ്രാമസഭയിൽ നടന്ന ചർച്ചകളും നിർദ്ദേശങ്ങളും.

1). ആധുനിക ചികിത്സാ സൗകര്യങ്ങൾ:

ഇപ്പോൾ കർഷകർ നേരിടുന്ന പ്രധാന പ്രശ്നങ്ങളിൽ ഒന്ന് കാലിരോഗങ്ങൾക്കുള്ള മരുന്നുകളുടെ വിലവർദ്ധനവും, മൃഗാശുപത്രിയിലെ മരുന്നുകളുടെ ദൗർലഭ്യവും ആകുന്നു. അതിനാൽ ഇത്തരം മരുന്നുകൾ സൗജന്യനിരക്കിലോ, സബ്സിഡി നിരക്കിലോ പഞ്ചായത്തു മുഖേന വിതരണം ചെയ്യുന്നതിന് നടപടി കൈക്കൊള്ളണം. മൃഗാശുപത്രിയിൽ ഒരു മുഴുവൻ സമയ ഡോക്ടറുടെ സേവനവും ആധുനിക രോഗനിർണ്ണയ സംവിധാനങ്ങളും ചികിത്സാസൗകര്യങ്ങളും ഏർപ്പെടുത്തണം. കൂടാതെ കന്മനം, തുവ്വക്കാട്, കരുവാത്ത് കുന്ന് എന്നിവിടങ്ങളിൽ എവിടെയെങ്കിലും മൃഗാശുപത്രിയുടെ ഒരു സബ്സെന്റർ സ്ഥാപിക്കേണ്ടതാണ്.

2. കാലിത്തീറ്റയുടെ വിലവർദ്ധനവ്:

പഞ്ചായത്തിൽ കൂടുതൽ പാൽ ഉല്പാദിപ്പിക്കുന്ന പശുക്കളെ വളർത്തുന്ന കർഷകരെ കണ്ടെത്തി അവർക്ക് സബ്സിഡി നിരക്കിൽ ഉയർന്ന ഇനം കീലിത്തീറ്റ ലഭ്യമാക്കുക. പഞ്ചായത്തു തലത്തിൽ കാലിത്തീറ്റ സംഭരണശാലകൾ ഏർപ്പെടുത്താവുന്നതുമാണ്.

3. മേച്ചിൽ സ്ഥലങ്ങൾ:

പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള തരിശ് ഭൂമികൾ കണ്ടെത്തി, ഇത്തരം സ്ഥലങ്ങളിൽ മികച്ച ഇനം തീറ്റപ്പുൽ കൃഷി ചെയ്യുവാൻ താല്പര്യമുള്ള യുവാക്കളെ കണ്ടെത്തി അവർക്ക് സാമ്പത്തിക സഹായവും ഉപദേശങ്ങളും നൽകാവുന്നതാണ്.

4. അലഞ്ഞ് തിരിഞ്ഞ് നടക്കുന്ന പശുക്കൾ:

അലഞ്ഞ് തിരിഞ്ഞ് നടക്കുന്ന പശുക്കൾ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ കാണപ്പെടുന്നു. വ്യാപകമായ കൃഷിനാശത്തിനും, റോഡുകളും, കടത്തിണ്ണകളും മലിനപ്പെടുത്തുന്നതിനും ഇത്തരം കാലികൾ കാരണമാകുന്നു. കൂടാതെ വാഹനങ്ങളുടെ സുഗമസഞ്ചാരത്തിന് ഇവ തടസ്സം സൃഷ്ടിക്കുകയും ചെയ്യുന്നു. പഞ്ചായത്ത് തലത്തിൽ ആലകൾ നിർമ്മിക്കുകയും, അലഞ്ഞ്തിരിഞ്ഞ് നടക്കുന്ന കന്നുകാലികളെ പിടിച്ച് കെട്ടി ഉടമസ്ഥരിൽനിന്നും പിഴ ഈടാക്കുകയും ചെയ്യാവുന്നതാണ്.

5. കോഴിവസന്ത:

മാരകമായ കോഴിവസന്തരോഗം മൂലം കോഴികൾ കൂട്ടത്തോടെ ചത്തൊടുങ്ങുന്നു. ഇത് തടയാൻ പ്രതിരോധ കുത്തിവെപ്പുകൾ നടത്തുകയും, മരുന്നുകൾ വേണ്ടത്ര ലഭ്യമാക്കുകയും, ജനങ്ങളെ ബോധവൽക്കരിക്കുകയും വേണം. ചില സന്ദർഭങ്ങളിൽ കോഴിവസന്തക്കുള്ള വാക്സിൻ കിട്ടുവാൻ ഡിപ്പാർട്ടുമെന്റിൽ ബുദ്ധിമുട്ട് അനുഭവപ്പെടുന്നു. ആഴ്ചയിൽ ഒരു ദിവസം എല്ലാ വാർഡുകളിലും വാക്സിനേഷൻ നടത്തുവാൻ വേണ്ട വാക്സിൻ ലഭ്യമാക്കുകയും ഇത്തരം കുത്തിവെപ്പിനു വേണ്ടി ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർമാരെ ചുമതലപ്പെടുത്താവുന്നതുമാണ്.

6. കന്നുകാലികളും ഇറച്ചിക്കോഴികളും.

കർഷകർക്ക് നല്ലയിനം പശുക്കളെ ലഭിക്കുവാൻ പലിശ നിരക്കിൽ ധനസഹായം ലഭ്യമാക്കണം. ഇറച്ചിക്കോഴി, താറാവ്, മുയൽവളർത്തൽ എന്നിവയിൽ താല്പര്യമുള്ളവർക്ക് വേണ്ടത്ര പരിശീലനം നൽകുകയും ശാസ്ത്രീയരൂപത്തിൽ തൊഴുത്തുകളും കൂടുകളും നിർമ്മി

ക്കുന്നതിന് സാമ്പത്തികസഹായം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കാവുന്നതുമാണ്.

7. ശല്യം ചെയ്യുന്ന പട്ടികൾ.

പഞ്ചായത്തിൽ അലഞ്ഞുതിരിഞ്ഞു നടക്കുന്ന എല്ലാ പട്ടികളേയും ഇല്ലാതാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. വളർത്തു നായകൾക്ക് ലൈസൻസ് നൽകുകയും പ്രതിരോധകുത്തിവെപ്പ് നിർബന്ധമായും ചെയ്തിക്കേണ്ടതുമാണ്.

8. മാർക്കറ്റുകൾ.

പഞ്ചായത്തിൽ വില്പന നടത്തുന്ന മാംസവും, മത്സ്യവും വിൽക്കുന്നത് പഞ്ചായത്ത് ലൈസൻസോടുകൂടിയ വ്യാപാരികളായിരിക്കണം. നല്ലയിനം ഇറച്ചികളും, മത്സ്യങ്ങളും വിൽക്കുന്നതിന് വ്യാപാരികളുടെ ഇടയിൽ പരിശോധന ഏർപ്പെടുത്തണം. പഞ്ചായത്തിലെ മാർക്കറ്റുകളിൽ ശുചിത്വം ഉറപ്പുവരുത്തണം.

മത്സ്യബന്ധനം

വളവന്നൂർ പഞ്ചായത്തിൽ മത്സ്യബന്ധനം വ്യാവസായികാടിസ്ഥാനത്തിൽ നടത്തുന്നതിന് വേണ്ടത്ര പ്രാഥമിക സൗകര്യങ്ങൾ നിലവിൽ ഇല്ല. പഞ്ചായത്തിന്റെ പരിധിയിൽ കടൽ തീരങ്ങളോ, പുഴയോരങ്ങളോ, കായലുകളോ ഇല്ല. കർഷകർക്ക് മത്സ്യ കൃഷി നടത്തുന്നതിന് ഉപയോഗിക്കാൻ പറ്റാവുന്ന സ്ഥലങ്ങൾ കിണറുകളും, കുളങ്ങളും മാത്രമാണ്.

മത്സ്യബന്ധനവുമായി ബന്ധപ്പെട്ട് ജീവിക്കുന്ന നിരവധി പേർ പഞ്ചായത്തിലുണ്ട്. കിലോമീറ്ററുകളോളം സഞ്ചരിച്ച് ഭാരതപ്പുഴയിലും, തോടുകളിലും, വലിയ കുളങ്ങളിലും പോയി വല വീശി മത്സ്യം പിടിക്കുന്നവരും താനൂർ, തിരൂർ, പൊന്നാനി, ബേപ്പൂർ തുടങ്ങിയ മത്സ്യവിപണന കേന്ദ്രങ്ങളിൽ പോയി മത്സ്യങ്ങൾ വാങ്ങി അങ്ങാടികളിലും ഗ്രാമങ്ങളിലും കച്ചവടം നടത്തി ഉപജീവനം നടത്തുന്നവരുമായ ധാരാളം പേർ ഈ രംഗത്തുണ്ട്.

സാധാരണയായി കിണറുകളിലും കുളങ്ങളിലും കണ്ണൻ, വരാൽ, തെകൻ നെരുക്ക്, കോലാൻ എന്നിവയാണ് ഇവിടങ്ങളിൽ കാണപ്പെടുന്നത്. ഒരുതരം വ്രണം പ്രത്യക്ഷപ്പെട്ട് ഇവയുടെ വംശം തന്നെ നശിച്ചുകൊണ്ടിരിക്കുന്ന ഒരു അവസ്ഥയാണിപ്പോൾ. കുളങ്ങളിലും തോടുകളിലും ഇത്തരം രോഗങ്ങൾ പിടിപെട്ട് മത്സ്യങ്ങൾ കൂട്ടത്തോടെ ചത്തൊടുങ്ങുന്നു. ചെമ്മീൻ കൃഷി ചെയ്യുന്നവർ പഞ്ചായത്ത് പ്രദേശങ്ങളിൽ ആരുംതന്നെയില്ല.

നിർദ്ദേശങ്ങൾ

1). വ്യാപകമായി കാണപ്പെടുന്ന മത്സ്യങ്ങളുടെ രോഗങ്ങളെപ്പറ്റി ശാസ്ത്രീയ രീതിയിൽ പഠനം നടത്തുകയും അവയുടെ കാരണങ്ങളും നിർമ്മാർജ്ജനവും സംബന്ധിച്ച് പഞ്ചായത്തു തലത്തിൽ ക്ലാസ്സുകൾ നടത്തുകയും വേണം.

2). പഞ്ചായത്തിൽ നിലവിലുള്ള കായലുകളുടേയും കുളങ്ങളുടേയും ആഴം കൂട്ടിയും അരികിൽ ഭിത്തികൾ കെട്ടി സംരക്ഷിക്കുകയും ചെയ്താൽ അവിടങ്ങളിൽ മത്സ്യകൃഷി അഭിവൃദ്ധിപ്പെടുത്താവുന്നതാണ്.

3). ശുദ്ധജല മത്സ്യകൃഷിയിൽ താല്പര്യമുള്ളവരെ കണ്ടെത്തി ശാസ്ത്രീയമായ രീതിയിൽ മത്സ്യകൃഷി നടത്തുന്നതിനുള്ള പരിശീലനം നൽകുകയും നല്ലയിനം മത്സ്യകുഞ്ഞുങ്ങളെ വിതരണം ചെയ്യുകയും സാമ്പത്തിക സഹായങ്ങൾ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുകയും വേണം.

4). എല്ലാ വാർഡുതലത്തിലും ഓരോ പൊതു മത്സ്യമാർക്കറ്റുകൾ നിർമ്മിക്കുകയും പഴകിയ മത്സ്യങ്ങൾ വിൽക്കുന്നതിനെതിരെ കർശന നടപടി സ്വീകരിക്കുകയും വേണം.

*

വ്യവസായം



അയൽസംസ്ഥാനങ്ങളെ അപേക്ഷിച്ചു നോക്കുമ്പോൾ കേരളം വ്യാവസായികമായി വളരെ പിന്നാക്കം നിൽക്കുന്നു. ആധുനിക വ്യവസായങ്ങൾ വളരുന്നില്ല എന്നു മാത്രമല്ല പരമ്പരാഗത വ്യവസായങ്ങൾ തകരുകയും ചെയ്യുന്നു. പുരോഗമിച്ചുകൊണ്ടിരിക്കുന്ന ശാസ്ത്രസാങ്കേതിക വിദ്യകളൊന്നും ഫലപ്രദമായി നാടിന്റെ വികസനത്തിന് ഉപയോഗിക്കാൻ കഴിയുന്നില്ല.

നാളീകേരം, അടക്ക, വെറ്റില, കുരുമുളക് തുടങ്ങിയവയാണ് പഞ്ചായത്തിലെ പ്രധാന ഉല്പന്നങ്ങൾ ഇവയൊക്കെ തന്നെ വിപണനത്തിനായി മറ്റു സ്ഥലങ്ങളിലേക്ക് കൊണ്ട് പോകുന്നു. ഈ ഉല്പന്നങ്ങൾ ഉപയോഗിച്ച് കൊണ്ടുള്ള വ്യവസായ സംരഭങ്ങൾ ഒന്നും തന്നെ നിലവിലില്ല. സ്വകാര്യ മേഖലയിൽ പ്രവർത്തിക്കുന്ന നാല് തടി മില്ലുകൾ, ഒമ്പത് ഫ്ളവർ മില്ലുകൾ, ഒരു ക്രഷർ യൂനിറ്റ്, മൂന്ന് പ്രിന്റിംഗ് പ്രസ്സുകൾ, മൂന്ന് ആയുർ വേദ ഔഷധനിർമാണ ശാലകൾ, ജനറൽ എഞ്ചിനിയറിംഗ് എന്നിവയാണ് വ്യവസായ സ്ഥാപനങ്ങളായി പറയാനുള്ളത്. നാലാം വാർഡിൽ പ്രവർത്തിക്കുന്ന ഒരു അസംബ്ളിംഗ് യൂനിറ്റ് (ഇലക്ട്രോണിക്സ്) മാത്രമാണ് എടുത്തു പറയാവുന്നതും വനിതകൾ നടത്തുന്നതുമായ ഒരു കൂട്ടു വ്യവസായ സംരംഭം. ഇത് തന്നെ കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല.

പഞ്ചായത്തിലെ ശ്രദ്ധേയമായ ഉല്പന്നമാണല്ലൊ നാളീകേരം. വിപണിയിൽ ഉണ്ടാകുന്ന ബുദ്ധിമുട്ടും സാമ്പത്തിക മാന്ദ്യതയും മൂലം കൊപ്ര സംസ്കരണം പോലുള്ള പരമ്പരാഗത വ്യവസായങ്ങൾ പോലും നിലച്ചു പോകുന്നു. സഹകരണാടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന ഒരു വ്യവസായവും നിലവിലില്ല.

എല്ലാ വാർഡുകളിലും കൂടിൽ വ്യവസായങ്ങളൊ പരമ്പരാഗത വ്യവസായങ്ങളൊ എറ്റെടുത്തു നടത്തുവാൻ സന്നദ്ധരായ ജനങ്ങളുണ്ട്. സാമ്പത്തികവും സ്ഥലപരിമിതിയുമാണ് അവരെ നിരുത്സാഹപെടുത്തുന്ന പ്രധാന ഘടകം. വൈദ്യുതിയുടെ ലഭ്യതക്കുറവും ഒരു കാരണമാണ്. പഞ്ചായത്തിൽ ലഭ്യമായ വിഭവങ്ങൾ പ്രയോജനപ്പെടുത്തി നാടിന്റെ ആവശ്യങ്ങൾക്ക് ആനുസൃതമായ പുതിയ വ്യവസായ സംരഭങ്ങൾ തുടങ്ങുന്നതിനെക്കുറിച്ച് ചിന്തിക്കാവുന്നതാണ്.

പട്ടിക-1

വ്യവസായ യൂനിറ്റുകൾ

ക്രമനമ്പർ	ഇനം	ആകെ വ്യവസായങ്ങൾ	തൊഴിലാളികളുടെ എണ്ണം		
			പുരുഷൻ	സ്ത്രീ	ആകെ
1	തടിവ്യവസായം	4	20	-	20
2	റൈസ് & ഫ്ളവർ മിൽസ്	9	9	-	9
3	അച്ചടിശാലകൾ	3	3	9	12
	4 ആയുർവേദ ഔഷധ നിർമ്മാണശാലകൾ	3	25	10	35
5	പപ്പടവ്യവസായം	2	2	4	6
6	പായ നെയ്ത്ത്	8	-	8	8
7	ജനറൽ എൻജിനിയറിംഗ്	6	13	-	13

പട്ടിക-2

വ്യവസായ മേഖലകളിലെ കൂലി നിരക്ക്

ക്രമ നമ്പർ	ഇനം	കൂലിനിരക്ക്	
		പുരുഷൻ	സ്ത്രീ
1	തടിവ്യവസായം	115	-
2	അച്ചടിശാല	80	35
3	റൈസ് & ഫ്ളവർമിൽ	60	-
4	ആയുർവേദ ഔഷധനിർമാണം	50	35
5	ജനറൽ എൻജിനിയറിംഗ്	80	-

പ്രശ്നങ്ങൾ

15.28 ചതുരശ്ര കി.മീ വിസ്തീർണ്ണവും 27295 (1991ലെ സെൻസസ്) ജനസംഖ്യയും 3828 വീടുകളുമുള്ള ഈപഞ്ചായത്തിൽ കാർഷിക വിഭവങ്ങളുടെയും നിത്യോപയോഗ സാധനങ്ങലുടെയും ഉൽപാദനമുള്ള ഈ പ്രദേശത്ത് പ്രസ്തും ഉല്പന്നങ്ങൾ ഉണ്ടാക്കി വിൽക്കുന്ന ഒരു വ്യവസായ യൂനിറ്റ് പോലും ഇല്ല. ഒരു വിഭാഗം ജനങ്ങൾ ഈ പ്രദേശത്ത് നിന്നും ഗൾഫ് മേഖലയിൽ ജോലിചെയ്യുന്നു. ഗൾഫിലെ ഇന്നത്തെ പ്രതിസന്ധി പ്രസ്തുത മേഖലയെ ആശ്രയിച്ച് ജീവിക്കുന്ന കുടുംബങ്ങളെ സാരമായി ബാധിച്ചതു മൂലം ഈ ഗ്രാമപഞ്ചായത്തിന്റെ അഭിവൃദ്ധിയെ ഒരു വലിയ അളവോളം ഇത് പ്രതികൂലമായി സ്വാധീനിക്കാനിടയുണ്ട്. പഞ്ചായത്തിൽ സാക്ഷരത പ്രവർത്തനം കാര്യക്ഷമമായി നടന്നിട്ടുണ്ടെങ്കിലും ഏകദേശം പതിനഞ്ച് ശതമാനത്തോളം ആളുകൾ ഇന്നും നിരക്ഷരരാണ്. വ്യവസായ പുരോഗതി ചെറിയ അളവ് പോലും ഇല്ലാത്ത ഈഗ്രാമപഞ്ചായത്ത് സാമ്പത്തികമായി വളരെ പിന്നിലാണ്. വ്യസായം തുടങ്ങാൻ തെയ്യാറുള്ളവരെ നിരുൽസാഹപ്പെടുത്തുന്ന പ്രധാന ഘടകം വിദ്യുഛക്തി ലഭിക്കുന്നതിനുള്ള കാല താമസവും ലഭിച്ചാൽ തന്നെ അനുഭവപ്പെടുന്ന വോൾട്ടേജ് ക്ഷാമവുമാണ്. സാമ്പത്തിക പ്രയാസവും സ്ഥലപരിമിതിയും ഇതിന് കാരണങ്ങളാണ്.

ഈ പഞ്ചായത്തിലെ പ്രധാന ഉൽപ്പന്നമായ നാളീകേരം ഉപയോഗിച്ച് വ്യവസായങ്ങൾ ആരംഭിക്കാൻ സാധ്യതകളുണ്ട് ഉദാ:- തേങ്ങയിൽ നിന്ന് കൊപ്ര, വെളിച്ചെണ്ണ, തേങ്ങാപിണ്ണാക്ക്, ചകിരിയിൽനിന്നും കയർ, കയറ്റുപായ, ചിരട്ടയിൽ നിന്നും കരിയും മുതലായവ ഉണ്ടാക്കുന്ന വ്യവസായ യൂനിറ്റുകൾ സ്ഥാപിക്കാവുന്നതാണ്.

അടക്കയിൽ നിന്ന് വാസന പാക്ക്, അച്ചാർ, ചെരിപ്പ്, മെഴുക് തിരി, സുർക്ക, നീലം മുതലായവ നിർമ്മിക്കുന്ന വ്യവസായ യൂനിറ്റുകൾ തുടങ്ങാം. വനിതകൾക്ക് മാത്രമായി വ്യവസായ സഹകരണ സ്ഥാപനം ആരംഭിക്കാവുന്നതാണ്. പഞ്ചായത്തിലെ വാർഡുകൾ തോറും ഓരോ തുന്നൽ പരിശീലന കേന്ദ്രം സ്ഥാപിക്കാവുന്നതാണ്.

ചക്ക, മാങ്ങ, നേന്ത്രപഴം, കൈതച്ചക്ക, എന്നിവ പഞ്ചായത്തിൽ സുലഭമായി ഉള്ളതിനാൽ ഇതിൽ നിന്നും ജാം, സ്ക്വാഷുകൾ മുതലായവ നിർമ്മിക്കുന്ന യൂനിറ്റുകൾ തുടങ്ങാം

പഞ്ചായത്തിലെ പ്രധാന കാർഷിക ഉൽപ്പന്നമായ അടക്ക ഉപയോഗിച്ച് വിവിധയിനം പാക്കുകൾ നിർമ്മിക്കുന്നതിന് അടക്ക് സംസ്കരിക്കുന്ന ഒരു ഫാക്ടറിക്കും സാധ്യതകളുണ്ട്. ഇന്ന് പയ്ക്കടക്കയും കൊട്ടപാക്കും സംസ്കരിക്കാതെ തന്നെ മറ്റു മാർക്കറ്റുകളിലേക്കും പ്രത്യേകിച്ച് വടക്കെ അയക്കുകയാണ് പതിവ്. അടക്ക സംസ്കരിക്കുന്ന ഒരു ഫാക്ടറി ആരംഭിച്ചാൽ ഒട്ടേറെ പേർക്ക് തൊഴിലവസരം ലഭിക്കുകയും ചെയ്യുന്നതാണ്. കൂടാതെ അടക്കകർഷകർക്ക് മെച്ചപ്പെട്ട വില ലഭിക്കുകയും ചെയ്യും.

പഞ്ചായത്തിൽ ഔഷധച്ചെടികൾ വെച്ചു പിടിപ്പിക്കുവാൻ പറ്റിയ സ്ഥലങ്ങൾ പല ഭാഗത്തുമുണ്ട്. തൊട്ടടുത്ത കോട്ടക്കൽ പഞ്ചായത്തിലെ ആര്യവൈദ്യശാലയും മറ്റു ഔഷധനിർമാണ ശാലകളും എല്ലാം തന്നെ ഔഷധങ്ങൾക്കായി അന്യ സംസ്ഥാനങ്ങളെയും പാലക്കാട്, വയനാട് തുടങ്ങിയ ജില്ലകളിലെ മലമ്പ്രദേശങ്ങളെയുമാണ് ആശ്രയിക്കുന്നത് വളറെ ലാഭകരമായ ഈ കൃഷിക്കായി സർക്കാർ തലത്തിൽ തന്നെ ഒരു ഔഷധ ചെടിഫാം ഈ പഞ്ചായത്തിൽ തുടങ്ങാവുന്നതാണ്.

വൻകിട വ്യവസായം

അടക്ക ഉപയോഗിച്ച് ഒരു അടക്ക സംസ്കരണശാല പഞ്ചായത്തിൽ തുടങ്ങാവുന്നതാണ്. ഇതിനായി വേണ്ടത്ര അടക്ക ഈ പഞ്ചായത്തിൽ നിന്നും ലഭിക്കുന്നതാണ്.

ഗ്രാമസഭാനിർദ്ദേശങ്ങൾ

(1) ചിരട്ട ഉപയോഗിച്ച് കരകൗശല വസ്തുക്കൾ നിർമ്മിക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കുക.

(2) റബ്ബർ ഉപയോഗിച്ചുള്ള ചെരുപ്പ് നിർമ്മാണ യൂനിറ്റ് സ്ഥാപിക്കുക.

(3) വാസന പാക്ക് നിർമ്മിക്കുന്ന ഒരു ഫാക്ടറി സാഥാപിക്കുക.

(4) ചകിരി കൊണ്ടുള്ള ഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്നതിനുള്ള ഫാക്ടറി സ്ഥാപിക്കുക.

(5) ഒരു സോപ്പ് നിർമ്മാണ യൂനിറ്റ് സ്ഥാപിക്കുക.

(6) എല്ലാ വാർഡുകളിലും തുന്നൽ പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കുക.

(7) പഞ്ചായത്തിൽ ഒരു കോഴി വളർത്തൽ യൂനിറ്റ് ആരംഭിക്കുക

(8) അച്ചാറുകൾ, ജാം, എന്നിവ നിർമ്മിക്കുന്ന ഒരു യൂനിറ്റ് സ്ഥാപിക്കുക.

(9) കൂൺ കൃഷി പ്രോൽസാഹിപ്പിക്കുന്നതിനു വേണ്ടി പഞ്ചായത്തിൽ ഒരു കൂൺ കൃഷി ഫാം ആരംഭിക്കുക.

(10) വനിതകൾക്ക് സ്വയം തൊഴിൽ കണ്ടെത്തുവാനായി തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുക.

പൊതു നിർദ്ദേശങ്ങൾ

1. വ്യവസായയൂനിറ്റുകൾ കാര്യക്ഷമമായി പ്രവർത്തിക്കാനായി പഞ്ചായത്തിൽ പന്ത്രണ്ട് പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ച് വോൾട്ടേജ് ക്ഷാമം പരിഹരിക്കുകയും ചെറുകിട വ്യവസായ യൂനിറ്റുകൾക്ക് അപേക്ഷലഭിച്ചാലുടൻ വൈദ്യുതി കണക്ഷൻ ലഭ്യമാക്കുകയും ചെയ്യുക.

2. ഇപ്പോൾ വിറകിനായി ഉപയോഗിക്കുന്ന ചിരട്ട ഉപയോഗിച്ച് വിവധയിനം കരകൗശല വസ്തുക്കൾ നിർമ്മിക്കുന്ന ഒരു യൂനിറ്റ് പഞ്ചായത്തിൽ തുടങ്ങാവുന്നതാണ്.

3. ചിരട്ട ഉപയോഗിച്ച് കാർബൺ നിർമ്മിക്കുന്ന ഒരു യൂനിറ്റ് പഞ്ചായത്തിൽ ആരംഭിക്കവുന്നതാണ്.

4. വാസന പാക്കുണ്ടാക്കുന്ന ഒരു യൂനിറ്റ് പഞ്ചായത്തില സ്ഥാപിക്കേണ്ടതാണ്. ഇതിന് വേണ്ട അസംസ്കൃത സാധനങ്ങൾ ലഭിക്കാനുണ്ട്.

5, ചകിരി ഉപയോഗിച്ച് ഒരു ഫൈബർ നിർമ്മാണ യൂനിറ്റ് പഞ്ചായത്തിൽ സ്ഥാപിക്കാവുന്നതാണ്.

6. പഞ്ചായത്തിൽ രണ്ടോ മൂന്നോ തയ്യൽ പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കാവുന്നതും ഇത് മുഖേന വനിതകൾക്ക് സ്വയം തൊഴിൽ കണ്ടെത്തുവാൻ സാധിക്കുന്നതുമാണ്.

7. മേൽത്തരം കോഴിക്കുഞ്ഞുങ്ങളെ ലഭ്യമാക്കുവാനായി പഞ്ചായത്തിൽ സർക്കാർ തലത്തിലെ ഒരു കോഴി വളർത്തൽ ഫാം തുടങ്ങാവുന്നതാണ്.

8. ചക്ക, കശുമാങ്ങ, എന്നിവ ഉപയോഗപ്പെടുത്തി വിവിധയിനം ജാമുകൾ നിർമ്മിക്കുന്ന ഒരു വ്യവസായ യൂനിറ്റ് പഞ്ചായത്തിലെ തുടങ്ങാവുന്നതാണ്.

9. കൂൺ കൃഷി പ്രോത്സാഹിപ്പിക്കാനായി കൃഷിഭവനോട് ചേർന്നുള്ള സ്ഥലത്ത് ഒരു കൂൺകൃഷി ഫാം തുടങ്ങാവുന്നതാണ്. കൂടാതെ കൃഷി ഓഫീസർമാരുടെ മേൽനോട്ടത്തിൽ കൂൺ കൃഷിയെ പറ്റിയുള്ള ക്ളാസ്സുകൾ നടത്തി കർഷകരെ ബോധവൽകരണം നടത്തേണ്ടതാണ്.

10. വനിതകൾക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിനായി ഇപ്പോൾ പഞ്ചായത്തിലുള്ള ഏക വനിതാ വ്യവസായ സഹകരണ സംഘത്തിൽ കൂടുതൽ മെംമ്പർമാരെ ചേർത്ത് ജനകീയ പങ്കാളിത്തം ഉറപ്പ് വരുത്തുക.

11. കോഴിക്കുഞ്ഞുങ്ങളെ ഉൽപാദിപ്പിക്കുന്ന ഒരു 'ഹേച്ചറി' അനുബന്ധമായി ഒരു കോഴിത്തീറ്റ ഉൽപാദന യൂനിറ്റ് ആരംഭിക്കാവുന്നതാണ്.

12. ചകിരിച്ചോറിൽ നിന്ന് വളം നിർമിക്കുന്ന ഒരു യൂനിറ്റ് തുടങ്ങാവുന്നതാണ്.

13. ഇലക്ട്രോപ്ലെയിറ്റിംഗ് യൂനിറ്റിന് തുടക്കം കുറിക്കാവുന്നതാണ്.

14. പ്ലാസ്റ്റിക് കവറുകൾ നിർമ്മിക്കുന്ന യൂനിറ്റ് തുടങ്ങാവുന്നതാണ്.

15. സഹകരണ മേഖലയിൽ നമ്മുടെ പഞ്ചായത്തിൽ നോട്ട്ബുക്ക് നിർമ്മാണം റെഡിമെയ്ഡ് വസ്ത്രനിർമാണം തുടങ്ങി

വിദ്യാഭ്യാസം

താലൂക്കിന്റെ ഏകദേശം മദ്ധ്യഭാഗത്താണ് വളവന്നൂർ പഞ്ചായത്ത് സ്ഥിതി ചെയ്യുന്നത്. തിരൂർ റയിൽവേ സ്റ്റേഷനിൽനിന്ന് വളാഞ്ചേരി റൂട്ടിൽ 10 കി.മീ. ദൂരത്തിൽ കടുങ്ങാത്തുകുണ്ടിലാണ് പഞ്ചായത്തിന്റെ ആസ്ഥാനം. വിദ്യാഭ്യാസപരമായും സാംസ്ക്കാരികമായും, ചരിത്രപരമായും സമീപപഞ്ചായത്തുകൾക്ക് നിരവധി പൈതൃകങ്ങൾ അവകാശപ്പെടാനുണ്ടെങ്കിലും അവയൊന്നും തന്നെ വളവന്നൂരിനെ സ്വാധീനിയ്ക്കുകയുണ്ടായില്ല. പടിഞ്ഞാറ് മലയാളഭാഷാപിതാവായ തുഞ്ചത്താചാര്യനും, തെക്കുകിഴക്ക് മേൽപത്തൂർ ഭട്ടതിരിപ്പാടും, തെക്ക് നിളാതീരത്ത് മാമാങ്കവും, വടക്ക് ആയുർവേദത്തിന്റെ ഈറ്റില്ലവുംകൊണ്ട് ധന്യമാണ് ഈ പഞ്ചായത്ത്.

പിന്നോക്ക ജില്ലയായ മലപ്പുറത്തിന്റെ മൊത്ത നിലവാരത്തേക്കാൾ താഴെയാണ് പഞ്ചായത്തിന്റെ വിദ്യാഭ്യാസനിലവാരം. വിജയകരമായ ഒന്നാംഘട്ട സാക്ഷരതാ യജ്ഞത്തിന്റെ ആവേശം നിലനിർത്തുവാൻ കഴിഞ്ഞിട്ടില്ല. പല സാക്ഷരരും തുടർപ്രവർത്തനത്തിന്റെ അഭാവത്താൽ നിരക്ഷരരായിട്ടുണ്ട്.

ആരംഭം

ഏഴു പതിറ്റാണ്ടുകൾക്ക് മുൻപാണ് പഞ്ചായത്ത് പ്രദേശങ്ങളുടെ വിദ്യാഭ്യാസചരിത്രം ആരംഭിക്കുന്നത്. ആദ്യകാലത്തുണ്ടായിരുന്ന ഓത്തുപള്ളികളാണ് പിൽക്കാലത്ത് സ്കൂളുകളായി രൂപാന്തരപ്പെട്ടത്. 1909ൽ ആദ്യമായി പഞ്ചായത്തിൽ സ്ഥാപിതമായ വളവന്നൂർ നോർത്ത് എ.എം.എൽ.പി. സ്കൂൾ തുടക്കത്തിൽ ഒരു മദ്രസ ആയിരുന്നു. പൊട്ടച്ചോല അത്തു സാഹിബ്, വരിക്കോട്ടിൽ അവറാൻ എന്നിവരായിരുന്നു സ്ഥാപകർ. അതേ കാലഘട്ടത്തിൽതന്നെയാണ് കന്മനം ഭാഗത്ത് പോത്തനെ പുത്തൻവീട്ടുകാരുടെ തറവാട്ടുവക ഹിന്ദുസ്കൂൾ സ്ഥാപിതമായത്. അത് ഇന്ന് ജി.എൽ.പി. കന്മനം എന്ന പേരിലറിയപ്പെടുന്നു. തുടർന്ന് കന്മനം ഭാഗത്തു തന്നെ പോത്തനെ പുളിയോളിൽ കുഞ്ഞുണ്ണി നായർ സ്ഥാപിച്ചതാണ് കന്മനം നോർത്ത് എ.എം.എൽ.പി.സ്കൂൾ.

മലബാർ കലാപത്തിനുശേഷമുണ്ടായ വിദ്യാഭ്യാസപരമായ ഉണർവ് പല പ്രൈമറി സ്കൂളുകൾക്കും ജന്മം നൽകി. നെടുംപ്പോല എ.എം.എൽ.പി.സ്കൂൾ, കല്ലത്തിച്ചിറ എ.എം.എൽ.പി. സ്കൂൾ, എ.എം.എൽ.പി. സ്കൂൾ വാരണാക്കര മുതലായവ അവയിൽപെട്ടതാണ്. വിദ്യാഭ്യാസപരമായ ഈ ഉണർവിന്റെ പതാകാവാഹകരായിരുന്നു കപ്പൂരത്ത് കാദർമൊല്ല, എടത്തൊടി മൊയ്തീൻകുട്ടി സാഹിബ്, "സ്കൂൾഹാജി" എന്ന പേരിൽ അറിയപ്പെട്ടിരുന്ന ഉണ്ണീൻകുട്ടി, മുതലപ്പറമ്പത്ത് അബ്ദുള്ളക്കോയതങ്ങൾ, ആലിക്കുന്നത്ത് അയമുട്ടിമൊല്ല, കോരങ്കണ്ടത്തിൽ സെയ്താലിക്കുട്ടിമൊല്ല

മുതലായ വ്യക്തിത്വങ്ങൾ. ഇവരുടെ പ്രവർത്തനഫലമായി ഔപചാരികവിദ്യാഭ്യാസം പഞ്ചായത്തു പ്രദേശങ്ങളിൽ സജീവമായി തുടർന്നു. മതവിദ്യാഭ്യാസരംഗത്തും അനൗപചാരികവിദ്യാഭ്യാസരംഗത്തും സാരമായ മാറ്റുമുണ്ടായി. ഈ മാറ്റങ്ങളുടെ പിന്നിൽ പ്രവർത്തിച്ച മഹൽവ്യക്തികളായിരുന്നു പരേതനായ കെ.പി. മുഹമ്മദ് മൗലവി, പൊട്ടച്ചോല അത്തുസാഹിബ്, പഞ്ചായത്തിലെ മുൻപ്രസിഡണ്ടായിരുന്ന എം.അബ്ദുൾഖാദർഹാജി. പി.സി. സൈതാലിക്കുട്ടി സാഹിബ്, കന്മനം ഭാഗത്തെ വെള്ളക്കാട്ട് മൊയ്തീൻകുട്ടി മൊല്ല,വാരണാക്കര കുമ്പളപ്പറമ്പിൽ യാഹുമാസ്റ്റർ, ഞാറക്കാട്ട് കാദർകുട്ടി ഹാജി, കുഞ്ഞീച്ചേക്കുഹാജി, ആയപ്പള്ളി കല്ലുവളപ്പിൽ കുഞ്ഞുട്ടിമാസ്റ്റർ, പൂളിയോളിൽ കുഞ്ഞുണ്ണി നായർ, എ.കെ. മുഹമ്മദ് മാസ്റ്റർ എന്നിവർ. ജീവിച്ചിരിക്കുന്ന പടിയത്ത് മുഹമ്മദാജി, മുളക്കൽ മുഹമ്മദ് മാസ്റ്റർ, തയ്യിൽ മുഹമ്മദ് മുസ്ല്യാർ, വി.വി. മുഹമ്മദ് മുസ്ല്യാർ തുടങ്ങിയവർ. അന്ന് നിലവിലുണ്ടായിരുന്ന സ്കൂളുകളിലെല്ലാം പ്രൈമറി വിദ്യാഭ്യാസസൗകര്യങ്ങൾ മാത്രമെ ഉണ്ടായിരുന്നുള്ളൂ. ഉപരിപഠനത്തിന് കോട്ടക്കൽ രാജാസ് ഹൈസ്കൂൾ, മലപ്പുറം മോഡൽ ഹൈസ്കൂൾ, ബി.പി. അങ്ങാടി ഹൈസ്ക്കൂൾ എന്നിവിടങ്ങളെ ആശ്രയിക്കേണ്ടിയിരുന്നു.

സ്വാതന്ത്ര്യാനന്തരമുണ്ടായ വിദ്യാഭ്യാസ പുരോഗതി വളവന്നൂരിനെ വേണ്ടത്ര സ്വാധീനിച്ചിട്ടില്ല. തുടർന്ന് പഞ്ചായത്തിനോട് ചേർന്ന് സ്ഥാപിതമായ കല്പകഞ്ചേരി ഗവൺമെന്റ് ഹൈസ്കൂൾ ഈ പഞ്ചായത്തിലെ വിദ്യാർത്ഥികൾക്ക് ഉയർന്ന വിദ്യാഭ്യാസത്തിന് അവസരം നൽകി. 1964ൽ സ്ഥാപിക്കപ്പെട്ട അൻസാർ അറബിക് കോളേജ് പഞ്ചായത്തിന്റെ ഒരുന്നത നേട്ടമാണ്. 1971ൽ കാലിക്കറ്റ് യൂനിവേഴ്സിറ്റിയുമായി അഫിലിയേറ്റു ചെയ്യപ്പെട്ടതോടെ ഈ സ്ഥാപനം തിരൂർ താലൂക്കിലെ ഏക അംഗീകൃത അറബിക് കോളേജായി ഉയർന്നു. അഫ്സൽ ഉലമ, പ്രിലിമിനറി, ഫൈനൽ കോഴ്സുകൾ നടുന്നു വരുന്നു. കഴിഞ്ഞ ഏതാനും വർഷങ്ങളിൽ സംസ്ഥാനതലത്തിൽ റാങ്കുകൾ നേടുന്നതിനും ഈ കോളേജിലെ കുട്ടികൾക്ക് കഴിഞ്ഞിട്ടുണ്ട്. ഈ സ്ഥാപനത്തിന്റെ കീഴിൽ അഗതികളും, ആലംബഹീനരുമായ രക്ഷിതാക്കളുടെ കുട്ടികൾ ചേർന്നു പഠിക്കുന്ന അൻസാർ അഗതിമന്ദിരവും അൻസാർ നഴ്സറി ആന്റ് പ്രൈമറി സ്കൂളും (Unaided) നടന്നുവരുന്നുണ്ട്.

കേരളത്തിനകത്തും പുറത്തും പ്രസിദ്ധിയാർജ്ജിച്ച വളവന്നൂർ ബാഫഖി യതീംഖാന നമ്മുടെ പഞ്ചായത്തിലാണ് സ്ഥിതി ചെയ്യുന്നത്. വളവന്നൂരിലേയും പരിസര പ്രദേശങ്ങളിലേയും വൈജ്ഞാനികരംഗത്ത് ശ്രദ്ധേയമായ ചുവടുവെപ്പു നടത്തിയ വളവന്നൂർ ബാഫഖി യത്തീംഖാന 1974ലാണ് തുടക്കം കുറിച്ചത്. തിരൂർ താലൂക്ക് സുന്നി യുവജന സംഘത്തിന്റെയും സുന്നി ഓർഫനേജ് കമ്മിറ്റിയുടെയും നിയന്ത്രണത്തിലാരംഭിച്ച ബാഫഖി യതീംഖാനയുടെ കീഴിലാണ് നമ്മുടെ പഞ്ചായത്തിലെ ഏക ഹൈസ്കൂളായ ബാഫഖി യതീംഖാന ഹൈസ്കൂൾ ആരംഭിച്ചത്. 300 ഓളം അനാഥ കുട്ടികളെ എല്ലാവിധ സൗകര്യങ്ങളും നൽകി ഇവിടെ പരിപാലിച്ചുവരുന്നു. 1995ൽ മമ്പാട് വെച്ച് കേരള സ്റ്റേറ്റ് ഓർഫനേജ് കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ കീഴിൽ നടത്തപ്പെട്ട സംസ്ഥാന തല കലാമേളയിൽ ഓവറോൾ ചാമ്പ്യൻ ഷിപ്പ് നേടാൻ ഈ സ്ഥാപനത്തിന് കഴിഞ്ഞിട്ടുണ്ട്. ബാഫഖി യതീംഖാനക്ക് കീഴിൽ അറബികോളേജ്, തൊഴിൽപരിശീലനകേന്ദ്രം, അൺ എയിഡഡ് യു.പി.സ്കൂൾ, കമ്പ്യൂട്ടർ അക്കാഡമി, ടൈപ്പ് റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ട്, ടെക്നിക്കൽ സെന്റർ, പ്രിന്റിംഗ് പ്രസ്സ്, രണ്ട് ബോർഡിംഗ് മദ്രസകൾ തുടങ്ങിയ സ്ഥാപനങ്ങൾ പ്രവർത്തിച്ചുവരുന്നു. ജാതിമതഭേദമന്യേയുള്ള നാട്ടുകാരുടെ താല്പര്യമാണ് ഈ സ്ഥാപനത്തിന്റെ വിജയരഹസ്യം.

1995ൽ സ്ഥാപിതമായ രണ്ട് അൺഎയ്ഡഡ് സ്കൂളടക്കം പഞ്ചായത്തിൽ മൊത്തം സ്കൂളുകളുടെ എണ്ണം 18 ആയി ഉയർന്നിട്ടുണ്ട്. അവയിൽ ഒരു ഹൈസ്കൂൾ മൂന്ന് അപ്പർ പ്രൈമറിയും ബാക്കി ലോവർ പ്രൈമറികളും ആണ്. ആകെയുള്ള സ്കൂളുകളിൽ നാലെണ്ണം മാത്രമാണ് സർക്കാർ മേഖലയിൽ ഉള്ളത്. അതിലൊരെണ്ണം യാതൊരു ഭൗതിക സാഹ

ചര്യങ്ങളുമില്ലാത്ത വാടക കെട്ടിടത്തിലുമാണ് പ്രവർത്തിക്കുന്നത്.

പഞ്ചായത്തിലെ ആകെ ജനസംഖ്യ 27295 ആണ്. 18 വിദ്യാലയങ്ങളിലായി 6453 വിദ്യാർത്ഥികൾ പഠനം നടത്തുന്നുണ്ട്. അദ്ധ്യാപകർ ആകെ 181 ആണ്.

പട്ടിക V (കാണുക)

പട്ടിക II (കാണുക)

പാരലൽ രംഗത്ത് ഒരു ആർട്സ് കോളേജും, സാങ്കേതിക വിദ്യാഭ്യാസസ്ഥാപനമായി ഒരു ITCയും ഒരു കമ്പ്യൂട്ടർ പരിശീലന കേന്ദ്രവുമുണ്ട്.

1950ൽ സ്ഥാപിതമായ വരമ്പനാല ദാറുൽ ഇസ്ലാം മദ്രസ അടക്കം 30 മദ്രസ്സകളും രണ്ട് അറബി കോളേജുകളും ഒരു അനാഥാലയവും ഒരു സാധു സംരക്ഷണസ്ഥാപനവും പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. പഞ്ചായത്തിലെ വിദ്യാഭ്യാസരംഗങ്ങളിൽ വലിയ സ്വാധീനം ചെലുത്തിയ രണ്ട് സംഘങ്ങളാണ് അൻസാറുള്ളാ സംഘവും തിരൂർ താലൂക്ക് സുന്നി ഓർഫനേജു കമ്മറ്റിയും. ഈ രണ്ടു കമ്മറ്റികളും പഞ്ചായത്തിന്റെ വിദ്യാഭ്യാസ രംഗത്ത് ധാരാളം സംഭാവനകൾ അർപ്പിക്കുന്നുണ്ട്.

പട്ടിക III (കാണുക)

പഞ്ചായത്തിലെ എസ്.എസ്.എൽ.സി വിജയശതമാനം നാൾക്കുനാൾ കുറഞ്ഞുകൊണ്ടിരിയ്ക്കയാണ്. വിജയിക്കുന്നവരിൽതന്നെ മാർക്കുകൾ വളരെ കുറവാണ്. അതിനാൽ തുടർവിദ്യാഭ്യാസത്തിന് അംഗീകാരമുള്ള കോളേജുകളിൽ അഡ്മിഷൻ കിട്ടുന്നില്ല. പഞ്ചായത്തിലെ വിദ്യാഭ്യാസ തകർച്ചയ്ക്ക് പല കാരണങ്ങളും ചൂണ്ടിക്കാണിയ്ക്കപ്പെടുന്നുണ്ട്. ഇപ്പോൾ നിലവിലുള്ള പ്രാഥമിക വിദ്യാലയങ്ങളിലെ ഭൗതികസാഹചര്യങ്ങൾ പൊതുവെ ശോചനീയമാണ്. രക്ഷിതാക്കളുടെ അലംഭാവവും സഹകരണമില്ലായ്മയും മറ്റൊരു ഘടകമാണ്. ആറു പതിറ്റാണ്ടുകൾക്ക് മുൻപ് സ്ഥാപിതമായിട്ടുള്ള സ്കൂളുകൾപോലും യാതൊരുവിധ പുരോഗതിയും ഇല്ലാതെ തുടരുന്നു. ഒന്നാം വാർഡിലേയും പത്താം വാർഡിലേയും സർക്കാർ സ്കൂളുകൾ പ്രാഥമിക ആവശ്യത്തിനുള്ള സൗകര്യംപോലും ഇല്ലാത്ത നിലയിലാണ്.

പൊതുവെ എല്ലാ പ്രൈമറി സ്കൂളുകളും ജില്ലയിലെ മോശമായ സ്കൂളുകളുടെ കൂട്ടത്തിൽപെട്ടതാണ്. അതുകൊണ്ടുതന്നെ അവയൊന്നും തന്നെ പഞ്ചായത്തിന്റെ വിദ്യാഭ്യാസ ആവശ്യങ്ങൾ പൂർത്തീകരിക്കാൻ മാത്രം പര്യാപ്തമല്ല.

കുട്ടികളുടെ പഠനകാര്യങ്ങളിൽ രക്ഷിതാക്കളുടെ താല്പര്യക്കുറവ്, കുടുംബനാഥന്റെ അസാന്നിദ്ധ്യം, മതവിദ്യാഭ്യാസവും സ്കൂൾ വിദ്യാഭ്യാസവും ഒന്നിച്ചുകൊണ്ടുപോകാനുള്ള അദ്ധ്വാനം. ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളുടെ ദുരുപയോഗം, മുതലായവ വിദ്യാഭ്യാസ നിലവാരം മോശമാകാനുള്ള കാരണങ്ങളാണ്.

യഥാർത്ഥത്തിൽ വിദ്യാഭ്യാസത്തകർച്ചയുടെ തുടക്കം പ്രീപ്രൈമറി തലത്തിൽനിന്നുതന്നെയാണ്. അശാസ്ത്രീയമായ രീതിയിൽ കൈകാര്യം ചെയ്യുന്ന നഴ്സറികൾ, വിദഗ്ദ്ധമായ പരിശീലനം ലഭിയ്ക്കാത്ത അദ്ധ്യാപകർ ഇവയൊക്കെ ഈ രംഗത്തിന്റെ തകർച്ചയ്ക്ക് കാരണമാണ്. അക്ഷരജ്ഞാനവും സംഖ്യാബോധവും ഉൾക്കൊള്ളാൻ പാകമാകുന്നതിനുമുൻപ് കുട്ടികളിൽ അവ അടിച്ചേല്പിയ്ക്കാൻ ശ്രമിയ്ക്കുന്നത് മാനസികമായും ശാരീരികമായും കുട്ടികളെ തളർത്തുന്നു. ഇംഗ്ലീഷ് മീഡിയത്തോടുള്ള രക്ഷിതാക്കളുടെ അമിതമായ ഭ്രമം ശ്രദ്ധിയ്ക്കപ്പെടേണ്ടതാണ്. മതിയായ രീതിയിൽ ഇതിന്റെ ഭവിഷ്യത്തുക്കളെക്കുറിച്ച് ബോധവൽക്കരണം ആവശ്യമാണ്.

ആവശ്യമായ സൗകര്യങ്ങളൊന്നുമില്ലാതെ പ്രവർത്തിയ്ക്കുന്ന അംഗൻവാടികൾ മറ്റൊരു പ്രശ്നമാണ്. അദ്ധ്യാപികമാരുടെ ജോലിഭാരം, മതിയായ വേതനവ്യവസ്ഥയുടെ അഭാവം, കുട്ടി

കൾക്ക് ആവശ്യമായ പഠന ഉപകരണങ്ങളുടെ ദൗർലഭ്യം പരിശീലനത്തിന്റെ കുറവ് തുടങ്ങിയവയൊക്കെതന്നെ, പ്രീപ്രൈമറി വിദ്യാഭ്യാസം ഫലപ്രദമാകാതിരിയ്ക്കാൻ കാരണമായിത്തീരുന്നു.

പ്രദേശത്തെ രക്ഷിതാക്കളിൽ നല്ലൊരു ഭാഗം ഗൾഫുകാരായതിനാൽ സാമ്പത്തികമായി സാമാന്യം ഭേദപ്പെട്ട നിലയാണുള്ളത്. ഇത് വിദ്യാർത്ഥിയുടെ പഠനനിലവാരത്തെ സാരമായി ബാധിച്ചിട്ടുണ്ടെന്നാണ് പരീക്ഷാഫലങ്ങൾ തെളിയിക്കുന്നത്. സാമ്പത്തികാഭിവൃദ്ധി വിദ്യാഭ്യാസ പുരോഗതിക്കും പഠനനിലവാരത്തിനും ഉപയുക്തമാക്കിത്തീർക്കുന്നതിൽ രക്ഷിതാക്കൾ പരാജയപ്പെട്ടുവെന്നത് തികച്ചും ദൗർഭാഗ്യകരമാണ്.

പട്ടിക VII (കാണുക)

അംഗൻവാടികളുടെ വിവരങ്ങൾ

വിവിധ ഗ്രാമസഭകളിൽനിന്നുയർന്നുവന്ന നിർദ്ദേശങ്ങൾ താഴെ ചേർക്കുന്നു.

1. വാടകകെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഒന്നാം വാർഡിലേയും 10ാം വാർഡിലേയും സർക്കാർ സ്കൂളുകൾക്ക് സ്ഥലം അക്വയർ ചെയ്ത്, പ്രാഥമിക സൗകര്യങ്ങളോടുകൂടിയ കെട്ടിടങ്ങൾ നിർമ്മിക്കുക.

2. സ്കൂളുകളൊന്നുമില്ലാത്ത രണ്ടാം വാർഡിൽ എൽ.പി., യു.പി. സ്കൂൾ അനുവദിക്കുക. (ഇപ്പോഴത്തെ അവസ്ഥയിൽ 2 കി.മീ. കൂടുതൽ ദൂരം നടന്നുവേണം ഇവിടുത്തെ വിദ്യാർത്ഥികൾക്ക് യു.പി. സ്കൂളിലെത്താൻ).

3. കല്ലത്തിച്ചിറ എൽ.പി. സ്കൂൾ, ജി.എം.എൽ.പി. ചെറവന്നൂർ, കടുങ്ങല്ലൂർ എൽ.പി.സ്കൂൾ എന്നിവ അപ്ഗ്രേഡ് ചെയ്യുക.

4. തുവ്വക്കാട്-കന്മനം ഭാഗത്ത് ഒരു ഹൈസ്കൂൾ അത്യാവശ്യമാണ്. അതിനായി എ.എം.യു.പി.എസ്. കന്മനമോ എ.എം.യു.പി.എസ്. പാറക്കല്ലോ അപ്ഗ്രേഡ് ചെയ്യുക.

5. അനൗപചാരിക വിദ്യാഭ്യാസരംഗം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി മൂന്നാം വാർഡ് ഒഴികെ എല്ലാ വാർഡുകളിലും എല്ലാ സൗകര്യങ്ങളുമുള്ള വായനശാലകൾ സ്ഥാപിക്കുക.

6. 4ാം വാർഡിൽ കുറുങ്കാട്ടിൽ കുറുക്കോൾപറമ്പ്, തെക്കത്തിൽപാറ, പുത്താട്ട് കോളനി, അത്താണിയ്ക്കൽ, ചെറവന്നൂരിൽ 6ാം വാർഡിലെ കിഴക്കേപ്പാറ, 7ാം വാർഡിലെ ചുങ്കത്തപ്പാല, ആണ്ടിപ്പടി എന്നീ സ്ഥലങ്ങളിൽ അംഗൻവാടികൾ സ്ഥാപിക്കുക.

7. സ്വന്തമായി കെട്ടിടം ഇല്ലാത്ത 2,7,11 എന്നീ വാർഡുകളിലെ അംഗൻവാടികൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുകയും, 2ാം വാർഡിലെ ലക്ഷംവീടു കോളനിയിൽ ഒഴിഞ്ഞുകിടക്കുന്ന സ്ഥലം അംഗൻവാടിയ്ക്കു വിട്ടു കൊടുക്കാവുന്നതുമാണ്.

8. എല്ലാ വാർഡുകളിലും പ്രൈമറി വിദ്യാഭ്യാസസൗകര്യങ്ങളും തൊഴിൽ പരിശീലന കേന്ദ്രങ്ങളും സ്ഥാപിക്കുക.

9. പഞ്ചായത്തിലെ എല്ലാ സ്കൂളുകളിലും DPEP പദ്ധതികൾ നടപ്പിലാക്കുക. സിലബസ്സിൽ മോറൽ ഇൻസ്ട്രക്ഷൻ ഉൾപ്പെടുത്തുക.

10. വിദ്യാഭ്യാസത്തിന്റെ ലക്ഷ്യത്തെപ്പറ്റി രക്ഷിതാക്കൾക്കും അദ്ധ്യാപകർക്കും കുട്ടികൾക്കും ആവശ്യമായ ബോധവത്ക്കരണം നൽകുക.

11. അദ്ധ്യാപകർക്ക് ഇൻസർവീസ് കോഴ്സുകൾ നടത്തുക. സ്കൂൾ കോംപ്ലക്സുകൾ ശക്തിപ്പെടുത്തുക.

12. പൊതുപ്രവർത്തകരെയും വിദ്യാഭ്യാസവിദഗ്ദരേയും ഉൾപ്പെടുത്തി വിദ്യാഭ്യാസ വികസന സമിതികൾ രൂപീകരിക്കുക.

13. മോണിട്ടറിംഗ്സെൽ രൂപീകരിച്ച്, അദ്ധ്യയന രീതികളും, പി.ടി.എ. എം.പി.ടി.എ. എന്നിവയുടെ പ്രവർത്തനത്തേയും ഫലപ്രദമായി വിലയിരുത്തുക.

14. കൊഴിഞ്ഞുപോകുന്ന കുട്ടികളെ കുറിച്ചുള്ള വിവരം യഥാസമയം മോണിട്ടറിംഗ് സെല്ലിനെ അറിയിക്കുകയും പരിഹാരം കണ്ടെത്തുക

യും ചെയ്യുക. അർഹരായ വിദ്യാർത്ഥികളെ പ്രോത്സാഹിപ്പിക്കാനുള്ള അവാർഡുകൾ ഏർപ്പെടുത്തുകയും ചെയ്യാവുന്നതാണ്.

15. സ്കൂൾ അന്തരീക്ഷത്തിലെ ശുചീകരണം ഉറപ്പുവരുത്തുക.

16. അകലെനിന്നു വരുന്ന വിദ്യാർത്ഥികൾക്ക് യാത്രാസൗകര്യം ഉറപ്പുവരുത്തുക.

17. സ്കൂൾ നെയിംബോർഡ്, സ്റ്റാറ്റിസ്റ്റിക്കൽ ബോർഡ് എന്നിവ നിർബന്ധമാക്കുക.

18. താൽക്കാലിക അദ്ധ്യാപകരെ നിയമിയ്ക്കാനുള്ള അധികാരം ഗ്രാമപഞ്ചായത്തിനു കൊടുക്കുക.

19. അക്കാദമിക് വിഷയങ്ങളോടൊപ്പംതന്നെ. പാഠ്യാനുബന്ധ/ പാഠ്യേതര വിഷയങ്ങൾക്കും തുല്യ പ്രാധാന്യം കൊടുക്കുകയും കുട്ടികൾക്ക് വേണ്ട സാഹചര്യങ്ങൾ ഒരുക്കി കൊടുക്കുകയും വേണം.

20. ദേശീയദിനാചാരങ്ങൾ, അവധി ദിവസമായി പ്രഖ്യാപിക്കാതെ, പ്രവൃത്തി ദിവസമായി പരിഗണിച്ചുകൊണ്ട്, സമുചിതമായി ആഘോഷിക്കാനുള്ള അവസരം ഉണ്ടാക്കണം.

21. പഞ്ചായത്ത് പ്രദേശത്തെ മാനേജ്മെന്റ് വിദ്യാലയങ്ങളിൽ അദ്ധ്യാപക നിയമനത്തിൽ പ്രദേശത്തുകാർക്ക് പരിഗണന നൽകുക.



വളവന്നൂർ ബാഫഖി യതീംഖാന

പട്ടിക. I - A.

വിദ്യാർത്ഥികൾ - അദ്ധ്യാപകർ

ക്രമ നമ്പർ	സ്കൂൾ/കോളെജ്	മാനേജ്മെന്റ്	വിദ്യാർത്ഥികൾ			അദ്ധ്യാപകർ
			ആൺ	പെൺ	ആകെ	ആകെ
1.	ബാഫഖി യതീംഖാന H.S വളവന്നൂർ	എയ്ഡഡ്	970	672	1642	60
2.	AMUPSകന്മനം	,,	434	392	826	27
3.	AMUPSപാറക്കൽ	,,	541	496	1037	31
4.	AMLPSഅല്ലൂർ	,,	150	130	280	10
5.	AMLPSനെട്ടം ചോല	,,	231	236	467	14
6.	AMLPSചുങ്കത്തപാല	,,	93	86	179	5
7.	AMLPSവളവന്നൂർ നോർത്ത്	,,	155	169	324	10
8.	AMLPSകന്മനം നോർത്ത്	,,	106	105	211	7
9.	AMLPSചെറവന്നൂർ	,,	92	100	192	6
10.	AMLPSകല്ലത്തിച്ചിറ	,,	95	85	180	5
11.	AMLPSവാരണാക്കര	,,	48	54	102	3
12.	GMLPSവളവന്നൂർ	ഗവൺമെന്റ്	56	61	117	4
13.	GMLPSകന്മനം	,,	64	65	129	5
14.	GMLPSചെറവന്നൂർ	,,	168	166	334	1
15	GMLPSപറവന്നൂർ	,,	133	111	224	6
16.	BYKUPS കടുങ്ങാത്ത് കുണ്ട്	അൺ എയ്ഡഡ്	71	18	89	3
17.	അൻസാർ പ്രൈമറിസ്കൂൾ	അൺ എയ്ഡഡ്	51	43	94	5
19.	അൻസാർ അറബിക് കോളജ്	യൂനി: വളവന്നൂർ അംഗീകാരമുള്ളത്	104	138	242	9

പട്ടിക-5 ഭൗതിക സാഹചര്യങ്ങൾ

ക്രമ നമ്പർ	സ്കൂൾ / കോളേജ്	ആകെ വിദ്യാർത്ഥികൾ	ആകെ അധ്യാപകർ	മുതപ്പുര	കക്കൂസ്	കുടിവെള്ളം	വൈദ്യുതി
1.	ബാഫഖി യതീംഖാന. എച്ച്.എസ് വളവന്നൂർ	1642	60	3	4	ഉണ്ട്	ഉണ്ട്
2.	എ.എം.യു.പി.എസ്. കന്മനം	826	27	3	1	ഉണ്ട്	ഇല്ല
3.	എ.എം.യു.പി.എസ് പാറക്കല്ല്	541	496	3	1	ഉണ്ട്	ഉണ്ട്
4.	എ.എം. എൽ.പി.എസ് അല്ലൂർ	280	10	2	1	ഉണ്ട്	ഉണ്ട്
5	എ.എം. എൽ.പി.എസ്. നട്ടൻച്ചോല	467	14	2	1	ഉണ്ട്	ഉണ്ട്
6.	എ.എം. എൽ.പി.എസ് ചുങ്കപ്പാല	179	5	1	ഇല്ല	ഉണ്ട്	ഇല്ല
7.	എ.എം. എൽ.പി.എസ് വളവന്നൂർ നോർത്ത്	324	10	ഇല്ല	ഇല്ല	ഇല്ല	ഇല്ല
8.	എ.എം. എൽ.പി.എസ്.കന്മനം നോർത്ത്	211	7	1	ഇല്ല	ഇല്ല	ഇല്ല
9.	എ.എം. എൽ.പി.എസ് ചെറവന്നൂർ	192	6	2	1	ഇല്ല	ഇല്ല
10.	എ.എം. എൽ.പി.എസ് കല്ലത്തിച്ചിറ	180	5	2	1	ഉണ്ട്	ഉണ്ട്
11.	എ.എം. എൽ.പി.എസ് വാരണാക്കര	102	3	1	1	ഉണണ്ട്	ഇല്ല
12.	ജി.എം.എൽ.പി.എസ് വളവന്നൂർ	117	4	1	ഇല്ല	ഇല്ല	ഇല്ല
13.	ജി.എൽ.പി.എസ് കന്മനം	129	5	1	1	ഉണ്ട്	ഇല്ല
14.	ജി.എം.എൽ.പി.എസ്. ചെറവന്നൂർ	334	11	ഇല്ല	ഇല്ല	ഉണ്ട്	ഉണ്ട്
15.	ജി.എം.എൽ.പി.എസ്. പറവന്നൂർ	244	6	ഇല്ല	ഇല്ല	ഉണ്ട്	ഇല്ല
16.	ബാഫഖി യതീംഖാന യു.പി.എസ് കടുങ്ങാത്തുകുണ്ട്	89	3	2	2	ഉണ്ട്	ഉണ്ട്
17.	അൻസാർപ്രൈമറി സ്കൂൾ	94	5	2	4	ഉണ്ട്	ഉണ്ട്
18.	അൻസാർ അറബിക് കോളജ്	242	9	15	5	ഉണ്ട്	ഉണ്ട്.

പട്ടിക III

പഞ്ചായത്തിലെ ഹൈസ്ക്കൂളിലെ S.S.L.C വിജയശതമാനം

വർഷം	1991-92	1992-93	1993-94	1994-95	1995-96	സ്ക്കൂൾ
വിജയശതമാനം	46	35	27	30	21	ബാഫഖി ഹൈസ്കൂൾ വളവന്നൂർ

പട്ടിക II

ഗവ: സ്കൂളിലെ അദ്ധ്യാപകരുടെയും വിദ്യാർത്ഥികളുടെയും കണക്ക്

ആകെ അദ്ധ്യാപകർ (പഞ്ചായത്തിൽ)	വിദ്യാലയങ്ങളിലെ അദ്ധ്യാപകരുടെ എണ്ണം	ഗവ: അദ്ധ്യാപകരുടെ എണ്ണം	പഞ്ചായത്തിലെ വിദ്യാർത്ഥികളുടെ എണ്ണം	ഗവ:സ്കൂളുകളിലെ വിദ്യാർത്ഥികൾ
181	155	26	5151	824

പട്ടിക VI.B. 95-96
പാദവാർഷിക പരീക്ഷ അക്കാദമിക്ക് നിലവാരം

ക്ലാസ്സുകൾ	30% താഴെ മാർക്ക് ലഭിച്ചവർ	30% ും 40% ും ഇടയിൽ മാർക്ക് ലഭിച്ചവർ	40% ും 50% ും ഇടയിൽ മാർക്ക് ലഭിച്ചവർ	50% ും 60% ും ഇടയിൽ മാർക്ക് ലഭിച്ചവർ 60% ന് മേൽ മാർക്ക്	ലഭിച്ചവർ
III	218	215	137	113	129
IV	202	202	162	127	152
V	95	183	63	51	50
VI	100	177	46	39	22
VII	94	151	38	30	19
VIII	166	232	66	66	132
IX	169	169	84	84	57
X	125	167	50	42	33

പട്ടിക IV
അക്കാഡമിക് സൗകര്യങ്ങളുടെ ലഭ്യത

	ലൈബ്രറി	പ്രവർത്തിക്കാത്തത്	ലാബ്	പ്രവർത്തിക്കാത്തത്	പഠനോപകരണങ്ങൾ	റേഡിയോ	ടേപ്പ് റിക്കാർഡർ	ടെലിവിഷൻ	സിനിമാ പ്രൊജക്ടർ	സ്ലൈഡ് പ്രൊജക്ടർ	സ്റ്റാഫ് ബോർഡ് ആവശ്യത്തിലുള്ളവ	മാതൃസംഘം സജീവം	ക്ലാസ് പി.ടി.എ. പ്രവർത്തിക്കുന്നുണ്ടോ
ഉള്ളത്	12	–	6	–	11	13	14	1	1	2	45	12	12
ഇല്ലാത്തത്	7	–	13	–	8	6	5	18	18	16	–	6	6

കുടിവെള്ളം പൊതുജനാരോഗ്യം

ആരോഗ്യമുള്ള സമൂഹം എന്ന ലക്ഷ്യത്തിന്റെ സാക്ഷാൽകാരത്തിന് പ്രഥമവും പ്രധാനവുമായ സ്ഥാനം വഹിക്കുന്നത് ശുദ്ധമായ കുടിവെള്ളമാണ്. അതു കൊണ്ടു തന്നെ ശുദ്ധമായ വായു ലഭ്യമാവുന്നത് പോലെ ശുദ്ധമായ കുടിവെള്ളവും ലഭ്യമാകേണ്ടത് അത്യാന്താപേക്ഷിതമാണ്.

ഏകദേശം 40 വർഷങ്ങൾക്ക് മുമ്പ് വരെ വളവന്നൂർ പഞ്ചായത്ത് പരിധിയിൽ കാര്യമായ കുടിവെള്ള ദൗർലഭ്യം അനുഭവപ്പെട്ടിരുന്നില്ല. അതിന് പ്രധാന കാരണങ്ങൾ ജനസംഖ്യയിലുള്ള കുറവും പ്രാകൃതിക ജല സ്രോതസ്സുകൾ നശിപ്പിക്കാതെ സംരക്ഷിച്ചു നിർത്തിയതും ആയിരുന്നു. കാലക്രമേണ ജനസംഖ്യ വർദ്ധിക്കുകയും ജല വിനിയോഗ നിരക്ക് കൂടുകയും ചെയ്തു.

പ്രധാന കാരണങ്ങൾ

* വയലുകളിൽ കൂടി ഒഴുകുന്ന പ്രകൃതിദത്തമായ ചാലുകളും തോടുകളും നികത്തി റോഡുകളും കൃഷിസ്ഥലങ്ങളുമായിത്തീർന്നു.

* കുളങ്ങൾ, കുഴികൾ എന്നിവ നികത്തപ്പെട്ടു.

* കുഴൽ കിണറുകൾ ധാരാളമായി വിവിധ ഭാഗങ്ങളിൽ കുഴിച്ചതിനാൽ ഉപരിതല ജല സ്രോതസ്സുകൾ കുറഞ്ഞു.

* മഴക്കാലത്ത് പെയ്തിരുന്ന ജലം സംഭരിച്ചു വെക്കുന്നതിള്ള പോരായ്മ, വനനശീകരണം, മണ്ണൊലിപ്പ് എന്നീവ ഈ പ്രക്രിയക്ക് ആക്കം കൂട്ടാൻ സഹായച്ചു,

* നിലവിലുള്ള പ്രാകൃത ജലസ്രോതസ്സുകൾക്ക് ആവശ്യമായ സംരക്ഷണം ലഭിക്കാതെ വന്നു.

* ശുദ്ധജലവിതരണത്തിന്നായി സർക്കാർ തലത്തിലുള്ള പി.ഡബ്ല്യു.ഡി., കെ ഡബ്ല്യു. എ. തുടങ്ങിയ ഏജൻസികളിൽ കൂടി വെള്ളം ലഭ്യമാക്കാനുള്ള ഒരു സംവിധാനവും ഈ പഞ്ചായത്തിൽ നിലവിലില്ല.

പഞ്ചായത്തിലെ മുഴുവൻ ആളുകളും കുടിവെള്ളത്തിനായി ആശ്രയിക്കുന്നത് കിണറുകളെയാണ്.

പഞ്ചായത്തിലെ 40 % ഭാഗത്തും രൂക്ഷമായ കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്നു.

പഞ്ചായത്തിൽ മൊത്തമുള്ള 4257 തുറന്ന കിണറുകളിൽ 1927 എണ്ണത്തിൽ ഭാഗികമായും 597 എണ്ണത്തിൽ പൂർണ്ണമായും വെള്ളമില്ലാത്തവയാണ്. ഇവക്ക് പുറമെ 20 കുഴൽ കിണറുകളുള്ളതിൽ 5 എണ്ണത്തിലും വേനൽ കാലത്ത് ജലക്ഷാമം അനുഭവപ്പെടുന്നു. കുടിവെള്ളത്തിനായി അര കിലോമീറ്റർ മുതൽ മൂന്നു കി.മീറ്റർ വരെ ജനങ്ങൾ സഞ്ചരിക്കേണ്ട പ്രദേശങ്ങളും ഈ പഞ്ചായത്തിലുണ്ട്.

1994-95 വർഷത്തിൽ 34 പേർക്കും 95-96 വർഷത്തിൽ 647 പേർക്കും ശുദ്ധജലത്തിന്റെ അഭാവത്താൽ ജലജന്യ രോഗങ്ങൾ ബാധിക്കുകയുണ്ടായി.

പഞ്ചായത്ത് തലത്തിൽ നടന്ന വിശേഷാൽ ഗ്രാമസഭകളിൽ നിന്നുയർന്നു വന്ന പുതിയ നിർദ്ദേശങ്ങളും പഞ്ചായത്ത് തലത്തിൽ പൊതുവായി പ്രാവർത്തികമാക്കാവുന്ന വിവിധ പദ്ധതികളും. (പട്ടിക-II കാണുക)

കുടിവെള്ള ക്ഷാമ ബാധിത പ്രദേശങ്ങളും പരിഹാരങ്ങളും

വാർഡ് (1) മാട്ടുപള്ളി മയ്യേരിച്ചിറ എന്നീ സ്ഥലങ്ങളിലുള്ള കുഴൽ കിണറുകൾ അറ്റകുറ്റപ്പണി നടത്തുക. എ.എം.എൽ.പി.സ്കൂൾ തുമ്പിൽ, ജി.എം.എൽ.പി. സ്കൂൾ എന്നവയുടെ പരിസരത്ത് പുതിയ കുഴൽ കിണർ കുഴിക്കുക.

വാർഡ് (2) നെരാലയിൽ കുഴൽ കിണർ കുഴിക്കുന്നതിന് പഞ്ചായത്തിന്ന് വിട്ടുകൊടുത്ത് 3/4 സെന്റ് സ്ഥലത്ത് കുഴൽ കിണർ കുഴിച്ച് ടാങ്കും മോട്ടോറും സ്ഥാപിക്കുക. കുട്ടിഹസ്സൻപടി, കുഞ്ഞൻപടി, പള്ളിയാൽ തെക്ക് എന്നിവിടങ്ങളിൽ വെള്ളം എത്തിക്കുന്നതിന്ന് വീരാശേരി പടിയിൽ കുഞ്ഞലവി എന്ന വ്യക്തി പഞ്ചായത്തിന്ന് വിട്ടുകൊടുക്കാമെന്ന് സമ്മതിച്ച 2 സെന്റ് സ്ഥലം ഏറ്റെടുത്ത് കിണർ കുഴിച്ച് പമ്പ് സെറ്റ് സ്ഥാപിച്ചു ജല വിതരണം നടത്തുക.

വാർഡ് (3) കടുങ്ങാത്ത് കുണ്ട്, വരമ്പനാല, അഞ്ചാം മൈൽസ്, കുറുക്കോൾ എന്നീ ജല ക്ഷാമമുള്ള പ്രദേശങ്ങളിൽ ജലമെത്തിക്കാൻ കടുങ്ങാത്തു കുണ്ടിൽ നിലവിലുള്ള പൊതു കുഴൽകിണറിൽ ടാങ്ക് കെട്ടി മോട്ടോർ സ്ഥാപിക്കുക. കുറുക്കോളിൽ പൊതുസ്ഥലത്ത് കിണർ കുഴിച്ച് ആ ഭാഗങ്ങളിലുള്ള ജല ക്ഷാമം പരിഹരിക്കുക. പൊതുകിണറുകൾ നന്നാക്കുക.

വാർഡ് (4) പി.എച്ച്.സി പരിസരം, വെട്ടാർപ്പ് എന്നിവിടങ്ങളിൽ വാട്ടർ ടാങ്കുകൾ നിർമ്മിച്ചു ജലവിതരണ സംവിധാനം ഏർപ്പെടുത്തുക പൊതുകിണറുകൾ നന്നാക്കുക.

വാർഡ് (5) കല്ലത്തിച്ചിറ പൊതുകുളം ശുദ്ധിയാക്കുക. ഓട്ടുകരപ്പുറത്ത് കുഴൽ കിണർ സ്ഥാപിക്കുക. വാർഡിൽ വിവിധ കേന്ദ്രങ്ങളിലായി പത്ത് കുഴൽ കിണറുകൾ സ്ഥാപിക്കുക. പൊതു കിണറുകൾ നന്നാക്കുക.

വാർഡ് (6) പാറമ്മൽ അങ്ങാടിക്കു താഴെ മില്ലുപടി അഞ്ചുപടി, മേലേ പാറ, ചുടലിക്കുന്ന്, തെക്കത്തിൽ പാറ, പി.എച്ച്.സി.ക്ക് താഴെ നടയാൽപള്ളിക്ക് സമീപം എന്നിവിടങ്ങളിൽ കുഴൽ കിണറുകൾ നിർമ്മിക്കുക.

വാർഡ് (7) സുന്നീ സെന്റർ, നടയാൽ പറമ്പ്, സ്റ്റേഡിയം, കരുവാത്ത് കുന്ന്, അംഗനവാടിക്ക് സമീപം, കടുങ്ങല്ലൂർ ചിനപ്പുറം, കുറങ്കാട് എൽ.പി. സ്കൂൾ, പാറമ്മലങ്ങാടി മില്ലുംപടി, നെല്ലാപ്പറമ്പ് എന്നിവിടങ്ങളിൽ പുതുതായി കിണർ കുഴിക്കുക. നിലവിലുള്ള കിണർ റിപ്പയർ ചെയ്ത് ഉപയുക്തമാക്കുക.

വാർഡ് (8) ചുങ്കത്തപ്പാല, വാരണാക്കര, കാഞ്ഞീരക്കോൽ പള്ളി ഭാഗം, എ.എം.എൽ.പി. സ്കൂൾ എന്നിവിടങ്ങളിൽ കുഴൽ കിണർ സ്ഥാപിക്കുക.

വാർഡ് (9) കരുവാത്തുകുന്ന് ലക്ഷം വീട് കോളനിയിൽ നിലവിലുള്ള കിണർ നന്നാക്കുക. പുതിയ കിണർ (തുറന്ന കിണർ) കുഴിക്കുക. എട്ടാം വാർഡിലുള്ള പാടത്തു നിന്നും വെള്ളം എത്തിക്കാനുള്ള നടപടികൾ സ്വീക

രിക്കുക.

വാർഡ് (10) കുറുങ്കാട്, കല്ലുപ്പാലം, എന്നിവിടങ്ങളിൽ പുതിയ കുഴൽ കിണറുകൾ സ്ഥാപിക്കുക. നിലവിലുള്ള കുളങ്ങളും കിണറുകളും നന്നാക്കുക. പാറക്കല്ലിൽ നിലവിലുള്ള കുഴൽ കിണർ ഉപയോഗപ്രദമാക്കുക. കൂനംകുട്ടിച്ചിറ എന്ന സ്ഥലത്തെ ചിറമണ്ണ് നീക്കം ചെയ്യുക.

വാർഡ് (11) മേടിപ്പാറ ഞാറക്കാട്ട് മില്ല്, അല്ലൂർ ചിനക്കൽ, എന്നീ സ്ഥലങ്ങളിൽ കുഴൽ കിണർ സ്ഥാപിക്കുക. നിലവിലുള്ള കിണറുകളും കുഴൽകിണറുകളും നന്നാക്കുക.

പഞ്ചായത്തിലെ പൊതുവായ ചെറുകിട ജലസേചന പദ്ധതികൾ

1. കടുങ്ങാത്തു കുണ്ട് പുറമ്പോക്ക് സ്ഥലത്ത് ഒരു പൊതു കിണർ കുഴിച്ച് ടാങ്ക് നിർമിച്ചാൽ 1,3,4 എന്നീ വാർഡുകളിലെ രൂക്ഷമായ കുടിവെള്ളക്ഷാമം പരിഹരിക്കാം.

2. അഞ്ചാം വാർഡിൽ വളവന്നൂർ, ചെറിയ മുണ്ടം പഞ്ചായത്തുകൾ സംയുക്തമായി പനമ്പാലം പുഴയിൽ നിന്നും വെള്ളം സംഭരിച്ചു കോട്ടക്കുന്നിൽ ടാങ്ക് നിർമ്മിച്ച് ജലവിതരണം നടത്തിയാൽ പഞ്ചായത്തിന്റെ പകുതിയോളം ഭാഗങ്ങളിൽ കുടിവെള്ളക്ഷാമം പരിഹരിക്കാം.

3. തുവ്വക്കാട്ടിൽ പഞ്ചായത്ത് സ്ഥലത്ത് പുതുതായി കിണർ കുഴിച്ചു ടാങ്ക് കെട്ടി ജലവിതരണം നടത്തുക.

4. പാറക്കല്ലിനു സമീപം കൂനംകുട്ടിച്ചിറയിൽ മുൻകാലങ്ങളിൽ രൂക്ഷമായ വേനലിൽ പോലും ധാരാളം വെള്ളമുണ്ടായിരുന്നു. മണ്ണു കുത്തിയൊലിച്ചു നിറഞ്ഞതു കാരണം ഇന്ന് ഉപയോഗശൂന്യമായ ഈ ചിറയിൽ നിന്ന് മണ്ണെടുത്ത് ചുറ്റുമതിൽ കെട്ടി ടാങ്ക് നിർമ്മിച്ച് പൈപ്പ്‌ലൈൻ സംവിധാനം ഏർപ്പെടുത്തിയാൽ പാറക്കല്ല്, കുറുങ്കാട്, പന്താവൂർ, രണ്ടാൽ എന്നീ സ്ഥലങ്ങളിൽ കുടിവെള്ളക്ഷാമം പരിഹരിക്കാൻ സാധിക്കും

പഞ്ചായത്തു തല ശുദ്ധജലവിതരണ പദ്ധതി (വൻകിട പദ്ധതി)

പഞ്ചായത്തിലെ കുടിവെള്ളക്ഷാമം പൂർണ്ണമായും പരിഹരിക്കുന്നതിന് പ്രദേശത്തെ ഏറ്റവും ഉയർന്ന നടയാൽ പറമ്പ് ഭാഗത്ത് ടാങ്ക് നിർമ്മിച്ച് നിർദ്ദിഷ്ഠ 'ഡാനിഡ്' പദ്ധതി പ്രകാരം തിരുന്നാവായിൽ നിന്ന് ഭാരതപ്പുഴയിലെ വെള്ളം പമ്പു ചെയ്ത് പ്രസ്തുത ടാങ്കിലൂടെ വിതരണം നടത്താം.

പ്രവർത്തികമാക്കാവുന്ന മറ്റു പദ്ധതികൾ

1. ഉയർന്ന സ്ഥലങ്ങളിൽ നീർക്കുഴികൾ നിർമ്മിച്ച് പരമാവധി വെള്ളം ഭൂമിയിൽ ഊർന്നിറങ്ങുന്നതിനുള്ള കോങ്കൂർബണ്ടുകൾ നിർമ്മിക്കുക.

2. ഇതിനുള്ള ബോധവൽക്കരണ പദ്ധതികൾ നടപ്പിലാക്കുക.

3. നിലവിലുള്ള തോടുകളിൽ ചെറുബണ്ടുകൾ നിർമ്മിക്കുക.

4. കടുങ്ങാത്തുകുണ്ട് പി.എച്ച്.സി. പരിസരങ്ങളിൽ വൃക്ഷത്തൈകൾ വച്ചു പിടിപ്പിക്കുക.

5. കല്പകഞ്ചേരി പഞ്ചായത്തിൽ പെട്ട ചാലിപ്പാടത്ത് പരിസര പ്രദേശങ്ങളിൽ നിന്നും മഴക്കാലത്ത് പതിക്കുന്ന ജലം തടയണ കെട്ടി ശേഖരിച്ച് പ്രദേശങ്ങളിലെ ജലവിതരണം വർദ്ധിപ്പിക്കാൻ കഴിയും. ഇതുമൂലം കുടിവെള്ളക്ഷാമവും ഒരവളവോളം പരിഹരിക്കാൻ സാധിക്കും.

6. മഴവെള്ളം സംഭരിക്കുന്നതിന് കുഴികൾ, പൊട്ടക്കിണറുകൾ എന്നിവ പരമാവധി ഉപയോഗപ്പെടുത്തുക.

'എന്റെ സ്വപ്നത്തിലെ സ്വരാജ്'
പാവപ്പെട്ടവന്റെ സ്വരാജ് ആണ്.'
രാജ്ഞാനന്മാരും സന്യാസന്മാരും
അനുഭവിക്കുന്ന അടിസ്ഥാന
ജീവിത സൗകര്യങ്ങൾ പാവപ്പെട്ടവരായ
നിങ്ങൾക്കും അനുഭവിക്കാൻ കഴിയണം.
യങ് ഇന്ത്യ

പൊതുജനാരോഗ്യം

1964 കാലഘട്ടം വരെ വളവന്നൂർ പഞ്ചായത്തിൽ പാരമ്പര്യ ചികിത്സാ രീതികളാണ് നിലവിലുണ്ടായിരുന്നത്. ഒരു കാലത്ത് പാരമ്പര്യ ചികിത്സാരീതിയുടെ സിരാകേന്ദ്രമായിരുന്നു വളവന്നൂർ. 64-ൽ പ്രാഥമികാരോഗ്യ കേന്ദ്രം പ്രവർത്തനമാരംഭിച്ചതോടെ ആധുനിക ചികിത്സാരംഗത്തേക്ക് ജനശ്രദ്ധ തിരിയാൻ തുടങ്ങി. എങ്കിലും പഞ്ചായത്തിലെ ഒരു ശതമാനം ജനങ്ങൾ ഇന്നും പാരമ്പര്യ ചികിത്സയെ ആശ്രയിക്കുന്നു. പൊൻമുണ്ടം, ചെറിയമുണ്ടം, കല്പകഞ്ചേരി എന്നീ പഞ്ചായത്തുകളിലെ പൊതുജനങ്ങളുടെ പ്രധാന ആശ്രയമാണ് വളവന്നൂർ പ്രാഥമികാരോഗ്യ കേന്ദ്രം. ഇതു കൂടാതെ ആറു സബ്സെന്ററുകളും മൂന്നു സ്വകാര്യ അലോപ്പതി ആശുപത്രികളും നാല് സ്വകാര്യ ആയുർവേദ ക്ലിനിക്കുകളും ഒരു സ്വകാര്യ ഹോമിയോ ഡിസ്പെൻസറിയും പ്രവർത്തിക്കുന്നുണ്ട്. കൂടാതെ 25ഓളം ചെറുകിട പാരമ്പര്യ ക്ലിനിക്കുകളും പ്രസിദ്ധമായ വിശ്വകീർത്തി ആയുർവേദ ഫാർമസിയുടെ ഫാക്ടറിയും പടിയത്ത് പാരമ്പര്യ ചികിത്സാലയവും നമ്മുടെ പഞ്ചായത്തിലാണ് സ്ഥിതി ചെയ്യുന്നത്. ഈ സൗകര്യങ്ങളൊക്കെ ഉണ്ടെങ്കിലും മെച്ചപ്പെട്ട ചികിത്സാസൗകര്യങ്ങൾക്ക് ഈ പ്രദേശത്തുകാർക്ക് 10 കി.മീറ്ററിലധികം സഞ്ചരിച്ച് തിരൂർ, കോട്ടക്കൽ ഭാഗങ്ങളിലുള്ള സ്വകാര്യ ആശുപത്രികളേയും തിരൂർ ഗവ: ആശുപത്രിയേയും ആശ്രയിക്കേണ്ടി വരുന്നു.

94-95ൽ 34 ജലജന്യരോഗങ്ങളും 2241 വായു ജന്യരോഗങ്ങളും, 59 പ്രാണിജന്യരോഗങ്ങളും 24,835 മറ്റു രോഗങ്ങളും, 506 പോഷകക്കുറവ് മൂലമുള്ള രോഗങ്ങളും, 95-96ൽ 647 ജലജന്യരോഗങ്ങളും 4598 വായുജന്യരോഗങ്ങലും 51 പ്രാണി ജന്യരോഗങ്ങളും 20,570 മറ്റുള്ള രോഗങ്ങളും റിപ്പോർട്ട് ചെയ്യപ്പെട്ടു. 94-95ൽ പഞ്ചായത്തിലെ കുഷ്ഠരോഗികളുടെ എണ്ണം 10 ആയിരുന്നു. 95-96ൽ അവരുടെ എണ്ണം 5 ആയി കുറഞ്ഞു.

പഞ്ചായത്തിലെ സർക്കാർ ആരോഗ്യ കേന്ദ്രങ്ങൾ

പേര്	വാർഡ്	സ്ഥാപിച്ച വർഷം	ജീവനക്കാരുടെ എണ്ണം
PHC വളവന്നൂർ	4	1964	46
FWC വളവന്നൂർ	4	1964	1
IPPസബ്സെന്റർ മയ്യേരിച്ചിറ	2	88-89	1
IPPസബ്സെന്റർ നെരാല	5	88-89	1
FWCകരുവാത്തുകുന്ന്,കൻമനം	7	1974	1
IPPസെന്റർ കല്ലത്തച്ചിറ	5	1988	1
IPPസബ്സെന്റർ അല്ലൂർ	11	1988	1
ലപ്രസി കൺട്രോൾ യൂണിറ്റ്	4		22

പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിൽ മുഴുവൻ സമയങ്ങളിലും ഡോക്ടർമാരുടെ സേവനം ലഭ്യമാകുന്നില്ല. ഈ അവസ്ഥ പരിഹരിക്കുവാൻ സത്വര നടപടികൾ സ്വീകരിക്കണം. ആരോഗ്യ സംരക്ഷണ കാര്യത്തിൽ വേണ്ടത്ര ബോധവൽക്കരണം നടത്തണം. ആവശ്യമായ ഫർണിച്ചറുകളും മറ്റെല്ലാ സൗകര്യങ്ങളുമുള്ള നശിച്ചു കൊണ്ടിരിക്കുന്ന ഐ.പി.പി. ട്രെയിനിംഗ് സെന്റർ കെട്ടിടം പി. എച്ച്.സി. ക്ക് വിട്ടു കൊടുത്ത് രോഗികളെ കിടത്തി ചികിത്സിക്കുന്നതിന് വേണ്ടി നടപടികൾ സ്വീകരിക്കണം. എല്ലാ സബ്സെന്ററുകളിലും വൈദ്യുതി കണക്ഷൻ നൽകണം. സ്ഥിരമായി ഡോക്ടർമാരുടെ സേവനവും ഔഷധവും ലഭ്യമാക്കണം. സബ്സെന്ററുകൾ ഇല്ലാത്ത വാർഡുകളിൽ അവ സ്ഥാപിക്കണം. ഗൃഹ സന്ദർശന പരിപാടി കൂടുതൽ കാര്യക്ഷമമാക്കണം. ഏകദേശം 20 ലക്ഷത്തിൽ താഴെ രൂപ പ്രതിവർഷം ശമ്പള

ഇനത്തിൽ ചെലവഴിക്കുന്ന വളവന്നൂർ പി. എച്ച്.സി.യുടെ പ്രവർത്തനം പൊതു ജനങ്ങളുടെ ആവശ്യങ്ങൾക്കൊത്ത് ഉയർന്നിട്ടുണ്ടോ എന്ന് സംശയമാണ്.

കക്കൂസ്

പൊതുജനാരോഗ്യത്തെ കുറിച്ച് പരാമർശിക്കുമ്പോൾ കക്കൂസുകളുടെ അനിവാര്യത വളരെ പ്രാധാന്യമർഹിക്കുന്നു. പഞ്ചായത്തിലെ 20 ശതമാനം പേർക്ക് സ്വന്തമായി കക്കൂസില്ല. സാമ്പത്തിക പരാധീനതയും സ്ഥല പരിമിതിയുമാണ് ഇതിനു മുഖ്യ കാരണം. കക്കൂസിന്റെ ആവശ്യകതയെക്കുറിച്ച് പൊതുജനങ്ങളിൽ കൂടുതൽ ബോധവത്കരണം നടത്തണം. കക്കൂസ് നിലവിലില്ലാത്ത ദുർബ്ബലവിഭാഗങ്ങൾക്ക് ചുരുങ്ങിയത് 10,000 രൂപയെങ്കിലും കക്കൂസ് നിർമ്മാണത്തിന് സബ്സിഡിയായി അനുവദിക്കണം. കോളനികളിലും പഞ്ചായത്തിലെ പ്രധാന കേന്ദ്രങ്ങളിലും പൊതു കക്കൂസുകൾ സ്ഥാപിക്കണം.

പരിസര ശുചിത്വം.

പഞ്ചായത്ത് പ്രദേശത്ത് നഗരവൽക്കരണ പ്രവണതയും ജനസംഖ്യാവർദ്ധനവും കച്ചവടസ്ഥാപനങ്ങളുടെ ബാഹുല്യവും മൂലം ഗ്രാമങ്ങളിലും അങ്ങാടികളിലും പരിസരപ്രദേശങ്ങളിലും മാലിന്യം കെട്ടിക്കിടക്കുന്നു. ഇത് നിർമ്മാർജ്ജനം ചെയ്യുന്നതിന് ശുചീകരണപ്രവർത്തകരും മാലിന്യം നീക്കം ചെയ്യുന്നതിനു വേണ്ട വണ്ടികളും അത്യാവശ്യമാണ്.

പ്രധാനപ്പെട്ട വ്യവസായ സ്ഥാപനങ്ങൾ ഒന്നും തന്നെയില്ലെങ്കിലും തൊട്ടടുത്ത പഞ്ചായത്തുകളിലെ ഹോട്ടലുകളിൽ നിന്നും മറ്റും മാലിന്യങ്ങൾ ഈ പഞ്ചായത്തിലേക്കാണ് ഒഴുക്കിവിടുന്നത്. ഉദാഹരണമായി കല്പകഞ്ചേരി പഞ്ചായത്തിലെ ഹോട്ടലുകൾ, വളവന്നൂർ പഞ്ചായത്തിലെ 3,4 വാർഡുകളിലേക്കാണ് അഴുക്കു ജലം തിരിച്ചു വിടുന്നത്. പഞ്ചായത്ത് ഓഫീസിന്റെ മുൻവശത്തു പോലും അഴുക്കു ജലം കെട്ടി നിൽക്കുന്നു. പഞ്ചായത്ത് ആസ്ഥാനമായ കടങ്ങാത്തുകുണ്ടിലാണ് കൂടുതൽ സർക്കാർ സ്ഥാപനങ്ങളും, വളവന്നൂർ, കല്പകഞ്ചേരി പഞ്ചായത്തുകളിലെ പ്രധാന വിദ്യഭ്യാസ സ്ഥാപനങ്ങളും സ്ഥിതി ചെയ്യുന്നത്. മാത്രവുമല്ല, സർക്കാർ ആശുപത്രിയും സ്വകാര്യ ആശുപത്രികളും നിലനിൽക്കുന്ന കടുങ്ങാത്തു കുണ്ട് അങ്ങാടിയുടെ അവസ്ഥ വളരെ ശോചനീയമാണ്. പൊതു മത്സ്യ-മാംസ മാർക്കറ്റുകളുടെ അഭാവം മൂലവും ഈ അങ്ങാടിയും പരിസരപ്രദേശങ്ങളും മലിനമാവുന്നു.

നിർദ്ദേശങ്ങൾ

1. പഞ്ചായത്തിലെ പ്രധാന അങ്ങാടികളിൽ പഞ്ചായത്തു വക മാർക്കറ്റ് സ്ഥാപിക്കുക. അവയിൽ വേണ്ട ശുചീകരണപ്രവർത്തനങ്ങൾ നടത്തുക.

2. അറവു കേന്ദ്രങ്ങളിൽ രോഗവിമുക്തമായ മൃഗങ്ങളെ മാത്രമാണ് കശാപ്പു ചെയ്യുന്നതെന്ന് ഉറപ്പു വരുത്തുക.

3. 3,4,8 വാർഡുകളിലെ ഹോട്ടൽ, ആശുപത്രി എന്നിവിടങ്ങളിൽ നിന്ന് വരുന്ന മലിനജലം കെട്ടിക്കിടക്കുന്നത് ഒഴിവാക്കുക.

4. അറവുശാലകൾ ഹോട്ടലുകൾ എന്നിവിടങ്ങളിൽ നിന്നുണ്ടാകുന്ന മാലിന്യങ്ങൾ ശാസ്ത്രീയമായ രീതിയിൽ സംസ്കരിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുക.

5. ശീതളപ്പാനീയങ്ങൾ വിൽക്കുന്ന സ്ഥലങ്ങളിൽ ഈച്ചയും മറ്റും സൃഷ്ടിക്കുന്ന പകർച്ചവ്യാധികൾ വർധിക്കുന്നുണ്ട്. ഇതിനു വേണ്ട പരിഹാരങ്ങൾ കണ്ടെത്തുക.

6. പഞ്ചായത്ത് പ്രദേശത്ത് കൊതുകു ശല്യം നിയന്ത്രിക്കുന്നതിന് ഓടകളും മറ്റും ശാസ്ത്രീയമായി നിർമ്മിക്കണം. കൊതുകു നശീകരണത്തിന് ആവശ്യമായ നടപടികൾ അടിയന്തിരമായി സ്വീകരിക്കണം.

വാർഡു പ്രശ്നങ്ങൾ

വാർഡ്	മേഖല	പ്രശ്നങ്ങൾ	പരിഹാരങ്ങൾ
1.	മയ്യേരിച്ചിറ, മാട്ടുമ്മൽ പള്ളിപ്പരിസരം, എ.എം.എൽപി. സ്ക്കൂൾ, വളവന്നൂർ നോർത്ത്, ജി.എം.എൽ.പി.സ്ക്കൂൾ.	പാറയും ജലാംശമില്ലാത്ത മണ്ണും കാരണം രൂക്ഷമായ കുടിവെള്ള ക്ഷാമം	മയ്യേരിച്ചിറയിലും മാട്ടുമ്മലിലും നിലവിലുള്ള കുഴൽ കിണറുകളിൽ മോട്ടോർ സ്ഥാപിച്ച് ടാങ്കു കെട്ടി പരിസരപ്രദേശങ്ങളിൽ വെള്ളം വിതരണം ചെയ്യുക. എ.എം.എൽ.പി, ജി.എം.എൽ.പി. സ്കൂൾ പരിസരങ്ങളിൽ കുഴൽക്കിണറുകൾ സ്ഥാപിക്കുക
2.	കുട്ടി ഹസ്സൻപടി ഐ.പി.പി. പരിസരം, അച്ചാടൻ കോളനി, വീരാശേരിപ്പട, നെരാല	കരിമ്പാറയും ചെമ്പാറയും കാരണം രൂക്ഷമായ കുടിവെള്ള ക്ഷാമം.	നെരാലയിൽ നിലവിലുള്ള കുഴൽകിണറിന് അറ്റകുറ്റ പണികൾ ചെയ്ത് മോട്ടോർ സ്ഥാപിച്ച് ടേങ്ക് കെട്ടുക. മറ്റുസ്ഥലങ്ങളിൽ പുതുതായി കുഴൽ കിണറുകൾ സ്ഥാപിക്കുക.
3.	കടുങ്ങാത്തുകുണ്ട് പരിസരം കുറുക്കോൾ വരമ്പനാല	രൂക്ഷമായ കുടിവെള്ള ക്ഷാമം	നിലവിലുള്ള കുഴൽ കിണറിന് മോട്ടോർ സ്ഥാപിച്ച് ടാങ്ക് കെട്ടി ജലവിതരണം ചെയ്യുകവരമ്പനാലയിലുള്ള പൊതുകിണർ പൊതുജനങ്ങൾക്ക് ഉപയോഗത്തിന് വിട്ടു കൊടുക്കുക. കുറുക്കോളിൽ പുതുതായി കിണർ നിർമ്മിക്കുക.
4.	വെട്ടാർപ്പ്, ചെനപ്പുറം, ഐ.പി. പി.പരിസരം, കടുങ്ങാത്തുകുണ്ട് താഴെ, യതീംഖാന പരിസരം	ഉയർന്ന പ്രദേശങ്ങളായതിനാൽ രൂക്ഷമായ കുടിവെള്ള ക്ഷാമം.	നിലവിലുള്ള കിണറിൽ നിന്നും ടാങ്ക് കെട്ടി ജലവിതരണം നടത്തുക. കുഴൽ കിണറുകൾ കുഴിക്കുക.
5.	കല്ലത്തിച്ചിറ ഓട്ടുകരപ്പുറം.	കുടിവെള്ള ക്ഷാമം	നിലവിലുള്ള പൊതുകുളം അറ്റകുറ്റ പണികൾ ചെയ്യുക. പനമ്പാലം പുഴയിൽ നിന്നും വെള്ളം എത്തിക്കുക.
6.	പാറമ്മലങ്ങാടി, മില്ലുപടി ചുടലിക്കുന്ന്റോഡിന് താഴെ നടയാൽപറമ്പ്	രൂക്ഷമായ കുടിവെള്ള ക്ഷാമം	കുഴൽ കിണർ നിർമ്മിക്കുക. ടാങ്ക് നിർമ്മിച്ച് വെള്ളം എത്തിക്കുക.
7.	സുന്നി സെന്റർ കരുവാത്തു കുന്ന് എൽ.പി.സ്കൂളിന്റെ പടിഞ്ഞാറുവശം	രൂക്ഷമായ കുടിവെള്ള ക്ഷാമം	കുഴൽ കിണർ നിർമ്മിക്കുക
8.	നെല്ലാപറമ്പ്, സ്റ്റേഡിയം പരിസരം ചുങ്കത്തപ്പാല, വാരന്നാക്കര ജുമാമസ്ജിദ്	രൂക്ഷമായ കുടിവെള്ള ക്ഷാമം	പുതിയ കുഴൽ കിണർ സ്ഥാപിക്കുക
9.	കരുവാത്തുകുന്ന് ലക്ഷം വീട് കോളനി, പോത്തന്നൂർ ഹരിജൻ കോളനി.	രൂക്ഷമായ കുടിവെള്ള ക്ഷാമം	നിലവിലുള്ള കിണർ റിപ്പയർ ചെയ്യുക. പുതിയ കിണർ സ്ഥാപിക്കുക. വാർഡ് അതിർത്തിയിലുള്ള ഹറമൽ കുളത്തിൽ കിണർ നിർമ്മിച്ചു ടാങ്ക് കെട്ടി (കെ.ഡബ്ലിയു.എ.ഡി.എ.യുടെ) നിലവിലുള്ള സ്കീമുകൾ ഐ.എച്ച്.ഡി.പി.യിലുള്ള നിർദ്ദിഷ്ട സ്കീം പൂർത്തീകരിക്കുക.
10.	അമ്പലപ്പാറ അംഗനവാടിക്ക് സമീപം, കുറുങ്കാട്, പാറക്കല്ല്, മേടിപ്പാറ	രൂക്ഷമായ കുടിവെള്ള ക്ഷാമം	പാറക്കല്ലിന് സമീപം കുന്നുകെട്ടിച്ചിറ ശുദ്ധിയാക്കി ചുറ്റുമതിൽ കെട്ടി ടാങ്ക് നിർമ്മിച്ച് പൈപ്പലൈൻ സ്ഥാപിക്കുക. കുഴൽ കിണർ കുഴിക്കുക.
11.	മേടിപ്പാറ, ഞാറക്കാട്ട് മില്ല്, അമ്പലപ്പാറചെനക്കൽ മദ്രസാ പരിസരം.	രൂക്ഷമായ കുടിവെള്ളക്ഷാമം	കുഴൽ കിണർ സ്ഥാപിക്കുക. മിനിടാങ്ക് കെട്ടി ജലവിതരണം നടത്തുക.

പൊതുശ്മശാനം.

പഞ്ചായത്തിൽ പൊതു ശ്മശാനം നിലവിലില്ല. ഇതു മൂലം ഏറെ കുടുംബങ്ങൾ പ്രയാസം അനുഭവിക്കുന്നുണ്ട്. അനുയോജ്യമായ സ്ഥലത്ത് ശ്മശാനം സ്ഥാപിക്കാൻ വേണ്ടി അടിയന്തിര നടപടികൾ സ്വീകരിക്കണം. ആറാം വാർഡിൽ നാല്പത് സെന്റ് സ്ഥലം സർക്കാറിന്റേതായി കിടപ്പുണ്ട്. പ്രസ്തുത സ്ഥലം പൊതു ശ്മശാനത്തിനായി പഞ്ചായത്തിന് വിട്ടു കൊടുക്കണം.

വയോജന ആരോഗ്യ കേന്ദ്രം

സമൂഹത്തിലെ ആശ്രിതവിഭാഗമായ വൃദ്ധജനങ്ങൾക്ക് സംരക്ഷണം നൽകുന്നതിനു വേണ്ടി വയോജനആരോഗ്യ കേന്ദ്രം സ്ഥാപിക്കുകയും അവരുടെ മാനസികവും ശാരീരികവുമായ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിന് പരിശീലനം നേടിയവരെ നിയമിക്കുകയും വേണം.

ഹെൽത്ത്കാർഡ് സംവിധാനം

ചികിത്സാരംഗത്ത് ഏറെ ഗുണം ചെയ്യുന്ന പദ്ധതിയാണിത്. വ്യക്തികളുടെ വിവരങ്ങൾ ചേർത്തിയ ആരോഗ്യകാർഡ് വിതരണ സംവിധാനം നടപ്പിൽ വരുത്തണം. ജനങ്ങളുടെ രക്തഗ്രൂപ്പ് നിർണ്ണയിച്ച് ഹെൽത്ത്കാർഡിൽ രേഖപ്പെടുത്തുകയും വേണം.

പാരമ്പര്യ വൈദ്യമേഖല

പരമ്പരയായി പകർന്നു കൊടുക്കുന്ന വൈദ്യശാസ്ത്രമാണ് പാരമ്പര്യ വൈദ്യം. ഒരു കാലത്ത് അത്ഭുതസിദ്ധികൾ കാണിച്ചു കൊടുക്കാൻ ഇവർക്ക് സാധിച്ചിരുന്നുവെന്ന് പ്രായം ചെന്നവർ പറയുന്നു. ഒറ്റമൂലി പ്രയോഗങ്ങൾ കൊണ്ട്, മാറാൻ പ്രയാസം എന്ന് പറയുന്ന പലരോഗങ്ങളും ഇത്തരക്കാർക്ക് മാറ്റാൻ സാധിച്ചിരുന്നുവെന്ന് കേട്ടറിവിൽ നിന്ന് മനസിലാക്കാൻ സാധിക്കുന്നു.

ഈ ഗ്രാമപഞ്ചായത്തിൽ 25ഓളം പാരമ്പര്യ വൈദ്യകുടുംബങ്ങൾ ഉണ്ട്. അവരുടെ കൂട്ടായ്മയിലൂടെ ഈ മേഖല വികസിപ്പിച്ചെടുത്ത് ജനനന്മക്ക് പ്രയോജനപ്പെടുത്താൻ സാധിക്കും. പാർശ്വ ഫലങ്ങൾ ഒന്നും തന്നെ ഇല്ലാത്ത ചികിത്സാരീതിയായതിനാൽ പാരമ്പര്യ വൈദ്യശാസ്ത്രം പ്രോത്സാഹിപ്പിക്കപ്പെടുകയാണെങ്കിൽ, ശാരീരികവും മാനസികവുമായി തളർത്തുന്നതും വിലപിടിപ്പുള്ളതുമായ അലോപ്പതി ഔഷധങ്ങളുടെ ഉപയോഗം ഗണ്യമായി കുറക്കാൻ കഴിയും.

പാരമ്പര്യ വൈദ്യ ശാസ്ത്ര രംഗത്ത് സേവനമനുഷ്ഠിക്കുന്നവരെ ഒന്നിച്ചു ചേർത്ത് അവരുടെ അറിവുകൾ മറ്റുള്ളവർക്ക് പകർന്നു കൊടുക്കുന്ന വിധത്തിലുള്ള സെമിനാറുകൾ നടത്തണം. പാരമ്പര്യ വൈദ്യവിജ്ഞാനം കൂടുതൽ വിപുലപ്പെടുത്തുന്നതിനാവശ്യമായ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കണം.

ഗ്രാമപഞ്ചായത്തിൽ ഔഷധച്ചെടികളുടെ ഇടവിളകൃഷി നടത്തുന്നതിന് പ്രത്യേകം സഹകരണസംഘം രൂപീകരിക്കണം.

ഹോമിയോ ചികിത്സാസമ്പ്രദായം പഞ്ചായത്തിൽ വേണ്ടത്ര വികസിച്ചിട്ടില്ല. ഈ മേഖല കൂടുതൽ വികസിപ്പിച്ച് ചികിത്സാ സംവിധാനം ഉണ്ടാക്കാനുള്ള നടപടികൾ സ്വീകരിക്കുകയും പ്രകൃതി ചികിത്സാ രീതി കാലോചിതമായി പരിഷ്കരിച്ച് നടപ്പിലാക്കുകയും വേണം.



മൂന്നു പതിറ്റാണ്ടു മുമ്പു സ്ഥാപിതമായ വളവന്നൂർ പ്രാഥമികാരോഗ്യ കേന്ദ്രം.

ഗതാഗതം, ഊർജ്ജം മാർക്കറ്റ്

ഗതാഗതം



കാൽനടയായി നാഴികകണ്ടം യാത്ര ചെയ്യുക, തലച്ചുമടുമായി സഞ്ചരിച്ച് ഇടയ്ക്കിടെ വഴിയോരത്തുള്ള അത്താണികളിൽ ചുമടിറക്കി ആശ്വസിച്ച് വീണ്ടും കിലോമീറ്ററുകൾതാണ്ടുക- ഇതായിരുന്നല്ലോ പൂർവ്വികരുടെ ഗതാഗത മാർഗ്ഗം. അന്നവർക്ക് റോഡുകളും വാഹനവും അന്യമായിരുന്നു. വളവന്നൂർ പഞ്ചായത്ത് ഉൾക്കൊള്ളുന്ന ചില പ്രദേശങ്ങൾ വെട്ടത്ത് നാടുവാഴികളുടെ കീഴിലായിരുന്നു. തമ്പുരാൻമാർ എഴുന്നള്ളിയിരുന്ന ബി. പി. അങ്ങാടി-കൽപകഞ്ചേരി രാജപാത ഈ പഞ്ചായത്തിന്റെ ഹൃദയഭാഗത്തുകൂടി കടന്നു പോകുന്നു. വളരെ വീതികൂടിയ ഈ പാത കാലാന്തരത്തിൽ അന്യാധീനപ്പെട്ട് ചിലയിടങ്ങളിൽ ഒരു നടവരമ്പ് മാത്രമായി അവശേഷിച്ചു. മറ്റിടങ്ങൾ കാൽനടക്ക്പോലും പറ്റാത്തതായി തീർന്നു. ഈ പാതയുടെ ഇരുവശങ്ങളിലും ഉണ്ടായിരുന്ന വൻമരങ്ങൾ പഴമക്കാരുടെ സ്മരണയിൽ മാത്രമാണിന്നുള്ളത്.

1962-ൽ വളവന്നൂർ പഞ്ചായത്ത് രൂപീകൃതമായപ്പോൾ പുത്തനത്താണി-വട്ടത്താണി മെറ്റൽറോഡ് മാത്രമാണ് ഗതാഗതത്തിന് പറ്റിയതായി ഉണ്ടായിരുന്നത്. ജനശക്തിയാണ് ഒരു നാടിന്റെ വികസനം നിർണ്ണയിക്കുന്നത് എന്ന വസ്തുത വളരെ വൈകിയാണ് ഈ പഞ്ചായത്തിലെ ജനങ്ങളിൽ ഉദിച്ചത് എന്ന് അൽപം പിന്നോട്ട് നോക്കുമ്പോൾ കാണാവുന്നതാണ്. 60ന് ശേഷം സംഘബോധം ചിലയിടങ്ങളിൽ നാമ്പെടുക്കുന്നതിനെ തുടർന്ന് മാനവശേഷി സമാഹരിച്ചു മേൽരാജപാതയിൽ ഉൾപ്പെട്ട പാറമ്മലങ്ങാടി മാമ്പറഭാഗം റോഡായിതീരുകയും ചെയ്തു. അതുപോലെ കടുങ്ങാത്തുകുണ്ട് - എടരിക്കോട് റോഡും യഥാർഥ്യമായി വളരെ പഴക്കം ചെന്ന മറ്റൊരു പാതയും ഈ പഞ്ചായത്തിൽ കൂടി കടന്നുപോയിരുന്നു. അതാണ് കൂട്ടിക്കളത്താണി-എഴൂർ റോഡായിപിന്നീട് രൂപാന്തരപ്പെട്ടത്. ജനശക്തി സംഭരിച്ചു നാടിന്റെ വികസനത്തിന് ഉപയോഗപ്പെടുത്തുന്ന സംഘങ്ങളോ സംഘടനകളോ ഈ പഞ്ചായത്തിൽ മുമ്പുണ്ടായിരുന്നില്ല. അതാണ് ഗതാഗത രംഗത്ത് അന്ന് വളരെ പിന്നിലാവാൻ കാരണവും. ക്രമേണ ആ ബോധം ജനങ്ങളിൽ ഉണ്ടായിക്കൊണ്ടിരുന്നതിന് ഫലമായി പല റോഡുകളും പിറവിയെടുത്തു. ഇന്നും ഈ രംഗത്ത് വേണ്ടത് പോലെ ആയിട്ടില്ല എന്ന് ഗ്രാസഭാ റിപ്പോർട്ടുകൾ പരതിയാൽ കാണാവുന്നതും ഒരു യാഥാർഥ്യമാണ്. ഈ പഞ്ചായത്തിൽറോഡു ഗതാഗതമല്ലാതെ മറ്റു യാതൊരു ഗതാഗതമാർഗ്ഗങ്ങളുമില്ല.

ഒരു നാടിന്റെ വികസനമെന്നാൽ റോഡു നിർമ്മാണം മാത്രമാണ് എന്നത് ശരിയല്ലങ്കിലും വികസനത്തിന് റോഡുകൾ വഹിക്കുന്ന പങ്ക് വളരെ വലുതാണ് എന്ന സത്യം വിസ്മരിക്കാൻ പറ്റുകയില്ല. വികസനത്തിന്റെ കാതലായ കൃഷി, വ്യവസായം എന്നിവകളുടെ വികസനത്തിനും റോഡുകൾ കൂടിയേ തീരൂ എന്നത് അവിതർക്കിതമാണല്ലോ. 35 വർഷത്തിനിടയിൽ റോഡു നിർമ്മാണരംഗത്ത് ഈ പഞ്ചായത്തിൽ വളരെ പുരോഗതി പ്രാപിച്ചിട്ടുണ്ട്. പൊതുഫണ്ടിന്റെ ഭൂരിഭാഗവും ചിലവഴിക്കപ്പെട്ടതും ഈ രംഗത്തുതന്നെ.ഇന്ന് മനുഷ്യജീവിതത്തിന്റെ ഒരു പ്രധാന ഭാഗമായി മാറിയിരിക്കുന്നു. റോഡും, വാഹനവും വൈദ്യുതിയും എന്ന വസ്തുതയ്ക്ക് നേരെ കണ്ണടച്ചിട്ട് പ്രയോജനമില്ല. ഈ പഞ്ചായത്തിലെ റോഡു ശൃംഖല വളരെ മെച്ചപ്പെട്ടതല്ല എന്നതിനു പുറമേ ഉള്ള റോഡുകളുടെ അവസ്ഥ തന്നെ വളരെ ശോചനീയമാണ്. അറ്റകുറ്റ പണികൾ യഥാസമയം നടക്കുന്നില്ല. ഓടകൾ ഇല്ലാത്തത് കാരണം വർഷക്കാലത്ത് വെള്ളം കുത്തിയൊലിച്ച് പൊട്ടിപ്പിളരുകയും

ചെയ്യുന്നു. ആവശ്യമായ ചിലയിടങ്ങളിൽ കലുങ്കുകൾ ഇല്ലാത്തതുകാരണം നീർകെട്ട് അനുഭവപ്പെടുകയും ചെയ്യുന്നു. ആവശ്യത്തിന് ഫണ്ടില്ലായ്മ റോഡ് വികസനപ്രവർത്തനങ്ങൾക്കു പ്രശ്നമായീ തീർന്നിട്ടുണ്ട്.

പഞ്ചായത്തിൽ വാഹന ഗതാഗത യോഗ്യമായ ആകെ റോഡ് 63.54 കി.മി ആണുള്ളത്. ഒര ചതുരശ്ര കി.മി. വിസ്തീർണ്ണത്തിന് ശരാശരി 4.15 കി.മി. റോഡുണ്ട്. സംസ്ഥാന ശരാശരിയായ 3.2 ചതുരശ്ര കി.മീറ്ററിൽ നിന്നും അൽപം ഉയർന്നതാണ് ഇത്. പഞ്ചായത്തിൽ ആകെ ടാർ ചെയ്ത റോഡ് 24.46 കി.മി. ആണുള്ളത്. ഇതിൽ നിന്നും ഒരു ചതുരശ്ര കി.മി. വിസ്തീർണ്ണത്തിന് 1.6 ടാർ ചെയ്ത റോഡുള്ളൂ എന്ന് കാണാം. പഞ്ചായത്തിലെ മൊത്തം ജനസംഖ്യയും ടാർ റോഡിന്റെ നീളവും കണക്കിലെടുക്കുമ്പോൾ ഒരാൾക്ക് 89 സെ.മി. ടാർറോഡ് മാത്രമേ ഉള്ളൂ.

ഈ പഞ്ചായത്തിൽ ബസ്സു ടെൽമിനലുകളോ, ടാക്സി, ഓട്ടോ സ്റ്റാൻറുകളോ ഇല്ല. തിരൂർ-പുത്തനത്താണി റോഡിലൂടെയും, തിരൂർ-പാറമ്മലങ്ങാടി ഇരിങ്ങാവൂർ റോഡിലൂടെയും, കടുങ്ങാത്ത്കുണ്ട്-കുറുക-എടരിക്കോട് റോഡിലൂടെയും, കൂട്ടികളത്താണി-തുവ്വക്കാട്-ഏഴൂർ റോഡിലൂടെയും 37 ബസ്സുകളും പാരലൽ സർവ്വീസുകളായ ജീപ്പ് ഓട്ടോറിക്ഷ തുടങ്ങിയവയും സർവ്വീസ് നടത്തുന്നുണ്ട്. പഞ്ചായത്തിലൂടെ നാലു P.W.D. റോഡുകളും കടന്നു പോകുന്നുണ്ട്. പഞ്ചായത്തിൽ നിലവിലുള്ള ടാർ റോഡുകളും, അവയുടെ ഉടമസ്ഥത, ദൂരം, വീതി, യാത്ര സൗകര്യങ്ങളും എന്നിവ താഴെ കൊടുക്കുന്ന പട്ടികയിൽ രേഖപ്പെടുത്തിയിരിക്കുന്നു.

(പട്ടിക 1)

പ്രശ്നങ്ങൾ

I. റോഡുനിർമ്മാണം

1 ടാർ റോഡുകളുടെ പ്രശ്നങ്ങൾ

നിലവിലുള്ള റോഡുകളിൽ ടാർചെയ്തത് വളരെ കുറവാണ്. റോഡുകളുടെ ഗുണനിലവാരമില്ലായ്മ, വീതിയില്ലായ്മ, ഓവുചാലുകളില്ലായ്മ മുതലായ ഇല്ലായ്മപട്ടിക നീണ്ടുപോകുന്നു. ഈ ആവശ്യങ്ങൾ എല്ലാ ഗ്രാമസഭകളിൽ നിന്നും ഉയർന്നുവന്നിട്ടുണ്ട്. പുത്തനത്താണി - വട്ടത്താണി റോഡിൽ വരമ്പനാലയുടെ കിഴക്കും പടിഞ്ഞാറും വശങ്ങളിലുള്ള അപകടകരമായ വളവുകളും, കടുങ്ങാത്ത്കുണ്ട്-പനംപാലം റോഡിൽ പുഴിക്കുത്തങ്ങാടിയിലെ വളവുകളും, വീതിയില്ലായ്മാകൂട്ടികളത്താണി-ഏഴൂർ റോഡിൽ പാറക്കൽ അങ്ങാടിയിലെ വീതികുറവ്, കടുങ്ങാത്ത്കുണ്ട്-എടരിക്കോട് റോഡിൽ മയ്യേരിച്ചിറ അങ്ങാടിയിലെ വീതികുറവ്, റോഡുകളിലൊന്നും പാർശ്വങ്ങളിൽ നടപ്പാതയില്ലായ്മ, P.W.D റോഡുകളിലെ ടാറിങ്ങ്, വീതികുറവ് എന്നിവ പരിഗണിക്കപ്പെടേണ്ടതും, പരിഹരിക്കപ്പെടേണ്ടതുമാണ്.

വലിയ കയറ്റിറക്കമുള്ള കടുങ്ങാത്തുകുണ്ട്-പമ്പാലം റോഡിൽ കടുങ്ങാത്ത്കുണ്ട് മുതൽ പുഴിക്കുത്തങ്ങാടി വരേയുള്ള ഭാഗം ഇരുസൈഡിലും ഓവുചാലുകളും ഇല്ലാത്തതിനാൽ റോഡിലൂടെ വെള്ളം കുത്തിയൊലിച്ച് റോഡുകളും പൊട്ടിപ്പൊളിഞ്ഞ് കിടക്കുന്നു. ഇതുമൂലം അപകടസാധ്യത കൂടുകയും ചെയ്യുന്നു. ഈ റോഡ് പുത്തനത്താണി N.H ൽ നിന്നും തിരൂരിലേക്കുള്ള എളുപ്പവഴികൂടിയാണ്. അതുപോലെ റോഡുകളിൽ ഇരുപാർശ്വങ്ങളിലുമുള്ള മരച്ചില്ലകളും റോഡിലേക്കു തൂങ്ങി നിൽക്കുന്നതിനാൽ വാഹനഗതാഗതത്തിന് തടസം നേരിടുകയും അപകടങ്ങൾക്ക് കാരണമാവുകയും ചെയ്യുന്നു.

2 പുതിയ റോഡുകൾ

കുറുക്കോൾകുന്ന്-കുറ്റിപാല റോഡ് ബാക്കി ഭാഗം ടാർചെയ്യണം. ഈ റോഡ് P.W.D ഏറ്റെടുക്കുകയും ബസ്സ് സർവ്വീസുകൾ ആരംഭിപ്പെടുത്തണമെന്നും ശക്തിയായ ആവശ്യമുണ്ട്. പ്രസ്തുത റോഡ് പൂർത്തിയായാൽ ഈ പ്രദേശത്ത് നിന്നും കോഴിക്കോട്ടെക്കുള്ള ദൂരത്തിൽ ഗണ്യമായ കുറവ് ഉണ്ടാകുന്നതാണ്. അതുപോലെ 10, 11 വാർഡുകളുടെ ഗതാഗതരംഗത്ത് ഏക ആശ്രയമായ കൂട്ടികളത്താണി - ഏഴൂർ റോഡിലെ രണ്ടിൽ നിന്ന് ആരംഭിക്കുന്നതും മൂന്ന് പഞ്ചായത്തുകളിലൂടെ കടന്നുപോകുന്നതുമായ രണ്ടാൽ-മേടിപ്പാറ-അല്ലൂർ-തെക്കൻകുറ്റൂർ റോഡിന്റെ ഇന്നത്തെ അവസ്ഥ വളരെ ശോചനീയമാണ് അതിന് പരിഹാരം കാണണമെന്നും, ഈ റോഡിന്റെ ഗുണഭോക്താക്കളിലധികവും ഈ പഞ്ചായത്തിലുള്ളവരാകയാൽ ഈ റോഡ് P.W.D ഏറ്റെടുക്കുന്നതിന് പഞ്ചായത്ത് വേണ്ടത് ചെയ്യണമെന്നും 10, 11 ഗ്രാമസഭകളും ആവശ്യം ഉന്നയിച്ചിരിക്കുന്നു.

3 മൺറോഡുകളുടെ ശോചനീയാവസ്ഥ

ഈ പഞ്ചായത്തിൽ മെറ്റൽ ചെയ്തിട്ട് ടാറിടാതെ കിടക്കുന്ന റോഡുകളൊന്നുമില്ല. എല്ലാം മൺറോഡുകളാണ്. അവരുടെ ശോചനീയാവസ്ഥയെ സംബന്ധിച്ചു എല്ലാ ഗ്രാമസഭകളും റിപ്പോർട്ടുകളിൽ പ്രതിപാദിച്ചിട്ടുണ്ട്. സൈഡു

പട്ടിക- 1

പഞ്ചായത്തിലെ ടാർ റോഡുകൾ

നമ്പർ	റോഡ്	ഉടമസ്ഥത	ദൂരം (കിമീ)	വീതി (മീ)	ബസ്/മറ്റു യാത്രാ സൗകര്യം
1	കടുങ്ങാത്ത് കുണ്ട് - കുറുക്കോൾകുന്ന്	P.W.D	2	8	ഉണ്ട്
2	പാറക്കൽ - വാരണാക്കര	P.W.D	3-55	8	ഉണ്ട്
3	കടുങ്ങാത്ത് കുണ്ട് - പുഴിക്കുത്ത്	P.W.D.	2.40	8	ഉണ്ട്
4	കടുങ്ങാത്ത് കുണ്ട് - കുറുക	P.W.D	2.25	8	ഉണ്ട്
5	പാറക്കൽ യു.പി.സ്കൂൾ - അല്ലൂർ പാടം	പഞ്ചായത്ത്	1.5	6	ഇല്ല
6	കുറുക്കോൾകുന്ന് - വീരാശ്ശേരിപടി	പഞ്ചായത്ത്	1.14	6	ഇല്ല
7	തുവ്വക്കാട് - ചുങ്കത്തപ്പാല	പഞ്ചായത്ത്	1.65	6	ഇല്ല
8	കുറുക്കോൾ - തുറക്കൽപടി	പഞ്ചായത്ത്	3.25	4	ഇല്ല
9	മയ്യേരിച്ചിറ - തുമ്പിൽസ്കൂൾ	പഞ്ചായത്ത്	0.6	4	ഇല്ല
10	പാറമ്മലങ്ങാടി - കടുങ്ങല്ലൂർ	പഞ്ചായത്ത്	0.6	4	ഇല്ല
11	കാവുംപടി - മണ്ണാണ്ടിപടി	പഞ്ചായത്ത്	0.8	4	ഇല്ല
12	കുറുക്കോൾകുന്ന്- പാറക്കുട് ഹരിജൻകോളനി	പഞ്ചായത്ത്	0.67	4.5	ഇല്ല
13	മയ്യേരിച്ചിറ - മാലറമ്പ്	പഞ്ചായത്ത്	0.45	4	ഇല്ല
14	വരമ്പനാല - പാറക്കുട്	പഞ്ചായത്ത്	0.3	4	ഇല്ല
15	കുറുക്കോൾപറമ്പ് - പൊട്ടിക്കുളങ്ങര	പഞ്ചായത്ത്	0.15	4	ഇല്ല
16	വരമ്പനാല - മുക്കിലപീടിക	പഞ്ചായത്ത്	0.45	4	ഇല്ല
1821 ൽ സ്ഥാപിതമായ പുഴിക്കുത്ത് പഴയ ജുമഅത്ത് പള്ളി.

നൂറ്റാണ്ടു പഴക്കമുള്ള കന്മനം ശിവക്ഷേത്രം

പാർപ്പിടം
സാമൂഹ്യ ക്ഷേമം



വിദ്യാഭ്യാസപരമായും സംസ്കാരികപരമായും ശരാശരി നിലവാരത്തിൽ നില്ക്കുന്ന വളവന്നൂർ ഗ്രാമപഞ്ചായത്ത്, വളവന്നൂർ എന്ന ഒരേയൊരു വില്ലേജ് പരിധിയിൽ ഉൾപെട്ടതാണ്.

ഗൾഫ് പണത്തിന്റെ സ്വാധീനം ഈ പഞ്ചായത്തിന്റെ സാമ്പത്തിക മേഖലയിലെ നിർണായക ഘടകമാണെങ്കിലും, ഇന്നത്തെ ഗൾഫ് മേഖല പ്രതിസന്ധിയിലേക്ക് നീങ്ങുമ്പോൾ, പഞ്ചായത്തിലെ സാമ്പത്തിക ക്രമീകരണങ്ങളിൽ അത് സാരമായി ബാധിച്ചു കൊണ്ടിരിക്കയാണ്. ഗൾഫ് പണം ക്രിയാത്മകമായ മേഖലകളിൽ ഉപയോഗപ്പെടുത്താൻ കഴിയാത്ത ഇന്നത്തെ അവസ്ഥയിൽ കൂടുതലും പണം ചെലവഴിക്കുന്നത് ആഡംബര പൂർണമായ കോൺക്രീറ്റ് സൗധങ്ങൾ നിർമ്മിക്കുന്നതിനാണ്. ഈ സാമ്പത്തിക സ്രോതസ്സ് പഞ്ചായത്തിന്റെ വിദ്യാഭ്യാസ സാംസ്കാരിക മേഖലകളിലും വിവിധ വ്യവസായ മേഖലകളിലും സാമ്പത്തികമായി മുന്നേറാൻ കഴിയുന്ന മറ്റു പദ്ധതികളിലും നിക്ഷേപിക്കാൻ കഴിഞ്ഞാൽ ഒരു പരിധിവരെ പഞ്ചായത്തിന്റെ സാമ്പത്തിക നിലവാരം ഭദ്രമാക്കാൻ കഴിയുന്നതാണ്.

കൂലിപ്പണി എടുത്ത് ഉപജീവനം നടത്തുന്ന ധാരാളം ജനങ്ങളുള്ള ഈ പഞ്ചായത്തിൽ കുടിലുകളും, യാതൊരു വിധ സൗകര്യങ്ങളും ഇല്ലാത്ത ചെറിയ ചെറിയ വീടുകളാണ് ഭൂരിപക്ഷവും. ഇതിൽ കൂടുതലും പിന്നോക്കം നിൽക്കുന്ന O.B.C വിഭാഗത്തിലും പട്ടികജാതി പട്ടിക വർഗ്ഗവിഭാത്തിലും പെട്ടവരുമാണ്. പോത്തനൂർ ഐ. എച്ച്.ഡി.പി കോളനി, മേടിപ്പാറ ഹരിജൻ കോളനി, കരുവാത്ത്കുന്ന് ലക്ഷം വീട് കോളനി, പാറക്കൂട് ഹരിജൻ കോളനി, കടുങ്ങാത്ത് കുണ്ട് പുറംമ്പോക്ക് കോളനി എന്നീ പ്രാധാന കോളനികളിൽ ഭൂമി പതിച്ചു നൽകിയിട്ടില്ലാത്തവർക്ക് വീട് വെക്കാനുള്ള ഭൂമി പതിച്ചുനൽകി പ്രാഥമിക സൗകര്യത്തോടുകൂടിയ വീട് നിർമ്മിച്ചു നൽകിയാൽ പഞ്ചായത്തിലെ പ്രധാന പാർപ്പിട പ്രശ്നങ്ങൾക്ക് പരിഹാരമകുന്നതാണ്.

പഞ്ചായത്തിലെ ലഭ്യമായ കണക്കു പ്രകാരം 6383 വീട് നിലവിലുണ്ട് അതിൽ 2676 വീട് ഓടും. 786 വീട് ടറസ്സും 703 വീട് ഓലയും 94 വീട് ഓടും ടറസ്സും ചേർന്നതും 1673 വീട് ഇരുനിലക്കെട്ടിടങ്ങളും 450 വീട് കുടിലുകളുമാണ്. പഞ്ചായത്തിൽ ലഭ്യമായ മൊത്തം വീടിന്റെ ലഭ്യമായ തരംതിരിവ് പട്ടിക-1ൽ രേഖപെടുത്തിയിട്ടുണ്ട്.

(പട്ടിക1.1)

PWD റോഡുകൾക്ക് സമീപവും പഞ്ചായത്തിന്റെ വിവിധ മേഖലകളിലെ കാഴ്ചപ്പുറങ്ങളിലുമാണ് ലക്ഷങ്ങൾ മുടക്കി വലിയ മണ്ണി മാളികകൾ പണി തീർക്കുന്നത്. വയൽ നികത്തി കെട്ടിടം നിർമ്മിക്കുന്ന പരിതാപകരമായ അവസ്ഥ പഞ്ചായത്തിൽ നിലവിലുണ്ട്. കാർഷിക മേഖലയെ ദോഷകരമായി ബാധിക്കുന്ന ഈ പ്രവണതക്ക് പ്രധാനകാരണം സ്വന്തമായി വീട് വെക്കാനുള്ളത്ര ഭൂമിയില്ലാതെ വരുന്നതും മറ്റു കാർഷിക മേഖലകളെ അപേക്ഷിച്ച് നൽകൃഷിയുടെ നിലവാരത്തകർച്ചയുമാണ്. വീട് നിർമ്മിക്കുന്നതിന് മിതമായ വിലയിൽ ഭൂമി ലഭ്യമാക്കാൻ കഴിഞ്ഞാൽ ഈ ദുരവസ്ഥക്ക് പരിഹാരം കാണാൻ കഴിയുന്നതാണ്.

ഭവനനിർമ്മാണ രംഗത്ത് വളവന്നൂർ സർവ്വീസ് സഹകരണ ബേങ്കും കന്മനം സർവ്വീസ് സഹകരണ ബേങ്കും പണയാധാരത്തിന്മേൽ ഭവന വായ്പകൾ കൊടുത്തു കൊണ്ടിരിക്കുന്നുണ്ടെങ്കിലും പഞ്ചായത്തിൽ ഭവനനിർമ്മാണ രംഗത്ത് പ്രവർത്തിക്കുന്ന വേറൊരു സ്ഥാപനവും ഇന്ന് നിലവിലില്ല. സർവ്വീസ് സഹകരണ ബാങ്കുകളിൽ നിന്ന് തന്നെ അർഹരായവർക്ക് ഭവന വായ്പ ലഭിക്കുന്നില്ലെന്ന പരാതിയും നിലവിലുണ്ട് അർഹരായ അപേക്ഷകർക്ക് സർവ്വീസ് സഹകരണ സ്ഥാപനങ്ങളിൽ അംഗത്വം നൽകാനുള്ള പരമാധികാരം ഗ്രാമപഞ്ചായത്തിൽ നിഷിപ്തമാക്കിയാൽ ഇത്തരത്തിലുള്ള പരാതികൾക്ക് പരിഹാരം കാണാൻ സാധിക്കുന്നതാണ്. അമിതമായ പലിശയും സങ്കീർണ്ണമായ ജാമ്യ വ്യവസ്ഥയും യഥാസമയം വായ്പ ലഭിക്കായ്കയും കൂടി 'കുനിന്മേൽ കുരുവെന്നപരുവത്തിൽ' സാധാരണക്കാരന് ലഭിക്കാത്ത അവസ്ഥയാണുള്ളത്.

ഭവനവായ്പകൾ സധാരണക്കാരന് ലഭിക്കത്തക്ക രീതിയിൽ സാങ്കേതിക തടസ്സങ്ങൾ ലഘൂകരിക്കേണ്ടതുണ്ട്. അതിന് താഴെ പറയുന്ന നിർദ്ദേശങ്ങൾ പരിഗണിക്കാവുന്നതാണ്.

(a) വീട് വെക്കാൻ ഉദ്ദേശിക്കുന്ന ഭൂമി ഈടായ് സ്വീകരിച്ച് വായ്പ ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കുക

(b) വായ്പയുടെ പലിശനിരക്ക് ഏറ്റവും കുറഞ്ഞ നിരക്കിൽ നിജപ്പെടുത്തുക.

(c)പഞ്ചായത്തിലെ ഭവനരഹികർക്ക് വേണ്ട സഹായങ്ങൾ ലഭ്യമാക്കാൻ ജില്ലാതലത്തിലുള്ള ഹൗസിങ്ങ് ബോർഡിന്റെ കീഴിലുള്ള ഒരു സ്ഥാപനം പഞ്ചായത്ത്തലത്തിൽ സ്ഥാപിക്കുക

(d) ദുർബല വിഭാഗങ്ങൾക്ക് വീട് വെക്കാൻ നല്കുന്ന വായ്പയുടെ പലിശ 4%ത്തിൽ കവിയാതെ ക്രമീകരിക്കുക.

(e) ഹൗസിംങ്ങ് ബോർഡിലെ ഒരു ജീവനക്കാരനെ ഗ്രാമപഞ്ചായത്തിൽ നിയമിച്ച് ഉപദേശ നിർദേശങ്ങൾ നൽകുന്നതിന്നും വായ്പ നൽകുന്നതിനുമുള്ള സംവിധാനം ഏർപ്പെടുത്തുക.

പഞ്ചായത്തില 876 കുടുംബങ്ങൾ സ്വന്തമായി വിട് ഇല്ലാത്തവരാണെന്നന്നിരിക്കെ പഞ്ചായത്തിൽ ഇത് വരെ ലഭ്യമായ വീടിന്റെ എണ്ണം വളരെ കുറവാണെന്ന് പട്ടിക രണ്ടിൽ കാണാവുന്നതാണ്.

(പട്ടിക 2-5.7)

സർക്കാർ ഭവനനിർമ്മാണ ബോർഡ് വഴി ദുർബല വിഭാഗങ്ങൾക്ക് നൽകൊണ്ടിരിക്കുന്ന ഭവന വായ്പ വിരലെണ്ണാവുന്നവർക്ക് മാത്രമാണ് ലഭിക്കുന്നത്,ദുർബല വിഭാഗങ്ങൾക്കും ഇടത്തരക്കാർക്കും വീട് വെക്കാനൊ പുതുക്കി പണിയാനൊളള ധനസഹായങ്ങളൊ വായപകളൊ ലഭിക്കാത്തതിനാൽ ഈ വിഭാഗക്കാർക്ക് ഭവനനിർമ്മാണം നടത്താൻ സാധിക്കുന്നില്ല. ഈ പ്രശ്നത്തിന് അടിയന്തിര പ്രാധാന്യം നൽകി വേണ്ട നടപടികൾ സർക്കാർ തലത്തിൽ ഉണ്ടാവേണ്ടതാണ്

വിവിധ സ്കീമുകൾ അനുസരിച്ച് വളവന്നൂർ പഞ്ചായത്തിൽ 84-85മുതൽ 95-96 വരെ 51 വീടുകളാണ് ലഭ്യമായത് എന്ന് കണക്കുകൾ കാണിക്കുന്നു. (പട്ടിക 2 നോക്കുക) ഭവന നിർമ്മാണ ബോർഡ് വഴി ദുർബലവിഭാഗങ്ങൾക്ക് നൽകുന്ന സഹായങ്ങളും വായ്പകളും വർദ്ധിപ്പിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. ഭവന നിർമാണ സാമഗ്രികളുടെ അമിതമായ വിലക്കയറ്റം കാരണവും നിർമ്മാണതൊഴിലാളികളുടെ കൂലിനിരക്കിലെ ഇനത്തിലും ക്രമാധീതമായ വർധനവ്

നിമിത്തവും തൊഴിലാളികളുടെ ലഭ്യതക്കുറവും പാവപ്പെട്ടവന്റെ സ്വന്തമായ വീട് എന്ന ആഗ്രഹം വെറും സ്വപ്നമായി അവശേഷിക്കുകയാണ്. സർക്കാറിൽ നിന്നും ലഭിക്കുന്ന തുച്ഛമായ ധനസഹായം കൊണ്ട് വീട് പൂർത്തിയാക്കുന്നതിന് കഴിയാതെ വരുന്നു.

പഞ്ചായത്തിൽ സ്ത്രീ തൊഴിലാളികൾ ഉണ്ടെങ്കിലും വിധഗ്ദ തൊഴിലാളികളായി അറിയപ്പെടുന്നില്ല. പുരുഷതൊഴിലാളികളെക്കാൾ കുറവാണ് സ്ത്രീ തൊഴിലാളികളുടെ വേതനനിരക്ക്. 95-96 കാലയളവിൽ 60-80 രൂപയാണ് സ്ത്രീ തൊഴിലാളികളുടെ കൂലി നിരക്ക്.

കെട്ടിട സാമഗ്രികളായ സിമന്റ്, കമ്പി, കല്ല്, ഓട്, മരം, മെറ്റൽ മുതലായവക്ക് അനുദിനം വിലവർദ്ധിച്ചുകൊണ്ടിരിക്കയാണ്. 1988-89 കാലയളവിൽ 75 രൂപ വിലയുണ്ടായിരുന്ന സിമന്റ് 95-96ൽ 185രൂപ വരെ എത്തിനിൽക്കുന്നു. 88,89-ൽ 1000 ചെങ്കല്ലിന് 1500 രൂപ ആയിരുന്നത് 95-96ൽ 8000 രൂപ വരെ വർദ്ധിച്ചതായി കാണാൻ കഴിയുന്നു. 88-89ൽ 1 K.g. കമ്പിക്ക് 8 രൂപയായിരുന്നത് 95-96 കാലയളവിൽ 17 രൂപ വരെ എത്തിയിട്ടുണ്ട്. കോൺക്രീറ്റ് യൂനിറ്റിന് 88-89 കാലത്ത് 1600 രൂപ ഉണ്ടായിരുന്നതിടത്ത് 95-96 ൽ 2750രൂപ വരെ ആയിരിക്കുന്നു. 88-89 ൽ 1000 ഒന്നാംതരം ഓടിന് 1200 രൂപ ആയിരുന്നത് 95-96 ൽ 6000 രൂപ വരെയായിരിക്കുന്നു. മേൽ പറഞ്ഞ കണക്കിൽ നിന്നും ഭവനനിർമ്മാണ രംഗത്തെ അമിത വില വർദ്ധന മനസ്സിലാക്കാൻ കഴിയുന്നതാണ്.

കൂലിനിരക്കിലെയും അതിനെക്കാൾ വെല്ലുന്ന സാധനസാമഗ്രികളുടെയും വില വർദ്ധനവ് കാരണം ഭവന നിർമ്മാണത്തിന് സർക്കാർ ബ്ളോക്ക് വഴി വിതരണം ചെയ്യുന്ന.R.L.E.G.P, N.R.E.P,I.A.Y, J.R.Y, M.W.S എന്നീ പദ്ധതികളിലെ സഹായ പരിധിയും രാജീവ് ദശലക്ഷം പാർപ്പിട പദ്ധതിയുടെ വായ്പാ പരിധിയും വർദ്ധിപ്പിക്കാനും വായ്പക്കുള്ള സാങ്കേതിക തടസ്സങ്ങൾ ലഘൂകരിക്കേണ്ടതും അത്യാവശ്യമാണ്.

പ്രകൃതിക്ഷോഭത്താൽ വീട് നഷ്ടപ്പെട്ടവർക്കുള്ള പുനരധിവാസപദ്ധതിയുടെ ആനുകൂല്യം പഞ്ചായത്തിൽ ലഭിച്ചതായി പഞ്ചായത്തിന്റെ കണക്കിൽ കാണാൻ കഴിയുന്നില്ല. ആയതിനാൽ പ്രകൃതിക്ഷോഭത്താൽ വീട് നഷ്ടപ്പെട്ടവർക്ക് വേണ്ട സാമ്പത്തിക സഹായം ലഭ്യമാക്കാൻ വേണ്ട നടപടികൾ കൈകൊള്ളേണ്ടതാണ്.

പഞ്ചായത്തിലെ മുന്ന് ഹരിജൻ കോളനികളിലും മറ്റ് വിവിധ ഭാഗങ്ങളിലുമായി 103 ഹരിജൻ കുടുംബങ്ങളിൽ 677 അംഗങ്ങൾ താമസിക്കുന്നതായി കണക്കുകൾ സൂചിപ്പിക്കുന്നു. ഇത്തരം വിഭാഗങ്ങൾക്ക് ഭവന നിർമ്മാണത്തിനാവശ്യമായ സാമ്പത്തിക സഹായം അനുവദിക്കേണ്ടതാണ്. പഞ്ചായത്തിലെ കുടിലുകൾ മാറ്റി വാസയോഗ്യമായ വീടുകൾ നിർമ്മിക്കേണ്ടതും ഭവന രഹിതർക്ക് സ്വന്തമായി വീട് നിർമ്മിക്കാൻ വേണ്ട സഹായങ്ങൾ യുദ്ധകാലാടിസ്ഥാനത്തിൽ നടപ്പാക്കേണ്ടതുമാണ്. സർക്കാർ വിവിധ ഏജൻസികളിലൂടെ ഇപ്പോൾ ലഭ്യമാക്കുന്ന വായ്പകൾ കൊണ്ടും സഹായങ്ങൾ കൊണ്ടും കാര്യമായി ഒന്നും ചെയ്യാൻ സാധിക്കാത്ത ഇന്നത്തെ പരിതസ്ഥിതിയിൽ പഞ്ചായത്തിലെ എല്ലാ അർഹരായ ഗുണഭോക്താക്കളെയും കണ്ടെത്തി പഞ്ചായത്ത് തലത്തിൽ നേരിട്ട് ധനസഹായം ലഭ്യമാക്കേണ്ടതാണ്.

പാർപ്പിട രംഗത്തെ സങ്കീർണ്ണമായ പ്രശ്നങ്ങൾ പരിഹരിക്കാൻ താഴെ പറയുന്ന നിർദ്ദേശങ്ങൾ പരിഗണിക്കാവുന്നതാണ്.

1. ഇടത്തരക്കാർക്ക് വീടുണ്ടാക്കുന്നതിനും നിലവിലുള്ള വീടുകൾ റിപ്പയർ ചെയ്യുന്നതിനും ഉദാരവ്യവസ്ഥകളിൽ ബേങ്ക് വായ്പ ലഭ്യമാക്കുന്നതിന് സംവിധാനമുണ്ടാക്കുക.

2. കെട്ടിടനിർമ്മാണ സാധനങ്ങൾ കുറഞ്ഞ വിലക്കും ഗുണമേന്മയോടു കൂടിയും ആവശ്യാനുസരണം ലഭ്യമാക്കുവാൻ പഞ്ചായത്ത് തലത്തിൽ വിതരണകേന്ദ്രം തുടങ്ങുക.

3. വീടില്ലാത്തവർക്ക് വീടു വെക്കാൻ സർക്കാർ വക പുറംപോക്ക് ഭൂമി പതിച്ചു നൽകുക

4. കൂട്ടു സ്വത്തിൽ ഭൂമിയുള്ളവർക്ക് കൈവശാവകാശ സർട്ടിഫിക്കറ്റ് ലഭിക്കുന്ന

തിനുള്ള ചട്ടങ്ങൾ ഉദാരമാക്കുക.

5. കൂട്ടുസ്വത്തിൽ ഭൂമിയുള്ളവർക്കും ഭവനനിർമ്മാണ ധനസഹായം ലഭ്യമാക്കുവാനുള്ള നടപടി ലഘൂകരിക്കുക.

6. പഞ്ചായത്ത് തലത്തിൽ ഭവന നിർമ്മാണ സഹകരണസംഘങ്ങൾ രൂപീകരിക്കുക. എഞ്ചിനീയർ മുതൽ ലേബർ വരെയുള്ളവരെ സംഘത്തിലൂടെ ലഭ്യമാക്കുക.

7. കെട്ടിട നിർമ്മാണ സാമഗ്രികളുടെ വിതരണം സിവിൽ സപ്ലൈസ് ഏറ്റെടുത്ത് പഞ്ചായത്ത് തലത്തിൽ മിതമായ നിരക്കിൽ ലഭ്യമാക്കാനുള്ള നടപടികൾ ക്രമീകരിക്കുക.

8. നിർമ്മാണ ചെലവ് നാലുലക്ഷം രൂപക്ക് മുകളിൽ വരുന്ന വീടുകൾക്ക് കർശനമായി പരിധി ഏർപ്പെടുത്തുക.

9. സർക്കാർ ലഭ്യമാക്കുന്ന വായ്പക്കുള്ള സാങ്കേതികവും സാമ്പത്തികവുമായ ബുദ്ധിമുട്ടുകൾ ലഘൂകരിക്കുക.

10. അപേക്ഷകൾ ഗ്രാമപഞ്ചായത്ത് വഴി വിതരണം ചെയ്യുക.

11. റജിസ്ട്രാർ ആഫീസിലെ അമിത ചെലവ് ഒഴിവാക്കുക.

12. സ്റ്റേജ് സർട്ടിഫിക്കറ്റുകൾ നൽകാനുള്ള അധികാരം ഗ്രാമപഞ്ചായത്ത് മെമ്പർമാർക്ക് നൽകുക.

13. സർക്കാർ ഏജൻസികൾ വഴി വിതരണം ചെയ്യുന്ന വായ്പകളുടെ രേഖകൾ പഞ്ചായത്ത് തലത്തിൽ സൂക്ഷിക്കുക.

14. ചെലവു കുറഞ്ഞ വീടുകൾക്ക് പ്രചാരം നൽകുക.

15. സർക്കാർ ലഭ്യമാക്കുന്ന ഭവന നിർമ്മാണ വായ്പകളുടെ സംഖ്യ വർദ്ധിപ്പിക്കുക.

16. I.A.Y, M.W.S, J.R.Y., R.L.E.G.P. എന്നിവ 22,000 രൂപയിൽ നിന്നും 50,000 രൂപയായി ഉയർത്തുക.

17. രാജീവ് ദശലക്ഷ പാർപ്പിട പദ്ധതി 26,400 രൂപയിൽ നിന്ന് 50,000 രൂപയായി ഉയർത്തുക.

ഭവനരഹിതരുടെ പ്രശ്നം പരിഹരിക്കണമെങ്കിൽ അവർക്ക് പ്രാഥമികമായി ഭൂമി ലഭ്യമാക്കേണ്ടതുണ്ട്. ഇതിനായി സർക്കാർ പുറമ്പോക്ക് ഭൂമി, പഞ്ചായത്ത് ഭൂമി എന്നിവകളിൽ താമസിക്കുന്ന കുടുംബങ്ങൾക്ക് കൈവശാവകാശം പതിച്ചു കൊടുക്കാവുന്നതാണ്. പഞ്ചായത്തിൽ സർക്കാർ പുറമ്പോക്കു ഭൂമിയോ, പഞ്ചായത്ത് മിച്ചഭൂമിയോ ഇല്ലാത്തതിനാൽ ഭൂരഹിതർക്ക് അഞ്ചു സെന്റെങ്കിലും ഭൂമി വാങ്ങേണ്ടതിന് സർക്കാർ പഞ്ചായത്ത് തലത്തിൽ സാമ്പത്തിക സഹായം അനുവദിക്കേണ്ടതാണ്. L.I.C പോലുള്ള കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളിലൂടെ ഏറ്റവും ചുരുങ്ങിയ പലിശ നിരക്കിലുള്ള വായ്പ ലഭ്യമാക്കുകയും വീടിന്റെ നിർമ്മാണം നിർമ്മിതി കേന്ദ്രം പോലുള്ള ഏജൻസികളെക്കൊണ്ട് ഏറ്റെടുപ്പിച്ച് നടത്തിക്കുകയും ചെയ്യുക. ഗുണഭോക്താക്കളെ തിരഞ്ഞെടുക്കാനുള്ള അധികാരം ഗ്രാമപഞ്ചായത്തിന് നൽകേണ്ടതുമാണ്.

കോളനികളുടെ പാർപ്പിട പ്രശ്നം പരിഹരിക്കുന്നതിന് ഫ്ളാറ്റ് സംവിധാനം നടപ്പാക്കാവുന്നതാണ്. ഇതിന് ഡാനിഡ, ഇന്ദിരാ ആവാസ് യോജന, രാജീവ് മെമ്മോറിയൽ ട്രസ്റ്റ് തുടങ്ങിയ വിദേശ-കേന്ദ്ര ഏജൻസികളെ ഉപയോഗപ്പെടുത്താവുന്നതാണ്. പഞ്ചായത്തിലെ വിവിധ കോളനികളിൽ ജനങ്ങൾ തിങ്ങിത്താമസിക്കുന്ന അവസ്ഥ പലപ്പോഴും ആരോഗ്യ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്. ഇവർക്ക് വീടുനിർമ്മിക്കാനുള്ള സ്ഥലം ഇല്ലെന്നുള്ളത് മറ്റൊരു സത്യമാണ്. പഞ്ചായത്തിലെ വിവിധ ഭാഗങ്ങളിലെ ജനസാന്ദ്രത വളരെ കൂടുതലായ മേഖലകളിൽ നിന്ന് ജനസാന്ദ്രത കുറഞ്ഞ ഭാഗങ്ങളിലേക്ക് മാറ്റിപ്പാർപ്പിച്ചും മേൽപ്പറഞ്ഞ ഏജൻസികളെ കൊണ്ട് ഫ്ളാറ്റ് സംവിധാനം ഏർപ്പെടുത്തുകയും ചെയ്താൽ പ്രസ്തുത പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ സാധിക്കുന്നതാണ്.

സാമൂഹ്യ ക്ഷേമം.

സാമൂഹ്യ ക്ഷേമ രംഗത്ത് ദാരിദ്ര്യ രേഖക്ക് താഴെയുള്ളവരെ ഉദ്ധരിക്കാനുള്ള ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിയും സംഘടിത- അസംഘടിത തൊഴിലാളികളുടെ ക്ഷേമത്തിനായുള്ള ക്ഷേമപദ്ധതികളുമാണ്

നിലവിലുള്ളത്. പൂർണ്ണമായും കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾ വഹിക്കുന്ന ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിയും തൊഴിലാളി-തൊഴിലുടമ സഹകരണത്തോടെ ക്ഷേമ നിധി ബോർഡുകൾ വഴി നടപ്പാക്കപ്പെടുന്നവയുമായി ഇതിനെ രണ്ടായി തരംതിരിക്കാം. ഈ പദ്ധതികൾക്ക് പുറമേ പട്ടികജാതി വികസനത്തിനും ഉന്നമനത്തിനുമായി പട്ടികജാതി വികസനകോർപ്പറേഷനും വനിതകളുടെ പുരോഗതിക്കായി വനിതാ വികസന കോർപ്പറേഷനും പ്രവർത്തിക്കുന്നുണ്ട്.

ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികൾ മുഖേനയുള്ള സഹായങ്ങളാണ് വലിയതോതിലെങ്കിലും പഞ്ചായത്തിൽ ലഭ്യമാകുന്നത്. നാമമാത്രമായി മറ്റു പദ്ധതികളും പഞ്ചായത്തിൽ ജനങ്ങൾ ഉപയോഗപ്പെടുത്തുന്നുണ്ട്.

നിലവിലുള്ള പദ്ധതികളുടെ അപര്യാപ്തത വളരെ പ്രകടമാണ്. ഇവയെ കുറിച്ചുള്ള അറിവില്ലായ്മ, അർഹതപ്പെട്ടവർക്ക് കിട്ടായ്മ, ഉദ്യോഗസ്ഥ തലത്തിലുള്ള ബോധവൽക്കരണ കുറവ്, ആവശ്യത്തിനും സമയത്തിനും ലഭ്യമല്ലായ്മ, ഉപയോഗപ്പെടുത്തുമ്പോഴുള്ള സാങ്കേതിക നൂലാമാലകൾ എന്നിവ എടുത്തു പറയേണ്ടതാണ്.

തൊഴിലാളി-തൊഴിലുടമ സഹകരണത്തോടെയുള്ള ക്ഷേമ നിധി ബോർഡുകൾ മുഖേനയുള്ള പ്രവർത്തനം കാര്യക്ഷമമല്ല. പഞ്ചായത്തിൽ കർഷക തൊഴിലാളികൾ, തെങ്ങുകയറ്റ തൊഴിലാളികൾ, കെട്ടിട നിർമ്മാണ തൊഴിലാളികൾ എന്നിവർ കൂടുതൽ ഉണ്ടെങ്കിലും എല്ലാ തൊഴിലാളികളും ക്ഷേമ നിധിയിൽ അംഗങ്ങളായിട്ടില്ല.

പട്ടിക ജാതി വികസന കോർപ്പറേഷൻ വഴിയുള്ള ആനുകൂല്യം പഞ്ചായത്തിൽ ഒട്ടും തന്നെ ലഭിക്കുന്നില്ല. അത്തരത്തിലുള്ള ആനുകൂല്യങ്ങൾ പഞ്ചായത്തിലെ എല്ലാ പട്ടികജാതി കുടുംബങ്ങൾക്കും അനുവദിക്കേണ്ടതാണ്.

വനിതാ വികസന കോർപ്പറേഷൻ ആസ്ഥാനം തിരുവനന്തപുരത്തായതിനാൽ പഞ്ചായത്തിലെ സാധാരണ സ്ത്രീകൾക്ക് ഇതു വഴിയുള്ള സഹായം ലഭിക്കാറില്ല. സത്യത്തിൽ പൊതു പ്രവർത്തന രംഗത്ത് പ്രവർത്തിക്കുന്ന സ്ത്രീകൾക്കും ഇതേക്കുറിച്ച് അറിയുന്നില്ല എന്നതാണ് പരമാർത്ഥം. വനിതകൾക്ക് അന്യമാണ് ഈ കോർപ്പറേഷൻ എന്നാണ് പഞ്ചായത്തിലെ ഈ രംഗത്തെക്കുറിച്ച് വിലയിരുത്തുമ്പോൾ മനസ്സിലാകുന്നത്.

സാമൂഹ്യക്ഷേമ രംഗത്ത് ശരാശരി പ്രവർത്തിച്ചുകൊണ്ട് പഞ്ചായത്തിൽ സഹായം ലഭ്യമാക്കിക്കൊണ്ടിരിക്കുന്നത്. ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസിന് കീഴിലുള്ള വളവന്നൂർ വി.ഇ.ഒ. സർക്കിൾ വഴിയാണ് വി.ഇ.എ. സർക്കിൾ വഴിയാണ് പഞ്ചായത്തിൽ ലഭ്യമാക്കിയ പദ്ധതികളെ സംബന്ധിച്ച് പ്രസ്തുത പദ്ധതികൾ കൂടുതൽ ഫലപ്രദമായി ഉപയോഗപ്പെടുത്താനാവശ്യമായ നിർദ്ദേശങ്ങൾ ഉൾപ്പെടെ വിശദമായി താഴെ കൊടുക്കുന്നു.

പട്ടിക IV ചേർക്കാനുള്ള സ്ഥലം

വളവന്നൂർ വി.ഇ.ഒ. സർക്കിളിൽ 92-ലെ IRDP സർവ്വേയിൽ 1240 കുടുംബങ്ങളും 95-ലെ അഡീഷണൽ സർവ്വേയിൽ 186 കുടുംബങ്ങളും ഉൾപ്പെടെ 1416 കുടുംബങ്ങൾ ദാരിദ്ര രേഖയ്ക്ക് താഴെയുള്ളവരായി കണ്ടെത്തി. 92-93 മുതൽ 95-96 വരെയുള്ള കാലയളവിൽ 87 കുടുംബങ്ങൾക്കായി സബ്സിഡിയും വായ്പയുമായി 12,52345 രൂപ വിതരണം ചെയ്തതായി കണക്കുകൾ വ്യക്തമാക്കുന്നു. 95-96 കാലയളവിൽ സഹായം ലഭ്യമാക്കിയ കുടുംബങ്ങളുടെ എണ്ണത്തിൽ വലിയ കുറവുണ്ടായി. പ്രസ്തുത കാലയളവിൽ ഈ സർക്കിളിലെ ഏതാനും വാർഡുകളിൽ IRDP വായ്പ വിതരണം ചെയ്തിരുന്ന സൗത്തു മലബാർ ഗ്രാമീൺ ബാങ്ക് പുത്തനത്താണി ശാഖയിലെ സമരം ഇതിനു കാരണമായി ചൂണ്ടിക്കാണിക്കുന്നു. ഈ പദ്ധതിയെക്കുറിച്ചുള്ള സർക്കാറിന്റെ നിർവ്വചനം കാലോചിതമായ മാറ്റത്തിന് വിധേയമാക്കേണ്ടതാണ്. ദാരിദ്രരേഖയുടെ പരിധി 25,000 രൂപയെങ്കിലുമാക്കി ഉയർത്തണം.

ദേശസാൽകൃത ബാങ്കുകൾ ഈ സ്കീം അനുസരിച്ച് വായ്പ ലഭ്യമാക്കുന്നതിൽ ഗുരുതരമായ ഉദാസീനതയാണ് കാണിക്കുന്നത്.

സഹകരണ മേഖലയ്ക്ക് പരമാവധി ഫണ്ട് അനുവദിച്ചുകൊണ്ട് ഈ മേഖലയിൽ ഗുണ ഭോക്താക്കളെ പരമാവധി സഹായിക്കാൻ ജില്ലാ സംസ്ഥാന സഹകരണ ബാങ്കുകൾ വഴി സർക്കാർ നടപടി സ്വീകരിക്കണം. അതോടൊപ്പം ദേശസാൽകൃത ബാങ്കുകളെ ക്കൊണ്ട് ഗുണഭോക്താക്കളെ സഹായിക്കാൻ സർക്കാർ തലത്തിൽ വേണ്ടനടപടികൾ സ്വീകരിക്കേണ്ടതാണ്. ഗുണപോക്താക്കളെ കണ്ടെത്താൻ വർഷം തോറും പഞ്ചായത്ത്ത ലത്തിൽ സർവ്വേ നടത്തി ലിസ്റ്റ് പ്രസിദ്ധപ്പെ ടുത്തേണ്ടതാണ്.

D.W.C.R.A

സ്ത്രീകളുടെയും കുട്ടികളുടെയും ഉന്ന മനത്തിനു വേണ്ടി പത്തോ അതിലധികമോ സ്ത്രീകൾ കൂട്ടായി പ്രവർത്തിക്കുന്ന തൊഴിൽ സംരംഭമാണ് DWCRA.

(പട്ടിക-V)

ഒന്നാം വാർഡിലെ ഒരു പശുവളർത്തൽ യൂണിറ്റുമാത്രമേ ഇപ്പോൾ നിലവിലുള്ളൂ. താല്പര്യമുള്ളവരെ കണ്ടെത്തി ഒരോ പ്രദേ ശത്തിനും അനുയോജ്യമായ യൂണിറ്റുകൾ ആരംഭിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. യൂണിറ്റു കളുടെ പ്രവർത്തനം വിലയിരുത്താനും ആവ ശ്യമായ സഹായം നൽകാനും അതാതു പ്രദേശത്തെ സന്നദ്ധസംഘടനാ പ്രവർത്ത കർ അടങ്ങുന്ന ഒരു കമ്മിറ്റി രൂപീകരിക്കേ ണ്ടതും അത്യാവശ്യമാണ്. വാർഡുകളിലെ അയൽകൂട്ട കമ്മറ്റികളെയും ഇതിനു ഉപയോ ഗപ്പെടുത്താവുന്നതാണ്. ഈ സ്കീമിലൂടെ ഉൽപാദിക്കപ്പെടുന്ന സാധനങ്ങൾക്ക് മാർക്കറ്റ് കണ്ടെത്താൻ സാധിക്കാത്ത പരിതസ്ഥി തിയും നിലവിലുണ്ട്. ഇതിലൂടെയുള്ള ഉത്പ ന്നങ്ങൾ സർക്കാർ ഏജൻസികൾ മുഖേന വിറ്റൊഴിക്കാനുള്ള സംവിധാനം ഉണ്ടാക്കണം. ഇതു വഴി യൂണിറ്റുകൾ കാര്യക്ഷമമാക്കാവു ന്നതാണ്.

ട്രൈസം

18 വയസ്സു മുതൽ 35 വയസ്സു വരെ യുള്ള യുവതീ-യുവാക്കൾക്ക് സ്വയം തൊഴിൽ പരിശീലനം നൽകുന്ന ട്രൈസം എന്ന പദ്ധതിയിൽ പഞ്ചായത്തിലെ തൊഴിൽ രഹിതരായ യുവതീയുവാക്കളെ കണ്ടെത്തി അവർക്ക് വേണ്ട പരിശീലനങ്ങളും ധനസ ഹായവും ലഭ്യമാക്കുകയാണെങ്കിൽ ധാരാളം തൊഴിൽ രഹിതർക്ക് ആശ്വാസമാകുന്ന താണ്.

പട്ടിക VI

92-93 വർഷം മുതൽ 95-96 വർഷം വരെ വളവന്നൂർ വില്ലേജിൽ ആകെ 22 പേർക്ക് മാത്രമേ പരിശീലനം നൽകിയിട്ടു ള്ളൂവെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു ഗ്രാമ പ്രദേശങ്ങൾക്ക് അനുയോജ്യമായ തൊഴിൽ പരീശീലനം നൽകാനും പരിശീലനം ലഭി ച്ചവർക്ക് വായ്പ ലഭ്യമാക്കി തൊഴിൽ സംരംഭം ആരംഭിക്കാനും ശ്രദ്ധിക്കേണ്ട താണ്. പരിശീലനം ലഭിച്ചിട്ടും യോഗ്യതാടി സ്ഥാനത്തിൽ തൊഴിൽ ലഭിക്കുന്നില്ല എന്നത് പരമാർത്ഥമാണ്. പഞ്ചായത്തിൽ പരിശീലനം ലഭിച്ചവർ തന്നെ വിരലിലെണ്ണാവുന്നവരേ ഉള്ളൂ. പരിശീലനം ലഭിക്കുന്നവരുടെ എണ്ണം പരമാവധി വർദ്ധിപ്പിക്കുകയും ഇവർക്ക് ഇപ്പോൾ ലഭിക്കുന്ന സ്റ്റൈപ്പന്റ് തുക കൂട്ടു കയും ചെയ്യേണ്ടതാണ്. ഈ പദ്ധതിയിലൂടെ വളവന്നൂർ വില്ലേജിൽ മൊത്തം 22 പേർക്കേ പരിശീലനം ലഭിച്ചിട്ടുള്ളൂ എന്നതിൽ നിന്നു തന്നെ പഞ്ചായത്തിലെ ട്രൈസം പദ്ധതി യുടെ പോരായ്മ വിളിച്ചോതുന്നു. കൂടുതൽ യുവതീയുവാക്കളെ ഇത്തരത്തിലുള്ള പദ്ധതി കളെ പറ്റി ബോധവാന്മാരാക്കാൻ പഞ്ചായ ത്ത്തലത്തിൽ ബോധവൽക്കരണ ക്ളാസു കൾ നടത്തിയാൽ ഒരു പരിധി വരെ ഈ ദുരവസ്ഥക്ക് പരിഹാരം കാണാൻ കഴിയു മെന്ന് പ്രതീക്ഷിക്കാം.

ടൂൾക്കിറ്റ്

ഗ്രാമീണ കൈതൊഴിലുകാർക്ക് നവീന തൊഴിലുപകരണങ്ങൾ ലഭ്യമാക്കുന്ന പദ്ധതി യാണ് ടൂൾക്കിറ്റ്. 92-93 മുതൽ 95-96 വരെ വളവന്നൂർ വില്ലേജിൽ ആകെ 19 പേർക്ക് ടൂൾക്കിറ്റുകൾ വിതരണം ചെയ്തതായി കണ ക്കുകൾ വ്യക്തമാക്കുന്നു. പഞ്ചായത്തു തല ത്തിൽ ഗ്രാമീണ കൈതൊഴിലാളികളെ കണ്ടെത്തി ടൂൾക്കിറ്റ് സമ്പ്രദായം വ്യാപക മാക്കേണ്ടത് നാടിന്റെ വികസനത്തിന് അനി വാര്യമാണ്.

CRSP

ദാരിദ്ര്യ രേഖക്ക് താഴെയുള്ളവർക്ക് കക്കൂസ് നിർമ്മിക്കാൻ ധനസഹായം നൽകുന്ന പദ്ധതിയാണ് സി.ആർ.എസ്.പി. 1991-92 മുതൽ 1995-96 വരെ കാലയളവിൽ വളവന്നൂർ വില്ലേജിൽ ആകെ 14 കക്കൂസുകൾ മാത്രമാണ് നിർമ്മിച്ചിട്ടുള്ളത്. ഓരോ വർഷവും വളരെ ചുരുക്കം ആളുകൾക്കെ ഇതിന്റെ ഗുണം ലഭിക്കുന്നുള്ളൂ. ദാരിദ്ര രേഖക്ക് താഴെയുള്ളവരുടെ പൂർണ്ണ ലിസ്റ്റ് പഞ്ചായത്ത് തലത്തിൽ സർവ്വേ നടത്തി ഇനിയും കക്കൂസ് ലഭ്യമല്ലാത്തവർക്ക് കക്കൂസ് നിർമ്മിക്കാനുള്ള ധനസഹായംഅനുവദിക്കേണ്ടതാണ്. ഇപ്പോൾ നൽകി വരുന്ന 2000 രൂപയിൽ നിന്നും ചുരുങ്ങിയത് 7500 രൂപയെങ്കിലും വർദ്ധിപ്പിക്കേണ്ടത് ഇന്നത്തെ അവസ്ഥയിൽ അത്യാവശ്യമാണ്.

പട്ടിക-VIII

വില്ലേജ് ആഫീസ് വഴിയുള്ള ക്ഷേമ പദ്ധതികൾ

സാമൂഹ്യ ക്ഷേമ രംഗത്ത് റവന്യൂ വകുപ്പ് കാര്യമായ പെൻഷനുകളും നിർധനരായ വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായങ്ങളുമാണ് പഞ്ചായത്തിൽ ലഭ്യമാക്കുന്നത്.

അർഹരായ മുഴുവൻ പേർക്കും സഹായം ലഭിക്കുന്നില്ല എന്നത് ഈ ക്ഷേമ പദ്ധതികളെ സംബന്ധിച്ചുള്ള പരാതികളാണ്. പഞ്ചായത്ത് തലത്തിൽ അർഹരായ മുഴുവൻ ഗുണഭോക്താക്കളേയും കണ്ടെത്തി സഹായം ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുണ്ട്.

പെൻഷനുകളെ സംബന്ധിച്ച്

വിധവാ പെൻഷൻ:

പ്രായപൂർത്തിയായ ആൺകുട്ടികൾ ഉണ്ടെങ്കിൽ ഈ പെൻഷൻ ലഭിക്കില്ല എന്നത് വളരെ പ്രയാസങ്ങൾ സൃഷ്ടിക്കുന്നുണ്ട്. ഇത്തരത്തിലുള്ള വിധവകളുടെ പ്രായപൂർത്തിയായ ആൺ മക്കൾ കൂലിവേല നടത്തിയും മറ്റു ജോലികളിൽ ഏർപ്പെട്ടുമാണ് കുടുംബങ്ങളെ പോറ്റുന്നത്. ഈ അടിസ്ഥാനത്തിൽ ഇപ്പോഴത്തെ വിധവാ പെൻഷന്റെ മാനദണ്ഡത്തിൽ മാറ്റം വരുത്തി വരുമാനത്തിന്റെ അടിസ്ഥാനത്തിൽ പെൻഷൻ ലഭ്യമാക്കാൻ നടപടി സ്വീകരിക്കണം. പഞ്ചായത്തിൽ ഇപ്പോൾ 1991-95 കാലയളവിലായി മൊത്തം 136 പേർക്കേ പെൻഷൻ ലഭിക്കുന്നുള്ളൂ എന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. അർഹരായ ഗുണഭോക്താക്കളെ കണ്ടെത്താൻ പഞ്ചായത്ത് തലത്തിൽ സർവ്വെ നടത്തേണ്ടതുണ്ട്.

വികലാംഗപെൻഷൻ:

വികലാംഗത്വം തെളിയിക്കാനുള്ള സർട്ടിഫിക്കറ്റിന് ബുദ്ധിമുട്ടുകയാണ് പല ഗുണഭോക്താക്കളും. സർട്ടിഫിക്കറ്റ് കിട്ടാനുള്ള കാലതാമസവും സർട്ടിഫിക്കറ്റ് ലഭിക്കാൻ ജില്ലാ ആശുപത്രികളെ ആശ്രയിക്കേണ്ടതും പിൽക്കാലത്ത് പ്രയാസങ്ങൾ സൃഷ്ടിക്കുന്നു. വികലാംഗരാണെന്നിരിക്കെ അവരെ ആവശ്യമില്ലാതെ വട്ടം കറക്കുന്ന രീതി മാറ്റിയെടുത്ത് വികലാംഗത്വം തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള അധികാരം അതാത് പി.എച്ച്.സി.യിലെ മേധാവികൾക്ക് നൽകേണ്ടതുമാണ്. 1991-95 കാലയളവിൽ വളവന്നൂർ വില്ലേജിൽ 20 പേർക്ക് മാത്രമേ വികലാംഗ പെൻഷൻ ലഭ്യമായിട്ടുള്ളൂ.

കർഷക തൊഴിലാളി പെൻഷൻ:-

പഞ്ചായത്തിൽ അർഹരായ എല്ലാ കർഷകതൊഴിലാളികൾക്കും പെൻഷൻ ലഭ്യമാക്കെണ്ടതാണ്. 1991-95 കാലയളവിൽ വളവന്നൂർ വില്ലേജിൽ 370 പേർക്ക് പെൻഷൻ ലഭിച്ചതായി കണക്കുകൾ വ്യക്തമാക്കുന്നു. അർഹരായ എല്ലാ കർഷകതൊഴിലാളികളുടേയും സർവ്വെ നടത്തി ലിസ്റ്റ് പഞ്ചായത്തിൽ പ്രസിദ്ധപ്പെടുത്തേണ്ടതുണ്ട്.

തൊഴിലില്ലായ്മാ വേതനം.:-

വളവന്നൂർ വില്ലേജിന്റെ പരിധിയിൽ 1991-95 വർഷത്തിൽ ആകെ 80 പേർക്കേ തൊഴിലില്ലായ്മ വേതനം ലഭിച്ചിട്ടുള്ളൂ. പഞ്ചായത്തിൽ ഇനിയും തൊഴിൽ രഹിതരായ ധാരാളം അഭ്യസ്തവിദ്യരായ യുവതീയുവാക്കൾ ഉണ്ട്. പഞ്ചായത്ത് തലത്തിൽ സർവ്വേ നടത്തി തൊഴിൽ രഹിതരായവർക്ക് വേതനം വിതരണം ചെയ്യേണ്ടതാണ്.

വളവന്നൂർ വില്ലേജിന്റെ പരിധിയിലുള്ള

വിവിധ പെൻഷൻ ലഭിച്ചുകൊണ്ടിരിക്കുന്നവരുടെ കണക്കുകൾ പട്ടികയിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

പെൻഷൻ സംബന്ധമായ ചില നിർദ്ദേശങ്ങൾ താഴെ കൊടുക്കുന്നു:

1. എല്ലാവിധ പെൻഷനുകളുടേയും തുക 100ൽ നിന്നും 500 രൂപയായി ഉയർത്തുക.

2. എല്ലാ പെൻഷനുകളും നൽകാനുള്ള പരമാധികാരം അതാത് ഗ്രാമ പഞ്ചായത്തുകൾക്ക് നൽകുക.

3. അവശ വിഭാഗങ്ങളിലുള്ള പെൻഷന് അർഹതയായവർ തന്നെ അജ്ഞത കാരണം ഇത്തരത്തിലുള്ള പെൻഷനുകൾക്ക് അപേക്ഷിക്കുന്നില്ല. അവശ വിഭാഗങ്ങളെ പഞ്ചായത്ത് തലത്തിൽ സർവ്വേ നടത്തി അപേക്ഷ നേരിട്ട് സമർപ്പിക്കാനുള്ള അവസരം ഉണ്ടാക്കുക.

4. അപേക്ഷ സമർപ്പിച്ചിട്ടും പെൻഷനുകളുടെ സഹായധനം ലഭിക്കുന്നതിനു വളരെ കാലതാമസം നേരിടുന്ന അവസ്ഥ ഇല്ലാതാക്കുക.

5. കർഷക തൊഴിലാളി പെൻഷന്റേയും വാർദ്ധക്യ കാലപെൻഷന്റേയും പരിധി 65 വയസ്സിൽ നിന്നും 55 വയസ്സായി കുറക്കേണ്ടതാണ്.

6. വിധവാ പെൻഷൻ പ്രായപരിധി നോക്കാതെ അർഹരായ എല്ലാ ഗുണഭോക്താക്കൾക്കും ലഭ്യമാക്കേണ്ടതാണ്.

അംഗൻ വാടികൾ:-

സാമൂഹ്യ ക്ഷേമ രംഗത്ത് അടിസ്ഥാന പ്രവർത്തനം കാഴ്ച വെക്കുന്ന അംഗൻവാടികൾ പഞ്ചായത്തിൽ 11 വാർഡുകളിലായി 14 എണ്ണം പ്രവർത്തിക്കുന്നു. ആയിരം ജനങ്ങൾക്ക് ഒരംഗൻവാടിയെന്നതാണ് ഐ.സി.ഡി.എസിന്റെ ലക്ഷ്യമെങ്കിൽ പഞ്ചായത്തിൽ ഇനിയും ധാരാളം അംഗൻവാടികൾ സ്ഥാപിക്കേണ്ടത് കണക്കുകളിൽ ബോധ്യമാകുന്നതാണ്. അംഗൻവാടികൾ നിലവിലുള്ളിടത്ത് തന്നെ കുട്ടികളുടെ ബാഹുല്യം അനുഭവപ്പെടുന്നത് പ്രവർത്തനത്തെ ദോഷകരമായി ബാധിക്കുകയും ചെയ്തിട്ടുണ്ട്.

പുത്തൻ വിദ്യാഭ്യാസ സംസ്കാരം പടർന്നു പന്തലിച്ച ഇന്നത്തെ പരിതസ്ഥിതിയിൽ പ്രാഥമിക സൗകര്യം പോലുമില്ലാത്ത അംഗൻ വാടികളിൽ കുട്ടികളെ ചേർക്കാൻ രക്ഷിതാക്കൾ മെനക്കെടുന്നില്ല. കൂടുതലും പാവപ്പെട്ടവരുടെ കുട്ടികളെയാണ് അംഗൻവാടികളിൽ കാണാൻ കഴിയുന്നത്. അംഗൻവാടികൾക്ക് പ്രാഥമിക സൗകര്യത്തോടുകൂടിയ കെട്ടിടങ്ങളും അവകളിലേക്ക് ആവശ്യമായ കളിപ്പാട്ടങ്ങളും പോഷകാഹാരങ്ങളും പഞ്ചായത്ത് തലത്തിൽ തന്നെ നൽകാനുള്ള അധികാരം അതാത് ഗ്രാമപഞ്ചായത്തുകൾക്ക് നൽകേണ്ടതാണ്.

സ്വന്തമായി കെട്ടിടമില്ലാത്തും ഉള്ളതു തന്നെ അറ്റകുറ്റപ്പണികൾ ചെയ്യാത്തതുംഅംഗൻവാടികളുടെ പ്രവർത്തനത്തെ സാരമായി ബാധിച്ചിട്ടുണ്ട്. വരുംതലമുറയെ വാർത്തെടുക്കുന്ന അങ്കകളരികളായി നാം കാണുന്ന അംഗൻവാടികളിലെ ജീവനക്കാരുടെ സ്ഥിതിയും ദയനീയമായി തുടരുന്നു. വർക്കർ, ഹെൽപ്പർ എന്നീ രണ്ടു തസ്തികകളാണ് ഇതിലുള്ളത്. രാവിലെ 9.30 മുതൽ വൈകീട്ട് 3.30 വരെ ജോലി ചെയ്യുന്ന ഇവർ ആരോഗ്യമേഖലയിലെ ഗൃഹസന്ദർശനവും നടത്തേണ്ട ഗതികേടിലാണ്. അർപ്പണ മനോഭാവത്തോടു കൂടി വളരെ പ്രയാസം സഹിച്ച് നാടിന്റെ പുന:സൃഷ്ടിക്കായി പ്രവർത്തിക്കുന്ന പ്രസ്തുത ജീവനക്കാരുടെ വേതനം വളരെ തുച്ഛമാണ്. വർക്കറിന് 400 രൂപയും ഹെൽപ്പറിന് 200 രൂപയും എന്നുള്ളത് മാറ്റി വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ലോവർ-പ്രൈമറി ടീച്ചേഴ്സിന്റെ ശമ്പള പരിധിയെങ്കിലും നൽകാനുള്ള നടപടികൾ ചെയ്യേണ്ടതാണ്.

അംഗൻവാടികളെ സംബന്ധിച്ച ഈപ്പോഴത്തെ അവസ്ഥ പട്ടിക X-ൽ കാണാവുന്നതാണ്.

അംഗൻവാടികളെ സംബന്ധിച്ച നിർദ്ദേശങ്ങൾ:

1. ഏതെങ്കിലും സാമ്പത്തിക ഏജൻസികളെ കൊണ്ടോ JRY ഫണ്ടോ പ്രയോഗിച്ച് അംഗൻവാടികൾക്ക് സ്വന്തമായി കെട്ടിടം ഉണ്ടാക്കുകയും അറ്റകുറ്റ പണി നടത്തിക്കു

കയും ചെയ്യുക.

2. പഞ്ചായത്ത് ലീസ് ഭൂമിയോ മിച്ചഭൂമിയോ അംഗൻവാടികൾക്ക് കെട്ടിടം പണിയാൻ നൽകുക.

3. ഇപ്പോൾ കെട്ടിടം ഇല്ലാത്ത അംഗൻവാടികൾക്ക് എത്രയും പെട്ടെന്ന് കെട്ടിടം നിർമ്മിച്ചു നൽകേണ്ടതാണ്.

4 III, IV,V,VI എന്നീ വാർഡുകളിൽ അംഗൻവാടികൾ ഇപ്പോൾ നിലവിലില്ലാത്തതിനാൽ അടിയന്തിരമായി അംഗൻവാടികൾ സ്ഥാപിക്കുക.

5. പഞ്ചായത്തിൽ ആയിരം പേർക്ക് ഒരംഗൻവാടി എന്ന ICDSന്റെ ലക്ഷ്യം നടപ്പിൽ വരുത്തുക.

6. എല്ലാ അംഗൻ വാടികൾക്കും പ്രാഥമികാവശ്യങ്ങൾക്ക് വേണ്ട കക്കൂസ്, കുളിമുറി,വെള്ളം, എന്നിവ എത്തിക്കുക.

7. അംഗൻവാടികളിലെ കുട്ടികൾക്ക് പോഷകാഹാരങ്ങളും കളിപ്പാട്ടങ്ങളും നൽകാൻ പഞ്ചായത്തിന് ധനസഹായം അനുവദിക്കുക.

8. അനെർട്ട് അടുപ്പുകൾ അംഗൻവാടികളിൽ നടപ്പിലാക്കുക

9. ശുചിത്വ പരിപാലനത്തിന് മുഴുവൻ അംഗൻവാടികളിലും പാഴ്വസ്തുക്കളും മലിനവസ്തുക്കളും നീക്കം ചെയ്യാൻ സംവിധാനം ഉണ്ടാക്കുക.

10. അംഗൻവാടി വർക്കർമാരേയും ഹെൽപ്പർമാരെയും സർക്കാർ ജീവനക്കാരായി അംഗീകരിക്കുകയും സേവന വേതന വ്യവസ്ഥകൾ ഉയർത്തുകയും ചെയ്യുക.

11. താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുക.

12. പൊതുപ്രവർത്തനത്തിൽ വർക്കർമാരെയും ഹെൽപ്പർമാരെയും സജീവമാക്കാൻ വേണ്ട നടപടികൾ എടുക്കുക.

13. പാറക്കുടിലുള്ള അംഗൻവാടിക്ക് സ്വന്തം കെട്ടിടം നിർമ്മിക്കുന്നതിനായി ലക്ഷം വീട് കോളനിയിൽ ബാക്കിയുള്ള സ്ഥലത്ത് നിന്നും 4 സെന്റ് ഭൂമിയനുവദിക്കുക.

14. ഇപ്പോൾ അംഗൻ വാടി കെട്ടിട നിർമ്മാണത്തിനനുവദിക്കുന്ന JRY ഫണ്ട് 30,000 രൂപയാണ്. നല്ല രീതിയിലുള്ള ഒരു ചെറിയ കെട്ടിടം പണിയുന്നതിനു തന്നെ ചുരുങ്ങിയ തോതിൽ ഒരുലക്ഷം മതിയാകാത്ത ഇന്നത്തെ അവസ്ഥയിൽ 75,000 രൂപയെങ്കിലും ഒരോ അംഗൻവാടി കെട്ടിടം നിർമ്മിക്കാൻ പഞ്ചായത്ത് തലത്തിൽ നൽകേണ്ടതാണ്.

ക്ഷേമ നിധികളെ സംബന്ധിച്ച്

കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി:-

പഞ്ചായത്തിൽ കുറെ പേർ കെട്ടിട നിർമ്മാണ രംഗത്ത് തൊഴിലെടുക്കുന്നവരുണ്ട് ഇവരിൽ മുഴുവൻ ആളുകളും ക്ഷേമ നിധിയിൽ അംഗങ്ങളായിട്ടില്ല. ഈ മേഖലയിലെ തൊഴിലാളികൾ കഠിനാധ്വാനം ചെയ്യുന്നവരാണ്. അതുകൊണ്ടു തന്നെ തൊഴിൽ മേഖലയിൽ നിന്നും 50 വയസ്സാവുമ്പോഴെക്കും വിട്ടു നിൽക്കാൻ നിർബന്ധിതരാകുന്നു. പഞ്ചായത്തിലെ എല്ലാ ഭവന നിർമ്മാണ തൊഴിലാളികളെയും കണ്ടെത്തി അവർക്ക് വേണ്ട ക്ഷേമ നിധികൾ നടപ്പിലാക്കെണ്ടതാണ്. ഭവന നിർമ്മാണ പദ്ധതി കാര്യക്ഷമമായി നടക്കുന്നില്ല.

ആഭരണ തൊഴിലാളി ക്ഷേമ നിധി:-

വളരെ ചുരുക്കം പേരെ പഞ്ചായത്തിൽ ആഭരണ മേഖലയിൽ തൊഴിൽ ചെയ്യുന്നുള്ളു. ഇവരെ കണ്ടെത്തി ക്ഷേമ നിധിയിൽ അംഗങ്ങളാക്കി സഹായം ലഭ്യമാക്കേണ്ടതുണ്ട്.

കൈതൊഴിലാളി-വിദഗ്ധ തൊഴിലാളി ക്ഷേമനിധി:-

തയ്യൽക്കാർ, കൊല്ലന്മാർ, വാച്ച്, സൈക്കിൾ റിപ്പയർമാർ, ഫോട്ടോഗ്രാഫർമാർ, ബാർബർമാർ, മരംകയറ്റക്കാർ, തേങ്ങാ വെട്ടി ഉണക്കുന്നവർ എന്നിവർക്കൊന്നും ക്ഷാമ നിധിയിൽ അംഗത്വമില്ല. പഞ്ചായത്തിലെ ഈ മേഖലയിലുള്ള തൊഴിലാളികളെ ഈ പദ്ധതിയിൽ അംഗങ്ങളാക്കിയിട്ടില്ല എന്നുള്ളതിനാൽ ഇത്തരത്തിലുള്ള തൊഴിലാളികളെ കണ്ടെത്തി ഇവർക്കു വേണ്ട സഹായങ്ങൾ ചെയ്യേണ്ടതായണ്

സാമൂഹ്യക്ഷേമവുമായി ബന്ധപ്പെട്ട കാര്യങ്ങൾ ജനങ്ങളിലേക്ക് എത്തിക്കാനും അർഹരായവർക്ക് ലഭ്യമാക്കാനും പഞ്ചായത്ത് തലത്തിൽ ഒരു സെൽ രൂപീകരിക്കേണ്ടതുണ്ട്. അതാതു വാർഡുകളിലൂടെ പഞ്ചായത്ത് മൊത്തത്തിൽ ബോധവൽക്കരണം നടത്തേണ്ടതുണ്ട്.

പൊതു വിതരണം

ഈ പഞ്ചായത്തിൽ മൊത്തം 10 റേഷൻ ഷാപ്പുകൾ പ്രവർത്തിക്കുന്നു. ഇതിൽ 91-96 വർഷങ്ങളിലെ വിവിധ റേഷൻ ഷാപ്പുകളിലെ കണക്കുകൾ ക്രോഡീകരിച്ച പട്ടിക Xൽ ചേർത്തിട്ടുണ്ട്.

പൊതു വിതരണരംഗത്ത് ഒരൊറ്റ മാവേലി സ്റ്റോറുകളും പഞ്ചായത്തിൽ നിലവിലില്ല. ഓണാഘോഷ കാലത്ത് കന്മനം സർവ്വീസ് സഹകരണ ബാങ്കിന്റെ കീഴിൽ താൽക്കാലികമായി സ്റ്റോറുകൾ തുറക്കാറുണ്ടെങ്കിലും കാര്യമായ നിലയിൽ പ്രവർത്തിക്കാറില്ല. ഓണോൽസവ കാലത്ത് അവശ്യ സാധനങ്ങളുടെ വിലക്കയറ്റം പിടിച്ചു നിർത്തുന്നതിനും സാധാരണക്കാരന് മിതമായ നിരക്കിൽ നിത്യോപയോഗ സാധനങ്ങൾ നൽകാനും ഇത്തരത്തിലുള്ള സഹകരണ സംഘങ്ങൾ നടത്തുന്ന താൽക്കാലിക മാവേലി സ്റ്റോറുകൾക്ക് കഴിയുന്നുണ്ടെങ്കിലും കാര്യക്ഷമത വളരെ കുറവാണ്.

സഹകരണ ബാങ്കുകളിലൂടെ ഓണം, വിഷു, റംസാൻ തുടങ്ങിയ ആഘോഷ വേളകളിൽ നടത്തുന്ന ഓണച്ചന്തകളും സ്പെഷൽ മാർക്കറ്റുകളും മറ്റും എടുത്തു പറയത്തക്ക ഗുണനിലവാരമില്ലങ്കിലും ശരാശരി നിലവാരം പുലർത്തിയിരുന്നു. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായി സഹകരണ സംഘങ്ങൾ വഴിയോ സിവിൽ സപ്ലൈസ് മുഖേനയോ മാവേലി സ്റ്റോറുകൾ അനുവദിച്ചാൽ പൊതു മാർക്കറ്റിലെ നിത്യോപയോഗ സാധനങ്ങളുടെ അമിതമായ വില വർദ്ധന ഒരു പരിധി വരെ തടഞ്ഞു നിർത്തുവാൻ പര്യാപ്തമാകുന്നതാണ്. സഞ്ചരിക്കുന്ന മാവേലി സ്റ്റോറുകൾ പഞ്ചായത്തിൽ നിലവിലില്ലാത്തത് പൊതു വിതരണ രംഗത്തെ അപര്യാപ്തതയാണ്. ഈ ന്യൂനത പരിഹരിക്കാൻ പഞ്ചായത്തു തലത്തിൽ സഞ്ചരിക്കുന്ന മാവേലി സ്റ്റോറുകൾ നടപ്പിലാക്കേണ്ടതുണ്ട്.

റേഷൻ ഷാപ്പ്:-

റേഷൻ ഷാപ്പിന്റെ പ്രവർത്തനം പഞ്ചായത്ത് മേഖലയിൽ ശരാശരി നിലവാരമേ പുലർത്തുന്നുള്ളു അനുദിനം സാധാരണക്കാരന് പരാതിയുള്ള മേഖലയായ റേഷൻ ഷാപ്പുകളുടെ നിയന്ത്രണം അതാത് ഗ്രാമപഞ്ചായത്തുകൾക്ക് നൽകിയാൽ ഒരു പരിധി വരെ സാധാരണക്കാരന്റെ പരാതിക്ക് പരിഹാരം കാണാൻ കഴിയുന്നതാണ്.

റേഷൻ കാർഡുമായി ബന്ധപ്പെട്ട് അപേക്ഷകൾ പഞ്ചായത്തു തലത്തിൽ സ്വീകരിച്ച് പരിഹാരം കാണാൻ ഏർപ്പാടുണ്ടാക്കേണ്ടതുണ്ട്. റേഷൻ കാർഡുകളിലുള്ള തിരുത്തലുകളും പരാതികളും പഞ്ചായത്തു തലത്തിൽ കേന്ദ്രീകരിച്ച് പരിഹാരം കാണേണ്ട മാർഗ്ഗം അവലംബിക്കേണ്ടതാണ്.

പഞ്ചായത്തിലെ കുറുക്കോൾ, തുവ്വക്കാട് എന്നീ ഭാഗങ്ങളിൽ മാവേലി സ്റ്റോറുകളും; കടുങ്ങാത്തു കുണ്ട്, കന്മനം-മേടിപ്പാറ എന്നിവിടങ്ങളിൽ അത്യാവശ്യമായി റേഷൻ കടകളും അനുവദിക്കേണ്ടതാണ്. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലെ റേഷൻ ഷാപ്പുകളുടെ പരിധി പരിശോധിച്ച് പുതിയ റേഷൻ ഷാപ്പുകൾ ആരംഭിക്കേണ്ടത് റേഷൻഷാപ്പുകളിലെ കാർഡുടമകളുടെ ബാഹുല്യം നിയന്ത്രിക്കാൻ പര്യാപ്തമാണ്.

ഉപഭോക്തൃ മേഖലയെ കാര്യക്ഷമമാക്കാനും കുറ്റമറ്റതാക്കുന്നതിനും ജനങ്ങളെ ബോധവൽക്കരിക്കാൻ പഞ്ചായത്ത് തലത്തിൽ ഉപഭോക്തൃ സംരക്ഷണ സമിതി രൂപീകരിക്കേണ്ടതാണ്.

പഞ്ചായത്തിൽ മൊത്തം പത്ത് റേഷൻ ഷാപ്പുകളിലായി 1991-96 കാലയളവിൽ 1336 വൈദ്യുതീകരിക്കാത്ത കാർഡുടമകളും വൈദ്യുതീകരിച്ച് 2510 കാർഡുടമകളും കൂടി 3846 റേഷൻ കാർഡ് ഗുണഭോക്താക്കളാണ് നിലവിലുള്ളത്.

പൊതു വിതരണരംഗത്തെക്കുറിച്ചുള്ള വിവരങ്ങൾ പട്ടിക XIൽ പ്രതിപാതിച്ചിട്ടുണ്ട്.

21915 പേർ 12 വയസ്സിന് മുകളിൽ മേജർ സെക്ഷനിലും 7082 പേർ 3-12 വയസ്സ്

വരെയുള്ള മൈനർ സെക്ഷനിലുമായി മൊത്തം 28997 പേർ റേഷൻ ഗുണഭോക്താക്കളായി കണക്കുകൾ സൂചിപ്പിക്കുന്നു.

1991-96 കാലയളവിൽ 28,446,33 കിന്റൽ അരിയും 4,88,976 കിന്റൽ പഞ്ചസാരയും വിതരണം ചെയ്തതായി കാണുന്നു. ഗോതമ്പ് 2,30,143 കിന്റലും റവ 22,084 കിന്റലും, മൈദ 57,247 കിന്റലും പാമോയിൽ 1070.680 ലിറ്ററും വിതരണം നടത്തിയിട്ടുള്ളതായി ലഭ്യമായ കണക്കുകൾ കാണുന്നു.

400 പേർക്ക് പെർമിറ്റ് വഴി മണ്ണെണ്ണ ലഭിക്കാനുണ്ടെങ്കിലും, സാധാരണക്കാരന് മണ്ണെണ്ണ പെർമിറ്റ് ലഭിക്കാനുള്ള സാങ്കേതിക നടപടികൾ ലഘൂകരിക്കേണ്ടത് വൈദ്യുതി ക്ഷാമം നേരിടുന്ന ഇന്നത്തെ പരിത:സ്ഥിതിയിൽ അത്യന്താപേക്ഷിതമാണ്. വൈദ്യുതി ക്ഷാമം നേരിടുന്ന ഇന്നത്തെ അവസ്ഥയിൽ കുട്ടികളുടെ വിദ്യാഭ്യാസരംഗത്തെ സാരമായി ബാധിക്കുമ്പോൾ മണ്ണെണ്ണ വിളക്കിന്റെ വെട്ടത്തിലെങ്കിലും ഇരുന്ന് പഠിക്കാനുള്ള സൗകര്യത്തിന് എല്ലാ ഗുണഭോക്താക്കൾക്കും 5 ലിറ്റർ മണ്ണെണ്ണ പ്രതിമാസം അനുവദിക്കേണ്ടതാണ്.

കാർഡുവഴിയും പെർമിറ്റ് വഴിയും 1991-96 കാലത്ത് 1,62,366 ലിറ്റർ വിതരണം ചെയ്തിട്ടുണ്ടെന്ന് ലഭ്യമായ കണക്കുകൾ പ്രകടമാണ്.



പട്ടിക - 1

വീടുകളെ വാർഡ് തലത്തിൽ തരംതിരിച്ചിരിക്കുന്നു.
(അവലംബം: സെക്കണ്ടറി ഡാറ്റ)

വാർഡ്	ഓട്	ടെറസ്	ഓല	ടെറസ്/ ഓട്	ഇരുനില	കൂടിൽ	ആകെ
1	184	56	75	9	99	8	432
2	131	52	73	8	108	9	381
3	224	144	73	12	112	68	633
4	304	117	52	9	148	30	660
5	505	32	50	12	178	116	892
6	428	66	24	12	264	40	834
7	228	105	58	8	124	64	587
8	236	43	100	9	160	40	588
9	304	128	124	8	280	43	887
10	132	44	74	7	200	32	489
ആകെ	2674	786	703	94	1673	450	6383

സംസ്കാരം



ടിപ്പു സുൽത്താന്റെയും സാമൂതിരിയുടെയും അധീനതയിലുണ്ടായിരുന്ന വളവന്നൂർ പ്രദേശവും വെട്ടത്ത് രാജാവിന്റെ അധീശത്വത്തിയിലുണ്ടായിരുന്ന കന്മനം പ്രദേശവും സംഗമിച്ചാണ് വളവന്നൂർ പഞ്ചായത്തിന്റെ പിറവി. ഭൂമി ശാസ്ത്ര പരമായി വൃത്താകൃതിയിലുള്ള കന്മനം പ്രദേശത്തിന്റെയും ദീർഘ ചതുരാകൃതിയുലുള്ള വളവന്നൂരിന്റെയും സാംസ്ക്കാരിക പശ്ചാത്തലവും വിഭിന്നമാണ്. വൈദേശികാധിപത്യത്തിനെതിരെ ധീരോദാത്തമായ പോരാട്ടം നടത്തി പേരും പെരുമയും ആഗ്രഹിക്കാതെ കാല യവനികക്കുള്ളിൽ മറഞ്ഞുപോയ ഒട്ടേറെ ധീരോദാത്തരുടെ മണ്ണാണിത്.

കലാ സാംസ്കാരിക രംഗത്ത് വലിയ പാരമ്പര്യമൊന്നും അവകാശപ്പെടാനില്ലാത്ത നമ്മുടെ പഞ്ചായത്ത് ഒരു വേള നേർച്ചകളുടെയും ഉത്സവങ്ങളുടെയും ശബ്ദഘോഷങ്ങൾ കൊണ്ട് മുഖരിതമായിരുന്നു. അക്കാലത്ത് ജില്ല മുഴുക്കെ പ്രശസ്തമായ കടുങ്ങാത്ത് കുണ്ട് നേർച്ചയും അതിനോടനുബന്ധിച്ച് [illegible] മൈതാനിയിൽ അരങ്ങേറിയിരുന്ന പടകളിയും പഴയ തലമുറയുടെ സ്മൃതി പഥത്തിൽ മായാതെ അവശേഷിക്കുന്നു. ഭഗവതിത്തറ ഉത്സവം, മണക്കാം വീട്ടുകാരുടെ ദേവന്റെ തീയ്യാട്ട്, ഐവന്ത്രൻകാവ് വേല, കന്മനം കടമ്പിൽ നേർച്ച, കുറുങ്കാത്ത് ഭഗവതി ക്ഷേത്ര മഹോത്സവം, വരണാക്കര അണക്കാവ് ജാറം നേർച്ച, മേടിപ്പാറ ക്ഷേത്രത്തിലെ ശിവരാത്രി മഹോത്സവം, അല്ലൂരിലെ കലീവ ജാറം നേർച്ച എന്നിവ എടുത്തു പറയത്തക്കതാണ്.

അറവന മുട്ടിന്റേയും കലീവമാരുടെയും നാടെന്ന് ഖ്യാതി നേടിയ അല്ലൂർ പ്രദേശവും, ഹരിജനങ്ങളുടെ ചവിട്ട് പാട്ടിന്റെയും കൊയുത്ത് പാട്ടിന്റേയും കളിയരങ്ങായിരുന്ന മേടിപ്പാറ തെക്കുമുറിയും നമ്മുടെ പഞ്ചായത്തിന്റെ പൗരാണിക കലാപാരമ്പര്യം വിളിച്ചോതുന്നു.

മലബാറിന്റെ വിവിധ ഭാഗങ്ങളിൽ ഒട്ടേറെ ശിഷ്യാഗണങ്ങളെ വാർത്തെടുത്ത് കലയുടെയും കായികാഭ്യാസത്തിന്റെയും രംഗത്ത് സർവ്വസ്വവും സമർപ്പിച്ച് അക്കാലത്ത് അറിയപ്പെട്ടിരുന്ന നാടകങ്ങളായ 'പാട്ടയിൽ ബാക്കി' യുടെയും 'അബ്ദുറ സാഖി' ന്റേയും തിരശ്ശീലക്ക് പിന്നിൽ നിറഞ്ഞുനിന്നിരുന്ന സി.പി. കുഞ്ഞിപോക്കർ കുരിക്കളെ മാറ്റി നിർത്തി കൊണ്ട് ഒരു കലാ പൈതൃകം വളവന്നൂരിനില്ല. സ്വന്തമായി പാട്ടെഴുതി പുസ്തകമിറക്കിയ വിളക്കാത്ത് കോയ, പനയമ്പാടൻ എന്ന പൊട്ടച്ചോല സൈതാലി, കെ.കെ. കുട്ടി എന്ന തൂലികാനാമത്തിൽ അറിയപ്പെടുന്ന നെല്ലാ പറമ്പിൽ കടായിക്കൽ കോയക്കുട്ടി, പാണ്ട്യാല മൊയ്തീൻ കുട്ടി ഹാജി, കൈകൊട്ടി പാട്ട് വിദഗ്ദ പോത്തന്നൂരിലെ യാഹുമൊല്ല മകൾ ഫാത്തിമ, [illegible] തേക്കും കുണ്ടിൽ ഫാത്തിമക്കുട്ടി, കടായി ഇത്തേലു, ആയപ്പള്ളി മൊയ്തീൻ കുട്ടി ഹാജി, വെള്ളക്കാട്ട് മൊയ്തീൻ കുട്ടി മൊല്ല, ചിറക്കൽ ഇയ്യാത്തുട്ടി, മുതുവാളൻ ബീരാൻ, മണ്ടായപുറത്ത് യാഹുമൊല്ല, കടുങ്ങൂരാൻ ശേഖർ, ചിറക്കൽ മൊയ്തുട്ടി, കലീവ അലവി, കന്മനം മുരളി, (കുഞ്ഞുമുഹമ്മദ്), പി.സി. മൊയ്തീൻ തുടങ്ങിയ ഒട്ടേറെ കലാകാരന്മാർക്കും കലാകാരികൾക്കും ജന്മം നൽകിയ പ്രദേശമാണിത്.

വളവന്നൂരിലെ മത സാമൂഹിക സാംസ്കാരിക വിദ്യാഭ്യാസ രംഗങ്ങളിൽ വ്യക്തി മുദ്ര പതിപ്പിച്ച പരേതരായ പൊട്ടച്ചോല അത്തുസാഹിബ്, പാറ

യിൽ മുഹമ്മദ് സാഹിബ്, കടായിക്കൽ സെയ്താലി ഹാജി, സാമൂഹിക പരിഷ്കർത്താവും വ്യഖ്യാതനുമായ കെ.പി. മുഹമ്മദ് മൗലവി, വിനയം കൈമുതലാക്കി വളവന്നൂരിന്റെ സമഗ്ര വികസനത്തിനായി അന്ത്യം വരെ യത്നിച്ച മുൻ പ്രസിഡണ്ട് മയ്യേരി അബ്ദുൽ ഖാദർ ഹാജി, നാരായണികുട്ടി നേത്യാരമ്മ, നാടിന്റെ വിദ്യാഭ്യാസ പുരോഗതിക്ക് അക്ഷീണം യത്നിച്ച വളവന്നൂരിലെ കപ്പൂരത്ത് കാദർ മൊല്ല, അണക്കാവിൽ മുഹമ്മദ് മുസ്ല്യാർ, കന്മനം മുതലപ്പറമ്പത്ത് അബ്ദുള്ളകോയ തങ്ങൾ, കെ.ടി. കേശവൻ മാസ്റ്റർ, കുമ്പള പറമ്പിൽ യാഹു മാസ്റ്റർ, കുട്ടി നാരായണൻ മാസ്റ്റർ, പോത്തനെപുത്തൻ വീട്ടിൽ കുഞ്ഞുണ്ണി നായർ, തുടങ്ങിയവരുടെ സേവനങ്ങൾ പുതിയ തലമുറക്ക് മറക്കാനാവാത്തതാണ്.

മലയാളക്കരക്കകത്തും പുറത്തും പ്രശസ്തമായ ബാഫക്കി യത്തീംഖാന, അൻസാർ അറബിക്ക് കോളേജ് എന്നീ സ്ഥാപനങ്ങളുടെ ഉദയം ഈ ഗ്രാമത്തിന്റെ സാംസ്ക്കാരിക വിദ്യാഭ്യാസ രംഗത്ത് പ്രോജ്ജ്വലമായ ഒരദ്ധ്യായത്തിന് തുടക്കം കുറിച്ചു. തിരൂർ താലൂക്ക് സുന്നി യുവജന സംഘത്തിന്റെ കീഴിൽ സൂഫി വര്യനായ ചാപ്പനങ്ങാടിബാപ്പു മുസ്ല്യാരുടെ ശ്രമഫലമായാണ് ബാഫഖി യത്തീംഖാനക്കും, ഇസ്ലാഹി പ്രസ്ഥാനത്തിന് ബീജാവാപം നൽകിയ കെ.പി. മുഹമ്മദ് മൗലവിയുടെ പ്രവർത്തന ഫലമായാണ് അൻസാർ അറബി കോളേജിന്നും സമാരംഭം കുറിച്ചത്.

1946 ൽ സ്ഥാപിച്ച അൻസാറുള്ള സംഘം, വരമ്പനാലയിൽ കെ.പി. പോക്കു സാഹിബിന്റെ നേതൃത്വത്തിൽ 1967 ൽ സ്ഥാപിച്ച അത്തു സാഹിബ് സ്മാരക ഗ്രന്ഥാലയം, 1960ൽ കന്മനം പ്രദേശത്ത് കുഞ്ഞാപ്പുട്ടി കുരിക്കളുടെ നേതൃത്വത്തിൽ സ്ഥാപിച്ച പ്രഭാത് ആർട്സ് & സ്പോർട്സ് ക്ലബ്, 1970ൽ പന്താവൂരിൽ സ്ഥാപിതമായ ഉബൈദ് കലാസമിതി 1971ൽ സി.പി. ബീവിയുമ്മയുടെ നേതൃത്വത്തിൽ സ്ഥാപിച്ച മഹിളാ സമാജം തുടങ്ങിയ ഒട്ടനവധി സ്ഥാപനങ്ങൾ പഞ്ചായത്തിന്റെ സാംസ്കാരിക ചരിത്രത്തിൽ നിറഞ്ഞുനിന്നിരുന്നു. ഇതിൽ അൻസാറുള്ള സംഘം ഒഴികെ മറ്റുള്ളവയെല്ലാം പിന്നിട്ട വഴിത്താരയിൽ നിലച്ചുപോയി. 1985ൽ പാറക്കല്ല് കേന്ദ്രീകരിച്ച് സ്ഥാപിതമായ 'പാറക്കൽ കൾച്ചറൽ സെന്റർ' ഒരു കാലത്ത് ശ്രദ്ധേയമായ ഒട്ടനവധി പരിപാടികളുമായി സജീവമായി പ്രവർത്തന പഥത്തിലുണ്ടായിരുന്നു. സൗജന്യ നേത്ര പരിശോധനാ ക്യാമ്പ്, രക്ത ഗ്രൂപ്പ് നിർണ്ണയ ക്യാമ്പ്, ശ്രമദാന പ്രവർത്തനങ്ങൾ തുടങ്ങിയ ബഹുജന പങ്കാളിത്തത്തോടു കൂടിയുള്ള പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. സാക്ഷരതാ പ്രവർത്തന രംഗത്ത് പ്രശംസനീയമായ സേവനമാണ് ഈ സംഘട കാഴ്ചവെച്ചത്.

1992 ൽ നെരാല ആസ്ഥാനമായി സ്ഥാപിതമായ 'മൈത്രി സാംസ്കാരിക വേദി' ചുരുങ്ങിയ കാലയളവിൽ പഞ്ചായത്തിലെ സാംസ്കാരിക പ്രവർത്തന രംഗത്ത് പ്രശംസനീയമായ ചുവടുവെപ്പ് നടത്തി. നാളിത് വരെ വിദ്യാഭ്യാസ ബോധവത്കരണം, റിലീഫ് പ്രവർത്തനങ്ങൾ, വനിതാ ക്ഷേമം, ശ്രമദാനം, പഠനാർഹമായ സെമിനാറുകൾ, സിമ്പോസിയം, സൗജന്യ രക്ത ഗ്രൂപ്പ് നിർണ്ണയ ക്യാമ്പ്, സാമൂഹ്യ ക്ഷേമ ബോർഡിന്റെ സാമ്പത്തിക സഹായത്തോടെ ഒരാഴ്ച നീണ്ടുനിന്ന വനിതാ ബോധവത്കരണ ക്യാമ്പ്. നിർദ്ധനരായ വിദ്യാർത്ഥികൾക്കുള്ള പുസ്തകം, കുട വിതരണം, മികച്ച വിദ്യാർത്ഥികൾക്കുള്ള ക്യാഷ് അവാർഡ് വിതരണം തുടങ്ങിയ ഒട്ടേറെ ക്രിയാത്മക പ്രവർത്തനങ്ങളുമായി ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് പ്രകാരം റജിസ്റ്റർ ചെയ്തു നെഹറു യുവക് കേന്ദ്രയുടെ അംഗീകാരത്തോടു കൂടി പ്രവർത്തിക്കുന്നു. എ. അബ്ദുറഹ്മാൻ മാസ്റ്റർ പ്രസിഡണ്ടും വേണു വളവന്നൂർ സെക്രട്ടറിയുമായ കമ്മിറ്റിയാണ് നിലവിലുള്ളത്.

മൈത്രിയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ

1. നാടിന്റെ വികസനത്തിനും സാമൂഹികവും സാംസ്കാരികവും സാമ്പത്തികവുമായ പുരോഗതിക്ക് വേണ്ടി പ്രവർത്തിക്കുക.
2. കലാകാരന്മാർക്കും കായികതാരങ്ങൾക്കും പരിശീലനം നൽകുക.
3. അഗതികളുടെ സംരക്ഷണത്തിന്നായി പ്രവർത്തിക്കുക.
4. ദുർബല വിഭാഗങ്ങൾക്ക് സംരക്ഷണം നൽകുക.
5. ഹരിജന ഗിരിജന ഉദ്ധാരണ പ്രവർത്തനങ്ങൾ നടത്തുക.

6. ഗ്രാമീണ ഗ്രന്ഥശാല പ്രവർത്തനങ്ങൾക്ക് വേണ്ടി പ്രവർത്തിക്കുക.

7. ഭവന രഹിതരായവരെ പുനരധിവസിപ്പിക്കുക.

8. നാടൻ കലാരംഗങ്ങൾക്ക് പ്രോത്സാഹനം നൽകുക.

9. വിദഗ്ദ ചികിത്സക്ക് വേണ്ടി പ്രവർത്തിക്കുക.

10. സാമൂദായിക മൈത്രിക്ക് വേണ്ടി പ്രവർത്തിക്കുക.

11. സമ്പൂർണ്ണ സാക്ഷരതാ യജ്ഞത്തിന്നായി പ്രവർത്തിക്കുക.

12. I.P.P. സബ് സെന്ററിന്നു വേണ്ടി പ്രവർത്തിക്കുക.

13. അഴിമതിക്കെതിരെ പ്രതികരിക്കുക.

14. പ്രദേശത്തെ വിദ്യാഭ്യാസ നിലവാരം ഉയർത്തുക.

15. സ്ത്രീകളുടേയും കുട്ടികളുടേയും ഉന്നമനത്തിന്നു വേണ്ടി പ്രവർത്തിക്കുക.

ഈ ഗ്രാമത്തിലെ ജനസംഖ്യയിൽ ഭൂരിഭാഗം വരുന്നത് മുസ്ലീങ്ങളാണ്. ഹിന്ദു മതത്തിൽപ്പെട്ട വരും നല്ലൊരു ശതമാനമുണ്ട്. നാമമാത്രമെങ്കിലും കൃസ്ത്യാനികളും ഈ പഞ്ചായത്തിലുണ്ട്.

സ്വാതന്ത്ര്യത്തിന്ന് മുമ്പ് ഈ ഗ്രാമത്തിലെ പ്രബല രാഷ്ട്രീയ കക്ഷി ഇന്ത്യൻ നാഷണൽ കോൺഗ്രസ്സായിരുന്നു. ഇന്ന് ഈ പാർട്ടിയെ കൂടാതെ മുസ്ലീം ലീഗ്, സി.പി.എം. സി.പി.ഐ., നാഷണൽ ലീഗ്, ജനതാദൾ, കോൺഗ്രസ് (എസ്), ബി.ജെ.പി., പി.ഡി.പി. എന്നീ രാഷ്ട്രീയ പാർട്ടികളും ഇവയുടെയെല്ലാം യുവജനവിഭാഗവും നിലവിലുണ്ട്. എന്നാൽ മതപരമോ, രാഷ്ട്രീയ പരമോ ആയ സംഘർഷങ്ങളിൽ നിന്നും ഈ ഗ്രാമം വിമുക്തമാണെന്നതിൽ നമുക്ക് അഭിമാനിക്കാം..

കായികരംഗം

കായികരംഗത്ത് കഴിവുറ്റ പ്രതിഭകളെ വാർത്തെടുത്ത പഞ്ചായത്താണ് വളവന്നൂർ. തുവ്വക്കാട്ടെ ഏക പഞ്ചായത്ത് മിനി സ്റ്റേഡിയവും പഞ്ചായത്തിനോട് ചേർന്നു കിടക്കുന്ന കൽപകഞ്ചേരി ഗവൺമെന്റ് ഹൈസ്ക്കൂൾ മൈതാനിയും കൊയ്തു കഴിഞ്ഞ വയലേലകളിൽ തയ്യാറാക്കുന്ന കളിക്കളങ്ങളുമാണ് ഈ രംഗത്ത് ഉപയോഗപ്പെടുത്തുന്നത്.

സംസ്ഥാന സ്ക്കൂൾ കായികമേളയിൽ ഏറ്റവും വേഗത കൂടിയ ഓട്ടക്കാരനായി തെരഞ്ഞെടുക്കപ്പെട്ട തിരുവന്തപുരം മഹാരാജ സ്പോർട്ട്സ് സ്ക്കൂളിലെ വിദ്യാർത്ഥിയായിരുന്ന വളവന്നൂർ പഞ്ചായത്തിലെ കന്മനം സ്വദേശി തളികപറമ്പിൽ ഹംസയുടെ മകൻ അബ്ദു നാസർ. സംസ്ഥാന സ്ക്കൂൾ ഫുട്ബാൾ ടീമിൽ കേരളത്തിന്റെ ജഴ്സിയണിഞ്ഞ് അന്തമാനിൽ കളിച്ച തറയിൽ ഷാജിമോൻ കെ.പി. കാസീം, സ്റ്റേറ്റ് സിവിൽ സർവ്വീസ് താരവും ജില്ലയിലെ വേഗതയേറിയ ഓട്ടക്കാരിൽ ഒരാളുമായ ദേവദാസൻ, ജില്ലാ ടീമിൽ കളിച്ച എൻ. കെ. ഖാലിദ് ഇപ്പോൾ ജില്ലാ ടീമിൽ കളിക്കുന്ന എം. മനോജ് എന്നിവർ നമ്മുടെ പഞ്ചായത്തിന്റെ സംഭാവനകളാണ്. മലപ്പുറം ജില്ലയിലെ അറിയപ്പെടുന്ന ക്ലബ്ബായ വിക്ടറി സ്പോർട്സ് ക്ലബ്ബിന്റെ ഭൂരിഭാഗം കളിക്കാരും വളവന്നൂർ നിവാസികളാണ്. ജില്ലാതലത്തിൽ പ്രവർത്തിക്കുന്ന ജപ്പാനീസ് മാർഷൽ ഷോട്ടാക്കാൻ കരാട്ടെ അക്കാദമിയുടെ ആസ്ഥാനം വളവന്നൂരാണ്. പി.സി. അഹമ്മദ് കുട്ടി മാസ്റ്റർ പ്രസിഡണ്ടും പീഫ് ഇൻസ്ട്രക്ടർ പി.സി. മുഹമ്മദുമാണ് ഇതിന് നേതൃത്വം നൽകുന്നത്.

ജില്ലാതല മത്സരങ്ങളിൽ വിവിധ ഇനങ്ങളെ പ്രധിനിധീകരിച്ച് വളവന്നൂർ പഞ്ചായത്തിലെ ധാരാളം കായിക താരങ്ങൾ പങ്കെടുക്കാറുണ്ട്. ഫുട്ബാൾ, ക്രിക്കറ്റ്, ബാൾബാഡ്മിന്റൺ, അത്ലറ്റ്സ് തുടങ്ങിയ കായികരംഗങ്ങളിൽ മെച്ചപ്പെട്ട സൗകര്യങ്ങളും കോച്ചിംഗും നൽകിയാൽ ഈ മേഖലയിൽ വലിയ ഒരു കുതിച്ചുചാട്ടത്തിന് നമുക്ക് അവസരം ലഭിക്കും. മിക്കവാർഡുകളിലും രൂപം കൊണ്ടിട്ടുള്ള സ്പോർട്സ് ക്ലബ്ബുകൾ ശാസ്ത്രീയമായി പരിഷ്കരിച്ച് വേണ്ട സാമ്പത്തിക സഹായം നൽകി പരിപോഷിപ്പിക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കണം.

നിർദ്ദേശങ്ങൾ

1 മയ്യേരിച്ചിറ, കാവും പടി, പാറ്ക്കുട്, നെരാല, വരമ്പനാല, കുറുക്കോൾ, ഓട്ടുകരപ്പുറം, പാറമ്മലങ്ങാടി, തെക്കത്തിൽ പാറ, തുവ്വക്കാട്, പോത്തന്നൂർ, വാരണാക്കര, നെല്ലാപറമ്പ്, പാറ

ചാർട്ട് I

നിലവിലുള്ള കലാ സാംസ്കാരിക സ്ഥാപനങ്ങൾ

ക്രമ നമ്പർ	പേരും മേൽവിലാസവും	സ്ഥാപിച്ച വർഷം	മെമ്പർമാരുടെഎണ്ണം	കെട്ടിടത്തിന്റെ എണ്ണം	ധനസഹായത്തിന്റെ വിവരം	അഫിലേറ്റ് ചെയ്തിരിക്കുന്ന സ്ഥാപനം	പ്രവർത്തനത്തിന്റെ വിവരം
1.	മൈത്രി സാംസ്കാരിക വേദി, നെരാല,വളവന്നൂർ	1992	87	വാടക	ഇല്ല	നെഹ്റു യുവക് കേന്ദ്ര	സാമൂഹ്യ സാംസ്കാരിക കായിക ആരോഗ്യ രംഗം
2.	സാന്റോസ് ആർട്സ് ആന്റ് സ്പോർട്സ് ക്ലബ്ബ് പാറമ്മലങ്ങാടി	1985	40	വാടക	ഇല്ല		കായിക രംഗം
3.	ഖിലാസി സ്പോർട്സ് ക്ലബ്ബ്, വരമ്പനാല	1995	25	വാടക	ഇല്ല		കായിക രംഗം
4.	റൊമാനിയ സ്പോർട്സ് ക്ലബ്ബ് - പാറക്കൂട്	1995	22	വാടക	ഇല്ല		കായിക രംഗം
5.	ഫ്രൻസ് ആർട്സ് ആന്റ് സ്പോർട്സ്, തുവക്കാട്	1994	30	വാടക	ഇല്ല		കലാകായിക രംഗം, നാരയം കൈയ്യെഴുത്തു മാസിക നടത്തുന്നു.
6.	പാറക്കൽ കൾച്ചറൽ സെന്റർ, പാറക്കല്ല്	1991	150	വാടക	ഇല്ല	നെഹ്റു യുവക് കേന്ദ്ര	ജനക്ഷേമം, സാമൂഹിക സാംസ്കാരിക രംഗം
7.	ധ്വനി മ്യൂസിക് ആന്റ് ആർട്സ്, പാറക്കല്ല്	1992	25	വാടക	ഇല്ല		കലാരംഗം
8.	ന്യൂ മിലാൻ സ്പോർട്സ് ക്ലബ്ബ്, ഓട്ടുകരപുറം	1995	123	വാടക	ഇല്ല		കലാ കായിക രംഗം
9.	പ്രതികരണ വേദി മേടിപാറ						സാംസ്കാരിക രംഗം
10.	ഫൈറ്റേഴ്സ് ആർട്സ് ആന്റ് സ്പോർട്സ് ക്ലബ്ബ് ചെനക്കൽ			വാടക	ഇല്ല		കായിക രംഗം
11.	കിംഗ് ചെസ് സെന്റർ വളവന്നൂർ	1996	53	വാടക	ഇല്ല		കായിക രംഗം.
12.	സംഘമിത്ര, കന്മനം	1996		വാടക	ഇല്ല		കലാകായിക രംഗം.
13.	ഫ്രീഡം ഫൈറ്റേഴ്സ് പൊത്തന്നൂർ	1996	30	വാടക	ഇല്ല		കായിക രംഗം.

നിലവിൽ പ്രവർത്തിക്കുന്ന ഗ്രന്ഥാലയങ്ങൾ

ക്രമ നമ്പർ	പേരും മേൽവിലാസവും	സ്ഥാപിച്ച വർഷം	കെട്ടിടത്തിന്റെ വിവരം	നിലവിലുള്ള മെമ്പർമാർ	പുസ്തകങ്ങളുടെ എണ്ണം	പ്രതിമാസ വിതരണം	കീഴിൽ പ്രവർത്തിക്കുന്നവയുടെ വിവരണം	സർക്കാർ ഗ്രാന്റ്
1.	വളവന്നൂർ പഞ്ചായത്ത് സി.എച്ച്. മുഹമ്മദ് കോയ സാംസ്ക്കാരിക ഗ്രന്ഥാലയം	1991	സ്വന്തം	169	1248	240	ഗ്രന്ഥാലയം വായനശാല ടെലിവിഷൻ	ഉണ്ട്.
2.	അൻസാർ അറബി കോളേജ് യൂണിയൻ ലൈബ്രറി	1964	സ്വന്തം	242	7500	170	ഗ്രന്ഥാലയം	ഇല്ല.
3.	തനിമ ലൈബ്രറി ആന്റ് റീഡിങ്ങ് റും	1995	വാടക	75	450	30	ഗ്രന്ഥാലയം വായന ശാല രക്തദാന ഫോറം	ഇല്ല.
4.	ബാഫഖി യതീം ഖാന ലൈബ്രറി ആന്റ് റീഡിങ്ങ് റും	1987	സ്വന്തം	165	234	25	ഗ്രന്ഥാലയം വായന ശാല	ഇല്ല.
5.	എസ്. എസ്. എഫ്. ലൈബ്രറി, വരമ്പനാല.	1993	വാടക	30	150	30	ഗ്രന്ഥാലയം ഓഡിയോ കാസറ്റ് ലൈബ്രറി	ഇല്ല.
6.	ബിസ്മി യൂത്ത് സെന്റർ കടുങ്ങാത്തുകുണ്ട് താഴെ.	1996	വാടക	25	160	20	ഗ്രന്ഥാലയം വായനശാല	ഇല്ല.
7.	യുവജന വായനശാല വാരാണാക്കര	1988	വാടക	70	450	30	ഗ്രന്ഥാലയം വായനശാല	ഇല്ല.
8.	ഇസ്ലാമിക് ലൈബ്രറി, തുവക്കാട്	1994	വാടക	50	250	40	ഗ്രന്ഥാലയം വായനശാല	ഇല്ല.

കല്ല്, അല്ലൂർ എന്നിവിടങ്ങളിൽ പൊതുവായന ശാലയും, ലൈബ്രറിയും സ്ഥാപിക്കുക.

2. പഞ്ചായത്തിലെ എല്ലാ വർഡുകളിലും പൊതു റേഡിയോ ടെലിവിഷൻ സെറ്റുകൾ സ്ഥാപിക്കുക,

3. മിക്ക വാർഡുകളിലും പ്രവർത്തിക്കുന്ന കലാ കായിക സംഘടനകൾക്ക് വേണ്ട സഹായ സഹകരണങ്ങൾ ചെയ്തു കൊടുക്കുക.

4, ലഹരി വസ്തുക്കൾക്കെതിരെ ബോധവൽക്കരണം നടത്തുന്നതിന് ലഹരിവിരുദ്ധ പ്രസ്ഥാനങ്ങളെ പ്രോത്സാഹിപ്പിക്കാൻ പഞ്ചായത്ത് മുൻകയ്യെടുക്കുക.

5. കലാസാംസ്കാരിക പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന് പഞ്ചായത്ത് തലത്തിൽ മത്സരങ്ങൾ സംഘടിപ്പിക്കുകയും, വിദ്യാർത്ഥികൾക്ക് പ്രോത്സാഹനം നൽകുകയും ചെയ്യുക.

6. പഞ്ചായത്തിൽ കമ്മ്യൂണിറ്റി ഹാൾ സ്ഥാപിക്കുക.

7. തുവ്വക്കാട്ടിൽ സ്ഥിതി ചെയ്യുന്ന പഞ്ചായത്ത് മിനി സ്റ്റേഡിയം പരിഷ്കരിക്കുക.

8. കന്മനം പ്രദേശത്ത് ഒരു പൊതു സ്റ്റേജ് നിർമ്മിക്കുക.

9. പഞ്ചായത്ത് ലൈബ്രറിയിൽ പുതിയ പുസ്തകങ്ങൾ ഉൾപ്പെടുത്തി റഫ്രറൻസ് ലൈബ്രറിയായി ഉയർത്തുക.

10. പഞ്ചായത്തിലെ പരമ്പരാഗത കലാരൂപങ്ങൾ നിലനിർത്തുന്നതിന് വേണ്ട പ്രോത്സാഹനങ്ങൾ നൽകുക.

11. തുവ്വക്കാട് സ്റ്റേഡിയത്തിനോട് ചേർന്നു സാംസ്കാരിക നിലയത്തിന്റെ സബ് സെന്റർ സ്ഥാപിക്കുക.

12. സമ്പൂർണ്ണ മദ്യ നിരോധനം പഞ്ചായത്തിൽ നടപ്പിലാക്കുന്നതിന് യത്നിക്കുക.

13. വൈകിട്ട് 6.30 മുതൽ 9 മണി വരെ ടി.വി. പരിപാടികളിൽ വിദ്യാഭ്യാസത്തിന് പ്രാമുഖ്യം നൽകി നിയന്ത്രണം ഏർപ്പെടുത്തുക.

14. മദ്ധ്യവേനലവധി കാലങ്ങളിൽ കാര്യക്ഷമമായി ഉപയോഗപ്പെടുത്താൻ പഞ്ചായത്ത് തലത്തിൽ വേനൽകാല സംഗമം സംഘടിപ്പിക്കുക.

15. മൈത്രിയുടെയും മറ്റും സാംസ്കാരിക വേദികളുടെയും പ്രവർത്തന മണ്ഡലം കൂടുതൽ മെമ്പർമാരെ ഉൾപ്പെടുത്തി വിശാലമാക്കുക.

വളവന്നൂർ ഗ്രാമ പഞ്ചായത്ത് സാംസ്കാരിക നിലയം

വനിത

സ്ത്രീ സ്വാതന്ത്ര്യം നിഷേധിക്കപ്പെടുന്നു എന്ന് നാടെങ്ങും മുറവിളി ഉയരുമ്പോൾ സംഘടിത ശക്തിയില്ലാതെ വീട്ടിൽ ഒതുങ്ങി കൂടുകയാണ് വളവന്നൂരിലെ വനിതകൾ.

ആകെയുള്ള ജനസംഖ്യയിൽ പകുതിയിലധികം വരുന്ന സ്ത്രീകളെ ഭരണഘടനയനുസരിച്ച് തന്നെ സമൂഹത്തിലെ നിർണ്ണായക ഘടകമായി അംഗീകരിച്ചിട്ടുണ്ട് എന്നുള്ളത് സ്ത്രീകളുടെ രംഗത്ത് ശ്രദ്ധേയമായ മാറ്റങ്ങൾ ഉണ്ടാക്കുന്നതിന് ഏറെ സഹായകമാണ്. ഈ അനുകൂല സാഹചര്യം ഫലപ്രദമായി ഉപയോഗിച്ച് കൊണ്ട് നാടിന്റെ വികസനത്തിൽ സ്ത്രീ പങ്കാളിത്തം ഉറപ്പ് വരുത്തണം.

ഇന്ത്യാരാജ്യത്തെ എല്ലാ മതസ്ഥരും സ്ത്രീക്ക് മാന്യമായ പദവിയും അംഗീകാരവും നൽകുന്നുണ്ട്. എന്നാൽ കാലാന്തരങ്ങളിൽ സ്ത്രീകൾക്കെതിരെയുള്ള വിവേചനം സമൂഹത്തിൽ വ്യാപിച്ചു. രാഷ്ട്രീയ, സാമൂഹ്യ, സാമ്പത്തിക മേഖലകളിൽ നിന്ന് അവളെ അകറ്റി നിർത്തപ്പെട്ടു. പകലന്തിയോളം വീടുകളിൽ കഷ്ടപ്പെട്ടു ജോലിചെയ്യുന്ന സ്ത്രീകളുടെ അദ്ധ്വാനത്തിന്ന് വില കൽപ്പിക്കുവാനോ സാമൂഹ്യ അംഗീകാരം നൽകുവാനോ ആരും തയ്യാറാകുന്നില്ല.

പെൺകുട്ടികൾക്ക് വിദ്യാഭ്യസത്തിന്ന് ഉള്ള അവകാശം പോലും നിഷേധിക്കപ്പെടുന്ന കാലം ഉണ്ടായിരുന്നു. അന്ന് സവർണ്ണ വിഭാഗത്തിൽ പെട്ട പെൺകുട്ടികൾക്ക് മാത്രമാണ് പേരിനെങ്കിലും വിദ്യാഭ്യാസത്തിനുള്ള അവസരം ലഭിച്ചിരുന്നത്. എന്നാൽ കാലക്രമേണ സമൂഹത്തിൽ ഉണ്ടായ മാറ്റങ്ങൾക്കനുസൃതമായി സ്ത്രീകൾക്ക് അവരുടെ രംഗത്ത് മാറ്റങ്ങൾ ഉണ്ടായിട്ടുണ്ട്. 1991 ലെ സെൻസസ് പ്രകാരം വളവന്നൂർ പഞ്ചായത്തിലെ സ്ത്രീ ജനസംഖ്യ 14263 ആണ് ഇത് പഞ്ചായത്തിലെ പുരുഷ ജനസംഖ്യയേക്കാൾ 1231 എണ്ണം അധികമാണ് സ്ത്രീകളുടെത് ഈ വർദ്ധനവ് തന്നെ സമൂഹത്തിലെ അവരുടെ പ്രാധാന്യം ഓർമ്മിപ്പിക്കുന്നു. വളവന്നൂർ പഞ്ചായത്തിൽ ആകെയുള്ള വീടുകളിൽ 35% ത്തോളം വീടുകളുടേയും ഭരണം സ്ത്രീകളുടെ നിയന്ത്രണത്തിൽ തന്നെയാണ്. പൊതുരംഗത്ത് പ്രവർത്തിക്കുന്ന സ്ത്രീകൾ പൊതുവെ കുറവാണ്. വിദ്യാലയങ്ങളിൽ മാത്രമാണ് സ്ത്രീ ജീവനക്കാരുടെ എണ്ണം അൽപ്പമെങ്കിലും കൂടുതലുള്ളത്. പെൺകുട്ടികൾക്ക് മാത്രമുള്ള വിദ്യാലയങ്ങൾ ഒന്നും തന്നെ ഈ പഞ്ചായത്തിലില്ല. ഹൈസ്കൂൾ തലത്തിൽ വരെ പെൺകുട്ടികളുടെ കൊഴിഞ്ഞ് പോക്ക് ഉണ്ടെങ്കിലും എണ്ണം കൊണ്ട് വിദ്യാലയങ്ങളിൽ കൂടുതൽ പെൺകുട്ടികളാണ്. പക്ഷെ ഉന്നത വിദ്യാഭ്യാസ രംഗത്ത് നമ്മുടെ പഞ്ചായത്തിൽ ആൺകുട്ടികൾ തന്നെയാണ് മുന്നിൽ

1940 നി മുമ്പ് തന്നെ സ്ത്രീ വിദ്യാഭ്യാസത്തിന് പ്രധാന്യം കൽപ്പിച്ചിരുന്നു എങ്കിലും കൂടുതൽ സൗകര്യം ലഭിക്കാതെ പോവുകയാണുണ്ടായത്.

അത് കൊണ്ട് തന്നെ സ്ത്രീകൾ അവരുടെ ജോലി അടുക്കളയിൽ മാത്രമായി ഒതുക്കി. വളവന്നൂർ പഞ്ചായത്തിലെ അന്നത്തെ ഓത്തുപള്ളി വിദ്യാഭ്യാസത്തിന്റെ നേതൃ നിരയിൽ നിറഞ്ഞ് നിൽക്കുകയും ഒട്ടനവധി ജനങ്ങൾക്ക് അക്ഷരത്തിന്റെ പൊൻ ലിപികൾ ഓത്തുപലക (മരപ്പലക)യിലൂടെ പകർന്നു കൊടുക്കുകയുംചെയ്ത. ചോമയിൽ കുഞ്ഞീമ എന്നിവരുടെ നേതൃത്വ പരമായ പങ്ക് ഈ പഞ്ചായത്തിലെ വനിതാ വിദ്യാഭ്യാസത്തിനു ഏറെ ആക്കം കൂട്ടിയിട്ടുണ്ട്.

തൊഴിൽ മേഖലയിൽ കൂടുതൽ സ്ത്രീകളും കൃഷിപണി ചെയ്യുന്നവരും ചുരുക്കം ചിലർ മാത്രം മറ്റു തൊഴിലുകളെ ആശ്രയിക്കുന്നവരുമാണ്. കൂലിയുടെ കാര്യത്തിലുള്ള വിവേചനം ഇവിടേയും നില നിൽക്കുന്നു. കാർഷിക മേഖലയിൽ പ്രത്യേകിച്ചും സ്ത്രീകൾക്ക് വളരെ കുറഞ്ഞ് കൂലിയാണ് ലഭിക്കുന്നത്. ഈ പഞ്ചായത്തിൽ സ്വയം തൊഴിൽ സംരംഭങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന സ്ത്രീകളുടെ എണ്ണം വളരെ കുറവാണ്. ഒന്നോ രണ്ടോ തുന്നൽ പരിശീലനകേന്ദ്രവും ഒരു ഇലടോണിക്സ് അസംബ്ലിയൂണിറ്റുമൊഴികെ മറ്റു സ്ഥാപനങ്ങൾ ഒന്നും തന്നെ ഈ രംഗത്ത് പ്രവർത്തിക്കുന്നില്ല.

തൊഴിൽ മേഖലയിൽ സ്ത്രീകളുടെ പങ്കാളിത്തം സൂചിപ്പിക്കുന്ന പട്ടിക താഴെ കൊടുക്കുന്നു.

സ്വാതന്ത്ര്യസമര രംഗത്തെ സ്ത്രീ പങ്കാളിത്തം പൊതുവെ കുറവായിരുന്നുവെങ്കിലും പിന്നീട് 1971 ൽസി.പി.ബീവിയുമ്മ പ്രസിഡന്റും ഇന്നത്തെ രണ്ടാം വാർഡ് മെമ്പർ വി. കെ കദീജ ജനറൽ സെക്രട്ടറിയുമായ വരമ്പനാല മഹിളാസമാജം എന്ന പേരിൽ മഹിളാസമാജം രജിസ്റ്റർ ചെയ്തു. പ്രവർത്തിച്ചിരുന്നു. ഇതിനു കീഴിൽ 1972 ആഗസ്റ്റ് 31, സെപ്റ്റബർ 1,2 തീയതികളിലായി നടന്ന ത്രിദിന പോഷകാഹാരക്യാമ്പ് അന്നത്തെ മലപ്പുറം ജില്ലാ കലക്ടർ കെ. ജെ ജോണി ന്റെ അദ്ധ്യക്ഷതയിൽ പി.വി.ശങ്കുണ്ണി വാര്യർ ഉൽഘാടനം ചെയ്തതോടെ മഹിളാ പ്രവർത്തനരംഗത്ത് പഞ്ചായത്തിൽ ശ്രദ്ദേയമായ ഒരു കാൽ വെപ്പ് നടത്തി.തുടർന്ന് 1974 ഒക്ടോബറിൽ രണ്ട് മുതൽ ഒരാഴ്ചയോളം നീണ്ടു നിന്ന സാമൂഹ്യ വികസന വാരാഘോഷം നടത്തിയതോടെ ഈ മഹിളാ സമാജം ജനഹൃദയങ്ങളിൽ സ്ഥാനം പിടിച്ചു. തുടർന്ന് ഏതാനും വർഷക്കാലം മികവുറ്റ പ്രവർത്തന പരിപാടികളുമായി നിറഞ്ഞു നിന്നെങ്കിലും കാലക്രമേണ നിശ്ചലമാവുകയാണുണ്ടായത്. ഇപ്പോൾ ഈ പഞ്ചായത്തിലെ മഹിളാ സമാജങ്ങളുടെ പട്ടിക ശൂന്യമാണ്.

വനിതകളുടെ ജീവിതക്രമത്തിനുണ്ടായ മാറ്റവും

പട്ടിക 1

അവലംഭം (1991സെൻസസ്)

	തൊഴിൽ പ്രധിനിത്യം		കൂലിനിരക്ക്	
തൊഴിൽ മേഖല	സ്ത്രീ	പുരഷൻ	സ്ത്രീ	പുരുഷൻ
കാർഷിക രംഗം	135	626	60	110
കുടിൽ വ്യവസായം	7	57		
നിർമ്മാണം(കെട്ടിടം)	7	606	75	125
ഗതാഗതം, വർത്താവിനിമയം	5	349		
വ്യാപാരം	13	736		
ഉദ്യോഗസ്ഥ മേഖല	19	847		
മറ്റുള്ളവ	549	1556	70	125
ആകെ	735	4777		

ഭക്ഷണ രീതിയിലെ പ്രത്യേകതകളും പൊതുവിൽ ജനങ്ങളുടെ ആരോഗ്യ സ്ഥിതിയെ വിപരീതമായി ബാധിക്കുന്നു. സ്ത്രീകളും ഈ പ്രശ്നത്തിൽ നിന്ന് വിമുക്തരല്ല. പഞ്ചായത്തിലെ ആരോഗ്യ കേന്ദ്രങ്ങളിൽ ചികിത്സ തേടിയെത്തുന്നവരിൽ അധികവും സ്ത്രീകൾ തന്നെയാണുള്ളത് ഈ വസ്തുതയെ ഒന്നുകൂടി ബലപ്പെടുത്തുന്നു. സ്ത്രീധനം എന്ന മാരക വിപത്തിന്റെ പീഢനം അനുഭവിക്കുന്ന സത്രീകളും കുറവല്ല. ചില സ്ത്രീധന പീഢനകേസുകളിലെ മുഖ്യ പ്രതികൾ സ്ത്രീകൾ തന്നെയാണെന്നതും വിചിത്രം തന്നെയാണ്. ചാരായ നിരോധനം നിലവിൽ വന്നിട്ടുണ്ടെങ്കിലും മറ്റു മദ്യങ്ങളുടെ ലഭ്യതകാരണം പല സ്ത്രീകളും മദ്യാപാനരുടെ പീഢനത്തിൽ നിന്നും പൂണ്ണമായും മുക്തരല്ല. സ്ത്രീകൾക്കെതിരെയുള്ള അക്രമപ്രവണത പൊതുവെ കുറവാണെങ്കിലും വിദ്യാർത്ഥിനികളുടെനേരെയുള്ള ശല്യം പ്രത്യേകിച്ച് യാത്രാവേളകളിൽ കൂടി വരുന്നതായി ഗ്രാമസഭാ റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു. നഗ്നത നിറഞ്ഞ സിനിമ പോസ്റ്ററുകളുടേയും ഈ രംഗത്തെ മാധ്യമങ്ങളുടേയും മറ്റു പ്രസിദ്ധീകരണങ്ങളുടേയും ദുരുപയോഗം ഒരു ഭീഷണിയായി തുടങ്ങിയിട്ടുണ്ട്.

വിദ്യാഭ്യാസപരമായി കുറെയൊക്കെ പുരോഗതി നേടാൻ സ്ത്രീകളിൽ കഴിഞ്ഞെങ്കിലും സാക്ഷരതാ പ്രവർത്തനം നിശ്ചലമായത് ഈ രംഗത്തെ പുരോഗതിയെ തടസ്സപ്പെടാനിടയാക്കിയിട്ടുണ്ട്. മിക്ക സ്ത്രീകളും ജീവിത സൗകര്യം കൂടിയതിനാലും സാമ്പത്തിക ആധിക്യം കൊണ്ടും കുടുബത്തിനുള്ളിൽ തന്നെ ഒതുങ്ങി നിൽക്കാവുന്ന പ്രവണതാണ് കാണിക്കുന്നത് അത് കൊണ്ട് തന്നെ സമൂഹത്തിന്റെ നന്മക്ക് വേണ്ടി അവരുടേതായ പങ്ക് നിർവ്വഹിക്കണം എന്ന ബോധം പൊതുവെ കുറഞ്ഞ് പോകുന്നു. സ്വന്തം കഴിവ് തിരിച്ചറിയുകയും ആ കഴിവ് ഉപയോഗിച്ച് സമൂഹത്തിൽ അംഗീകാരം നേടിയെടുക്കാൻ തയ്യാറാവുകയും ഏറ്റെടുക്കുന്ന ഉത്തരവാദിത്വങ്ങൾ ഫലപ്രദമായി നിറവേറ്റികൊണ്ട് അവകാശങ്ങളും അധികാരങ്ങളും ചോദിച്ചുവാങ്ങാൻ കഴിയുന്ന രീതിയിൽ സത്രീകളെ സജ്ജരാക്കേണ്ടതുമാണ്.

	ആകെ സ്ത്രീകൾ	അധിക പോഷകത്തെ ആവശ്യമായി വരുന്നവൾ
ഗർഭിണികൾ	313	169
മുലയൂട്ടുന്ന അമ്മമാർ	319	196

പ്രശ്നങ്ങൾ

- തൊഴിലില്ലായ്മ ഒരു പ്രധാന പ്രശ്നമാണ്.
- ഉത്തര വാദിത്വങ്ങൾ ഏറ്റെടുക്കാനുള്ള ആത്മ വിശ്വാസമില്ലായ്മ വേണ്ട രീതിയിലുള്ള പ്രോത്സാഹനം ലഭിക്കായ്ക ഇതൊക്കെ തന്നെ സ്ത്രീകളെ തൊഴിൽ രംഗത്ത് നിഷ്ക്രിയരാക്കുന്നു.
- വിവിധ പദ്ധതികൾ അവയുടെ സാധ്യതകൾ ലഭ്യത ഇവയെ കുറിച്ചുള്ള അജ്ഞത
- സ്ത്രീകളുടെ അവകാശങ്ങളെ കുറിച്ചുള്ള അറിവില്ലായ്മ.
- അംഗൻവാടി അദ്ധ്യാപകരുടെ വർദ്ധിച്ച ജോലി ഭാരവും ന്യായമായ തോതിൽ വേതനം ലഭിക്കാത്തതും മൂലം അവരുടെ പ്രവർത്തന മേഖല കാര്യക്ഷമം അല്ല.
- പൊതു പ്രവർത്തനം സ്ത്രീകൾക്ക് നിഷിദ്ധമാണ് എന്ന ധാരണയും, പൊതുരംഗത്തിറങ്ങിയാൽ അപവാദങ്ങൾ കേൾക്കേണ്ടി വരുമോ എന്ന ആശങ്കയും സ്ത്രീകളെ പൊതുരംഗത്ത് നിന്ന് അകറ്റിനിർത്തുന്നു.
- യാത്രാ വേളകളിലേയും മറ്റും ശല്യം കൂടിവരുന്നു.
- ഹൈസ്കൂൾ തലത്തിൽ പെൺകുട്ടികളുടെ കൊഴിഞ്ഞ്പോക്ക് ഗണ്യമായി വർദ്ധിക്കുന്നു.
- സ്ത്രീധന സമ്പ്രദായം പെൺകുട്ടികളെ വിപണനചരക്കാക്കുന്നു.

നിർദ്ദേശങ്ങൾ

1. പഞ്ചായത്ത് തലത്തിൽ ജാഗ്രതാ ഗ്രൂപ്പുകൾ രൂപീകരിക്കുക. (സ്ത്രീകളുടെ നിയമങ്ങളെ

കുറിച്ചും സ്വയംതൊഴിൽ സംരംഭങ്ങളെ കുറിച്ചും ആവശ്യമായ നിർദ്ദേശങ്ങൾ കൊടുക്കാൻ ഈ ഗ്രൂപ്പുകൾക്ക് കഴിയണം.)

2. പഞ്ചായത്തു തലത്തിൽ നേതൃത്വപരിശീലന ക്ലാസുകൾ സംഘടിപ്പിക്കാവുന്നതാണ്. ഉത്തരവാദിത്വങ്ങൾ ഏറ്റെടുക്കുന്നതിനും ആത്മവിശ്വാസത്തോടെ മുന്നിട്ടിറിങ്ങുന്നതിനും ഈ ക്ലാസുകളിലൂടെ പരിശീലനം കൊടുക്കണം.

3. പ്രീ പ്രൈമറി രംഗത്തു പ്രവർത്തിക്കുന്ന അംഗൻവാടികൾ, നഴ്സറി തുടങ്ങിയവയുടെ പ്രവർത്തനം കാര്യക്ഷമമാക്കണം.

4. വിദ്യാലയത്തിലെ മാതൃസംഘടനകളുടെ പ്രവർത്തനം ശക്തിപ്പെടുത്തണം.

5. കൂട്ടായ്മയും സഹകരണവും വളർത്തുന്ന രീതിയിൽ അയൽകൂട്ട സമ്പ്രദായം ശക്തിപ്പെടുത്തണം.

6. സ്ത്രീകൾക്ക് മാത്രമായി ഒരു തൊഴിൽ ശാല വാർഡുകൾ തോറും സ്ഥാപിക്കണം (തുന്നൽ, കോഴിവളർത്തൽ , ആടുമാടുവളർത്തൽ സോപ്പ് നിർമ്മാണം കരകൗശല നിർമ്മാണം)

7. ഓരോ വാർഡിലും മഹിളാ സമാജങ്ങൾ സ്ഥാപിക്കണം.

8 പഞ്ചായത്തിൽ വനിതകൾക്ക് മാത്രമായി ഒരു വായന ശാല ഉണ്ടായിരിക്കണം.

9. സാമ്പത്തിക സ്വാശ്രയത്വം കൈവരിക്കുന്നതിന് വേണ്ടി സ്വയം തൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നതിന് സബ്സിഡി നിരക്കിൽ സാമ്പത്തിക സഹായ ങ്ങൾ നൽകണം.

10. വിഭവ സാധ്യത കണക്കിലെടുത്ത് തൊഴിൽ യൂണിറ്റുകൾതുടങ്ങുകയും അവക്കുള്ള പരിശീലന പരിപാടികൾ തുടങ്ങുകയും വേണം.

11. വിധവാ പെൻഷൻ, അഗതി പെൻഷൻ, മാതൃ സഹായ പദ്ധതിയുടെ അനുകൂല്യങ്ങൾ അർഹരായ മുഴുവൻ സ്ത്രീകൾക്കും ലഭ്യമാക്കുക.

12. വാർഡുകൾ തോറും വനിതാ ബോധവൽക്കരണ ക്ലാസുകൾ നടത്തണം. വനിതാ സെമിനാർ സംഘടിപ്പിച്ച് കൂടിൽ വ്യവസായ സാധ്യതകളെ കുറിച്ച് ക്ലാസുകൾ നൽകണം.

13. യാത്രാ വേളകളിലും മറ്റു വനിതകളോടുള്ള പ്രത്യേകിച്ച വിദ്യാർത്ഥിനികൾക്കെതിരെയുള്ള ശല്യം ഇല്ലാതാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കണം. ബസ്സുകളുടെ ഫുഡ്ബോർഡിലെ കിളിശല്യത്തിനെതിരെ നിയമ നടപടികൾ വേണം.

14. പാവപ്പെട്ട പെൺകുട്ടികൾക്ക് വിവാഹത്തിന്ന് ധനസഹായം നൽകണം.

സഹകരണം



ഐക്യ കേരളം രൂപീകരിക്കുന്നതിന് മൂന്ന് പതിറ്റാണ്ടുകൾക്ക് മുമ്പ് ഈ പ്രദേശത്ത് സഹകരണ പ്രസ്ഥാനത്തിന് തുടക്കം കുറിച്ചിട്ടുണ്ട്. 1924 ൽ രൂപീകൃതമായ കന്മനം സർവ്വീസ് സഹകരണ ബാങ്കാണ് ഇവിടുത്തെ ആദ്യത്തെ സഹകരണ സംഘം. ഭീമമായ തുക പലിശ ഈടാക്കികൊണ്ട് വായ്പ നൽകി പാവപ്പെട്ടവന്റെ കഴുത്തറുക്കുന്ന ജന്മിമാർക്കെതിരെയുള്ള പ്രതിഷേധമാണ് ഈ സംഘത്തിന്റെ രൂപീകരണത്തിന്ന് പശ്ചാത്തലമൊരുക്കിയത്. ഇത് കൂടാതെ മറ്റു മൂന്ന് സഹകരണ സ്ഥാപനങ്ങൾ കൂടി പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. : വളവന്നൂർ സർവ്വീസ് സഹകരണ ബാങ്ക്, പാറക്കൽ സ്ക്കൂൾ കോംപ്ലക്സ് കോ ഓപ്പറേറ്റീവ് സൊസൈറ്റി, വളവന്നൂർ വനിതാ ഗ്രാമ വ്യവസായ സഹകരണ സംഘം. താലൂക്ക് തലത്തിൽ പ്രവർത്തിക്കുന്ന ചില സംഘങ്ങളുടെ പ്രവർത്തന പരിധിയിൽ വളവന്നൂർ പഞ്ചായത്ത് കൂടി ഉൾപ്പെടുന്നുണ്ട്. എങ്കിലും അവയുടെ സേവനങ്ങളെകുറിച്ച് ഇവിടുത്തുകാർ വേണ്ടത്ര ബോധവാന്മാരെല്ലന്നതാണ് സത്യം. ക്ഷീര സഹകരണ സംഘങ്ങളോ നെൽകൃഷിക്കായുള്ള ഗ്രൂപ്പ് ഫാമിങ്ങ് സഹകരണ സംഘങ്ങളോ ഒന്നുതന്നെ ഇല്ല. മൊത്തം 36 പേർ ഇവിടെ സഹകരണമേഖലയിൽ ജോലി ചെയ്യുന്നു.

കന്മനം സർവ്വീസ് സഹകരണ ബാങ്ക്.

വിവിധോദ്ദേശ ഐക്യനാണയ സംഘമായിട്ടാണ് ഈ സ്ഥാപനത്തിന്റെ പ്രവർത്തനം ആരംഭിച്ചത്. പോത്തനേ പുത്തൻ വീട്ടിൽ നാരായനുണ്ണി മൂപ്പിൽ നായർ എന്ന മഹൽ വ്യക്തിയായിരുന്നു ഇതിന്റെ സ്ഥാപകനും ആദ്യകാല അദ്ധ്യക്ഷനും . 251 മെമ്പർമാരുടേതായി 342 ഓഹരികളിൽ നിന്നും പിരിഞ്ഞു കിട്ടിയ 1393 രൂപ ഓഹരി മൂലധനവും ധനസഹായ ബങ്കിൽ നിന്നുള്ള 946 രൂപയുമായിരുന്നു അന്നത്തെ പ്രവർത്തന മൂലധനം. 4393 രൂപ മെമ്പർമാരിൽ നിന്ന് പിരിഞ്ഞ് കിട്ടുവാനും ഉണ്ടായിരുന്നു. നാട്ടുകാരുടെ കാർഷികാവശ്യങ്ങൾ വർദ്ധിക്കുകയും കൂടുതൽ വായ്പാ സൗകര്യങ്ങൾ ആവശ്യമായും വന്നതോടെ 1966ൽ മദിരാശി സഹകരണ നിയമത്തിൻ കീഴിൽ ഒരു സർവ്വീസ് സഹകരണ സംഘമായി ഈ സ്ഥാപനം രജിസ്റ്റർ ചെയ്യപ്പെട്ടു. മണിപ്പറമ്പിൽ രാമൻ എന്നയാൾ പ്രസിഡണ്ടായുള്ള കമ്മിറ്റിയാണ് അന്ന് ഭരണം നടത്തിയിരുന്നത്.

സർവ്വീസ് സഹകരണ സംഘമായി അംഗീകാരം കിട്ടുമ്പോൾ 438 അംഗങ്ങളാണുണ്ടായിരുന്നത്. 7787 രൂപ ഓഹരി മൂലധനവും 472 രൂപ നിക്ഷേപവും 24558 രൂപ ധന സഹായ ബാങ്ക് വായ്പയും അടങ്ങിയതായിരുന്നു പ്രവർത്തന മൂലധനം.

വളവന്നൂർ പഞ്ചായത്തിന്റെ പ്രഥമ പ്രസിഡണ്ടായിരുന്ന ഞാറക്കോട്ട് കുഞ്ഞിചേക്കുഹാജി ഈ സംഘത്തിന്റെ ആദ്യകാല പ്രവർത്തകരിൽ പ്രമുഖനായിരുന്നു. കൂടാതെ ബാങ്കിന്റെ മുൻകാല അദ്ധ്യന്മാരായ ഇ. രാമൻ മേനോൻ, വി. സൈതല

വിഹാജി, ടി.കെ. അബൂബക്കർ കുരിക്കൾ, വി.എം. പ്രഭാകരനുണ്ണി, എ.കെ. കുഞ്ഞുട്ടി, എ.കെ. മുഹമ്മദ് മാസ്റ്റർ, കെ.എം. കോയാമു എന്ന കുഞ്ഞിപ്പ, ഡോക്ടർ ടി.കെ. മുഹമ്മദ് കുട്ടി കുരിക്കൾ, പി. ആയിശു ടീച്ചർ, സി.വി. മുഹമ്മദ്, എൻ. മുഹമ്മദുണ്ണി എന്നിവരെ പ്രത്യേകം സ്മരിക്കേണ്ടതുണ്ട്. 1924 മുതൽ ഈ ബാങ്കിലെ ഒരേ ഒരു ജീവനക്കാരനായികൊണ്ട് 1982 വരേയും സേവനമനുഷ്ഠിച്ച കൊടക്കാട്ട് കാരിക്കുട്ടിയെ ഒഴിച്ചു നിർത്തിയാൽ ഈ സ്ഥാപനത്തിന്റെ ചരിത്രം പൂർണ്ണമാവില്ല. അറുപതുകളുടെ അവസാനത്തിൽ ഈ ബാങ്കിനെ വളവന്നൂർ സർവ്വീസ് ബാങ്കിൽ ലയിപ്പിക്കാനുള്ള ശ്രമം നടന്നെങ്കിലും പ്രദേശത്തുകാരുടെ എതിർപ്പുകാരണം നടക്കാതെ പോവുകയായിരുന്നു.

ഇന്നത്തെ അവസ്ഥ

ഏഴു പതിറ്റാണ്ട് കാലത്തെ പ്രവർത്തന പാരമ്പര്യമുള്ള കന്മനം സർവ്വീസ് സഹകരണ ബാങ്ക് നഷ്ടത്തിൽ നിന്നും കരകയറി ഇപ്പോൾ ലാഭത്തിൽ പ്രവർത്തിക്കുന്നു. എൻ. മുഹമ്മദുണ്ണിയുടെ അദ്ധ്യക്ഷതയിൽ പ്രവർത്തിക്കുന്ന ഈ സംഘത്തിന്റെ സെക്രട്ടറി എം. ബാലഗംഗാധരനാണ്. പ്രവർത്തക പരിധിയിലുള്ള കർഷകരിൽ അറുപത് ശതമാനത്തോളം പേർക്ക് ഇവിടെ അംഗത്വമുണ്ട്. പ്രദേശത്തെ ഭൂരിഭാഗം കുടുംബങ്ങളുടെയും വരുമാനത്തിന്റെ ഉറവിടം ഗൾഫുനാടുകളാണെങ്കിലും വിദേശത്ത് നിന്ന് പണമയക്കുന്നതിനോ അക്കൗണ്ട് എടുക്കുന്നതിനോ ഉള്ള സൗകര്യം ഈ സ്ഥാപനത്തിനില്ല.

വായ്പ വാങ്ങുന്നവരിൽ സിംഹഭാഗവും വായ്പാ സംഖ്യ യഥാർത്ഥ ആവശ്യത്തിനുപയോഗിക്കാതെ ദുരുപയോഗം ചെയ്യുന്നതാണ് വലിയ പ്രശ്നം. ഇത് പരിശോധിക്കാനുള്ള യാതൊരു സംവിധാനവും നിലവിലില്ല. അത് കൊണ്ട് തന്നെ വായ്പയുടെ സിംഹഭാഗവും അവധി ബാക്കിയാണ്.

ഇപ്പോൾ ബാങ്ക് പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ ഉൽഘാടനം നിർവ്വഹിക്കപ്പെട്ടത് 1993 ലായിരുന്നു. വിശാലമായ ഗോഡൗൺ സൗകര്യം ഇവിടെയുണ്ട്. ബാങ്കിങ്ങ് സൗകര്യം തീരെയില്ലാത്ത അല്ലൂർ പ്രദേശത്ത് ഒരു ശാഖ സ്ഥാപിക്കുന്നതിനുള്ള നീക്കങ്ങൾ നടന്നു വരുന്നു.

തെങ്ങ്, കവുങ്ങ്, വെറ്റില തുടങ്ങിയ പ്രദേശത്തെ പ്രധാനപ്പെട്ട കൃഷികൾക്ക് ദീർഘകാലാടിസ്ഥാനത്തിൽ നബാഡിൽ നിന്നും പുനഃവായ്പകൾ ലഭിക്കുന്നില്ല. കർഷകർക്ക് അനുവദിച്ച പ്രൊഡക്ഷൻ ഇൻസെന്റീവിന്റെ കാര്യത്തിലും ഇതു തന്നെയാണ് അവസ്ഥ. ഇന്ന് പരമാവധി 25000 രൂപ മാത്രമാണ് ബാങ്കിന് വായ്പ നൽകാൻ കഴിയുന്നത്. അതേ സമയം, സ്വയം തൊഴിൽ കണ്ടെത്തുന്നതിന് വേണ്ടി യാതൊരു സഹായവും നൽകാൻ ബാങ്കിനാവുന്നില്ല. ജില്ലാ സഹകരണ ബാങ്കിൽ നിന്നും ഹ്യസ്വകാല കാർഷിക വായ്പ വേണ്ടത്ര ലഭിക്കുന്നില്ലെന്നു മാത്രമല്ല അവർക്ക ത്രൈമാസ പലിശ കൊടുക്കേണ്ടി വരുന്നത് ബാങ്കിന് വലിയൊരു ഭാരമാണ്.

വായ്പേതര പ്രവർത്തനങ്ങളെന്ന നിലക്ക് സിമന്റ് വ്യാപാരം, ഓണച്ചന്ത, താൽകാലിക മാവേലി സ്റ്റോർ, കശുവണ്ടികൊപ്ര സംഭരണം എന്നിവ നടത്തിവരുന്നു. മലബാർ സിമന്റിന്റെ അംഗീകൃത ഡീലർഷിപ്പ് ബാങ്കിനുണ്ട്.

വളവന്നൂർ സർവ്വീസ് സഹകരണ ബാങ്ക്

1966ൽ പാറയിൽ മുഹമ്മദ് പ്രസിഡണ്ടും പടിയത്ത് മുഹമ്മദ്ഹാജി ഹോണററി സെക്രട്ടറിയും ആയിക്കൊണ്ട് സ്ഥാപിതമായ വളവന്നൂർ സർവ്വീസ് സൊസൈറ്റി 1979ലാണ് വളവന്നൂർ സർവ്വീസ് സഹകരണ ബാങ്കായി ഉയർന്നത്. ദീർഘ കാലം വളവന്നൂർ പഞ്ചായത്ത് ബോർഡ് പ്രസിഡണ്ടായി സേവനമനുഷ്ഠിച്ച മയ്യേരി അബ്ദുൾ ഖാദർ ഹാജി, എ.പി. മൊയ്തീൻകുട്ടി എന്ന പീച്ചി മാസ്റ്റർ, പി.സി. അബ്ദുറഹിമാൻ, എം.വി. ഭാസ്കരൻ എന്നിവർ സംഘത്തിന്റെ ആദ്യകാല സാരഥികളാണ്. ഈ രംഗത്ത് സ്മരിക്കപ്പെടേണ്ടുന്ന മറ്റൊരു നാമമാണ് കെ.ടി. കേശവൻ മാസ്റ്ററുടേത്.

ഇന്നത്തെ അവസ്ഥ

1984 മുതൽ കുറുക്കോളി മുയ്തീൻ അദ്ധ്യക്ഷനായുള്ള വളവന്നൂർ സർവ്വീസ് സഹകരണ ബാങ്ക് രണ്ട് ശാഖകളോടെ പ്രസക്തമായ നിലയിൽ പ്രവർത്തിച്ചു വരുന്നു. 1986 മുതൽ സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ബാങ്കിന്റെ സായാഹ്ന ശാഖ 1993ൽ നിലവിൽ വന്നു. 92ൽ സ്ഥാപിച്ച പാറമ്മൽ ശാഖ ഇപ്പോൾ പ്രവർത്തിക്കുന്നത് വാടക കെട്ടിടത്തിലാണെങ്കിലും സ്വന്തമായി ബിൽഡിങ്ങ് നിർമ്മിക്കാൻ പാറമ്മൽ അങ്ങാടിയിൽ അഞ്ച് സെന്റ് സ്ഥലം വാങ്ങിയിട്ടുണ്ട്. ശ്രീമതി പ്രസന്ന കെ. ദീർഘകാലമായി ബാങ്കിന്റെ സെക്രട്ടറിയായി സേവനമനുഷ്ഠിക്കുന്നു.

തുഛമായ മൂലധനത്തോടുകൂടി മുന്ന് പതിറ്റാണ്ടുകൾക്ക് മുമ്പ് പ്രവർത്തനമാരംഭിച്ച ബേങ്കിന്റെ പ്രവർത്തന മൂലധനം ഇന്ന് മുന്ന് കോടിയിലധികം ഉയർന്നിട്ടുണ്ട്.ജില്ലയിലെ സഹകരണ ബാങ്കുകളുടെ ശരാശരി നഷ്ടം ഇരുപത്തിയഞ്ച് ലക്ഷത്തോളമാണെന്നിരിക്കെ, വളവന്നൂർ സർവ്വീസ് ബാങ്കിന് ഒരു പതിറ്റാണ്ടായി അതിന്റെ ബാലൻസ് ഷീറ്റിൽ ഓരോ വർഷവും 6 അക്കത്തിൽ കുറയാത്ത സംഖ്യ ലാഭത്തിൽ എഴുതിചേർക്കാൻ സാധിച്ചിട്ടുണ്ട്. ഓഡിറ്റ് ക്ലാസ്സിഫിക്കേഷന്റെ അടിസ്ഥാനത്തിൽ നിശ്ചയിക്കുന്ന ക്ലാസ് എ പദവിയുള്ള ജില്ലയിലെ മൂന്ന് ബാങ്കുകളിൽ ഒന്ന് ഈ ബാങ്കാണ്. തിരൂർ താലൂക്ക് സർക്കിൾ സഹകരണ യൂണിയൻ ഏർപ്പെടുത്തിയ നിക്ഷേപ സമാഹരണത്തിനുള്ള പ്രത്യേക ട്രോഫിയും 1987ലും 88ലും ലഭിക്കുകയുണ്ടായി. തിരൂർ താലൂക്കിൽ ഏറ്റവും നന്നായി പ്രവർത്തിക്കുന്ന സഹകരണ ബാങ്കിനുള്ള ട്രോഫിയും ഈ സ്ഥാപനം കരസ്ഥമാക്കിയിട്ടുണ്ട്.

80ാം വകുപ്പ് പ്രകാരം നിശ്ചയിക്കുന്ന ക്ലാസ് 1 പദവി 1789 മുതൽ ബാങ്കിനുണ്ട്.

പ്രവർത്തന പരിധിയിൽ പെട്ടവർക്ക് കാർഷികവും കാർഷികേതരവുമായ ആവശ്യങ്ങൾക്ക് വിവിധയിനം വായ്പകൾ നൽകിവരുന്നു.ആൾ ജാമ്യത്തിൽ വ്യക്തികൾക്ക് 5000 രൂപയും സ്വർണ്ണപണയത്തിൽ പരമാവധി 25000 രൂപയും നൽകിവരുന്നുണ്ട്. കൂടാതെ കൽപകഞ്ചേരി രജിസ്ട്രേഷൻ ഓഫീസിന്റെ പരിധിയിൽ വസിക്കുന്നവർക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിനായി ഒരു ലക്ഷം രൂപ വരെ നൽകിവരുന്നു. ഈ ഇനത്തിൽ ബാക്കി നിൽപ് ഒരു കോടിയോളം രൂപയിൽ എൺപത് ശതമാനം തുകയും വിതരണം ചെയ്തത് വളവന്നൂർ വില്ലേജ് പരിധിയിലാണ്. 1995ൽ 96 വർഷത്തിൽ സമഗ്ര നാളികേര വികസന [illegible] പ്രകാരം അപേക്ഷിച്ച മുഴുവൻ കർഷകർക്കും വായ്പ വിതരണം ചെയ്യാൻ സാധിച്ചു. വെറ്റില കൃഷിക്കായുള്ള പ്രത്യേക സ്കീം പ്രദേശത്ത് ആ കൃഷി നടത്തുന്നവർക്ക് ഏറെ ഗുണം ചെയ്യുന്നുണ്ട്. കൂടാതെ തിരൂർ, പൊന്നാനി താലൂക്ക് പരിധിയിൽ ഗൃഹോപകരണ വായ്പയിനത്തിൽ അമ്പതിനായിരം രൂപ വരെ നൽകി വരുന്നു.

സഹകരണ മേഖലയിൽ വിതരണം ചെയ്യുന്ന വായ്പ കളിൻമേലുള്ള അവധി ബാക്കി സംസ്ഥാന ശരാശരി 50% ൽ അധികമാണെന്നിരിക്കെ വളവന്നൂർ സർവ്വീസ് ബാങ്കിന്റേത് അഞ്ച് ശതമാനത്തിൽ താഴെയാണ്. വായ്പ വാങ്ങുന്നവർക്ക് അത് ദുരുപയോഗം ചെയ്യുന്നില്ലെന്ന് ഉറപ്പ് വരുത്തുന്നത് കൊണ്ടാണ് അവധി ബാക്കി ഇത്രയും കുറക്കാൻ കഴിയുന്നതെന്നാണ് ബാങ്ക് അധികൃതരുടെ ഭാഷ്യം. കാർഷികവായ്പ ഒഴിച്ചുള്ള മുഴുവൻ വായ്പകളും സ്വന്തം ഫണ്ടിൽ നിന്നാണ് നൽകുന്നത്.

വായ്പേതര രംഗത്തും ബാങ്കിന്റെ പ്രവർത്തനം സജീവമാണ്.വിവിധ കേന്ദ്രങ്ങളിൽ ഉൽസവകാല ചന്തകൾ നടത്താറുണ്ട്. ബാങ്ക് കെട്ടിടത്തിൽ തന്നെ പ്രവർത്തിക്കുന്ന വളം ഡിപ്പോ കർഷകർക്ക് സൗകര്യപ്രദമാണ്. ഒരു ലക്ഷത്തോളം രൂപ ചെലവഴിച്ച് നിർമ്മിച്ച സേഫ് ലോക്കർ സിസ്റ്റവും മെയിൻ ബ്രാഞ്ചിൽ പ്രവർത്തിക്കുന്നു. കൂടാതെ മൂന്ന് മേഖലകളിലായി പ്രവർത്തിക്കുന്ന ഡയലി ഡെപോസിറ്റ് സ്കീം പ്രദേശത്തെ താഴ്ന്ന വരുമാനക്കാരുടെ സമ്പാദ്യ ശീലത്തെ പ്രോൽസാഹിപ്പിക്കുന്നു.

ക്ര.നമ്പർ	സംഘത്തിന്റെ പേര്	പ്രവർത്തനം ആരംഭിച്ച വർഷം	പ്രവർത്തന പരിധി	വ്യക്തി അംഗത്വം	ഓഹരി മൂലധനം X 1000	കടം X(000)	നിക്ഷേപം X(000)	വായ്പകൾ		പ്രവർത്തന മൂലധനം X(000)	ലാഭമോനഷ്ടമോ X(000)		ജീവനക്കാർ	
								കാർഷികം X(000)	കാർഷികേതരം X(000)		ലാഭം X(000)	നഷ്ടം X(000)	സ്ഥിരം	മറ്റുള്ളവ
1	കന്മനം സർവ്വീസ് സഹകരണ ബാങ്ക്	1924	കന്മനം അംശം	4117	1006	2377	19636	1631	16705	23019	235	----	10	6
2	വളവന്നൂർ സർവ്വീസ് സഹകരണബേങ്ക്	1966	വളവന്നൂർ വില്ലേജ്	2459	1289	28125	24591	1245	25163	31440	11ലക്ഷം	---	13	15

വളവന്നൂർ വനിതാ ഗ്രാമ വ്യവസായ സഹകരണസംഘം.

പഞ്ചായത്തിലെയും സമീപപ്രദേശങ്ങളിലേയും അഭ്യസ്തവിദ്യരായ വനിതകളുടെ തൊഴിലില്ലായ്മ ഒരു പരിധിവരെയെങ്കിലും പരിഹരിക്കുക എന്ന ഉദ്ദേശ്യത്തോടെ 1993ൽ അഡ്വ: കെ.പി. മറിയുമ്മയുടെ നേതൃത്വത്തിലാണ് വളവന്നൂർ വനിതാ ഗ്രാമവ്യവസായ സഹകരണ സംഘം നിലവിൽ വന്നത്. വളവന്നൂർ, കൽപകഞ്ചേരി, പൊൻമുണ്ടം, ചെറിയമുണ്ടം, ആതവനാട്, കൂറ്റിപ്പുറം എന്നീ പഞ്ചായത്തുകൾ പ്രവർത്തന പരിധിയായുള്ള സംഘത്തിന്റെ പ്രഥമ സെക്രട്ടറി നസീബ താപ്പിയാണ്.

പഞ്ചായത്തിലെ ഏക വനിതാ സഹകരണ സംഘമാണിത്. ഇപ്പോൾ കെൽട്രോണിന്റെ ടൂബാന്റ് റേഡിയോ അസംബ്ലിംഗ് വർക്ക് നടത്തുന്ന ഈ സ്ഥാപനം അടുത്ത കാലം വരെ വളരെ നല്ല നിലയിൽ പ്രവർത്തിച്ചിരുന്നുവെങ്കിലും സമീപകാലത്തായി പ്രവർത്തനം മന്ദഗതിയിലാണെന്ന് പറയാം. ആവശ്യമായത്ര മെറ്റീരിയൽസ് ലഭ്യമല്ലാത്തതാണ് കാരണം. പ്രാരംഭത്തിൽ പതിനഞ്ചോളം വനിതകൾ ജോലി നോക്കിയിരുന്ന ഇവിടെ ഇപ്പോൾ എട്ട് പേരാണുള്ളത്. വേണ്ടത്ര അസംബ്ലിംഗ് മെറ്റീരിയൽസ് ലഭ്യമാക്കിയാൽ വളരെയധികം തൊഴിൽസാധ്യതയുള്ള സ്ഥാപനമാക്കി ഇതിനെ മാറ്റാൻ കഴിയും.

ക്രമനമ്പർ	സംഘത്തിന്റെ പേർ	പ്രവർത്തനം ആരംഭിച്ച വർഷം	പ്രവർത്തന പരിധി	വ്യക്തി അംഗത്വം	ഓഹരി മൂലധനം x (1000)	ജീവനക്കാർ		ലാഭമോ നഷ്ടമോ	
						സ്ഥിരം	അസ്ഥിരം മറ്റുള്ളവർ	ലാഭം	നഷ്ടം
1	വളവന്നൂർ വനിതാ ഗ്രാമവ്യവസായ സഹകരണ സംഘം	1993	വളവന്നൂർ കൽപകഞ്ചേരി ചെറിയ മുണ്ടം കൂറ്റിപ്പുറം ആതവനാട്	35	34	1	8	വ്യക്തമല്ല	

കമ്മനാ സർവ്വീസ് സഹകരണ ബേങ്ക്

പാറക്കൽ സ്കൂൾ കോംപ്ലക്സ് കോഓപ്പറേറ്റീവ് സൊസൈറ്റി.

കൺസ്യൂമർ വിഭാഗത്തിൽ ഉൾപ്പെടുന്ന പാറക്കൽ സ്കൂൾ കോംപ്ലക്സ് കോഓപ്പറേറ്റീവ് സൊസൈറ്റി രൂപീകരിച്ചത് 1976 ലാണ്. ലാഭകരമായി പ്രവർത്തിക്കുന്ന ഈ സ്ഥാപനം കോംപ്ലക്സിലെ ഏഴ് സ്കൂളുകളിൽ പുസ്തകം വിതരണം നടത്തി വരുന്നു.

സംഘത്തിന്റെ പേര്	രൂപീകരിച്ച വർഷം	വ്യക്തി അംഗത്വം	ഓഹരി മൂലധനം	പ്രവർത്തന മൂലധനം	വ്യാപാര ഇടപാടുകൾ	ലാഭം/നഷ്ടം	ജീവനക്കാർ
പാറക്കൽ സ്ക്കൂൾ കോംപ്ലക്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി	1976	71	355				

വിവിധ മേഖലയിൽ നടപ്പിലാക്കേണ്ട പദ്ധതികൾ

കാർഷികം:

1 ആൾ ജാമ്യത്തിൽ അനുവദിക്കുന്ന കാർഷിക വായ്പ 10000 രൂപയായി വർധിപ്പിക്കുകയും വായ്പ ഉപാധികൾ ലഘൂകരിക്കുയും ചെയ്യുക. ഈ ഇനത്തിൽ ഇപ്പോൾ വളവന്നൂർ സർവ്വീസ് ബാങ്ക് 5000 രൂപയും കൻമനം സർവ്വീസ് ബാങ്ക് 3000 രൂപയുമാണ് നൽകുന്നത്.

2. വളവന്നൂർ സർവ്വീസ് ബാങ്കിന് മയ്യേരിച്ചിറയിലും കുറുക്കോളിലും ശാഖകൾ സ്ഥാപിക്കുക.

3. ഐ.ആർ.ഡി.പി ലോൺ സഹകരണ ബേങ്ക് വഴി ലഭ്യമാക്കുക.

4 പഞ്ചായത്തിലുള്ള രണ്ട് സഹകരണ ബാങ്കിലും അർഹരായ എല്ലാ അപേക്ഷകർക്കും അംഗത്വം നൽകി സഹകരണ മേഖലയെ കൂടുതൽ ജനകീയമാക്കുക.

5. ആടുമാടുകളെ ധാരാളമായി വളർത്തുന്ന പ്രദേശമാണിത്. ഒരു ക്ഷീരസഹകരണ സംഘം സ്ഥാപിക്കുക.

6. തിരൂർ അർബ്ബൻ ബാങ്കിന്റെ പ്രവർത്തന പരിധിയിൽ വളവന്നൂർ പഞ്ചായത്ത് കൂടി ഉൾപ്പെടുന്നുണ്ട്. എൻ. ആർ.ഐ അകൗണ്ട് സംവിധാനവും ധാരാളം നിക്ഷേപവുമുള്ള അർബൻ ബാങ്കിന് പഞ്ചായത്തിലെ കർഷകരെയും മറ്റും വേണ്ടത്ര സഹായിക്കാൻ കഴിയും അർഹരായ എല്ലാവർക്കും അംഗത്വം ലഭ്യമാക്കുക. കടുങ്ങാത്ത് കുണ്ടിലോ കുറുക്കോളി ലോ പഞ്ചായത്ത് പ്രവർത്തന പരിധിയിൽ ഉൾപ്പെടുന്ന തിരൂർ അർബൻ ബാങ്കിന്റെ ശാഖ ആരംഭിക്കുക.

7. സഹകരണ റൂറൽ ബാങ്ക് സ്ഥാപിക്കുക.

8. കുറുക്കോളിൽ ഗ്രാമീണ വികസന ബാങ്കിന്റെ ശാഖ സ്ഥാപിക്കുക.

9. നാളികേരം, അടക്ക, കശുവണ്ടിതുടങ്ങിയ പ്രധാന കാർഷികോൽപ്പന്നങ്ങൾ സഹകരണ സംഘങ്ങളിലൂടെ വിറ്റഴിക്കാൻ സംവിധാനമുണ്ടാക്കുക.

10. വളവന്നൂർ സർവ്വീസ് ബാങ്ക് വെറ്റില കൃഷിക്ക് നൽകുന്ന വായ്പാ സൗകര്യം വർദ്ധിപ്പിക്കുകയും നാശം നേരിടുന്ന വെറ്റില കൃഷി ഉടമസ്ഥരെ സഹായിക്കുകയും ചെയ്യുക.

11. വായ്പകളിൻമേൽ അനുവദിച്ചു കിട്ടുന്ന അഞ്ച് ശതമാനം സബ്സിഡി വായ്പ തിരിച്ചടക്കുന്ന സമയത്ത് തന്നെ നൽകുവാനുള്ള സംവിധാനം ഉണ്ടാക്കണം.

12. കർഷകർക്ക് കൂടുതൽ വായ്പ ലഭ്യമാക്കാനുള്ള സൗകര്യമുണ്ടാക്കുകയും നിലവിലുള്ള കാർഷിക വായ്പക്ക് പലിശ നിരക്ക് കുറക്കുകയും വേണം.

13. നിലവിലുള്ള വായ്പകളുടെ ഈട് സമ്പ്രദായം ഒഴിവാക്കുക.

14. സഹകരണ സ്ഥാപനത്തിലെ ജീവനക്കാരും ഗുണഭോക്താക്കളും തമ്മിലുള്ള ബന്ധം കൂടുതൽ സൗഹാർദ്ധപരമാക്കാൻ ഭരണ സമിതി ശ്രദ്ധിക്കുക.

15. അവധി കഴിഞ്ഞിട്ടും തിരിച്ചടക്കാത്ത ജാമ്യക്കാർക്കെതിരെ നടപടി എടുക്കുന്ന സമ്പ്രദായം ഉപേക്ഷിക്കണം.

16. നിത്യക്കുറിയിലും ആർ.ഡി യിലും മറ്റും പണം നിക്ഷേപിക്കുന്നവർക്ക് പൂർണ്ണ സുരക്ഷിതത്വം ഉറപ്പ് വരുത്തുക.

17. സംഘങ്ങളുടെ നിലനിൽപിനായി ത്രീ ടയർ സംവിധാനം ഒഴിവാക്കി ടൂ ടയർ സംവിധാനം നടപ്പിലാക്കുക.

18. കന്മനം സർവ്വീസ് ബാങ്കിന്റെ പരിധിയിൽ വസിക്കുന്നവരുടെ പണം ബാങ്കിൽ തന്നെ നിക്ഷേപിക്കാനുള്ള ശ്രമങ്ങൾ ഉണ്ടാവണം. അങ്ങിനെ വന്നാൽ ഈ പ്രദേശത്തിന്റെ വായ്പാ ആവശ്യങ്ങൾക്ക് മറ്റു ഏജൻസികളെ ആശ്രയിക്കേണ്ടി വരില്ല.

19. ബാങ്കിംഗ് സൗകര്യം തീരെയില്ലാത്ത അല്ലൂർ പ്രദേശത്ത് കന്മനം സർവ്വീസ് ബാങ്കിന്റെ ഒരു ശാഖ അടിയന്തിരമായി സ്ഥാപിക്കുക.

20. കേര കർഷകർക്ക് വേണ്ടി ഒരു കേരകർഷക സംഘവും കൊപ്ര സംഭരിച്ച് വെളിച്ചെണ്ണയെടുത്ത് വിപണനം നടത്തുന്ന മില്ലും സ്ഥാപിക്കണം.

21. ജില്ലാ ബാങ്കിൽ നിന്നും കാർഷിക വായ്പ അനുവദിക്കുന്നതിനുള്ള നിയന്ത്രണം എടുത്തുകളയുകയും അപേക്ഷിക്കുന്ന വായ്പാ തുക മുഴുവനും അനുവദിക്കുകയും ചെയ്യുക. ബാങ്ക് ത്രൈമാസ പലിശ കണക്കാക്കി സഹകരണ സംഘങ്ങളിൽ നിന്നും ഈടാക്കുന്നത് അവസാനിപ്പിക്കേണ്ടതുണ്ട്.. വായ്പ തിരിച്ചടക്കുമ്പോൾ മാത്രമേ പലിശ ഈടാക്കാവൂ.

22. നെൽകൃഷിക്കായി ഗ്രൂപ്പ് ഫാമിംഗ് സഹകരണ സംഘങ്ങൾ രൂപികരിക്കേണ്ടത് അത്യാവശ്യമാണ്.

23. വസ്തു ഈടിന്മേൽ വായ്പ വാങ്ങുന്നവരിൽ നിന്നും ഈടാക്കുന്ന രജിസ്ട്രേഷൻ ഫീസ് കുറക്കേണ്ടതാണ്.

24. വായ്പാ അപേക്ഷകരിൽ നിന്നും ബാങ്കുകൾ മിസ്സലേനിയസ്, അപേക്ഷാ ഫോറം എന്നീ ഇനത്തിൽ ഈടാക്കുന്ന ഫീസ് ഒഴിവാക്കുക.

മറ്റ് നിർദ്ദേശങ്ങൾ.

1. ഒരു സഹകരണ ഹൗസിങ്ങ് സൊസൈറ്റി സ്ഥാപിക്കുക.

2. പാറമ്മലങ്ങാടി കേന്ദ്രമാക്കി ഒരു വ്യവസായ സഹകരണ സംഘം രൂപീകരിക്കുക.

3. ചെറുകിട കുടിൽ വ്യവസായിക ഉൽപന്നങ്ങൾ സഹകരണ സംഘങ്ങൾ വഴി വിറ്റഴിക്കാനുള്ള സംവിധാനമുണ്ടാക്കുക.

4. കൻമനം സർവ്വീസ് ബാങ്കിന്റെ കീഴിൽ പ്രവർത്തിച്ചിരുന്ന മാവേലി സ്റ്റോറിന്റെ പ്രവർത്തനം പുനരാരംഭിക്കുക. വളവന്നൂർ സർവ്വീസ് ബാങ്കിന്റെ കീഴിൽ പാറമ്മലങ്ങാടി,കുറുക്കോൾ, വരമ്പനാല എന്നിവിടങ്ങളിൽ മാവേലിസ്റ്റോർ തുടങ്ങുക.

5. കന്മനം സർവ്വീസ് സഹകരണ ബാങ്കിൽ ഗൃഹോപകരണ വായ്പ, ഉദ്യോഗസ്ഥ ജാമ്യ വായ്പ, വസ്തു വക വായ്പ എന്നിവയുടെ പരിധി 50,000 ആയി ഉയർത്തുക.

6. പ്രദേശത്ത് കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾ ധാരാളമായി നടക്കുന്നതിനാൽ ഒരു വുഡ് ഇന്റസ്ട്രിയൽ സൊസൈറ്റിക്ക് ഏറെ സാധ്യതയുണ്ട്.

7. കാർഷികേതര വായ്പക്കുള്ള പലിശ പതിനഞ്ച് ശതമാനമായി കുറക്കുകയും വ്യാവസായികാവശ്യങ്ങൾക്ക് വായ്പ നൽകുന്നതിനായി നിയമത്തിൽ വേണ്ടുന്ന ഭേദഗതികൾ വരുത്തുകയും ചെയ്യുക.

8. വളവന്നൂർ വനിതാ ഗ്രാമ വ്യവസായ സഹകരണ സംഘത്തിന് വേണ്ടത്ര അസംബ്ലിങ്ങ് മെറ്റീരിയൽ ലഭ്യമാക്കുക.

9. ധാരാളം പട്ടിക ജാതിക്കാർ വസിക്കുന്ന പഞ്ചായത്താണിത്. അവരുടെ ക്ഷേമത്തിന്നായി ഒരു ഹരിജൻ സഹകരണ സംഘം സ്ഥാപിക്കുക.

10. പാർപ്പിട പ്രശ്നം മൂലം ഇവിടെ ധാരാളം ആളുകൾ ബുദ്ധിമുട്ടനുഭവിക്കുന്നു. സഹകരണ സംഘങ്ങൾ വഴി ഭവന നിർമ്മാണ വായ്പകൾ

വിതരണം ചെയ്യേണ്ടിയിരിക്കുന്നു.

11. കന്മനം ഭാഗത്ത് വനിതകളുടെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിന്ന് ഒരു വനിതാ സഹകരണ സംഘം രൂപീകരിക്കുക.

12. സ്ഥല വാസികളുടെ വരുമാനത്തിന്റെ മുക്കാൽ പങ്കും വരുന്നത് ഗൾഫ് നാടുകളിൽ നിന്നാണ്. അത് കൊണ്ട് പഞ്ചായത്തിലെ രണ്ട് സഹകരണ ബേങ്കുകളിലും എൻ.ആർ.ഐ. അക്കൗണ്ട് സംവിധാനം ഏർപ്പെടുത്തുക.

13. കാലാവധി തീരുന്നതോടുകൂടി മുഴുവൻ സംഖ്യയും അടച്ചു തീർക്കാത്ത ദൈനംദിന നിക്ഷേപകരിൽ നിന്നും ബാങ്കുകൾ ഈടാക്കുന്ന ഫോളിയോ ചാർജ്ജ് ഒഴിവാക്കുക.

14. സഹകരണ ബാങ്കുകൾ ചിട്ടികൾ ആരംഭിക്കേണ്ടിയിരിക്കുന്നു.

15. സംഘങ്ങളുടെ പ്രവർത്തനത്തിന് ഐക്യ രൂപം കൈവരുന്നതിന്ന് ഏകീകരിച്ച നിയമം കൊണ്ട് വരേണ്ടതാണ്.

16. സംഘങ്ങളുടെ ഭരണസമിതിയുടെ കാലാവധി അഞ്ചു വർഷമാക്കുക.ഇത്മൂലം തെരഞ്ഞെടുപ്പിനത്തിൽ ചെലവഴിക്കുന്ന നല്ലൊരു ശതമാനം തുക നഷ്ടപ്പെടാതെ നോക്കാം.

17. സ്ഥാനാർത്ഥികൾ മിനിമം വിദ്യാഭ്യാസ യോഗ്യത നിശ്ചയിക്കുകയും തെരഞ്ഞെടുക്കുന്നവർക്ക് സഹകരണ മേഖലയെക്കുറിച്ച് പഠനക്ലാസ്സ് നിർബന്ധമാക്കുകയും ചെയ്യുക.

18. വളവന്നൂർ സർവ്വീസ് സഹകരണ ബേങ്കിൽ നിന്നും അംഗത്വം ലഭിക്കുന്നില്ലെന്ന രൂക്ഷമായ വിമർശനം മിക്ക ഗ്രാമ സഭകളിൽ നിന്നും ഉയർന്നു വന്നിട്ടുണ്ട്. കൂടാതെ പഞ്ചായത്തിലെ സ്ഥിര താമസക്കാരല്ലാത്തവർക്കും അംഗത്വം നൽകിയിട്ടുണ്ടെന്നും പരാതിയുണ്ടായിട്ടുണ്ട്. ആയതിനാൽ അർഹരായ എല്ലാവർക്കും പ്രത്യേക പരിഗണന കൂടാതെ മെമ്പർഷിപ്പുകൾ നൽകേണ്ടതാണ്.

വളവന്നൂർ സർവ്വീസ് സഹകരണ ബേങ്ക്

വളവന്നൂർ കൃഷി ഭവൻ

സർക്കാർ മൃഗാശുപത്രി വളവന്നൂർ

പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം

ഇന്ത്യാ രാജ്യത്തെ മൊത്തം ജനസംഖ്യയിൽ അഞ്ചിൽ ഒന്ന് പട്ടികജാതി പട്ടിക വർഗ്ഗത്തിൽ പെട്ടവരാണ്. ഇവരെ ഉദ്ധരിക്കുന്നതിനായി സർക്കാർ തലത്തിൽ കൂടുതൽ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ടെങ്കിലും ഇതിന് അനുസൃതമായി പട്ടികജാതി പട്ടികവർഗ്ഗത്തിന്റെ ജീവിതനിലവാരം ഉയർന്നുവന്നിട്ടില്ല. പലർക്കും കൊടുത്തുകൊണ്ടിരിക്കുന്ന ആനുകൂല്യങ്ങൾ അല്പം ചില ഗൃഹോപകരണങ്ങളോ പണിയായുധങ്ങളോ മാത്രമായി ഒതുങ്ങാറാണ് പതിവ്. വിദ്യാഭ്യാസ രംഗത്താണെങ്കിൽ ഇവരിന്നും പിന്നിലാണ്. വിദ്യാഭ്യാസപരമായി അല്പം ചിലർ മുൻനിരയിൽ എത്തിയിട്ടുണ്ടെങ്കിലും അവർ തങ്ങൾക്ക് കിട്ടിയ വിജ്ഞാനം സമുദായത്തിലെ താഴേക്കിടയിലുള്ളവർക്ക് പകർന്ന് കൊടുക്കുന്നതിനു വിമുഖത കാണിക്കുന്നുണ്ടോ എന്ന് സംശയിക്കുന്നു. അതേപോലെ തന്നെ പിന്നോക്ക വിഭാഗക്കാർക്കുള്ള ആനുകൂല്യങ്ങൾ സമുദായത്തിലെ മറ്റ് താഴേക്കിടക്കാർക്ക് എത്തിച്ചു കൊടുക്കുന്നതിലും അവർ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു.

വളവന്നൂർ പഞ്ചായത്തിൽ 3 ഹരിജൻ കോളനികളും, ഹരിജനങ്ങൾ ഇടകലർന്ന് താമസിക്കുന്ന രണ്ട് ലക്ഷം വീട് കോളനികളും ഒരു പുറമ്പോക്ക് കോളനിയുമാണ് ഉള്ളത്. പഞ്ചായത്തിന്റെ ആകെ ജനസംഖ്യയിൽ 2.48% ഹരിജനങ്ങളാണ്. ഇവരിൽ 304 പുരുഷൻമാരും 372 സ്ത്രീകളുമാണ്. ഹരിജൻ കോളനികളിൽ കൂടുതൽ അംഗസംഖ്യയുള്ളതും ജനങ്ങൾ തിങ്ങിത്താമസിക്കുന്നതുമായ പോത്തന്നൂരിലെ (I.H.D.P) സർക്കാർ അംഗീകൃത കോളനി 9-ാം വാർഡിലാണ് സ്ഥിതി ചെയ്യുന്നത്. മറ്റൊന്ന് സർക്കാർ അംഗീകാരത്തിനായി അപേക്ഷിച്ച മേടിപ്പാറ ഹരിജൻ കോളനി കൻമനം വില്ലേജിലെ ഉയർന്ന പ്രദേശമായ 11-ാം വാർഡിൽ നിലകൊള്ളുന്നു.

സർക്കാരിന്റെ അംഗീകാരം ലഭിക്കേണ്ടതും (I.H.D.P)യിൽ ഉൾപ്പെടുത്തേണ്ടതുമായ പാറക്കൂട് ഹരിജൻ കോളനി പഞ്ചായത്തിന്റെ, 2, 3 എന്നീ വാർഡുകളിൽ ആണെങ്കിലും ഒരു കേന്ദ്രത്തിലാണ് നിലകൊള്ളുന്നത്. ബാക്കിവരുന്ന ഹരിജനങ്ങൾ 2 കോളനികളിലും 4,6, 8 എന്നീ വാർഡുകളിൽ ഒഴിച്ചുള്ള വാർഡുകളിലായി പല ഭാഗങ്ങളിലായാണ് താമസിച്ചുവരുന്നത്.

സർക്കാർ അംഗീകാരം ലഭിച്ച പട്ടയം കിട്ടിയിട്ടുള്ള കരുവാത്ത്കുന്ന് ലക്ഷംവീട് കോളനിയിൽ താമസിക്കുന്ന ഹരിജൻ കുടുംബങ്ങൾക്കും പഞ്ചായത്തിലെ കടുങ്ങാത്തുകുണ്ട് പ്രദേശത്ത് പുറമ്പോക്ക് ഭൂമിയിൽ കുടിയേറി പാർത്തുവരുന്ന കുടുംബങ്ങൾക്കും കോളനിയില്ലാത്ത സ്ഥലങ്ങളിൽ അങ്ങിങ്ങായി താമസിക്കുന്ന ഹരിജൻ കുടുംബങ്ങൾക്കും കോളനികളിൽ താമസിക്കുന്നവർക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ കിട്ടത്തക്ക വിധത്തിൽ സർക്കാർ ഭാഗത്ത് നിന്നും വേണ്ട നടപടിക്രമങ്ങൾ ആവശ്യമായിരിക്കുകയാണ്.

വിദ്യാഭ്യാസം

നമ്മുടെ സംസ്ഥാനം സാക്ഷര കേരളമായി പ്രഖ്യാപിച്ച സ്ഥിതിക്ക് സാമാന്യ വിദ്യാഭ്യാസമില്ലാത്തവരുണ്ടെന്ന് പറഞ്ഞുകൂടല്ലോ എസ്. എസ്. എൽ. സിക്കു താഴെ പഠനം ലഭിച്ചവരാണ് ഇവരിൽ പലരും. എന്നാൽ ഡിഗ്രിയെടുത്ത് സർക്കാർ ജോലി ലഭിച്ചവരും സ്വകാര്യ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നവരുമായി അല്പം ചിലരുണ്ട്. പഠന കാര്യങ്ങളിൽ വേണ്ടത്ര ശ്രദ്ധ പുലർത്താത്തവരാണ് പഞ്ചായത്തിലെ ഹരിജനങ്ങളിൽ അധികംപേരും. രക്ഷിതാക്കളുടെ അറിവില്ലായ്മയും കുട്ടികളുടെ താല്പര്യ കുറവുമാണ് ഇതിന് കാരണം. സർക്കാർ തലങ്ങളിൽ ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിച്ചും, വിദ്യാസമ്പന്നരായ ഉദ്യോഗാർത്ഥികൾ സംഗമടിച്ച് പഠനശിബിര ക്ലാസ്സുകൾ എർപ്പെടുത്തിയോ ഈ ജനസമൂഹത്തെ വിദ്യാഭ്യാസ രംഗത്ത് ഉയർത്തി കൊണ്ടു വരേണ്ടതാണ്.

കാലഹരണപ്പെടുന്ന ഹരിജൻ കലകൾ

നാട്ടിൻ പുറങ്ങളിലെ ഹരിജൻ കുടുംബങ്ങളിൽ നിലനിന്നിരുന്ന ആചാരങ്ങളും അവരുടേത് മാത്രമായിരുന്ന കലാരൂപങ്ങളും ഇന്ന് നാമാവശേഷമായിക്കൊണ്ടിരിക്കുകയാണ്.

ഹരിജനങ്ങളുടെ കുത്തക കലകളായിരുന്ന ചവിട്ടുപാട്ടും, തെയ്യം, തിറ, പൂതം, ചവിട്ടുകളി, പരിചമുട്ട്, കളിച്ചെണ്ട, വില്ലുമാൻ തായമ്പക, കാളകെട്ട്, ചാടിമുട്ട്, പടപ്പാട്ട് കളി എന്നീ കലാരൂപങ്ങൾ. കാലക്രമത്തിൽ പാശ്ചാത്യ സംസ്കാരത്തിൽ ജനങ്ങൾക്കുള്ള ആഭിമുഖ്യവും, കാരണവൻമാർ തങ്ങളുടെ പിൻതലമുറക്കാർക്ക് ഇത്തരം കലാരൂപങ്ങൾ കൈമാറാൻ വൈമനസ്യം കാണിച്ചതും, വിദ്യാഭ്യാസത്തിൽ വന്ന പുരോഗതിയും ഇത്തരം പ്രാചീന കലാരൂപങ്ങൾ അപ്രത്യക്ഷമാകുവാൻ കാരണമായി. ഇവയിൽ വയലുകളിൽ പണിയെടുത്ത് തളരുമ്പോൾ ഞാറ് നടുന്നതിന് വേഗത കിട്ടാനും കൂട്ടത്തിലുള്ളവർക്ക് ആവേശം പകരാനും വേണ്ടി വടക്കൻ വീരകഥകളിലെ പ്രധാനികളായ ഒതേനൻ, ചന്തു, ഉണ്ണിയാർച്ച, ആരോമലുണ്ണി, അരിങ്ങോടർ എന്നീ മഹാരഥൻമാരുടെ പേരുകൾ കൂട്ടിക്കെട്ടിപാടുന്ന നാടോടിപ്പാട്ട് ഹരിജൻ സ്ത്രീകളുടെ നാവിൻതുമ്പിൽ മായാതെ, മറയാതെ നിലനില്ക്കുന്നു. കൃഷിസ്ഥലങ്ങളിൽ ഇവരിത് പാടിക്കൊണ്ടിരിക്കുമ്പോൾ സകലജാതിമതങ്ങളിലും പെട്ട തൊഴിലാളികളും മുതലാളികളും എന്നു വേണ്ട എല്ലാവരുംതന്നെ പാടാനും കാതുകൂർപ്പിച്ച് കേൾക്കാനുമുള്ള താല്പര്യമാണ് ഈ പരമ്പരാഗതകലാപ്രകടനത്തെ ഇന്നും കൈവിടാതിരിക്കാൻ ഇവരെ പ്രേരിപ്പിക്കുന്ന പ്രധാനഘടകം. പാടിക്കുന്ന കുട്ടികളിൽ കാണുന്ന കലാകായിക വാസനകളും ഇവരുടെ പാരമ്പര്യ കലകളും നിലനിർത്തി പോരാൻ സർക്കാർ ഭാഗത്തുനിന്ന് വേണ്ടത് ചെയ്യേണ്ടതാണ്.

തൊഴിൽ

പട്ടികജാതി കുടുംബങ്ങളിൽ ഭൂരിഭാഗം വരുന്നവരും കാർഷിക മേഖലയിൽ തൊഴിൽചെയ്ത് ജീവിതം നടത്തുന്നവരാണ്. എന്നാൽ കാർഷിക രംഗത്ത് സംഭവിച്ചുപോയ തകർച്ചയും കൂലി വർദ്ധനവും കാരണം ചെറുകിട കർഷകർക്ക് കൃഷിയിറക്കാൻ പറ്റാത്ത സാഹചര്യവും, ഗാഡ്ഫിന്റെ അതിപ്രസരണവും കാരണം കൃഷിയിറക്കുന്നതിൽ ജനങ്ങളിലുണ്ടായ അലസതയും ഈ രംഗത്തുള്ള തൊഴിൽ സാധ്യത ഇവർക്ക് നഷ്ടപ്പെട്ടു കൊണ്ടിരിക്കുകയാണ്. പലരും കൃഷി സ്ഥലങ്ങൾ നികത്തി കോൺക്രീറ്റ് വിപ്ലവം നടത്തിക്കൊണ്ടിരിക്കുമ്പോൾ അത്തരം നിർമ്മാണ പ്രവർത്തന രംഗത്തേക്ക് ഈ കൂട്ടരുംനുഴഞ്ഞു കയറിക്കൊണ്ടിരിക്കുന്നു എന്നുള്ളതാണ് ഏക ആശ്വാസം. പഴയ കാലങ്ങളിൽ ഇവർക്കിടയിലെ സ്ത്രീ തൊഴിലാളികൾ ചെയ്തുകൊണ്ടിരിക്കുന്ന ഞാറുനടൽ ഇപ്പോൾ എല്ലാ ജാതിയിലും പെട്ടവർ ചെയ്തുകൊണ്ടിരിക്കുന്നു. പായ നെയ്ത്ത് രംഗത്ത് അതിവിദഗ്ധരായിരുന്ന ഇവർക്കിടയിൽ ഇപ്പോൾ ഈ തൊഴിലറിയുന്നവർ വളരെ വിരളമാണ്. കാരണം നെയ്യാനാവശ്യമായ കൈതോല സംരക്ഷിക്കുവാൻ യാതൊരു മാർഗ്ഗവും ഇല്ലാത്തതാണ് ഇതിന് കാരണം. കാർഷിക രംഗത്ത് തൊഴിലാളികളെ പിടിച്ച് നിർത്താനും അസംസ്കൃത വസ്തുക്കളിൽ കൈതോല സംരക്ഷിക്കുന്നതിനും അത് കൃഷി ചെയ്യുന്നതിനും സർക്കാർ തലത്തിൽ കാര്യമായ ശ്രമങ്ങൾ നടപ്പിലാക്കേണ്ടതാണ്.

പാർപ്പിടം

പാർപ്പിട പ്രശ്നം പൂർണമായും പരിഹരിക്കാൻ കഴിഞ്ഞിട്ടില്ലെങ്കിലും ഒരു പരിധിവരെ സർക്കാർ ഏജൻസികൾ നടപ്പാക്കിവരുന്ന പദ്ധതികൾ സഹായകമായിട്ടുണ്ട്. സൗകര്യങ്ങൾ കുറവാണെങ്കിലും ചെറ്റകുടിലുകളിൽ നിന്നുള്ള മോചനത്തിന് തുടക്കം കുറിച്ചിട്ടുണ്ട്.എന്നാൽ ഒറ്റപ്പെട്ട കുടുംബങ്ങൾക്ക് വേണ്ടത്ര പരിഗണന ലഭിച്ചിട്ടില്ല. വിദ്യാസമ്പന്നരല്ലാത്ത ഇവർക്കിടയിൽ പലരും പല തരത്തിലുള്ള ഏജൻസികളുടെ കടക്കെണികളിൽ അകപ്പെട്ടിട്ടുണ്ടെന്നത് ഒരു പരമാർത്ഥമാണ്. ഭൂമിയുടെ രേഖകൾ ബന്ധപ്പെട്ട ഓഫീസുകളിൽ പെട്ടുപോയതുമൂലം അവകാശങ്ങളും ആനുകൂല്യങ്ങളും ഇവർക്ക് നിഷേധിക്കപ്പെടുന്നു. വീട് നിർമാണത്തിനാവശ്യമായ തുകയനുവദിക്കുന്നതിൽ വരുന്ന അപര്യാപ്തതയും ശ്രദ്ധകുറവും കാരണം പല വീടുകളുടെയും നിർമാണം നടക്കാതെ, അനുവദിച്ച സംഖ്യ പല വഴിക്കായി ദുർവിനിയോഗം ചെയ്തുപോകുന്നു. കൂട്ടമായി താമസിക്കുന്ന കോളനികളിൽ ചെയിൻ വീടുകൾ നിർമിച്ച് കക്കൂസും, വെള്ളവും ഉൾപ്പെടുത്തി പ്രശ്നങ്ങൾ പരിഹരിക്കേണ്ടതുണ്ട് (മേൽ സൗകര്യങ്ങളെ സംബന്ധിച്ച വിവരം പട്ടിക 3-ൽ ചേർത്തിരിക്കുന്നു)

വൈദ്യുതി

ഈ മേഖലയിൽ ഭാഗികമായി മാത്രമേ പല ഭാഗങ്ങളിലും വൈദ്യുതീകരിച്ചിട്ടുള്ളൂ.വൈദ്യുതി എത്തിയ സ്ഥലങ്ങളിൽ തന്നെ വോൾട്ടേജ് ഇല്ലാത്ത കാരണങ്ങളാൽ മണ്ണെണ്ണ വിളക്കിനെ ആശ്രയിക്കേണ്ടി വരുന്നു. ഇത് പരിഹരിക്കുന്നതിനായി കോളനികൾക്ക് മാത്രമായി ഒരു ട്രാൻസ് ഫോർമർ സ്ഥാപിക്കുകയും വോൾട്ടേജ് ലഭിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ സ്വീകരിക്കേണ്ടതാണ്.

പട്ടിക (1) ഒന്ന്

വാർഡ് നമ്പർ	ആകെ വീടുകളുടെ	അംഗ സംഖ്യ	SSLCയും SSLCക്ക് മുകളിലും വിദ്യാഭ്യാസ മുള്ളവർ	എസ്.എസ്.എൽ.സിക്ക് താഴെ വിദ്യാഭ്യാസമുള്ളവർ	വൈദ്യുതി (കരന്റ്) കണക്ഷൻ ലഭിച്ചിട്ടില്ലാത്ത വീടുകളുടെ എണ്ണം	വൈദ്യുതി ഇല്ലാത്ത വീടിന്റെ എണ്ണം	കക്കൂസ് ഉള്ള വീടുകളുടെ എണ്ണം	കക്കൂസ് ഇല്ലാത്ത വീടുകളുടെ എണ്ണം	കിണറുള്ള വീടുകളുടെ എണ്ണം	വീടുപണിക്ക് സഹായം ലഭിച്ച കുടുംബങ്ങളുടെ എണ്ണം	വീടുപണിക്ക് സഹായം ലഭിക്കാത്ത കുടുംബങ്ങളുടെ എണ്ണം
1	3	12	NIL	12	NIL	3	1	2	1	2	1
2	3	19	NIL	19	NIL	3	NIL	NIL	2	2	1
3	11	72	1	71	4	7	4	7	3	6	5
4	NIL	NIL	NIL	NIL	NIL	NIL	NIL	NIL	NIL	NIL	NIL
5	15	112	3	108	3	12	7	8	4	2	13
6	NIL	NIL	NIL	NIL	NIL	NIL	NIL	NIL	NIL	NIL	NIL
7	13	107	2	99	2	10	5	7	8	1	12
8	NIL	NIL	NIL	NIL	NIL	NIL	NIL	NIL	NIL	NIL	NIL
9	33	176	4	172	7	26	17	16	5	12	21
10	8	46	4	36	1	7	2	6	4	1	7

വളവന്നൂർ ഗ്രാമ പഞ്ചായത്ത് പട്ടികജാതി പട്ടികവർഗ കുടുംബവും അംഗസഖ്യയും ക്ഷേമവും ക്ഷേമപ്രവർത്തന ബാക്കിപത്രവും

പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം മുൻനിർത്തി സത്വര ശ്രദ്ധ പതിയേണ്ട ചില നിർദേശങ്ങൾ താഴെ കൊടുക്കുന്നു.

1. കാർഷിക മേഖല അടിവ്യദ്ധിപ്പെടുത്തി തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കുക.

2. പുായ നെയ്ത്ത്, കൊട്ട, പരമ്പ് എന്നിവയുടെ നിർമാണ വ്യവസായികാടിസ്ഥാനത്തിൽ സംഘടിപ്പിക്കുക.

3. പഞ്ചായത്ത് കോളനികളിലെ പെൺകുട്ടികൾക്ക് കൈതൊഴിൽ പരിശീലിപ്പിക്കുകയും അവർക്കായി സഹകരണ സംഘങ്ങൾ രൂപീകരിക്കുകയും ചെയ്യുക.ഇതിന് എല്ലാവിധ സഹായ സഹകരണവും നൽകുക.

4. കുടിവെള്ള പ്രശ്നം പരിഹരിക്കുക.

5. സഹകരണ മേഖലയിൽ വീട് നിർമാണത്തിനാവശ്യമായ വസ്തുക്കൾ നിർമിക്കുന്നതിന്വേണ്ട സൗകര്യം ചെയ്തുകൊടുക്കുക.

6. അദ്യസ്ഥ വിദ്യർക്ക് ഇന്ന് സർക്കാർ ഏജൻസികൾ നൽകി വരുന്ന (പട്ടികജാതി വികസന വകുപ്പ്- പട്ടികജാതി വികസന കോർപ്പറേഷൻ) വായ്പകളും, സഹായധനങ്ങളും ഏകോപിപ്പിച്ച് പഞ്ചായത്ത് മുഖേന വിതരണം ചെയ്യുകയോ വായ്പയുടെ മാനദണ്ഡങ്ങൾ ലഘൂകരിച്ച് മേൽനോട്ടം ഗ്രാമപഞ്ചായത്തിനെ ഏൽപിക്കുകയോ ചെയ്യുക.

7. വ്യവസായ പരിശീലനം നൽകുകയും പരിശീലനം ലഭ്യമായവർക്ക് വ്യവസായം തുടങ്ങാൻ ആവശ്യമായ വായ്പ പൂർണ്ണമായും അനുവദിക്കുകയും ചെയ്യുക. വായ്പകൾ ഉദ്ദേശിച്ച കാര്യത്തിന് ഉപയോഗിക്കുന്നുണ്ടോ എന്ന പരിശോധനക്കും, വായ്പകൾ ദുരുപയോഗം ചെയ്യുന്നത് തടയാനുമുള്ള അധികാരം ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമാക്കുക.

8. സ്ത്രീകൾക്ക് തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കുന്നതിന് സഹകരണ മേഖലയിൽ പായ നെയ്ത്ത്, റെഡി മെയ്ഡ്, കയറുൽപന്നങ്ങളുടെ നിർമാണം എന്നിവ ആരംഭിക്കുന്നതിന് പദ്ധതികൾ ആവിഷ്കരിക്കുക.

9. പട്ടികജാതി സർവ്വീസ് സഹകരണ സംഘം ആരംഭിക്കുക. വീടു നിർമ്മാണ സഹായ നിധി വർദ്ധിപ്പിക്കുക.

10. വീടിന്റെ സൗകര്യം വർദ്ധിപ്പിക്കുന്നതിന് യഥാക്രമം സഹായങ്ങൾ ലഭ്യമാകും വിധത്തിൽ കാര്യങ്ങൾ നടപ്പിൽ വരുത്തുക.

11. പഞ്ചായത്തിൽ പട്ടികജാതി സ്ത്രീകളെ ഉൾപ്പെടുത്തി പാട്ട വ്യവസ്ഥയിൽ കൃഷിഭൂമിവാങ്ങി പച്ചക്കറി തോട്ടങ്ങൾ ഉണ്ടാക്കുകയും അത് വിറ്റഴിക്കുന്നതിന് ചന്തകൾക്ക് രൂപം കൊടുക്കുകയും ചെയ്യുക. കോളനികൾക്ക് കൃഷിഭവൻ മുഖേന നൽകിവരുന്ന സഹായങ്ങൾ പച്ചക്കറി ഉൽപാദനത്തിനായി ഉപയോഗിച്ചുകൊണ്ട് തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കുക.

12. ലക്ഷം വീടു കോളനികളിലെയും ഹരിജൻ കോളനികളിലേയും കൂട്ടായ വീടുകൾ വിഭജിച്ച് ഒറ്റ വീടാക്കി മാറ്റുക.

13. വീട് പുതുക്കി പണിയുന്നതിനും അറ്റകുറ്റ പണികൾക്കും പലിശരഹിത വായ്പകൾ ലളിതമായ വ്യവസ്ഥയിൽ നടപ്പിലാക്കുക.

14. കോളനികളിൽ ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുക.

15. വായനശാലകൾ സ്ഥാപിക്കുക

16. കുട്ടികൾക്ക് പഠിക്കാനുള്ള പുസ്തകങ്ങൾ പഠനോപകരണങ്ങൾ എന്നിവ നൽകുകയും അത് സൂക്ഷിക്കാനുള്ള ഫർണിച്ചർ സംവിധാനവും ഏർപ്പെടുത്തുകയും ചെയ്യുക.

17. ഹരിജൻ നിവാസികൾക്ക് വാർത്തകളും പൊതു വിവരങ്ങളും അറിയുന്നതിനും പഠിക്കുന്നതിനും സൗകര്യങ്ങൾ ചെയ്യുക.

18. കുട്ടികളുടെ കലാകായിക രംഗങ്ങൾ വികസിപ്പിക്കുന്നതിന് ആവശ്യമായ കളിസ്ഥലങ്ങൾ, കിറ്റുകൾ എന്നിവ സൗകര്യപ്പെടുത്താൻ സർക്കാർ ശ്രദ്ധിക്കേണ്ടതാണ്.

19. നശിച്ചു കൊണ്ടിരിക്കുന്ന പരമ്പരാഗത കലകൾ പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ട സംവിധാനം ഏർപ്പെടുത്തുക.

പട്ടിക - 5

ക്രമ നമ്പർ	വാർഡ് നമ്പർ	കോളനിയുടെ പേര്	ടാർ ചെയ്ത റോഡ്	ഗതാഗതയോഗ്യമായ ടാർ ചെയ്യേണ്ട ചെമ്മൺപാത	ഊടുവഴികൾ	ഗതാഗത സാധ്യതയുള്ളത്	ടാർചെയ്തത് റിപ്പയർ ആവശ്യമുള്ളത്	വൈദ്യുതി ഉണ്ടോ ഇല്ലേ	കുടിവെള്ളം ഉണ്ടോ ഇല്ലേ
1	9	പോത്തനൂർ	1	NIL		NIL	1	NIL	NIL
2	11	മേടിപ്പാറ	NIL	1	1	3	NIL	NIL	NIL
3	2.3	പാറക്കുട്	4	3	1	3	NIL	NIL	NIL
4	5	ചെറവന്നൂർ മൂത്താട്ടു കോളനി	NIL	2	2	1	NIL	NIL	NIL

I വളവന്നൂർ ഗ്രാമ പഞ്ചായത്തിലെ പട്ടികജാതി കുടുംബങ്ങൾക്ക് വൈദ്യുതി ബോർഡിൽനിന്നും സൗജന്യ കണക്ഷൻ നൽകിയിരുന്നെങ്കിലും കറൻറ് ചാർജ്ജ് അടക്കാത്തതിൻെറപേരിൽ കുറച്ചു കുടുംബങ്ങളുടെ കറൻറ് കണക്ഷൻ വൈദ്യുതി ബോർഡ് വിച്ഛേദിച്ചു. വിച്ഛേദിച്ച കുടുംബങ്ങൾക്കും കണക്ഷൻ ലഭിക്കാത്തവർക്കും വൈദ്യുതി എത്തിച്ചുകൊടുത്തു കൊണ്ട് ഇവരെ ചാർജ് അടക്കുന്നതിൽ നിന്നും ഒഴിവാക്കുവാൻവൈദ്യുത ബോർഡിനോട് ആവശ്യപ്പെടേണ്ടതാണ്.

II പഞ്ചായത്തിൻെറ മിനി സ്റ്റേഡിയത്തിനടുത്ത് സ്ഥിതി ചെയ്യുന്ന പഞ്ചായത്തിൻെറ തന്നെ ഭൂമിയിൽ ഒരു ആയുർവേദ ഡിസ്പൻസറി സ്ഥാപിച്ച് ഹരിജൻ കുടുംബങ്ങൾക്കും അടുത്തടുത്ത് സ്ഥിതി ചെയ്യുന്ന വാർഡുകളിലെ കോളനിവാസികൾക്കും മറ്റു പാവപ്പെട്ട കുടുംബങ്ങൾക്കും ഉപകാരപ്രദമാകുന്ന വിധത്തിൽ സംവിധാനം ചെയ്യാൻ പഞ്ചായത്തോ,ബ്ലോക്കോ മുൻകയ്യെടുക്കേണ്ടതാണ്.

പട്ടിക - 3

മുൻഗണനാ ക്രമത്തിൽ

ക്രമ നമ്പർ	വാർഡ് നമ്പർ	സ്ഥലപ്പേര്	ടാപ്പുകൾ സ്ഥാപിക്കേണ്ട കോളനികൾ
1	9	പോത്തന്നൂർ	I. H. O. P. കോളനി
2	11	മേടിപ്പാറ	ഹരിജൻ കോളനി
3	2,3	പാറക്കുട്	ഹരിജൻ കോളനി

പട്ടിക - 4

യഥാ ക്രമത്തിൽ

ക്രമ നമ്പർ	വാർഡ് നമ്പർ	സ്ഥലപ്പേര്	ടാപ്പുകൾ ആവശ്യമുള്ള ഹരിജനങ്ങൾ താമസിക്കുന്ന കോളനിയല്ലാത്ത സ്ഥലങ്ങൾ
1	5	ചെറവന്നൂർ	മുഞ്ഞാട്ടുകോളനി
2	9	കരുവാത്ത് കുണ്ട്	ലക്ഷം വീട് കോളനി
3	3	കടുങ്ങാത്ത് കുണ്ട്	കടുങ്ങാത്തുകുണ്ട് പുറം പോക്ക് കോളനി

പ്രശ്നങ്ങൾ

1. വിദ്യാഭ്യാസ പുരോഗതി കൈവരിച്ചിട്ടില്ല. കോളനികളിൽ നിരക്ഷരത നിലനിൽക്കുന്നു. വിദ്യാർഥികൾ കൊഴിഞ്ഞു പോവുന്നു.

2. കാർഷിക മേഖലയിൽ തൊഴിൽ കുറഞ്ഞു വരുന്നു. കാരഷിക മേഖലകളിൽ നിന്ന് തൊഴിലാളികൾ ഒഴിഞ്ഞു പോവുന്നു. തൊഴിൽ സാദ്ധ്യത കുറഞ്ഞുവരുന്നു. ജീവിതം കൂടുതൽ പ്രതിസന്ധിയിലേക്ക് നീങ്ങുന്നു.

3. എല്ലാവർക്കും സ്വന്തമായ വീടില്ല.

വീടുവെക്കാൻ സ്ഥലമില്ല.

വീടു നിർമ്മിക്കാൻ നൽകുന്ന ധനസഹായം കൊണ്ട് നിർമ്മാണം പൂർത്തിയാക്കാൻ കഴിയാതെ കിട്ടുന്ന സഹായം ദുർവിനിയോഗം ചെയ്യുന്നു.

പ്രാഥമിക സൗകര്യങ്ങൾ ഇല്ല

4. കോളനികളിൽ കുടിവെള്ളം ആവശ്യത്തിന് ഇല്ല.

വൈദ്യുതി ഇല്ല.

5. പൊതു ശ്മശാനമില്ല.

പൊതു ശ്മശാനമില്ലാത്തതിനാൽ മാനസികമായി വളരെയധികം ബുദ്ധിമുട്ടനുഭവിക്കുന്ന ഒരവസ്ഥാവിശേഷത്തിലേക്കാണ് ഇവരിന്ന് പോയിക്കൊണ്ടിരിക്കുന്നത്. സ്വന്തമായി ഭൂമിയില്ലാത്തവർക്കിടയിൽ ഒരാൾ മരണപ്പെട്ടാൽ ശവമടക്കു ചെയ്യാൻ യാതൊരു മാർഗ്ഗവുമില്ലാതെ നരകിക്കുന്നു.

6. കൈവശ ഭൂമിക്ക് പട്ടയം ലഭിച്ചിട്ടില്ല.

7. ആരോഗ്യ സംരക്ഷണ സംവിധാനം മെച്ചപ്പെട്ടതല്ല.

8. നിർദ്ധന കുടുംബത്തിലെ അംഗങ്ങളുടെ ചികിത്സക്കും പെൺമക്കളുടെ വിവാഹത്തിനും ധനസഹായം ലഭിക്കുന്നില്ല.

9. ഐ.ആൻ.ഡി.പി പദ്ധതിയും മറ്റ് പദ്ധതികളും ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നില്ല.

10. പട്ടിക ജാതി വികസന കോർപറേഷനും ഹരിജനക്ഷേമവകുപ്പും അഭ്യസ്ഥ വിദ്യരായ ചെറുപ്പക്കാർക്ക് നൽകുന്ന വായ്പകളും ധനസഹായവും ലക്ഷ്യം നേടുന്നില്ല.

11. പട്ടിക ജാതി വർഗത്തിന്റെ ക്ഷേമത്തിനായി നടപ്പാക്കുന്ന പദ്ധതികളെ സംബന്ധിച്ചഅറിവ് വേണ്ടത്ര ഇല്ല.

12. കടക്കെണിയിൽ പെട്ടുപോകുന്നു.

കുറുക്കോംകുന്ന് - കുറ്റിപ്പാല

തുവ്വക്കാട് - ചുങ്കത്തപ്പാല - തെക്കൻ കുറ്റൂർ

എന്നീ റോഡുകളും P.W.D റോഡുകളാക്കി മാറ്റണം.

7- അനുബന്ധം യിൽ പറയുന്നു. നടപ്പാലങ്ങളും ഓവുപാലങ്ങളും നിർമ്മിക്കുക

8. മൂന്നാം വാർഡിൽ നെട്ടഞ്ചോല ഇടവഴി, ഓവുങ്ങൽ ഇടവഴി, വളവന്നൂർ ജുമാമസ്ജിദ് ഇടവഴി, കടലായിത്തോട് ഇടവഴി, 6-ാം വാർഡിൽ പാറമ്മലങ്ങാടി ചന്തുവിന്റെ ഇടവഴി കടുങ്ങാത്ത്കുണ്ട് താഴെ രാമന്റെ പടി എന്നിവ വീതികൂട്ടി നന്നാക്കി നടക്കാൻ പര്യാപ്തമാക്കുക. കുടുങ്ങാത്തുകുണ്ടിലെ അഴുക്കുചാൽ വൃത്തിയാക്കുക. 8-ാം വാർഡിൽ തുവ്വക്കാട് - കൻമനം യു.പി.സ്കൂൾ ബൈപാസ്സിൽ വെള്ളം കെട്ടിനിൽക്കുന്നത് തടയാൻ കല്ലിട്ട് ഉയർത്തുക, വാരണാക്കര കാഞ്ഞീരക്കോൽ വയൽവക്കിന് താമസിക്കുന്നവർക്ക് വെള്ളക്കെട്ടിൽ നിന്ന് രക്ഷ നേടാൻ മണ്ണിട്ട് ഉയർത്തി നടപ്പാത നിർമ്മിക്കുക. 4-ാം വാർഡിൽ വരമ്പനാല - മുക്കിലപ്പീടികറോഡിൽ നീർക്കെട്ട് അനുഭവപ്പെടുന്ന സ്ഥലം ഉയർത്തുക

9. മയ്യേരിച്ചിറ കുറുക്കോംക്കുന്ന് പാറമ്മലങ്ങാടി, ജപ്പാൻപടി, കുറുങ്കാട്, പാറക്കല്ല്, തുവ്വക്കാട്, വാരണാക്കര കടുങ്ങാത്തുകുണ്ട് താഴെ അങ്ങാടി എന്നിവിടങ്ങളിൽ ബസ് വെയ്റ്റിംഗ് ഷെഡ്ഡുകളും പണിയുക.

10. ബസ് സർവ്വീസ്:

(a) തിരൂരിൽ നിന്ന് ഇരിങ്ങാവൂർ - പാറമ്മലങ്ങാടി - കടുങ്ങാത്തുകുണ്ട് - കുറുക വഴി മലപ്പുറത്തേക്കും

തിരൂരിൽ നിന്ന് ഇരിങ്ങാവൂർ - പാറമ്മലങ്ങാടി - കടുങ്ങാത്തുകുണ്ട് - കാടാമ്പുഴ വഴി പെരിന്തൽമണ്ണയിലേക്കും 4 വീതം KSRTC ലോക്കൽ സർവ്വീസുകളും ഏർപ്പെടുത്തുക.

(b) കടുങ്ങാത്തുകുണ്ട് - കുറുക്കോംകുന്ന് - കുറ്റിപ്പാല വഴി കോഴിക്കോട്ടേക്ക് ബസ് സർവ്വീസ് ആരംഭിക്കുക

(c) അല്ലൂർ - ചുങ്കത്തപ്പാല - തുവ്വക്കാട് - നെല്ലാപറമ്പ് - പാറമ്മലങ്ങാടി - കടുങ്ങാത്തുകുണ്ട് - പുത്തനത്താണി - മേടിപ്പാറ - അല്ലൂർ ബസ് റിഗ് സർവ്വീസുകളും ഏർപ്പെടുത്തുക

(d) കടുങ്ങാത്തുകുണ്ട് - കുറുക്കോംകുന്ന് - പാറക്കൂട് - മയ്യേരിച്ചിറ - കടുങ്ങാത്തുകുണ്ട് മിനിബസ് റിഗ് സർവ്വീസ് ഏർപ്പെടുത്തുക.

(e) കടുങ്ങാത്തുകുണ്ട് - പാറമ്മലങ്ങാടി - ഇരിങ്ങാവൂർ - ഓട്ടുകാരപ്പുറം - കുറുക്കോം - കടുങ്ങാത്തുകുണ്ട് റിംഗ് സർവ്വീസ് തുടങ്ങുക.

(f) തിരൂർ - ഏഴൂർ - തുവക്കാട് - പാറമ്മലങ്ങാടി - കടുങ്ങാത്തുകുണ്ട് - കുറുക - മലപ്പുറം റൂട്ടിൽ ബസ് സർവ്വീസ് തുടങ്ങുക.

(g) തിരൂർ - ഏഴൂർ - പുല്ലൂർ - ചുങ്കത്തപ്പാലം - തുവ്വക്കാട് - പുത്തനത്താണി - കോട്ടക്കൽ റൂട്ടിൽ സർവ്വീസ് ഏർപ്പെടുത്തുക.

(h) തിരൂർ - ഏഴൂർ - തുവ്വക്കാട് - - പാറമ്മലങ്ങാടി - കടുങ്ങാത്തുകുണ്ട് വഴി വളാഞ്ചേരിറൂട്ടിലും ബസ്സുകളും ഏർപ്പെടുത്തുക.

(i) പുത്തനത്താണി - അല്ലൂർ - തെക്കൻ കുറ്റൂർ - കോലുപാലം - ബി.പി.അങ്ങാടി - തിരൂർ റൂട്ടിലും ബസ്സ് സർവ്വീസുകളും തുടങ്ങുക.

11. പഞ്ചായത്തിലെ എല്ലാ റോഡുകളിലും ആവശ്യമായിടത്തൊക്കെ ഓടകളും നിർമ്മിക്കുക.

12. കടുങ്ങാത്തുകുണ്ടിൽ സ്ഥിരമായി ട്രാഫിക് പോലീസിനെ നിയമിക്കുക.

2 പ്രധാന മൺറോഡുകൾ

മെറ്റൽ ചെയ്തിട്ട് ടാർ ചെയ്യാതെ കിടക്കുന്ന ഒരു റോഡും ഈ പഞ്ചായത്തിലില്ല. എല്ലാം മൺറോഡുകളാണ്. അവയെല്ലാം മെറ്റൽ ചെയ്തു ടാറിടേണ്ടതാണ്. അവയുടെ പ്രാധാന്യമനുസരിച്ചു മൂന്ന് ഘട്ടങ്ങളിലായി മെറ്റൽ ചെയ്തു ടാറിടേണ്ടതാണ്. ഒന്നാം ഘട്ടത്തിൽ 20.83 കി.മീറ്ററും രണ്ടാം ഘട്ടത്തിൽ 14.34 കി.മീറ്ററും മൂന്നാം ഘട്ടത്തിൽ 3.92 കി.മീറ്ററും ആകെ 39.09 കി.മീറ്ററുമാണുള്ളത്. ഓരോ ഘട്ടങ്ങളിൽ മെറ്റൽ ചെയ്തു ടാറിടേണ്ട റോഡുകളെ 2, 2A, 2B എന്നീ രൂപത്തിൽ പട്ടികപ്പെടുത്തിയത് നോക്കുക.

3 റോഡ് വികസനം

റോഡുകളെ സംബന്ധിച്ചു കൃത്യമായ വിവരങ്ങൾ ലഭിക്കാൻ ഇപ്പോൾ പ്രയാസമാണ്. കിട്ടിയ വിവരങ്ങൾ പലപ്പോഴും വസ്തുനിഷ്ഠമാകണമെന്നില്ല. ലഭ്യമായ ഫണ്ടിന്റെ ഭൂരിഭാഗവും റോഡുകൾക്ക് വേണ്ടി ചെലവഴിക്കപ്പെടുന്നുണ്ടെങ്കിലും ഇതാണവസ്ഥ.

1. പലതരം റോഡുകൾ

പത്തടിയെങ്കിലും വീതിയുള്ള വഴികളെയാണ് റോഡുകൾ എന്ന് വിളിക്കപ്പെടുന്നത്. റോഡുകൾ മൂന്ന് തരത്തിലുണ്ട്. മൺറോഡ്, മെറ്റൽ

ആകെ ഹരിജൻ വീടുകൾ - 103, ആകെ ഹരിജനങ്ങളുടെ എണ്ണം - 677

കുടിവെള്ളം

കോളനികളിൽ കുടിവെള്ള പ്രശ്നം അതിരൂക്ഷമാണ്. ഇത് പരിഹരിക്കുന്നതിന് വേണ്ടി പഞ്ചായത്ത്, ബ്ലോക്ക് തലത്തിൽ കിണറുകളും കുഴൽ കിണറുകളും സ്ഥാപിച്ചിട്ടുണ്ടെങ്കിലും പലതും ഉപയോഗ ശൂന്യമാണ്. പോത്തനൂർ ഹരിജൻ കോളനിക്കടുത്ത് സ്ഥാപിച്ച കുഴൽ കിണർ വെള്ളം ലഭിക്കാതെ നോക്കുകുത്തിയായി നിൽക്കുന്നു. കുടിവെള്ള ദൗർലഭ്യത്തിന് പരിഹാരം കാണാൻ പുതിയ പദ്ധതികൾ കണ്ടെത്തണം. ചില സാദ്ധ്യതകൾ 4-ാം പട്ടികയിൽ ചേർത്തിരിക്കുന്നു.

പട്ടിക - 2

വീടിന്റെ സ്വഭാവം

പട്ടിക 3	കോളനിയുടെ പേര്	കോൺക്രീറ്റ്	ഓട്	ഓല	ആവശ്യമുള്ള വീടുകളുടെ എണ്ണം	കിണർ ആവശ്യമുള്ളവരുടെ എണ്ണം	കക്കൂസില്ലാത്തവർ	ആവശ്യമുള്ള കക്കൂസുകളുടെ എണ്ണം
1	പോത്തല്ലൂർ	ഇല്ല	ഉണ്ട്	ഉണ്ട്	67	43	58	58
2	മേടിപ്പാറ	ഇല്ല	ഉണ്ട്	ഉണ്ട്				
3	പറക്കുട്	ഇല്ല	ഉണ്ട്	ഉണ്ട്				
4	മുത്താട്ടു കോളനി	ഇല്ല	ഉണ്ട്	ഉണ്ട്				

വിഭവ സമാഹരണം



മിക്ക പഞ്ചായത്തുകളുടെയും പ്രധാന വിഭവസാമാഹരണം കാർഷിക മേഖലയിൽ നിന്നാണ്. വളവന്നൂർ പഞ്ചായത്തിലെ കാർഷിക മേഖല വളരെ പിന്നോക്കത്തിലാണ്. ശാസ്ത്രീയ കൃഷിരീതികളെക്കുറിച്ചുള്ള അജ്ഞതയും കർഷകർ ഉത്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾക്ക് വിപണിയിൽ ഉണ്ടാകുന്ന മാന്ദ്യവുമാണ് കാർഷിക രംഗത്ത് നിലനിൽക്കുന്നത്.

വ്യാവസായികമായി വളരെ പിന്നോക്കം നിൽക്കുന്ന ഒരു പഞ്ചായത്താണ് വളവന്നൂർ ഗ്രാമപഞ്ചായത്ത്. ഈ മേഖലയിൽ വിരലെണ്ണാവുന്ന ചെറുകിട വ്യവസായ സംരംഭങ്ങൾ മാത്രമാണ് നിലവിലുള്ളത്. വൈദ്യുതിയുടെ അഭാവം, അസംസ്കൃത സാധനങ്ങളുടെ ദൗർലഭ്യം, തൊഴിലാളികളുടെ വർദ്ധിച്ച കൂലി നിരക്ക് എന്നിവയാണ് വ്യവസായങ്ങൾ തുടങ്ങുന്നതിന് തടസ്സമായി നിൽക്കുന്ന പ്രധാനകാരണങ്ങൾ. വ്യവസായ മേഖലകളിൽ നിന്നുള്ള വിഭവങ്ങൾ പഞ്ചായത്തിൽ ലഭ്യമല്ലാത്ത അവസ്ഥയാണിന്നുള്ളത്.

സർക്കാരിൽ നിന്നും പഞ്ചായത്തുകൾക്ക് ഗ്രാന്റു ലഭിക്കാറുണ്ടെങ്കിലും അവ കൃത്യമായി പഞ്ചായത്തിന് ലഭക്കുന്നില്ല. ലഭ്യമാകുന്നത് തന്നെ വികസന കാര്യങ്ങൾക്ക് തികയാതെ വരികയും ചെയ്യുന്നു. ജനസംഖ്യാടിസ്ഥാനത്തിൽ ഗ്രാന്റുകൾ പഞ്ചായത്തിനു ലഭ്യമാകുന്നിതിനും ആയത് കൃത്യ സമയത്തു തന്നെ ലഭ്യമാക്കാനും സർക്കാർ ഭാഗത്തു നിന്ന് കഴിയുകയാണെങ്കിൽ പല വികസന പദ്ധതികളും പഞ്ചായത്തിന് ഏറ്റെടുത്തു നടത്താൻ സാധിക്കുന്നതാണ്. ഒൻപതാം പദ്ധതി നടപ്പിലാകുന്നതോടെ ഇത് സഫലീകരിക്കും എന്ന് നമുക്ക് പ്രത്യാശിക്കാം.

ഗൾഫ് മേഖലയിൽ ജോലി ചെയ്യുന്നവരുടെ പട്ടിക വാർഡ് ക്രമത്തിൽ താഴെ കൊടുക്കുന്നു. ഇവരിൽ സാമ്പത്തിക നില കൈവരിച്ചവർ വളരെ കുറവാണ്.

നമ്മുടെ പഞ്ചായത്തിൽ കച്ചവട സ്ഥാപനങ്ങളുടെ ലൈസൻസ് ഫീസായി കഴിഞ്ഞ വർഷം 8270 രൂപ വസൂലാക്കിയിട്ടുണ്ട്. എന്നാൽ മുഴുവൻ കച്ചവടക്കാരെയും ലൈസൻസ് ഫീസ് കൊടുക്കുന്നവരാക്കാൻ കഴിഞ്ഞിട്ടില്ല. ലോൺ വാങ്ങേണ്ട ആവശ്യമുള്ളപ്പോൾ മാത്രമാണ് മിക്ക കച്ചവടക്കാരും ലൈസൻസ് ആവശ്യത്തിനായി പഞ്ചായത്തിലെത്തുന്നത്. പഞ്ചായത്തിലുള്ള ഗ്രമസഭകളും വാർഡു പ്രതിനിധികളും കൂട്ടായി പരിശ്രമിച്ചാൽ നികുതി കൊടുക്കേണ്ടവരെ കണ്ടെത്താൻ സാധിക്കുന്നതാണ്. ദുർബ്ബല വിഭാഗത്തിൽ പെട്ട ജനങ്ങളെ നികുതിയിൽ നിന്നും ഒഴിവാക്കുകയും വരുമാനമുള്ളവരിൽ നിന്നും നികുതി വസൂലാക്കുകയും ചെയ്യണം. നികുതി നൽകുന്നതിന്റെ ആവശ്യകത ഗ്രാമസഭകളിലൂടെ ജനങ്ങളെ അറിയിക്കുകയും വാർഡ് വികസനസമിതിയും വാർഡ് പ്രതിനിധികളും നികുതി പിരിവിന് നേതൃത്വം കൊടുക്കുകയും വേണം. കണക്കുകൾ കൃത്യ

മായി സൂക്ഷിക്കാനും അത് ജനങ്ങളെ ബോധ്യപ്പെടുത്തുവാനുമുള്ള സംവിധാനം പഞ്ചായത്ത് ആഫീസിലുണ്ടാകണം.

കെട്ടിട നികുതി

ഇപ്പോൾ കെട്ടിട നികുതി ചുമത്തുന്നത് വാർഷിക വാടകയുടെ അടിസ്ഥാനത്തിലാണ്. ഇതിനു പകരം നിർമ്മാണ ചെലവിന്റെ അടിസ്ഥാനത്തിൽ കെട്ടിടങ്ങളുടെ നികുതി ചുമത്താവുന്നതാണ്. ദുർബല വിഭാഗക്കാരുടെ കെട്ടിടങ്ങളെ കെട്ടിടനികുതിയിൽ നിന്ന് ഒഴിവാക്കുകയും ആഢംബരമായി കെട്ടിടം നിർമ്മിക്കുന്നവർക്ക് പരമാവധി കെട്ടിട നികുതി ചുമത്തുകയും ചെയ്യണം. സ്റ്റാൻഡിംഗ് കമ്മിറ്റി കെട്ടിട നികുതി ചുമത്തുന്നതിനാൽ ഈ രംഗത്തുണ്ടായിരുന്ന അഴിമതി ഇല്ലാതാക്കാൻ കഴിഞ്ഞിട്ടുണ്ട്. ഓരോ വാർഡിലും നികുതി പിരിക്കുന്ന സ്ഥലവും സമയവും ഗ്രാമസഭകളിലൂടെ ജനങ്ങളെ അറിയിച്ചാൽ നികുതി കുടിശ്ശിക വരാതെ നോക്കാവുന്നതാണ്.

തൊഴിൽ നികുതി

പഞ്ചായത്തിലുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും കച്ചവടഉടമകളിൽനിന്നും വ്യവസായിക സ്ഥാപനങ്ങളിൽ നിന്നും ഇപ്പോൾ തൊഴിൽ നികുതി പിരിക്കുന്നുണ്ട്. കൂടാതെ കർഷകരിൽ നിന്നും വാർഷിക തൊഴിൽ നികുതിയും പിരിക്കുന്നുണ്ട്. മറ്റു തൊഴിൽ മേഖലയിൽ പണിയെടുക്കുന്ന മുഴുവൻ തൊഴിലാളികളെയും തൊഴിൽ നികുതി നൽകുന്നവരാക്കാൻ സാധിക്കണം.

വിനോദ നികുതി

പഞ്ചായത്തിൽ വിനോദ നികുതി ചുമത്തുന്നതിന് സിനിമാ തിയേറ്ററുകൾ നിലവിലില്ല.

ഷോപ്പിംഗ് കോംപ്ലക്സ്

പഞ്ചായത്തിന് സ്വന്തമായി കടുങ്ങാത്തുകുണ്ടിൽ ഒരു ഷോപ്പിംഗ് കോംപ്ലക്സ് ഉണ്ട്. ഇതിലൂടെ പ്രതിമാസം ഏകദേശം 12,000 രൂപയോളം വരുമാനം ലഭിക്കുന്നുണ്ട്. നിലവിലുള്ള ഷോപ്പിംഗ് കോംപ്ലക്സിൻ എറെ മുകളിൽ ഒരു കമ്മ്യൂണിറ്റി ഹാൾ നിർമ്മിക്കുകയും പഞ്ചായത്ത് കോമ്പൗണ്ടിനോട് ചേർന്ന് കിടക്കുന്ന റവന്യൂ ഭൂമി വിട്ടുകിട്ടുകയും അതിൽ എരു ടാക്സി സ്റ്റാന്റും ഷോപ്പിംഗ് കോംപ്ലക്സും കൂടി നിർമ്മിക്കുകയും ചെയ്താൽ സ്ഥിരമായ ഒരു വരുമാനം കണ്ടെത്താന സാധിക്കുന്നതാണ്.

ബാങ്ക് ഫൈനാൻസിയേഴ്സ്

നമ്മുടെ പഞ്ചായത്തിൽ രണ്ട് സഹകരണ ബാങ്കുകളും കനറാ ബാങ്കിന്റെ ഒരു ബ്രാഞ്ചും നിലവിലുണ്ട്. ഈ മൂന്നു ബാങ്കുകളിലുമായി 5,58,43,522/ രൂപ പഞ്ചായത്തിലെ ജനങ്ങളിൽ നിന്നു നിക്ഷേപമുണ്ട്. നിക്ഷേപങ്ങളെ അപേക്ഷിച്ചു നോക്കുമ്പോൾ വായ്പകൾ വളരെ കുറവാണ്. സ്വകാര്യ മേഖലയിലുള്ള പണമിടപാടു സ്ഥാപനങ്ങൾ പഞ്ചായത്തിൽ തീരെയില്ല. നമ്മുടെ പഞ്ചായത്തിൽ നിന്നും സമാഹരിക്കുന്ന നിക്ഷേപങ്ങളുടെ 90 ശതമാനമെങ്കിലും പഞ്ചായത്തിലെ തന്നെ വായ്പയായി കൊടുക്കേണ്ടതാണ്.

ചെലവുകൾ

സാമ്പത്തികപരമായി വളരെ പിന്നിൽ നിൽക്കുന്ന നമ്മുടെ പഞ്ചായത്തിലെ വിഭവങ്ങൾ ചിലവഴിക്കുന്നത് പ്രത്യുത്പാദന പരമല്ലാത്ത രീതിയിലാണ്. വരുമാനത്തിന്റെ പകുതിയിലധികം തുക പൊതുമരാമത്ത് പ്രവർത്തികൾക്കാണ് ചിലവഴിക്കുന്നത്. ഇതിൽ കൂടുതലും മൺ റോഡുകൾ റിപ്പയർ ചെയ്യുന്നതിനു വേണ്ടിയായിരുന്നു. ഒരു മഴക്കാലം കഴിയുന്നതോടെ ചെയ്ത പ്രവർത്തി മുഴുവനും നശിച്ചു പോകുന്ന സ്ഥിതിയാണ്. പഞ്ചായത്തിന്റെ വിഭവചോർച്ച ഇതു മൂലം സംഭവിക്കുന്നു. ഇങ്ങനെയുള്ള റോഡ് റിപ്പയർ പ്രവർത്തികൾ ഗ്രാമസഭകളുടെ നേതൃത്വത്തിൽ ഏറ്റെടുത്ത് ശ്രമദാനമായി നടത്തുകയാണെങ്കിൽ പഞ്ചായത്ത് ഫണ്ട് മറ്റു വല്ല പ്രത്യുത്പാദനപരമായ കാര്യങ്ങൾക്കായി ഉപയോഗിക്കാവുന്നതാണ്.

ഭൂനികുതി

ഭൂനികുതി പിരിവ് കാലാനുസൃതമായി പരിഷ്കരിക്കുകയും അവ പിരിച്ചെടുക്കാ

നുള്ള അധികാരം പഞ്ചായത്തുകൾക്ക് നൽകുകയും ചെയ്യേണ്ടതാണ്. ഇപ്പോഴുള്ള ഭൂനികുതി ഏക്കറിന് 50 ഉറുപ്പിക തോതിൽ വർദ്ധിപ്പിക്കുകയും ഭൂമിയുടെ തരമനുസരിച്ച് വ്യത്യാസം വരുത്തുകയും ചെയ്യണം.

ഗ്രാമചന്തകൾ

വളരെക്കാലം മുമ്പു വരെ പഞ്ചായത്തിലെ തുവ്വക്കാട് എന്ന സ്ഥലത്ത് കൃകാര്യ മേഖലയിൽ എരു ഗ്രാമചന്ത പ്രവർത്തിച്ചിരുന്നു. ഇതു മൂലം പഞ്ചായത്തിലെ കർഷകർക്ക് അവരുടെ കാർഷികോത്പന്നങ്ങൾ ഇടത്തട്ടുകാരുടെ സഹായമില്ലാതെ വിറ്റഴിക്കുന്നതിനു സാധിച്ചിരുന്നു. പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ തുവ്വക്കാട്, കടുങ്ങാത്തുകുണ്ട്, എന്നീ സ്ഥലങ്ങളിൽ ഓരോ ഗ്രാമ ചന്തകൾ ആരംഭിക്കേണ്ടതാണ്.

കച്ചവട ലൈസൻസ്

കച്ചവടം നടത്തുന്നതിനുള്ള ലൈസൻസ് ഫീസ് നാമമാത്രമായാണ് ഇപ്പോൾ പിരിക്കുന്നത്. സാധനങ്ങളുടെ വിലയനുസരിച്ച് നോക്കുമ്പോൾ ഇത് വളരെ അപര്യാപ്തമാണ്. പഞ്ചായത്തിലെ ഡി&ഒ ബൈലോ പരിഷ്കരിക്കുകയും വർദ്ധിപ്പിച്ച നിരക്കിൽ ലൈസൻസ് ഫീസ് പിരിക്കുകയും ചെയ്യേണ്ടതാണ്.

നാഷണൽ സേവിംഗ്സ് സ്കീം

ഓരോ പഞ്ചായത്തിൽ നിന്നും പിരിച്ചെടുക്കുന്ന ഇന്ദിരാ വികാസ് പത്രയുടെ 25 ശതമാനം വെര ആ പഞ്ചായത്തിൽ തന്നെ വികസന പ്രവർത്തനങ്ങൾക്കായി കിട്ടുന്ന വ്യവസ്ഥ ഇപ്പോൾ തന്നെ നിലവിലുണ്ട്. ഇത് പ്രയോജനപ്പെടുത്തുന്നതിനു വേണ്ടി ഗ്രാമസഭകളുടെ സഹകരണത്തോടെ പരമാവധി സമ്പാദ്യ നിക്ഷേപം നടത്തുകയാണെങ്കിൽ പഞ്ചായത്തിന് അതൊരു മുതൽക്കൂട്ടാണ്.

വിഭവസമാഹരണത്തിനുള്ള പൊതു നിർദ്ദേശങ്ങൾ

1. പഞ്ചായത്തിലെ ഗൾഫുകാരുടെ സഹകരണത്തോടെ വൻകിട വ്യവസായങ്ങൾ തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

2. മനുഷ്യ അദ്ധ്വാനമാണ് പഞ്ചായത്തിലെ ഏറ്റവും വലിയ വിഭവം. ഇതു പ്രയോജനപ്പെടുത്തി സന്നദ്ധ സംഘടനകളുടെയും പൊതുജനങ്ങളുടെയും സഹകരണത്തോടെ ശ്രമദാനമായി പൊതുമാരാമത്തു പ്രവർത്തികൾ ഏറ്റെടുത്തു നടപ്പാക്കുക.

3. വ്യവസായങ്ങൾ തുടങ്ങുന്നതിനുള്ള അസംസ്കൃത വസ്തുക്കൾ ലഭ്യമാക്കിയും വൈദ്യുതി ലഭിയമാക്കിയും അവ തുടങ്ങുവാനുദ്ദേശിക്കുന്നവർക്ക് ധനസഹായം നൽകിയും പ്രോത്സാഹിപ്പിക്കേണ്ടതാണ്.

4. ഗൾഫിൽ നിന്നും ജോലി നഷ്ടമായി തിരിച്ചുവരുന്നവരെ സംഘടിപ്പിച്ച് പഞ്ചായത്തിൻരെ നേതൃത്വത്തിൽ പച്ചക്കറി കൃഷി നടത്തേണ്ടതാണ്.

5. പഞ്ചായത്തിലെ തുവ്വക്കാട് പ്രദേശത്തുള്ള പഞ്ചായത്ത് സ്റ്റേഡിയം വിപുലീകരിക്കുകയും ടൂർണ്ണമെന്റുകളും മറ്റു പൊതു പരിപാടികളും നടത്തി പഞ്ചായത്തിന് വാടക ലഭിക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കുകയും ചെയ്യുക.

6. പഞ്ചായത്ത് ഉടമസ്ഥതയിൽ ഒരു ബസ്സ്റ്റാന്റ് നിർമ്മിച്ച് അത് പഞ്ചായത്തിന്റെ വിഭവ സമാഹരണത്തിൽ മുതൽ കൂട്ടാനുള്ള സംവിധാനമുണ്ടാക്കുക.

7. പഞ്ചായത്തിലെ വിദേശ നിക്ഷേപത്തിന്റെ 75% വും ഈ പഞ്ചായത്തിലെ ജനങ്ങൾക്ക് തന്നെ വായ്പയായി ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുക.

8. കെട്ടിട നികുതി ശാസ്ത്രീയമായി പരിഷ്കരിച്ചാൽ പഞ്ചായത്തിലെ വിഭവ സമാഹരണത്തിന്ന് അതൊരു മുതൽക്കൂട്ടാകും.

ഉപസംഹാരം

ജനകീയാസൂത്രണം
ഗ്രാമത്തിന്റെ അടിത്തട്ടിൽ നിന്നുമുള്ള തുടക്കം
രൂപകൽപന മുതൽ നടത്തിപ്പുവരെ
നമ്മുടെ കരങ്ങളിൽ നിക്ഷിപ്തമാകുന്ന ധന്യ മുഹൂർത്തം
ഒരു പുത്തൻ പുലരിയിലേക്ക്
നാം പാദമൂന്നുകയാണ്.
ചുവടു പിളക്കാതെ ഒറ്റക്കെട്ടായി നമുക്ക് മുന്നേറണം.
പ്രഗത്ഭരും വിദഗ്ധരും മാത്രം
കൈകാര്യം ചെയ്തിരുന്ന ആസൂത്രണ രംഗം
ഇനി നമ്മുടെ കൈകളിലാണ്.
അപാകതകൾ, പോരായ്മകൾ,
എല്ലാം ഇതിലുണ്ടാകാം.
നമുക്ക് ഒരുമിച്ചിരുന്ന് ഇത് കുറ്റമറ്റതാക്കണം.
നാം അംഗീകരിക്കുന്ന ഈ റിപ്പോർട്ട്
ഈ ഗ്രാമത്തിന്റെ ഹൃദയമായിരിക്കണം.
ഇതു പ്രകാരമുള്ള വളർച്ച നമ്മുടെ ഗ്രാമത്തിന്റെ
സമഗ്ര വികസനമായിരിക്കണം.
വികസനത്തെക്കുറിച്ച് നമ്മളിൽ നിലനിൽക്കുന്ന
വികലമായ സങ്കൽപങ്ങളിൽ
ഒരു പൊളിച്ചെഴുത്താണ് ഇന്നിന്റെ ആവശ്യം.
ഐശ്വര്യപൂർണ്ണമായ ഒരു സ്വയാശ്രയ ഗ്രാമത്തിന്റെ
ഉദയത്തിന് ഉറവ് വറ്റുന്ന മണ്ണിനെ
സമന്വയ ജനശക്തിയിലൂടെ ഉഴുതുമറിച്ച്
നമുക്ക് വികസനത്തിന്റെ നൂറുമേനി കൊയ്യാം.

സൽമാ അഷ്റഫ്
പ്രസിഡണ്ട്
വളവന്നൂർ ഗ്രാമ പഞ്ചായത്ത്

വളവന്നൂർ ഗ്രാമ പഞ്ചായത്ത്

വികസന റിപ്പോർട്ട് തയ്യാറാക്കിയ കോർ ഗ്രൂപ്പ്

പി.സി. സൈതലവി a/s കുഞ്ഞാപ്പു (കൺവീനർ)

കൃഷി, ജലസേചനം

പി. അലി
പി.സി. അബ്ദുറസാഖ്
വി. തുളസീധരൻ
എ.ടി. അരവിന്ദാക്ഷൻ
പി.വി. ഗോവിന്ദൻ
സി. അബ്ദുല്ല
എം. മുനീർ

മൃഗസംരക്ഷണം, മത്സ്യബന്ധനം

പി.സി. ഇസ്ഹാഖ്
ഡോ: അബ്ദുൽ അസീസ്
സുനിൽകുമാർ
പി.സി. ജലീൽ
സി.പി. ബാവു

വ്യവസായം

സൽമാ അഷ്റഫ്
മുഹമ്മദ് അയ്യൂബ്
ജയപ്രകാശ്
കരുണാകരൻ നായർ
പി.സി. സുനിൽ

വിദ്യാഭ്യാസം

സി. ലൈല
എ.കെ. അബ്ദുൽ ഹമീദ് മാസ്റ്റർ
എ. അബ്ദുറഹിമാൻ മാസ്റ്റർ
എം.ആർ ഗോപി
യൂസഫ് സകർ മൗലവി
കെ. അബ്ദുൽ ഖാദർ മാസ്റ്റർ
പി.സി. അബ്ദുൽ ഹമീദ് മാസ്റ്റർ

കുടിവെള്ളം, പൊതുജനാരോഗ്യം

കബീർ ബാബു
പി.സി. അഷ്റഫ്
വി.പി. ഇബ്റാഹീം
ശിവരാജൻ
പത്മനാഭൻ
എ.കെ. യാകൂബ്

ഗതാഗതം, ഊർജ്ജം, മാർക്കറ്റിംഗ്

വി.കെ. കദീജ
പി.സി. നെല്ലാപ്പറമ്പ്
സി.കെ. സൈതലവി മാസ്റ്റർ
സി.എം. സൈതലവി
വി.പി. കുഞ്ഞീൻ ഹാജി
എ. ഇബ്റാഹീം

പാർപ്പിടം, സാമൂഹ്യ ക്ഷേമം

ടി.പി. അബ്ദുസ്സമദ്
എ. ഇബ്റാഹീം മാസ്റ്റർ
കെ.പി. ബാബു
എ.പി. അബ്ദുൽ ഹമീദ്
പി. ജലീൽ

സംസ്കാരം, കായികരംഗം

ഇബ്നു സഹൽ
മഹ്മൂദ് മാസ്റ്റർ
പി.സി. അഹമ്മദുകുട്ടി മാസ്റ്റർ
അബ്ദുൽ ബാരി
പി.ടി. മുഹമ്മദുകുട്ടി മാസ്റ്റർ
കെ.എം. അബ്ദുറഹ്മാൻ
ജി. ബാലകൃഷ്ണ പിള്ള

വനിത

വി.പി. റാബിയ
നസീബ താപ്പി
ജമീല ടീച്ചർ
പുഷ്പ നാരായണൻ
മോഹിനി
സി.ടി. സരസ്വതി

സഹകരണം

സി.വി. മുഹമ്മദ്
എം.സി. നവാസ്
ഹുസൈൻ മയ്യേരി
യു.പി. മുഹമ്മദലി
പി.സി. റംഷിദ്
ഫൈസൽ

പട്ടികജാതി പട്ടികവർഗ്ഗക്ഷേമം

സി. സുബ്രഹ്മണ്യൻ
സി. നൗഷാദലി
സലാം മുതുവാട്ടിൽ
വേണു വളവന്നൂർ
എ. വേലായുധൻ

വിഭവ സമാഹരണം

സലാം കാരാട്ട്
സലീം
രാജേന്ദ്രൻ
കെ. അബ്ദുന്നാസർ
ബഷീറാസി
രാജേഷ് മാസ്റ്റർ

നിങ്ങളുടെ
ചിന്തയും പ്രവൃത്തിയും
ഒന്നായിത്തീരട്ടെ.
എല്ലാ ഭിന്നതകളും മറന്ന്
ഒന്നായി പ്രവർത്തിക്കുവാൻ
നിങ്ങൾക്ക് കഴിയട്ടെ.

ബുദ്ധമതം.

നിങ്ങളെ നാം
ഒരാണിൽ നിന്നും
പെണ്ണിൽ നിന്നുമാണ്
സൃഷ്ടിച്ചത്.
പരസ്പരം വേർതിരിച്ചറിയുന്നതിന്
വേണ്ടിയാണ്
ഗോത്രങ്ങളും വർഗ്ഗങ്ങളുമാക്കിയത്.

ഖുർആൻ

നിന്നെപ്പോലെ
നിന്റെ അയൽക്കാരനെയും
സ്നേഹിക്കുക.

ബൈബിൾ

'അധികാരം ജനങ്ങളിലേക്ക്'



Printed at MCM offset press Kallai, Calicut, Ph. 300063